അകലക്കുന്നം ഗ്രാമപഞ്ചായത്ത്



വികസന റിപ്പോർട്ട്



കോട്ടയം ജില്ല




53-1

അകലക്കുന്നം ഗ്രാമപഞ്ചായത്ത്



വികസന റിപ്പോർട്ട്




എഡിറ്റോറിയൽ ബോർഡ്

1. ത്രേസ്യാമ്മ ചാണ്ടി (ചീഫ് എഡിറ്റർ)
2. റ്റി.കെ. ജോസഫ് (കൺവീനർ)
3. എം.ജെ. ചാക്കോ
4. എം.ജെ. തോമസ്സ്
5. എൻ.ഡി. ശിവൻ
6. മാത്തച്ചൻ താമരശ്ശേരിൽ
7. ജോസ് തോമസ് അറയ്ക്കൽ
8. കെ.പി. ചെല്ലപ്പൻ
9. സി. ബാബു
10. ഡോ. വത്സമ്മ ജോർജ്
11. അഡ്വ. ടോമി മാത്യു
12. സരസമ്മ ഗോപാലൻ
13. ഗിരിജാ രാജൻ
14. ജേക്കബ് തോമസ്
15. ഇ.ജി. വർഗീസ്
16. പ്രൊഫ. ജോർജ് സെബാസ്റ്റ്യൻ
17. പി.വി. സ്കറിയാ
18. അബ്രാഹം മൂഴൂർ


ഭരണസമിതി




ത്രേസ്യാമ്മ ചാണ്ടി
പ്രസിഡന്റ്




മാത്തച്ചൻ താമരശ്ശേരിൽ
വൈസ് പ്രസിഡന്റ്



ജോസ് തോമസ്
സ്റ്റാൻഡിംഗ് കമ്മിറ്റി
ചെയർമാൻ



കെ.പി. ചെല്ലപ്പൻ




ബാബു ചന്ദ്രശേഖരൻ നായർ




ഗിരിജാ രാജൻ



വത്സമ്മ ജോർജ്ജ്



റ്റോമി മാത്യു




ജേക്കബ് തോമസ്




സരസമ്മ ഗോപാലൻ

മുൻ പഞ്ചായത്തു പ്രസിഡന്റുമാർ




സി.ഡി. മാത്യു




വി.വി. ചാക്കോ



എം.എസ്. തോമസ്




വി.ആർ. ദാമോദരൻനായർ




കെ.ജെ. ജോസഫ്



റ്റി.റ്റി. ജോസഫ്



പി.കെ. ജോസഫ്



പി.വി. സ്കറിയാ



ഉള്ളടക്കം

1. ആമുഖം 9

2. പഞ്ചായത്ത് പൊതു വിവരണം 11

3. സാമൂഹ്യ സാംസ്കാരിക ചരിത്രം 14

4. ഭൂപ്രകൃതിയും വിഭവങ്ങളും 21

5. സാമൂഹ്യ സാമ്പത്തിക മേഖലകൾ

   5.1. കൃഷിയും ജലസേചനവും 24

   5.2. മൃഗസംരക്ഷണവും മത്സ്യബന്ധനവും 32

   5.3. വിദ്യാഭ്യാസം 40

   5.4. കുടിവെള്ളവും പൊതുജനാരോഗ്യവും 46

   5.5. വ്യവസായം 52

   5.6. ഗതാഗതവും ഊർജ്ജവും 56

   5.7. പാർപ്പിടവും സാമൂഹ്യക്ഷേമവും 66

   5.8. സംസ്കാരം 71

   5.9. വനിത 73

   5.10. സഹകരണമേഖല 76


   5.11. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം 78

   5.12. വിഭവസമാഹരണം 83


6. ഉപസംഹാരം 85



വർഗീസ് ഇ.ജി.
സെക്രട്ടറി



ജോർജ് തോമസ്
മുൻ സെക്രട്ടറി



റ്റി.കെ. ജോസഫ്
കൺവീനർ
ജനകീയാസൂത്രണസമിതി



അകലക്കുന്നം ഗ്രാമപഞ്ചായത്ത് സ്റ്റാഫ്
ഇടത്തുനിന്നും വലത്തോട്ട്
എസ്.കെ. ശ്രീനിവാസൻ, പി.എം. കുര്യൻ, കെ.എൻ. മോഹനൻ
കെ.എ. ജേക്കബ്, കെ.എ. ചാക്കോ, എം.പി. സാറാമ്മ, എം. ഐഷാബീവി

1 ആമുഖം

1947 ആഗസ്റ്റ് 15 ഇൻഡ്യാ ചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തേണ്ട സുന്ദരസുദിനം. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഭാരതജനതയുടെ സമസ്ത മേഖലകളേയും ബാധിക്കുന്ന ഒട്ടനവധി പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടി വന്നു. രാജ്യ പുരോഗതി ലക്ഷ്യമാക്കി പഞ്ചവത്സര പദ്ധതികൾ ആവിഷ്ക്കരിച്ചു. 1951-ൽ ആരംഭിച്ച ഒന്നാം പഞ്ചവത്സരപദ്ധതിയെ തുടർന്ന് 1997-ൽ അവസാനിക്കുന്ന എട്ടാം പദ്ധതി ഉൾപ്പെടെ പല പദ്ധതികളും നമ്മുടെ രാജ്യത്ത് നടപ്പിലാക്കി. അതിന്റെ ഫലമായി കാർഷിക വ്യാവസായിക രംഗങ്ങളിലും വിദ്യാഭ്യാസ രംഗങ്ങളിലും സാമൂഹ്യ സാംസ്ക്കാരിക രംഗങ്ങളിലും ശാസ്ത്ര സാങ്കേതിക രംഗങ്ങളിലും ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ നമ്മുടെ രാജ്യത്തിനു കഴിഞ്ഞിട്ടുണ്ട്. എങ്കിലും നാം വിഭാവന ചെയ്ത ലക്ഷ്യത്തിലെത്താൻ ഇനിയും കഴിഞ്ഞിട്ടില്ല.

"ഇൻഡ്യയുടെ പുരോഗതി ഗ്രാമങ്ങളുടെ പുരോഗതിയാണെന്നും ഇൻഡ്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ്" എന്നുമുള്ള ഗാന്ധിജിയുടെ ആഹ്വാനം ചെവിക്കൊള്ളാൻ വൈകി. ഗ്രാമ സ്വരാജ് എന്ന ഗാന്ധിജിയുടെ സങ്കല്പവും മനസ്സാ താലോലിച്ചതല്ലാതെ പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. "ഗ്രാമതലം മുതൽ ചെങ്കോട്ടവരെ നമുക്ക് പ്രാതിനിധ്യ സ്വഭാവമുള്ള ഭരണസംവിധാനമാണ് നിലവിലുള്ളത്. ഒരു തലത്തിലെങ്കിലും നേരിട്ടുള്ള ഭരണമുണ്ടായിരിക്കണം" ശ്രീ ജയ് പ്രകാശ് നാരായണൻ 1974-ൽ പറഞ്ഞ ഈ വാക്കുകൾ 1994-ലെ 73-70 ഭരണഘടനാ ഭേദഗതിയോടെ നാമമാത്രമായെങ്കിലും നടപ്പിലായി എന്നു പറയാം. ഭരണ ഘടനാ ഭേദഗതിക്കനുസൃതമായി 1994-ൽ കേരളനിയമസഭ പഞ്ചായത്തുരാജ് നിയമം പാസാക്കി. 1995-ൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പ് പ്രസ്തുത നിയമത്തിന്റെ അടിസ്ഥാനത്തിലായിരുന്നു.

ഭാരതത്തിലെ ബഹുഭൂരിപക്ഷം ജനങ്ങൾക്കും ആവശ്യത്തിന് ഭക്ഷണമോ, വസ്ത്രമോ, പാർപ്പിടമോ ഇല്ല. ഇവരുടെ ദുരിതമകറ്റാതെ സന്തുഷ്ടമായ ഒരു രാഷ്ട്രമോ, സമൂഹമോ കെട്ടിപ്പടുക്കാനാവില്ല. ഗ്രാമങ്ങളിൽ ലഭ്യമായ വിഭവങ്ങൾ സമാഹരിച്ചും മനുഷ്യപ്രയത്നങ്ങൾ ഏകോപിപ്പിച്ചും അഭിവൃദ്ധി കൈവരിക്കുക, പരസ്പരമുള്ള സഹകരണത്തിലൂടെ ഉന്നതി പ്രാപിക്കുക, ഇങ്ങനെ സ്വയം പര്യാപ്തവും, സന്തോഷവുമുള്ള ജനങ്ങൾ വസിക്കുന്ന ഗ്രാമങ്ങളുടെ സംസ്ഥാപനങ്ങളിലൂടെ ഐശ്വര്യപൂർണ്ണമായ രാഷ്ട്രവും സമൂഹവും കെട്ടിപ്പടുക്കുക ഇതായിരുന്നു മഹാത്മജിയുടെ ലക്ഷ്യം. സ്വാതന്ത്ര്യം കിട്ടിയിട്ട് അരനൂറ്റാണ്ടായിട്ടും പൂർത്തിയാകാത്ത ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് സ്വാതന്ത്ര്യാനന്തരഭാരതത്തിൽ ഒട്ടേറെ ശ്രമങ്ങൾ നടന്നിട്ടുണ്ട്. എന്നിട്ടും സാമാന്യ ജനങ്ങൾക്ക് രാഷ്ട്രനിർമ്മാണ പ്രക്രിയയിൽ അധികാരങ്ങളോ ചുമതലകളോ ഉണ്ടെന്നൊരു ധാരണ സംജാതമായില്ല. ഈ ദുസ്ഥിതിക്ക് വിരാമമിടാൻ ജനപങ്കാളിത്തം സജീവമാക്കാൻ, ജനങ്ങളിലേക്കു കൂടുതൽ അധികാരങ്ങളും ചുമതലകളും പകർന്നു കൊടുക്കുവാൻ രൂപം കൊണ്ട പുതിയ ഗ്രാമ പഞ്ചായത്തു ഭരണസമിതികൾ 1995 ഒക്ടോബർ രണ്ടിന് നിലവിൽ വന്നു.

പഞ്ചായത്തുരാജ് നിയമത്തിന്റെ സവിശേതകളിലൊന്ന് ഗ്രാമസഭാ രൂപീകരണമാണ്. പഞ്ചായത്തിലെ ഓരോ വാർഡും ഓരോ ഗ്രാമമായി കണക്കാക്കി. ആ വാർഡിലെ മുഴുവൻ വോട്ടർമാരും ഉൾക്കൊള്ളുന്നതാണ് ഗ്രാമസഭ. 73-ാം ഭരണഘടനാ ഭേദഗതിയിൽ 243-ാം വകുപ്പ് ഗ്രാമസഭയെക്കുറിച്ചുള്ളതാണ്. ഗ്രാമസഭകളുടെ ഔദ്യോഗികാധികാരങ്ങളും പ്രവർത്തനങ്ങളും ഏവയെന്നു തീരുമാനിക്കേണ്ടത് അതാതു സംസ്ഥാന നിയമസഭകളാണ്.

ഔദ്യോഗിക അധികാരങ്ങളില്ലെങ്കിലും, വേണ്ടവിധം ഒത്തൊരുമിച്ചു പ്രവർത്തിച്ചാൽ, ഗ്രാമത്തെ സംബന്ധിച്ച് ഉചിതമായ തീരുമാനങ്ങളെടുക്കുന്നതിനും കൂട്ടായ പ്രവർത്തനങ്ങളിലൂടെ പുരോഗതി പ്രാപിക്കുകയും ചെയ്യാം എന്ന കാര്യത്തിൽ സംശയമില്ല. ഗ്രാമസഭകൾ ശക്തമായും ഫലപ്രദമായും നിലനിറുത്തേണ്ടത് പഞ്ചായത്തിലെ മുഴുവൻ വോട്ടർമാരുടെയും ബാധ്യതയാണെന്നുള്ള കാര്യം വിസ്മരിക്കരുത്.

എട്ടു പഞ്ചവത്സരപദ്ധതികൾ പിന്നിട്ട് 9-ാം പദ്ധതിയുടെ പടി വാതില്ക്കൽ നാം എത്തിനില്ക്കുകയാണ്. 1997 ഏപ്രിൽ 1ന് 9-ാം പദ്ധതി ആരംഭിക്കും. 9-ാം പദ്ധതിയുടെ ആസൂത്രണപ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പു വരുത്തുന്ന പരിപാടിയാണ് ജനകീയാസൂത്രണ പ്രസ്ഥാനം. പദ്ധതി രൂപീകരണം മുതൽ അതു നടപ്പിലാക്കുന്നതുവരെ, എല്ലാ ഘട്ടങ്ങളിലും ജനങ്ങളുടെ സഹകരണം ഉറപ്പു വരുത്തുക, അതുവഴി ഒരു പുതിയ വികസന കാഴ്ചപ്പാട് വളർത്തുക, ജനങ്ങൾക്കിടയിൽ വ്യാപകമായിക്കാണുന്ന നിരാശയും "ഒന്നും ശരിയാവില്ല എന്ന മനോഭാവവും മാറ്റി ശുഭാപ്തി വിശ്വാസത്തോടെ, സമൂഹസൃഷ്ടിയിൽ തന്റെകൂടി പങ്കുവഹിക്കാൻ ഉണ്ടെന്നുള്ള ബോധ്യത്തിലേക്ക് വളർത്തുകയും ചെയ്യുക എന്നുള്ളതാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ കാതൽ.

കേന്ദ്രീകൃതാസൂത്രണത്തിന്റെ ഫലമായി ഉണ്ടായ കോട്ടങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയാണ് വികേന്ദ്രീകൃതാസൂത്രണം. പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനു മുൻപ്, ആസൂത്രണാരംഭത്തിൽ തന്നെ, ഗ്രാമസഭകളിലൂടെ ജനങ്ങളുടെ ആശകളും അഭിലാഷങ്ങളും പ്രകടിപ്പിക്കാനുള്ള അവസരം ലഭിക്കുന്നു. പഞ്ചവത്സരപദ്ധതിയുടെ മൊത്തം തുകയിൽ 40 ശതമാനത്തോളം ഗ്രാമസഭകളിലൂടെ ഉന്നയിക്കപ്പെടുന്ന ജനകീയാവശ്യങ്ങൾക്കുവേണ്ടി നീക്കി വെയ്ക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. ഒരു പുത്തൻ വികസന രാഷ്ട്രീയ സംസ്ക്കാരം സൃഷ്ടിക്കാൻ ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ഫലപ്രദമായ നടത്തിപ്പിലൂടെ കഴിയും എന്ന കാര്യത്തിൽ സംശയമില്ല.

ജനകീയാസൂത്രണപരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം 1996 ആഗസ്റ്റ് 17ന് ആയിരുന്നു. വിവിധ തലങ്ങളിലുള്ള ചർച്ചകളും പരിശീലന പരിപാടികളും നടന്നു കഴിഞ്ഞു. സംസ്ഥാന ആസൂത്രണ സമിതിയും ജില്ലാ പ്ലാനിംഗ് ബോർഡും പ്രവർത്തനങ്ങൾക്കു വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും നേതൃത്വവും നല്കി.

അകലക്കുന്നം പഞ്ചായത്തിനെ പ്രതിനിധീകരിച്ച് പഞ്ചായത്തു പ്രസിഡന്റും വിവിധ വാർഡുകളിൽ നിന്ന് ഏഴ് സന്നദ്ധ പ്രവർത്തകരും 1996 ആഗസ്റ്റ് 13,14,15 തീയതികളിൽ പൊൻകുന്നത്തുവച്ചു നടന്ന ഒന്നാം ഘട്ട പരിശീലന പരിപാടിയിൽ പങ്കെടുത്തു. ഏകദിന പഞ്ചായത്തുതല ട്രെയിനിംഗ് ക്യാമ്പ് 1996 സെപ്റ്റംബർ 19-ന് മണ്ണലുങ്കൽ വച്ച് നടന്നു. വിവിധ വാർഡുകളിൽ നിന്ന് നൂറിലധികം സന്നദ്ധ പ്രവർത്തകർ പ്രസ്തുത ക്യാമ്പിൽ പങ്കെടുത്തു. പഞ്ചായത്തിലെ പത്തു വാർഡുകളിലും സെപ്റ്റംബർ 29, ഒക്ടോബർ 2 എന്നീ തീയതികളിലായി വിശേഷാൽ ഗ്രാമസഭകൾ നടന്നു. ഗ്രാമസഭകളിൽ ഹാജർ ശതമാനം പൊതുവെ മോശമല്ലായിരുന്നു. സ്ത്രീപങ്കാളിത്തം 21 ശതമാനമായിരുന്നു. സ്ത്രീ പങ്കാളിത്തവും പട്ടികജാതി പട്ടികവർഗ്ഗ പങ്കാളിത്തവും അല്പം കൂടി മെച്ചപ്പെട്ടിരുന്നെങ്കിൽ നന്നായിരുന്നു.

പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്തു കമ്മറ്റി അംഗങ്ങൾ, സന്നദ്ധ പ്രവർത്തകർ എന്നിവർക്കുവേണ്ടിയുള്ള രണ്ടാം ഘട്ട പരിശീലന പരിപാടി 1996 നവംബർ 7,8,9 എന്നീ തീയതികളിൽ പാമ്പാടി കെ.ജി. കോളേജിൽ വച്ചു നടന്നു. 18 പേർ പങ്കെടുത്തു. വികസന റിപ്പോർട്ടിന്റെ ഘടനയും തയ്യാറാക്കുന്ന വിധവുമായിരുന്നു പരിശീലന പരിപാടിയിലെ മുഖ്യ പ്രതിപാദ്യം.

രണ്ടാം ഘട്ട പഞ്ചായത്തുതല ശില്പശാല 1996 നവംബർ 16-ാം തീയതി മണലുങ്കൽ സെന്റ് അലോഷ്യസ് ഹൈസ്ക്കൂളിൽ വച്ചു നടന്നു. ശില്പശാലയിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവർ പങ്കെടുത്തു. ശില്പശാലയിൽ വച്ച് 12 ഗ്രൂപ്പുകളായി തിരിയുകയും ചർച്ചകൾ നടത്തുകയും ചെയ്തു. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ ഗവ. ഓഫീസുകളിലെ തലവന്മാർ ചർച്ചകളിൽ സജീവമായി പങ്കുചേർന്നു. ഓരോ വിഷയത്തിനും വികസന റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുവേണ്ടി, പഞ്ചായത്തു മെമ്പർമാർ ചെയർമാൻമാരായി കമ്മറ്റി രൂപീകരിച്ചു, പ്രസ്തുത കമ്മറ്റികളുടെ നേതൃത്വത്തിൽ വികസന റിപ്പോർട്ടുകൾ തയ്യാറാക്കി.

ജനകീയാസൂത്രണം വിജയപ്രദമാകണമെങ്കിൽ, ജനങ്ങളുടെ ഇടപെടലും മേൽനോട്ടവും സഹകരണവും അധ്വാനവും ആവശ്യമാണ്. തങ്ങളുടെ പ്രദേശത്തു നടക്കുന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ച് അറിയുന്നതിനുള്ള അവകാശം ജനങ്ങൾക്കുണ്ട്. ഇടത്തട്ടുകാരെ ഒഴിവാക്കി, അഴിമതിരഹിതവും സുതാര്യവുമാക്കാൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിനു കഴിയണം.

നമ്മുടെ പഞ്ചായത്തിലെ ഗ്രാമസഭകളിൽ ഉയർന്നു വന്ന ആശകളും അഭിലാഷങ്ങളുമാണ് വികസന റിപ്പോർട്ടിന്റെ രൂപത്തിൽ നിങ്ങളുടെ മുമ്പിലവതരിപ്പിക്കുന്നത്. നമ്മുടെ പഞ്ചായത്തിന്റെ സമഗ്രപുരോഗതിയ്ക്കായി നമുക്ക് മുന്നേറാം..

2

അകലക്കുന്നം ഗ്രാമ പഞ്ചായത്ത് പൊതു വിവരങ്ങൾ

പേര്	:-	അകലക്കുന്നം ഗ്രാമ പഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	:-	1. അകലക്കുന്നം 2. ചെങ്ങളം ഈസ്റ്റ്
വാർഡുകൾ	:-	1. മണൽ 2. മഞ്ഞാമറ്റം 3. പട്യാലിമറ്റം 4. നെല്ലിക്കുന്ന് 5. കരിമ്പാനി 6. മൂഴൂർ 7. ഇടമുള 8. കാഞ്ഞിരമറ്റം 9. ചെങ്ങളം 10 തെക്കുംതല (അകലക്കുന്നം)
ആസ്ഥാനം, മേൽവിലാസം	:-	പൂവത്തിളപ്പ്, മണലുങ്കൽ പി.ഒ. 686 503
ബ്ലോക്കു പഞ്ചായത്തു ഡിവിഷനുകൾ വെസ്റ്റ്	:-	1. അകലക്കുന്നം ഈസ്റ്റ് 2. അകലക്കുന്നം
ബ്ലോക്കു പഞ്ചായത്ത്	:-	പാമ്പാടി
അസംബ്ലി മണ്ഡലം	:-	പുതുപ്പള്ളി
ലോകസഭാമണ്ഡലം	:-	കോട്ടയം
താലൂക്ക്	:-	കോട്ടയം
ജില്ല	:-	കോട്ടയം
പഞ്ചായത്തിന്റെ വിസ്തീർണ്ണം	:-	34.84 ചതുരശ്ര കി.മി. (13.45 ച.മൈൽ)
അതിരുകൾ	:-	
വടക്ക്	:-	പുലിയന്നൂർ, മീനച്ചിൽ, പൂവരണി വില്ലേജുകൾ
കിഴക്ക്	:-	എലിക്കുളം, ഇളംങ്ങുളം വില്ലേജുകൾ
തെക്ക്	:-	ആനിക്കാട്, കൂരോപ്പട വില്ലേജുകൾ
പടിഞ്ഞാറ്	:-	അയർക്കുന്നം, കിടങ്ങൂർ വില്ലേജുകൾ
ജനസംഖ്യ	:-	19556 (1991 സെൻസസ്)
ആകെ വീടുകൾ	:-	3697

ഭരണപരമായ ചരിത്രം

1950-ലെ തിരുവിതാംകൂർ-കൊച്ചി പഞ്ചായത്ത് ആക്ടിന്റെ അടിസ്ഥാനത്തിൽ 1953-നോടുകൂടി സംസ്ഥാന വ്യാപകമായി പഞ്ചായത്തുകൾ രൂപീകരിക്കപ്പെട്ടു. ഇക്കൂട്ടത്തിൽ, അകലക്കുന്നം വില്ലേജിലെ ആനിക്കാട് വടക്കുംഭാഗം, ചെങ്ങളം, ഇടമുള, മറ്റക്കര, കരകൾ ഉൾപ്പെടുത്തി അകലക്കുന്നം പഞ്ചായത്ത് രൂപീകൃതമായി. 1953ൽ നടന്ന പഞ്ചായത്തു തെരഞ്ഞെടുപ്പിൽ എട്ട് വാർഡുകളിൽ നിന്നുമായി എട്ട് മെമ്പർമാർ തെരഞ്ഞെടുക്കപ്പെട്ടു. മെമ്പർമാരുടെ ആദ്യ യോഗം 29-7-1953-ൽ കൂടി പ്രസിഡണ്ടിനെയും വൈസ് പ്രസിഡണ്ടിനെയും തെരഞ്ഞെടുത്തു. അങ്ങനെ അകലക്കുന്നം പഞ്ചായത്തിന്റെ താഴെ പറയുന്നവർ ഉൾപ്പെട്ട ആദ്യത്തെ കമ്മറ്റി നിലവിൽ വന്നു.

ആദ്യത്തെ കമ്മറ്റി (1953–63)

പ്രസിഡന്റ് :- ശ്രീ. സി.ഡി. മാത്യു
ജീരകത്തിൽ, വാർഡ് 7

വൈസ് പ്രസിഡന്റ്:- ശ്രീ. എ.കെ. മാധവൻനാർ
ആര്യാട്ട് വാർഡ് 8

മെമ്പർമാർ :- ശ്രീ. വി.ആർ. ദാമോദരൻനായർ
വാഴപ്പറമ്പിൽ വാർഡ് 1

ശ്രീ. എം.റ്റി. ദേവസ്യ
മലേകുന്നേൽ വാർഡ് 2

ശ്രീ. കെ.കെ. ഉലഹന്നാൻ
കോടികുളത്ത് വാർഡ് 3

ശ്രീ. വർക്കി ദേവസ്യ
മറ്റക്കരോട്ട് വാർഡ് 4

ശ്രീ. വി.വി. ചാക്കോ
നെടുന്തകിടിയേൽ വാർഡ് 5

ശ്രീ. യു.എം. മാത്യു
ഉതിരകുളത്ത് വാർഡ് 6

ഇപ്പോഴത്തെ പഞ്ചായത്താഫീസിന് സമീപത്തുണ്ടായിരുന്ന ഒരു കെട്ടിടത്തിന്റെ ഒരു ചെറിയ മുറിയിൽ ആഫീസിന്റെ പ്രവർത്തനം ആരംഭിച്ചു. 1954- ഫെബ്രുവരി അവസാനത്തോടു കൂടി പ്രതിമാസം 15 രൂപ ശമ്പളത്തിൽ ഒരു പാർട്ട്ടൈം ക്ലർക്കും, 26 രൂപ ശമ്പളത്തിൽ ഒരു പ്യൂണും ജീവനക്കാരായി നിയമിക്കപ്പെട്ടു.

7-3-54-ൽ ശ്രീ. വി.ആർ. ദാമോദരൻനായർ മെമ്പർ സ്ഥാനം രാജി വെച്ചു. പിന്നീടു നടന്ന 30-12-55 ലെ ഉപതെരഞ്ഞെടുപ്പിൽ അദ്ദേഹം തന്നെ വീണ്ടും മെമ്പറായി തെരഞ്ഞെടുക്കപ്പെടുകയുണ്ടായി.

ശ്രീ. സി.ഡി. മാത്യു 12-11-54-ൽ പ്രസിഡന്റു സ്ഥാനവും തുടർന്നു മെമ്പർ സ്ഥാനവും രാജിവച്ചു.

11-12-54 മുതൽ ശ്രീ. വി.വി. ചാക്കോ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു.

7-ാം വാർഡിലെ മെമ്പറായി ശ്രീ. വർക്കി ദേവസ്യ തെരഞ്ഞെടുക്കപ്പെട്ടു.

പ്രാരംഭകാലത്ത് പഞ്ചായത്തിന്റെ വരവ് ചിലവ് പണമിടപാടുകൾ ഉൾപ്പെടെയുള്ള അനുദിന കാര്യങ്ങളെല്ലാം പ്രസിഡന്റിന്റെ നേരിട്ടുള്ള ചുമതലയിലായിരുന്നു. 1956-ഫെബ്രുവരിയിൽ പഞ്ചായത്താഫീസർ നിയമിതനായി, അതോടെ മേൽ സൂചിപ്പിച്ച അനുദിന കാര്യങ്ങളുടെ ചുമതല പ്രസിഡണ്ടിൽ നിന്നും വിമുക്തമാക്കപ്പെട്ടു.

5 വർഷത്തേക്കാണ് തെരഞ്ഞെടുക്കപ്പെട്ടതെങ്കിലും കമ്മറ്റിയുടെ കാലാവധി പലതവണകളായി ഗവൺമെന്റ് ദീർഘിപ്പിക്കുകയും അങ്ങനെ 1963 ആരംഭംവരെ കമ്മറ്റി തുടരുകയും ചെയ്തു. പിന്നീട് 1-6-1963 മുതൽ 30-11-63 വരെ കമ്മറ്റി ചാർജെടുക്കുന്നതു വരെ സ്പെഷ്യലാഫീസർ ചുമതല വഹിച്ചു.

2 -ാം ഭരണസമിതി

12-12-1963-ൽ രണ്ടാമത്തെ പഞ്ചായത്തു കമ്മറ്റി നിലവിൽ വന്നു. 31-7-79 വരെയായിരുന്നു ആ കമ്മറ്റിയുടെ ഭരണകാലം. ശ്രീ. എം.എസ്. തോമസ് മൂണ്ടാട്ടുചുണ്ടയിൽ ചെങ്ങളം പ്രസിഡന്റായി ചാർജെടുത്തു.

മെമ്പറന്മാർ

1.	V.R. ദാമോദരൻനായർ	വാഴപ്പറമ്പിൽ
2	V.R.ശ്രീധരൻനായർ	വാഴപറമ്പിൽ
3.	E.K. ശിവരാമൻനായർ	കീഴ്ചിറകുന്ന്
4.	M.S. ചാണ്ടി	മണിയങ്ങാട്ട്
5.	P.K. ജോസഫ്	പുള്ളീറ്റ്
6.	T.M. ജോസഫ്	പൊള്ളയ്ക്കാട്ട്
7.	K.N. ദാമോദരൻ നമ്പൂതിരി	കുഴിപ്പള്ളി ഇല്ലം
8.	I.J. ജോസഫ്	ഇടിയാകുന്നേൽ
9.	M.S. അന്ന	മങ്കോട്ടുകാവുങ്കൽ

3- ാമത്തെ പഞ്ചായത്തു കമ്മറ്റി (79 84)

1979-ലെ പഞ്ചായത്തു പൊതുതെരഞ്ഞെടുപ്പ് 29-9-79-ൽ നടന്ന പ്രസിഡണ്ടു തെരഞ്ഞെടുപ്പോടെ ഈ പഞ്ചായത്തിൽ പൂർത്തിയാകുകയും പുതിയ കമ്മറ്റി രൂപീകരിക്കപ്പെടുകയും ചെയ്തു.

പ്രസിഡൻറ് :- ശ്രീ. കെ.ജെ. ജോസഫ്
കുഴികൊമ്പിൽ വാർഡ് 7

വൈസ് പ്രസിഡൻറ്:- ശ്രീ. എ.വി. തോമസ്
ഇലവനാൽ വാർഡ് 5
ശ്രീ. പരമേശ്വരൻ
കാരാപ്പള്ളിൽ വാർഡ് 1

മെമ്പറന്മാർ

ശ്രീ. കെ.എസ്. പരമേശ്വരർ കാരാപ്പള്ളിൽ വാർഡ് 1
ശ്രീ. തോമസ് കുര്യോക്കോസ് മലേകുന്നേൽ വാർഡ് 2
ശ്രീമതി കെ.എസ്. രത്നകുമാരി, ബീനാഭവൻ വാർഡ് 3
ശ്രീ. കെ.റ്റി. ജോസഫ് കുപ്പപ്പുഴക്കൽ വാർഡ് 4
ശ്രീ. എം.സി. ജോർജ് മണിയങ്ങാട്ട് വാർഡ് 6
ശ്രീ. വി.ജെ ജോസഫ് വെട്ടിയാങ്കൽ വാർഡ് 7
ശ്രീ. പി.ഡി. ജോസഫ് പന്തപ്പള വാർഡ് 9

23-1-81-ൽ ശ്രീ. കെ.ജെ. ജോസഫ് പ്രസിഡൻറ് സ്ഥാനം രാജി വച്ചു.

23-1-81-ൽ ശ്രീ. എ.വി. തോമസ് പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ട് ചുമതലയേറ്റു.

പുതിയ കമ്മറ്റി അധികാരത്തിൽ വരുന്നതുവരെ ഉദ്ദേശം നാലു വർഷക്കാലം സ്പെഷൽ ആഫീസർ ചുമതലകൾ നിർവ്വഹിച്ചു. 20-10-84 -ൽ നിലവിലുള്ള കമ്മറ്റി പിരിച്ചു വിട്ടു. 20-10-84 മുതൽ 27-1-88 വരെ സ്പെഷ്യൽ ആഫീസർ ചുമതല വഹിച്ചു.

4 -ാമത്തെ കമ്മറ്റി (1988-1995)

1988-ൽ നടന്ന നാലാമത്തെ പഞ്ചായത്തു തെരഞ്ഞെടുപ്പോടുകൂടി ഈ പഞ്ചായത്തിന്റെ താഴെ പറയുന്നവർ ഉൾപ്പെട്ട 4-ാമത്തെ കമ്മറ്റി രൂപീകൃതമായി

പ്രസിഡൻറ് :- ശ്രീ. റ്റി.റ്റി. ജോസഫ്,
തൊള്ളുമ്പൻമാക്കൽ വാർഡ് 6

വൈസ് പ്രസിഡൻറ്:- ശ്രീ. പി.പി. സ്കറിയാ
പരിയൻമാക്കൽ വാർഡ് 8

മെമ്പറന്മാർ

ശ്രീ. എ.കെ. കൃഷ്ണൻനായർ അമ്പൂർ വാർഡ് 1
ശ്രീമതി. റോസമ്മ ഫിലിപ്പ് പരക്കാട്ട് വാർഡ് 2
ശ്രീമതി. മോനിക്കാ ലൂക്കാ മണിയങ്ങാട്ട് വാർഡ് 7
ശ്രീ. കെ.കെ. ശങ്കരൻ കൊച്ചുകുഞ്ഞ്
കോയിക്കൽ വാർഡ് 3
ശ്രീ. ജോസ് മാത്യു വെണ്ടാലൂർ വാർഡ് 4
ശ്രീ. എ.വി. തോമസ് ഇലവനാൽ വാർഡ് 5
ശ്രീ കെ.ഡി, രാഘവപണിക്കർ ഇരുപ്പക്കാട്ട് വാർഡ് 9

1990 ആഗസ്റ്റിൽ ശ്രീ റ്റി.റ്റി ജോസഫ് പ്രസിഡണ്ടു സ്ഥാനം രാജി വച്ചു.

ശ്രീ. പി.വി. സ്കറിയാ പ്രസിഡൻറായി 27-8-90-ൽ തെരഞ്ഞെടുക്കപ്പെട്ടു സ്ഥാനമേറ്റു. ശ്രീമതി റോസമ്മ ഫിലിപ്പ് വൈസ് പ്രസിഡൻറ് സ്ഥാനത്തേക്കും തെരഞ്ഞെടുക്കപ്പെട്ടു.

ഈ കമ്മറ്റിയുടെ കാലാവധി അവസാനിച്ചു. പുതിയ കമ്മറ്റി ചാർജെടുക്കുന്നതുവരെ സ്പെഷൽ ആഫീസർ ചുമതലകൾ നിർവ്വഹിച്ചു.

ഇക്കാലത്തിനിടയ്ക്ക് ആഫീസിന്റെ പ്രവർത്തനങ്ങൾ ശ്രീ. ഔസേഫ് ജോസഫ് പുറങ്ങനാൽ സംഭാവന ചെയ്ത 25 സെൻറ് സ്ഥലത്ത് നിർമ്മിക്കപ്പെട്ട ഇപ്പോഴത്തെ കെട്ടിടത്തിലേക്ക് മാറ്റി. പഞ്ചായത്തോഫീസർ എന്ന ഉദ്യോഗപ്പേര്, എക്സിക്യൂട്ടിവ് ആഫീസർ എന്നും പിന്നീട് സെക്രട്ടറി എന്നും രൂപാന്തപ്പെട്ടു. പഞ്ചായത്തു ജീവനക്കാരുടെ കോമൺ സർവ്വീസ് നിലവിൽ വന്നു. പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടു.

ഒരു സെക്രട്ടറി, ഹെഡ്ക്ലർക്ക്, യു.ഡി.സി. (3) എൽ.ഡി.സി. (2), പ്യൂൺ (1), പാർടൈം (1) എന്നിവരടങ്ങുന്ന സ്റ്റാഫ് ഇപ്പോൾ ജോലി ചെയ്യുന്നു.

1995-ൽ നടന്ന തെരഞ്ഞെടുപ്പോടെ ഇപ്പോൾ നിലവിലുള്ള ഭരണസമിതി അധികാരമേറ്റു

നിലവിലുള്ള ഭരണസമിതി

പ്രസിഡൻറ് :- ശ്രീമതി. ത്രേസ്യാമ്മ ചാണ്ടി
കിഴക്കയിൽ വാർഡ് 8

വൈസ് പ്രസിഡൻറ്:- ശ്രീ. മാത്തച്ചൻ
താമരശ്ശേരിൽ വാർഡ് 5

സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ :-
ശ്രീ. ജോസ് തോമസ്
അറയ്ക്കൽ വാർഡ് 2

മെമ്പറന്മാർ

1. ശ്രീ. കെ.പി. ചെല്ലപ്പൻ കാവേലിൽ വാർഡ് 1
2. ശ്രീ. ബാബു ചന്ദ്രശേഖരൻ നായർ
പുളിന്തട്ടതകിടിയേൽ വാർഡ് 3
3. ശ്രീമതി ഗിരിജാരാജൻ വട്ടോളിൽ മേപ്പറത്ത് വാർഡ് 4
4. ഡോ. വത്സമ്മ ജോർജ് വടക്കേൽ വാർഡ് 6
5. അഡ്വ. റ്റോമി മാത്യു മണിയങ്ങാട്ട് വാർഡ് 7
6. ശ്രീ. ജേക്കബ് തോമസ് താന്നിക്കൽ വാർഡ് 9
7. ശ്രീമതി സരസമ്മ ഗോപാലൻ അടക്കാമുണ്ടകുഴിയിൽ
വാർഡ് 10

3 സാമൂഹിക സാംസ്കാരിക ചരിത്രം

പ്രധാനമായും കൃഷി ഉപജീവന മാർഗ്ഗമായി സ്വീകരിച്ച് മണ്ണിൽ വിയർപ്പുചിന്തി അധ്വാനിച്ചു കഴിഞ്ഞു പോരുന്ന, പ്രായേണ ശാന്തശീലരും സമാധാന പ്രിയരുമായ ഒരു ജനതയുടെ അധിവാസ ഭൂമിയാണ് അകലക്കുന്നം ഗ്രാമ പഞ്ചായത്ത്. ചുരുക്കത്തിൽ ഇടത്തരം കർഷകരുടെ നാടാണിത്.

മനുഷ്യാധിവാസം

ആനിക്കാട് വടക്ക്, മറ്റക്കര, ഇടമുള എന്നീകരകൾ ഉൾപ്പെടുന്ന ഈ പഞ്ചായത്തു പ്രദേശത്ത് വലിയ ജന്മികളോ ഭൂപ്രഭുക്കന്മാരോ ഉണ്ടായിട്ടില്ല. മറിച്ച് മറ്റു പ്രദേശങ്ങളിലുള്ള ജന്മിമാരുടേയും ദേവസ്വങ്ങളുടേയും അധീനതയിലായിരുന്നു ഇവിടെയുള്ള ഭൂവിഭാഗങ്ങളിലേറെയും. പ്രസ്തുത ഭൂമികൾ വിലയ്ക്കു വാങ്ങിയും പാട്ടത്തിനെടുത്തും കൃഷി ചെയ്യുവാൻ കുറവിലങ്ങാട്, അതിരമ്പുഴ, കളത്തൂർ, മാറിടം, ചേർപ്പുങ്കൽ, കൊഴുവനാൽ, പാല, ഭരണങ്ങാനം തുടങ്ങിയ അനതി വിദൂരമായ സ്ഥലങ്ങളിൽ നിന്നും വന്നെത്തിയവരാണ് ഇവിടെയുള്ള ആദ്യകാലനിവാസികൾ അധികവും ഈ അധിനിവേശങ്ങൾക്ക് ഒന്നരനൂറ്റാണ്ടിലേറെ പഴക്കമുണ്ടെന്നു തോന്നുന്നില്ല. എന്നാൽ മറ്റക്കര, ഇടമുള, തെക്കുംതല എന്നിവിടങ്ങളിലെ മനുഷ്യാധിവാസങ്ങൾക്ക് അതിലേറെ പഴക്കമുണ്ട്. തെക്കുംതലഭാഗത്തുള്ള ഭഗവതീക്ഷേത്രത്തിന് 800 വർഷങ്ങളോളം പഴക്കമുണ്ടെന്നു കരുതപ്പെടുന്നു. കാരങ്ങാട്ട്, കാങ്ങോട്ടുശ്ശേരി, മുതലായ ബ്രാഹ്മണകുടുംബങ്ങളും അവർക്കു പരിസേവ ചെയ്തിരുന്ന ചില ശൂദ്രകുടുംബങ്ങളും നൂറ്റാണ്ടുകൾ മുമ്പേ വന്നെത്തിയവരാണ്.

പഴയ തെക്കുംകൂർ രാജ്യത്തിൽ ഉൾപ്പെട്ടതായിരുന്നു അകലക്കുന്നവും പരിസര പ്രദേശങ്ങളും. പാമ്പാടിക്കടുത്തുള്ള വെന്നിമലയായിരുന്നു അത്രേ തെക്കുംകൂർ രാജ്യത്തിന്റെ തലസ്ഥാനം. തെക്കുംകൂർ രാജാവിന്റെ പക്കൽ വലിയ സ്വാധീനമുണ്ടായിരുന്ന നമ്പൂതിരിമാർ ഈ പ്രദേശങ്ങളിൽ പ്രതാപവാന്മാരായി വസിച്ചിരുന്നു. ഇവരുടെ പ്രധാന ആസ്ഥാനം ചെങ്ങളത്തിനും കാഞ്ഞിരമറ്റത്തിനും ഇടയ്ക്കുള്ള ആലുങ്കൽ തകിടി ഭാഗമായിരുന്നു. അവിടം ഒരു വ്യാപാര കേന്ദ്രമായി അക്കാലത്ത് വളരുകയുണ്ടായി. അരുവിത്തുറ തുടങ്ങിയ കിഴക്കൻ പ്രദേശങ്ങളിൽ നിന്നും പടിഞ്ഞാറൻ പ്രദേശങ്ങളിലേയ്ക്കുണ്ടായിരുന്ന നടപ്പു വഴിയിലെ പ്രധാന താവളമായിരുന്നു ഈ സ്ഥലം. വ്യാപാരത്തിനായി ഇവിടെ എത്തിയിരുന്ന മുഹമ്മദീയർ താമസിച്ചിരുന്ന ഭാഗത്തിന് യോനകൻ പേട്ട എന്ന പേരും സിദ്ധിക്കുകയുണ്ടായി.

കൃഷിയിലും വ്യാപാരത്തിലും വളരെ അഭിവൃദ്ധി പ്രാപിച്ച ഈ പ്രദേശങ്ങളിൽ നിന്ന് നെല്ല്, കുരുമുളക്, നാളികേരം തുടങ്ങിയ കാർഷിക വിഭവങ്ങൾ കോട്ടയം കോടിമതയിൽ കൊണ്ടു പോയി വിദേശങ്ങളിലേക്ക് കയറ്റി അയച്ചിരുന്നു.

പഴയകഥകൾ

പണവും പ്രതാപവും വർദ്ധിച്ചതോടെ സാമൂഹ്യമായ അസമത്വങ്ങളും അരക്ഷിതത്വവും വർദ്ധിക്കുകയാണുണ്ടായത്. ബ്രാഹ്മണരെ കാണുമ്പോൾ ഈഴവർ മുപ്പതു ചുവുട്ടടിയും, പുലയർ, ചെറുമർ, എന്നിവർ 90 ചുവുട്ടടിയും മാറി പോകണമായിരുന്നത്രേ. താഴ്ന്ന ജാതിക്കാരെന്നു വേർതിരിക്കപ്പെട്ടവർക്ക് വിദ്യാഭ്യാസം നടത്തുവാൻ അനുവാദമുണ്ടായിരുന്നില്ല. ഓട്ടു പാത്രം ഉപയോഗിക്കാൻ പോലും സമ്മതിച്ചിരുന്നില്ല. അടിമക്കച്ചവടം വ്യാപകമായിരുന്നു. 6 രൂ. 10 ചക്രമായിരുന്നു അത്രേ അന്നത്തെ ഒരു അടിമയുടെ വില. സ്ഥലങ്ങൾ വിറ്റ് കൈമാറുമ്പോൾ കൈവശമുണ്ടായിരുന്ന അടിമകളെക്കൂടി കൈമാറിയിരുന്നു. എ. ഡി 1812 -ൽ അടിമക്കച്ചവടം നിർത്തലാക്കിയതോടു കൂടിയാണ് ഇതവസാനിച്ചത്.

സ്വർണ്ണം വാങ്ങി സൂക്ഷിയ്ക്കുകയായിരുന്നു. അന്നത്തെ സമ്പാദ്യ ശീലം. ക്രമേണ ഈ പ്രദേശങ്ങൾ കൊള്ളക്കാരുടെ ആക്രമണങ്ങൾക്ക് ഇരയായി. കോയിയന്മാർ എന്നറിയപ്പെട്ട ഒരു കൂട്ടർ ഈ പ്രദേശത്ത് നിരന്തരമായി ശല്യം ചെയ്തു. ഇവരുടെ ആക്രമണങ്ങളിൽ നിന്നും രക്ഷനേടാൻ വടക്കൻ പ്രദേശമായ കടത്തനാട്ടു രാജ്യത്തുനിന്നും രണ വീരന്മാരേയും അഭ്യാ

സികളേയും വരുത്തുകയുണ്ടായി. ഇവർ തെക്കുംകൂർ സൈന്യത്തെ നവീന യുദ്ധ മുറകൾ അഭ്യസിപ്പിച്ചു. ഓതിരം, കടകം നോക്കിയുള്ള വാൾ പ്രയോഗം, പുലിയങ്കം, പൂഴിയങ്കം, പറന്നുവെട്ടി പമ്പരം തിരിഞ്ഞ് കോട്ടകളും ഗോപുരങ്ങളും തകർക്കുന്ന സമ്പ്രദായം തുടങ്ങിയുള്ള പതിനെട്ടവുകളും തെക്കും കൂർ സൈന്യം അഭ്യസിച്ചു. വാളും പരിചയും കൂട്ടിമുട്ടുന്ന ശബ്ദങ്ങളാലും അങ്കക്കലി കൊണ്ട് തുള്ളിച്ചാടുന്ന രണ ശൂരന്മാരുടെ പോർ വിളികളാലും അന്തരീക്ഷം ചലനാത്മകവും ശബ്ദായമാനവുമായി. ഇതോടെ തെക്കുംകൂറിന്റെ പടയാളികൾ കോയിയന്മാരെ നശിപ്പിച്ച് സമാധാനം വീണ്ടെടുത്തു.

അകലക്കുന്നം വില്ലേജിന്റെ ആസ്ഥാനം അക്കാലത്ത് തെക്കുംതലയിലായിരുന്നു. പിന്നീട് പുലിയന്നൂർ - വാഴൂർ റോഡ് ഉണ്ടായതിനുശേഷമാണ് വില്ലേജാഫീസ് പളളിക്കത്തോട്ടിലേയ്ക്കു മാറ്റിയത്. ഈ പ്രദേശങ്ങളിലെ പഴയ കാർഷിക പാരമ്പര്യം ഇപ്പോഴും നിലനിർന്നു പോരുന്നു. ആനിക്കാട് വടക്കും ഭാഗം കരയിൽ തന്നെ ഉൾപ്പെടുന്ന ചെങ്ങളം, കാഞ്ഞിരമറ്റം, മൂഴൂർ പ്രദേശങ്ങളിലും സ്ഥിതി വ്യത്യസ്ഥമല്ല.

മൂഴൂർ വാർഡിലെ 682 ഏക്കർ വിസ്താരമുള്ള മൂഴൂർ പ്രദേശം മുഴുവൻ ഏതാണ്ട് 50-60 വർഷങ്ങൾക്കു മുമ്പുവരെ പ്രസിദ്ധമായ സൂര്യകാലടി ഭട്ടതിരിമാരുടെ വകയായിരുന്നു. തിരുവിതാംകൂർ രാജ കുടുംബവുമായി അടുത്ത സൗഹൃദമുണ്ടായിരുന്ന ഭട്ടതിരിമാരുടെ മനയിൽ, ഒരിക്കൽ വന്ന രാജാവ് സൽക്കാരങ്ങളിൽ സംതൃപ്തനായി പോകാൻ നേരം മനയിലെ അന്തർജ്ജനം മുഖം കാണിച്ച് വിറകിനുള്ള ബുദ്ധിമുട്ട് അറിയിച്ചു. അപ്പോൾ തന്നെ മൂഴൂർ പ്രദേശം കരമൊഴിവായി കാലടി മനയിലേക്ക് നൽകിയിരിക്കുന്നതായി രാജാവ് കൽപിച്ചു. പന്നഗം തോടിന്റെ ഓരം ചേർന്ന് ചാത്തൻ പാറ തോട്, കാക്കവളളിത്തോട് എന്നീ ചെറിയ അരുവികളാൽ ഏകദേശം പൂർണ്ണമായും വലയം ചെയ്തു കിടക്കുന്ന മൂഴൂർ ചേരിക്കൽ ഇങ്ങനെയാണ് കാലടി മന വകയായി തീർന്നതെന്നാണ് ഐതീഹ്യം. തെല്ല് അപശ്രുതിയുടെ മുനയുള്ള ഈ ഐതീഹ്യം എത്രമാത്രം വിശ്വസനീയമാണ് എന്ന് ഗവേഷണങ്ങൾകൊണ്ടേ പറയാനാകൂ.

എന്തായാലും മൂഴൂരിന്റെ കൂടുതൽ ഭാഗങ്ങളും അത്രയൊന്നും ഫലഭൂയിഷ്ഠമോ സമ്പന്നമോ ആയിരുന്നില്ല. രണ്ടാം ലോകമഹായുദ്ധാനന്തരമുള്ളതും സ്വാതന്ത്ര്യ ലബ്ധിയെ ചുറ്റിപ്പറ്റി നിൽക്കുന്നതുമായ ദശകളിലൊക്കെ കടുത്ത ദാരിദ്ര്യവുംബുദ്ധിമുട്ടും ഇവിടെ നിലനിന്നിരുന്നു. മിഥുനം കർക്കിടകം മാസങ്ങളിൽ ഭക്ഷണത്തിനു വേണ്ടി മറ്റക്കര ഭാഗങ്ങളിലെ നായർ തറവാടുകളുടെ തരിശുനിലങ്ങളിൽ നില്ക്കുന്ന കുടപ്പനകൾ വെട്ടിയറഞ്ഞ് ഇടിച്ചു പിഴിഞ്ഞ് പൊടി എടുക്കുക എന്നത് ഒരു പ്രതിവർഷാനുഷ്ഠാനം ആയിരുന്നു. ഇത് പഞ്ചായത്തിന്റെ മിക്കവാറും പ്രദേശങ്ങളുടെ പരിഛേദ ദൃശ്യമായിരുന്നു എന്ന് പറയുന്നതിൽ തെറ്റുണ്ടെന്ന് തോന്നുന്നില്ല.

വ്യാപാരങ്ങളോ വ്യവസായങ്ങളോ ഒരിടത്തും ദൃശ്യമായിരുന്നില്ല. 1940 കളിൽ കുറെ റേഷൻ കടകൾ നിലവിൽ വന്നു. റേഷൻ കടകളിലൂടെ പച്ചരിയും അപൂർവ്വമായി പുഴുക്കലരിയും കൂടാതെ ഗോതമ്പ്, ബജറാ, തുടങ്ങിയ ധാന്യങ്ങളും വിതരണം ചെയ്തിരുന്നു. പരുക്കൻ തുണികളും അപൂർവ്വമായി റേഷൻ വിലയ്ക്ക് വിതരണം ചെയ്തിരുന്നു. ചുരുക്കമായ പലചരക്കുകടകളും മറ്റും പ്രധാന ഭാഗങ്ങളിൽ നിലനിന്നിരുന്നു. ഈ പ്രദേശങ്ങളിലെ കാർഷികോല്പന്നങ്ങൾ വിറ്റഴിക്കുവാൻ പാമ്പാടി, കൊഴുവനാൽ, പൊൻകുന്നം, അയർക്കുന്നം മുതലായ ചന്തകളിലാണ് കൊണ്ടു പൊയ്ക്കൊണ്ടിരുന്നത്. 1939 - ൽ ചെങ്ങളത്ത് ഒരു പബ്ലിക്മാർക്കറ്റ് സ്ഥാപിതമായി ഇടക്കാലത്ത് മാർക്കറ്റ് അഭിവൃദ്ധിപ്പെട്ടിരുന്നു എങ്കിലും പിന്നീട് പ്രവർത്തനം ശുഷ്കമായി പഞ്ചായത്തിന്റെ അധീനതയിലായ മാർക്കറ്റിൽ ഏതാനും സ്റ്റാളുകൾ പിന്നീട് പണിയുകയുണ്ടായി.

അക്കാലത്തോടനുബന്ധിച്ചു തന്നെ മറ്റക്കര - ചുവന്ന പ്ലാവിൽ ഒരു മാർക്കറ്റ് സ്ഥാപിക്കപ്പെടുകയുണ്ടായി. ആദ്യകാലത്ത് നന്നായി പ്രവർത്തിച്ചുവെങ്കിലും പിന്നീട് പ്രവർത്തനം മന്ദീഭവിക്കുകയും ക്രമേണ ഇല്ലാതാവുകയുമാണ് ചെയ്തത്. 1954 -ൽ കണിപ്പറമ്പ് ഭാഗത്ത് ഒരു പ്രൈവറ്റ് മാർക്കറ്റ് തുടങ്ങുകയുണ്ടായി. ആദ്യകാലത്ത് ആവേശപൂർവ്വവും പിന്നീടു കുറെക്കാലം മന്ദഗതിയിലും പ്രവർത്തിച്ചു. ഇപ്പോൾ പ്രവർത്തനം ഇല്ലാതായിരിക്കുന്നു.

ആധുനിക ഘട്ടം

ഇന്നിപ്പോൾ നാണ്യവിളകളുടെ പ്രത്യേകിച്ച് റബ്ബറിന്റെ സമൃദ്ധികൊണ്ട് ഒട്ടൊക്കെ മാറിയിട്ടുണ്ടെങ്കിലും ഭൂരിപക്ഷം വരുന്ന ഇടത്തരക്കാരുടെയും ദുർബ്ബല വിഭാഗക്കാരുടെയും സ്ഥിതിയിൽ വലിയ അഭിവൃദ്ധി ഒന്നും വന്നിട്ടില്ല.

മറ്റക്കര പേരു ധ്വനിപ്പിക്കുന്നതുപോലെ തന്നെ മറ്റങ്ങളും പാടങ്ങളും താരതമ്യേന കൂടുതലുള്ള പ്രദേശങ്ങളാണ്. ഈ പ്രദേശങ്ങളിലും കാർഷിക ഫലങ്ങളാണ് വരുമാനത്തിന് നിദാനം. നെൽകൃഷി താരതമ്യേന കൂടുതലുണ്ടെങ്കിലും കൂലിച്ചെലവിന്റെ വർദ്ധനയും നാണ്യവിളകളോടുള്ള താല്പര്യവും നെൽകൃഷിയെ തളർത്തിക്കൊണ്ടിരിക്കുന്നു.

പൊതുവെ പറഞ്ഞാൽ പഞ്ചായത്തിൽ എല്ലാ പ്രദേശങ്ങളിലേയും ജനങ്ങളുടെ പാരമ്പര്യവും വർത്തമാന കാലസ്ഥിതിയും കാർഷിക പ്രധാനമാണ്. ചെറുകിട കച്ചവടങ്ങളും, വ്യവസായങ്ങളും കൊണ്ട് ജീവിക്കുന്നവർ എല്ലാ പ്രദേശങ്ങളിലുമുണ്ട്. ഈ വിഭാഗത്തിൽപ്പെട്ടവർ വളരെക്കുറവാണ്. എടുത്തു പറായാവുന്ന വൻകിട വ്യവസായ ശാലകളോ ഫാക്ടറികളോ, വ്യാപാര കേന്ദ്രങ്ങളോ ഈ പഞ്ചായത്തിൽ ഒരിടത്തും തന്നെ ഉണ്ടായിട്ടില്ല.

സർക്കാർ ജോലിയുള്ളവരൊ മറ്റു തരത്തിൽ പ്രതിമാസ ശമ്പളം ലഭിക്കുന്നവരോ പഞ്ചായത്തിൽ പൊതുവേ കുറവാണ്. വിദേശ മലയാളികളും പേരിനു മാത്രമേ ഉള്ളു.

പള്ളികളും ക്ഷേത്രങ്ങളും

ജനങ്ങൾ പൊതുവെ സന്മാർഗ്ഗ നിഷ്ഠയുള്ളവരും മതവിശ്വാസികളുമാണ്. ഹിന്ദുവോ ക്രിസ്ത്യാനിയോ അല്ലാതെ മറ്റു മത വിഭാഗങ്ങൾ കുറവാണ്. വിശ്വാസാനുഷ്ഠാനകാര്യങ്ങളിൽ പരസ്പരം ആദരവും സഹകരണവും പുലർത്തുന്നു. പഞ്ചായത്തിലെ ഏറ്റവും പുരാതനമായ ക്ഷേത്രം തെക്കുംതല ഭഗവതി ക്ഷേത്രമാണ്. കൊടുങ്ങല്ലൂർ ഭഗവതിയുടേതാണ് പ്രതിഷ്ഠ. 800 ഓളം വർഷത്തെ പഴക്കം കണക്കാക്കപ്പെടുന്നു. ക്ഷേത്ര നടത്തിപ്പ് ചെലവുകൾക്കായി മുക്കാതം ചേരിക്കൽ തെക്കുംകൂർ രാജാവ് ക്ഷേത്രത്തിന് വിട്ടുകൊടുത്തിരുന്നു. ഇവിടുത്തെ ഉത്സവം അക്കാലത്ത് പ്രസിദ്ധമായിരുന്നു .

മൂഴയിൽ ശ്രീപുരം ക്ഷേത്രം ഈഴവ സമുദായത്തിന്റേതായി 1901-ൽ സ്ഥാപിക്കപ്പെട്ടു. പ്രതിഷ്ഠ ശ്രീ ശങ്കരനാരായണ മൂർത്തിയുടേതാണ്. വിഷ്ണുവിന്റേയും പരമശിവന്റേയും ചൈതന്യങ്ങൾ ഇവിടെ ആവാഹിക്കപ്പെട്ടിട്ടുണ്ട്.

കിഴക്കടമ്പ് മഹാദേവർ ക്ഷേത്രം ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ സ്ഥാപിക്കപ്പെട്ടതാണ്. ഇപ്പോൾ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലാണ്. ക്ഷേത്രക്കുളത്തിലെ ജലസമ്പത്ത് പ്രസിദ്ധമാണ്.

കാരങ്ങാട്ട് ഭഗവതി ക്ഷേത്രം ആനിക്കാടു പ്രദേശത്തെ പുരാതന ക്ഷേത്രങ്ങളിലൊന്നാണ്. കടത്തനാട്ടു ഭാഗത്തു നിന്ന് ഇവിടെ കുടിയേറിയ ആദ്യത്തെ നമ്പൂതിരി കുടുംബമെന്ന് കരുതപ്പെടുന്നതും ദേവൻ വിക്രമൻ എന്ന് മാറാ ഇരട്ടപ്പേരുള്ളവരുമായ കുഴിപ്പള്ളി ഇല്ലം വകയാണ് ഈ ക്ഷേത്രം. ഇവിടുത്തെ ഉത്സവം സമീപപ്രദേശങ്ങളിൽ പ്രസിദ്ധമാണ്. ക്ഷേത്ര പരിസരത്തു നിന്നിരുന്ന ഗംഭീരമായ ഒരു ആഞ്ഞിലി മുഴൂർ പള്ളിയുടെ പുതുക്കിപ്പണിക്കു വേണ്ടി വിലയ്ക്കു നൽകുകയുണ്ടായി. ആകെ 90 കണ്ടിയുണ്ടായിരുന്നു തടിയുടെ അളവ്. ഈ പ്രദേശങ്ങളിലുണ്ടായിരുന്ന മതസാഹോദര്യത്തിന് ഒരു ഉദാഹരണമാണിത്.

കാഞ്ഞിരറ്റം സത്യനാഥടെമ്പിൾ കൊല്ല വർഷം 1107 -ൽ സ്ഥാപിതമായതാണ്. ഈ ക്ഷേത്രത്തിലേക്കുള്ള കാഞ്ഞിരമറ്റം - ടെമ്പിൾ റോഡ്, സർ. സി. പി യുടെ കാലത്ത് അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം പൊന്നുംവിലയ്ക്കെടുത്ത് വെട്ടിയതാണെന്നു കരുതപ്പെടുന്നു. ഇപ്പോൾ ഈ ക്ഷേത്രം നിലവിലില്ല.

അകലക്കുന്നം പഞ്ചായത്ത് മൂന്നാം വാർഡിലെ പുരാതനവും പ്രസിദ്ധവുമായ രണ്ടു ക്ഷേത്രങ്ങളാണ് മറ്റക്കര തുരുത്തിപ്പള്ളി ഭഗവതി ക്ഷേത്രവും പട്യാലിമറ്റം ആയിരൂർ ശിവ ക്ഷേത്രവും

ഊരാഴ്മ ദേവസ്വത്തിന്റെ കീഴിൽ പുരാതന കാലം മുതൽ ഇടമുള വാർഡിലെ പ്രസിദ്ധമായ ക്ഷേത്രമാണ് കുളങ്ങരക്കാവ് ദേവീക്ഷേത്രം.

പഞ്ചായത്തിലെ ഏറ്റവും വലിയ കരയായ മറ്റക്കരയുടെ ഹൃദയ ഭാഗത്താണ് മഞ്ഞക്കാവ് എന്നറിയപ്പെടുന്ന ശിവപാർവ്വതീക്ഷേത്രവും ശ്രീരാമകൃഷ്ണാശ്രമവും സ്ഥിതിചെയ്യുന്നത്. 1974 -ൽ അമ്പലം പണിക്ക് ഒറ്റപ്പാലം ശ്രീരാമ കൃഷ്ണ മഠാധിപതി സ്വാമി വിശ്വദാനാന്ദജി മഹാരാജാവ് പുനഃപ്രതിഷ്ഠ നടത്തി പൂജകളും തുടങ്ങി. ഈ ക്ഷേത്രത്തോടനുബന്ധിച്ച് ശ്രീരാമ കൃഷ്ണാശ്രമവും ശാരദാമഠവും പ്രവർത്തിക്കുന്നു. 700- ൽ പരം വർഷത്തെ പരമ്പര്യം ഈ ക്ഷേത്രത്തിനുണ്ടെന്ന് പറയപ്പെടുന്നു.

ഈ പ്രദേശത്തുള്ള ക്രീസ്തീയ ദേവാലയങ്ങൾ എല്ലാം തന്നെ കാത്തലിക് ക്രിസ്റ്റ്യൻ സമുദായത്തിൻറേതാണ്. മറ്റു ക്രിസ്തീയ വിഭാഗങ്ങൾ ഇവിടെ ഇല്ല തന്നെ.

ഒരു കാലത്ത് വളരെ പ്രശസ്തമായിരുന്ന ചെങ്ങളം സെൻറ് ആൻറണീസ് ദേവാലയം 1917-ൽ സ്ഥാപിതമായി. ദേവാലയം പണിയുന്നതിന് അക്കാലത്ത് കരക്കാരുടേയും മുറിക്കാരുടേയും സമ്മതവും മഹാരാജാവിൻറെ അനുവാദവും വേണമായിരുന്നു. കരക്കാരുടെ പ്രതിനിധിയായി ഒറ്റപ്ലാക്കൽ പരമേശ്വര പണിക്കരും മുറിക്കാരുടെ പ്രതിനിധിയായി ഈഴവനായ മാക്കൽ കേളനുമാണ് അന്വേഷണോദ്യോഗസ്ഥൻറെ പക്കൽ സമ്മതം രേഖപ്പെടുത്തിയത്. ചെങ്ങളം ദേവാലയം ഇടക്കാലത്ത് ഒരു തീർത്ഥാടന കേന്ദ്രമായിരുന്നു. വിശുദ്ധ ആന്തോനീസിൻറെ സ്വരൂപത്തിനു മുൻപിൽ പ്രാർത്ഥിയ്ക്കുകയും നേർച്ചകാഴ്ച്ചകളർപ്പിക്കുകയും ചെയ്താൽ രോഗശാന്തിയും മറ്റ് ആവശ്യങ്ങളും സാധിയ്ക്കാം എന്നായിരുന്നു വിശ്വാസം. വെളിച്ചപ്പാടു തുള്ളുന്നതുപോലെയുള്ള ആചാരങ്ങളും ഉണ്ടായിരുന്നു. പിൽക്കാലത്ത് സഭാധികാരികൾ തന്നെ ഇവ നിരുത്സാഹപ്പെടുത്തുകയും ക്രമേണ ഇല്ലാതാവുകയും ചെയ്തു.

കാഞ്ഞിരമറ്റം ഹോളിക്രോസ് ദേവാലയം ആദ്യം ചേർപ്പുങ്കൽ പള്ളിയുടെ കുരിശു പള്ളിയായിട്ടാണ് സ്ഥാപിതമായത്. (A.D. 1900)പിന്നീടത് ഇടവക ദേവാലയമായി ഉയർത്തപ്പെടുകയും മനോഹരമായ ഇപ്പോഴത്തെ പള്ളി നിർമ്മിക്കപ്പെടുകയും ചെയ്തു. കാഞ്ഞിരമറ്റത്തിന് ഈ പേരു വരുവാൻ കാരണം ഇവിടെ വളരെ വലിയ ഒരു കാഞ്ഞിര മരം നിന്നിരുന്നു എന്നതാണ് എന്നു പറയപ്പെടുന്നു.കാഞ്ഞിരമറ്റത്തിൻറെ വികസനത്തിന് കാരണമായ പല പ്രസ്ഥാനങ്ങൾക്കും സ്ഥലം സംഭാവന ചെയ്തിട്ടുള്ളത് കാഞ്ഞിരമറ്റം പള്ളിയാണ്. കാഞ്ഞിരമറ്റം ലക്ഷം വീടു കോളനിയ്ക്ക് സ്ഥലം നൽകിയത് പള്ളിയാണ്. സർവീസ് സഹകരണബാങ്ക്, അങ്കൺവാടി, കൃഷിഭവൻ തുടങ്ങിയ സ്ഥാപനങ്ങൾ പള്ളി നല്കിയ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. സന്നത്ത് ഇൻഡ്യൻ ബാങ്ക്, R.P.S ഇവ പള്ളിവക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

കാഞ്ഞിരമറ്റം പള്ളിയുടെ കുരിശുപള്ളിയായി പ്രവർത്തിച്ചു വന്നിരുന്ന മണലുങ്കൽ സെൻറ് മേരീസ് ചർച്ച് ഇപ്പോൾ ഇടവകയായി പ്രവർത്തിച്ചു പഞ്ചായത്ത് ആസ്ഥാനത്തിനടുത്തുള്ള ദേവാലയമാണിത്.

മറ്റക്കരയുടെ വടക്കു പടിഞ്ഞാറു ഭാഗത്ത് സ്ഥിതി ചെയ്യുന്ന പാദുവാപള്ളി വി. അന്തോനീസിൻറെ നാമത്തിൽ 1921-ൽ സ്ഥാപിച്ചതാണ്. പള്ളിസ്ഥാപനത്തോടുകൂടിയാണ് ടി ഭൂപ്രദേശം പാദുവ എന്ന പേരിലറിയപ്പെടുന്നത്. പാദുവ എന്ന പേരിൽ ഒരു പോസ്റ്റാഫീസും ഇപ്പോൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

മുഴൂർ സെൻറ് മേരീസ് ദേവാലയം 1919 ൽ സ്ഥാപിതമായി. ആദ്യ കാലത്ത് കൊഴുവനാൽ പള്ളിയുടെ കുരിശു പള്ളിയായിരുന്നു. 1945-55 കാലഘട്ടത്തിൽ പുതിയ പള്ളി പണിതു.

മറ്റക്കര തിരുക്കുടുംബ ദേവാലയം ഈ പഞ്ചായത്തു പ്രദേശത്തുണ്ടായ ആദ്യത്തെ ക്രൈസ്തവ ദേവാലയമാണ്. 1898-ൽ ഇത് സ്ഥാപിതമായി. ഇവിടെ നിന്നും വേറെ മാറിയതാണ് മഞ്ഞാമറ്റം സെൻറ്സെബാസ്റ്റ്യൻസ്, നെല്ലിക്കുന്ന് അൽഫോൻസാ ദേവാലയങ്ങൾ.

മണ്ണൂർ പള്ളി ഉണ്ണിമിശിഹാപള്ളി 1920-ൽ സ്ഥാപിക്കപ്പെട്ടു. ഇത് കോട്ടയം രൂപതയിൽപ്പെട്ടതാണ്. ഇവയ്ക്കു പുറമെ മദ്ധ്യ ദശകങ്ങളോടെ വേറെയും ക്രൈസ്തവ ദേവാലയങ്ങൾ സ്ഥാപിക്കപ്പെടുകയുണ്ടായി. 1966 ൽ ഒരു കുരിശു പള്ളിയായി ആരംഭിച്ച നെല്ലിക്കുന്ന് അൽഫോൻസാഗിരി പള്ളി 1986 മുതൽ ഇടവക ദേവാലയമായി തീർന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ

വിദ്യാലയങ്ങൾ ഏറിയപങ്കും സ്ഥാപിക്കപ്പെട്ടത് ഈ നൂറ്റാണ്ടിൻറെ രണ്ടാം ദശകത്തിനു ശേഷമാണ്. മൂന്നു ഗവൺമെൻറ് എൽ.പി.

സ്കൂളുകളൊഴിച്ചാൽ ബാക്കിയെല്ലാം പ്രൈവറ്റു മാനേജുമെൻറുകൾ ആരംഭിച്ചതും നടത്തിക്കൊണ്ടു പോകുന്നതുമാണ്. അഞ്ചു ഹൈസ്കൂളുകളും അവയോടനുബന്ധിച്ചുൾപ്പെടെയുള്ള ആറു യു.പി. സ്കൂളുകളും 10 എൽ.പി. സ്കൂളുകളുമാണ് ഇപ്പോഴുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ. മണലുങ്കൽ സെൻറ് അലോഷ്യസ് ഹൈ സ്കൂൾ പഞ്ചായത്തിലെ ആദ്യ ഹൈസ്കൂളാണ്. 1952 ൽ ആദ്യ ബാച്ച് എസ്സ്.എസ്സ്.എൽ.സി. വിദ്യാർത്ഥികൾ പരീക്ഷയെഴുതി.

മേൽപറഞ്ഞ സ്ഥാപനങ്ങളുടെ ആവിർഭാവത്തിനു മുൻപും ഉന്നത വിദ്യാഭ്യാസം നേടുന്നതിന് ആളുകൾ തല്പരരായിരുന്നു. കിടങ്ങൂർ, പാല, മുതലായ സ്ഥലങ്ങളിൽ ദിവസേന നടന്നു ചെന്ന് ഹൈസ്കൂൾ വിദ്യാഭ്യാസം നേടിയവർ ഇന്നും ജീവിച്ചിരിയ്ക്കുന്നു. ബിരുദ പഠനത്തിനു വേണ്ടി ആശ്രയിച്ചിരുന്നത് തേവര, തൃശ്ശിനാപള്ളി, മദ്രാസ് തുടങ്ങിയ വിദൂര സ്ഥലങ്ങളെയാണ്.

ഗവൺമെൻറു സ്കൂളുകളിലൊന്നായ തെക്കുംതല ഗവ. എൽ.പി. സ്കൂൾ വിദ്യാർത്ഥികൾ ഇല്ലാതിരുന്ന കാരണത്താൽ 1992 മുതൽ പ്രവർത്തിയ്ക്കുന്നില്ല. സ്കൂൾ കെട്ടിടം ട്രാവൽ ആൻറ് ടൂറിസം കോഴ്സ് നടത്തുന്നതിനുവേണ്ടി മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയ്ക്ക് വിട്ടു കൊടുത്തിരിക്കുകയാണ്. പഞ്ചായത്തിലെ ഏക സാങ്കേതിക വിദ്യാലയം 1996-ൽ മറ്റക്കരയിൽ സ്ഥാപിതമായ മോഡൽ പോളിടെക്നിക് (I.H.R.D.E) ആണ്.

ലൈബ്രറികൾ

ഒരു ജനതയുടെ സാംസ്ക്കാരിക വളർച്ചയിൽ വായനശാലകൾക്കും ലൈബ്രറികൾക്കുമുള്ള പങ്ക് നിസ്സീമമാണ്. ഈ നൂറ്റാണ്ടിൻെറ മദ്ധ്യ ദശകങ്ങൾ വായിക്കുവാനും അറിയുവാനുമുള്ള ആവേശം പ്രകടമായ കാലഘട്ടമാണ്. അക്കാലങ്ങളിൽ ഓരോ സ്ഥലങ്ങളിലേയും ചെറുപ്പക്കാരുടേയും മറ്റുള്ളവരുടെയും ശ്രമഫലമായി വായനശാലകൾ സ്ഥാപിക്കപ്പെടുകയുണ്ടായി. പലതും ക്രമേണ പ്രവർത്തനരഹിതമായിത്തീർന്നുവെന്നത് സത്യമാണ്. അക്കാലങ്ങളിൽ സ്ഥാപിക്കപ്പെട്ട് ഇപ്പോഴും നിലനിൽക്കുന്നത് മറ്റക്കര ജ്ഞാന പ്രകാശിനി വായനശാല, റൂറൽ ലൈബ്രറി ഇടമുള, കോസ്മോ പൊളിറ്റൻ വായനശാല ചെങ്ങളം, ദേശീയ വായനശാല തെക്കുംതല, നെഹ്റു മെമ്മോറിയൽ വായനശാല പട്യാലിമറ്റം, നെല്ലിക്കുന്ന് വായനശാല എന്നിവയാണ്. 1976-ൽ നെല്ലിക്കുന്നിൽ ആരംഭിച്ച ചെറിയതോതിലുണ്ടാരുന്ന വായനശാല 1985-ൽ പബ്ലിക്കുലൈബ്രറി ആയിരക്കണക്കിനു പുസ്തകങ്ങളുള്ള പ്രസ്തുത ലൈബ്രറി ഇപ്പോൾ വളർച്ചയുടെ പടവുകളിലാണ്.

സാമൂഹ്യ സേവന രംഗം

സാമൂഹ്യ സേവന രംഗങ്ങളിൽ അൻപതുകൾക്കു മുമ്പ്, ദേവാലയങ്ങളോടനുബന്ധിച്ച് സംഘടിപ്പിക്കപ്പെട്ടിരുന്ന ചുരുക്കമായ ജീവകാരുണ്യ പ്രവർത്തനങ്ങൾ ഒഴിവാക്കിയാൽ സംഘടിതമായ ശ്രമങ്ങൾ കാണുന്നില്ല.

പിന്നീട് ദേവാലയങ്ങളുടേയും സന്യാസസമൂഹങ്ങളുടേയും ആഭിമുഖ്യത്തിൽ സാമൂഹ്യസേവനരംഗത്ത് വളരെയധികം മാതൃകൾ വരികയുണ്ടായി. ക്രിസ്തീയ സന്യാസിനി സമൂഹങ്ങൾ സാമൂഹ്യ സേവനരംഗത്തും വിദ്യാഭ്യാസ രംഗത്തും നല്കുന്ന സേവനം പ്രത്യേകം സ്മരണീയമാണ്. ഗവൺമെൻറു തലത്തിൽ മുണ്ടൻകുന്നു പ്രൈമറി ഹെൽത്തു സെൻറിൻെറ ആഭിമുഖ്യത്തിൽ ആലുങ്കൽ തകിടിയിലും, മഞ്ഞാമറ്റത്തും, മറ്റക്കരയിലും പ്രവർത്തിയ്ക്കുന്ന കുടുംബക്ഷേമ കേന്ദ്രങ്ങളുടെ സേവനം എടുത്തു പറയത്തക്കതാണ്. ദേവാലയങ്ങളോടനുബന്ധിച്ചുള്ള സന്നദ്ധസംഘടനകൾ ആരോഗ്യം, വിദ്യാഭ്യാസം, ഭവന നിർമ്മാണം മുതലായ രംഗങ്ങളിൽ പ്രശംസാർഹമായ പ്രവർത്തനം നടത്തിവരുന്നു. പഞ്ചായത്തിൽ പ്രവർത്തിയ്ക്കുന്ന ക്ളബ്ബുകൾ സാമൂഹ്യ സേവന രംഗത്ത് അവരുടേതായ പ്രവർത്തനങ്ങൾ കാഴ്ച്ചവെയ്ക്കുന്നുണ്ട്.

യാത്രാസൗകര്യങ്ങൾ

ഈ നൂറ്റാണ്ടിൻെറ ആദ്യ ദശകങ്ങളിൽ യാത്രയ്ക്ക് സ്വന്തം പാദങ്ങൾ മാത്രമായിരുന്നു ആശ്രയം. ഇടവഴികളും നടപ്പാതകളും അല്ലാതെ റോഡുകൾ വിരളം. ഏതാനും കാളവണ്ടികളല്ലാതെ മറ്റു വാഹനങ്ങൾ അപൂർവ്വമായിരുന്നു. വാഴൂർ- പുലിയന്നൂർ റോഡിലൂടെ ആരംഭിച്ച 'ദാസൻ' ബസ്സ് സർവ്വീസ് ആയിരുന്നു ഈ പ്രദേശത്തെ ആദ്യത്തെ ബസ് സർവ്വീസ്. മുത്തോലി കടവുവരെയുണ്ടായിരുന്ന പ്രസ്തുത സർവ്വീസ് 1962 -ൽ മുത്തോലി പാലം തുറന്നതോടെ പാലായിലേയ്ക്ക് നീണ്ടു. 1954 - ൽ കോട്ടയത്തുനിന്നും കരിമ്പാനി വരെ ഒരു ബസ് ഓടിത്തുടങ്ങി. 1953 -ൽ പഞ്ചായത്തിൻെറ ആരംഭത്തിനു ശേഷം ഒട്ടേറെ റോഡുകൾ വെട്ടിത്തുറക്കുകയും വികസിപ്പിയ്ക്കുകയും ചെയ്തിട്ടുണ്ട്. നാട്ടുകാർ വെട്ടിത്തുറന്നാൽ പഞ്ചായത്ത് ഏറ്റെടുത്ത് പരിമിതമായ

തോതിൽ അറ്റകുറ്റപ്പണികൾ നടത്തുകയും കലുങ്കുകളും മറ്റും നിർമ്മിയ്ക്കുകയും ചെയ്തിരുന്നു. ഇപ്പോൾ റോഡുകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെങ്കിലും അവയെല്ലാം വികസനം പ്രതീക്ഷിച്ചു കിടക്കുന്നവയാണ്.

കല്ലൂർക്കുളം അഞ്ചലാഫീസ് തിരുവിതാംകൂർ അഞ്ചൽ സർവ്വീസിന്റെ ഭാഗമായി നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽത്തന്നെ സ്ഥാപിക്കപ്പെട്ടു. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം അഞ്ചാലാഫീസുകൾ പോസ്റ്റാഫീസുകളായി മാറി.

ഇവിടെ ആദ്യം വൈദ്യുതിയെത്തിയത് 1960 - കളിലാണ്. 1953 -ൽ പഞ്ചായത്തു രൂപീകരിക്കപ്പെടുമ്പോൾ പഞ്ചായത്തിൽ ഒരു പ്രദേശത്തും വൈദ്യുതി ലഭ്യമായിരുന്നില്ല. 1954-ൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 12- മണ്ണെണ്ണ വിളക്കുകൾ സ്ഥാപിയ്ക്കുകയുണ്ടായി. മുൻസിപ്പാലിറ്റി വിളക്കെന്നും പിൽക്കാലത്ത് പഞ്ചായത്തി വിളക്കെന്നും അറിയപ്പെട്ടിരുന്ന ഈ വിളക്കുകൾ കോട്ടയത്ത് നിർമ്മിച്ചു വാങ്ങിയ്ക്കുകയായിരുന്നു. ഒന്നിന് 30 രൂപ വില. കത്തിക്കുന്നതിന് വിളക്കു സ്ഥാപിക്കപ്പെട്ട സ്ഥലത്തിനടുത്തുള്ള ആരെയെങ്കിലും ചുമതലപ്പെടുത്തിയിരുന്നു. അന്നത്തെ പഞ്ചായത്തു വിളക്കുകൾ വിസ്മൃതിയിലാണ്ടിരിക്കുന്നു. ഇന്നിപ്പോൾ വിവിധ ഭാഗങ്ങളിലായി 420 സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ വഴിവിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 5000 രൂപ പ്രതിമാസം പഞ്ചായത്ത് ചെലവഴിയ്ക്കുന്നുണ്ട്. പക്ഷേ സ്ട്രീറ്റ് ലൈറ്റുകളിൽ ക്രമമായി തെളിയുന്നത് വളരെ കുറവാണ്. പഞ്ചായത്തിൽ വൈദ്യുതിയെത്താത്ത വീടുകൾ ഇപ്പോഴുമുണ്ട്.

സ്വാതന്ത്ര്യ ലബ്ധിയുടെ കാലം

രാജഭരണത്തോടും ബ്രിട്ടീഷ് മോൽക്കോയ്മയോടും മാനസികമായ കൂറു പുലർത്തിക്കൊണ്ടിരുന്ന ഒരു വിഭാഗം യാഥാസ്ഥിതികർ ഇവിടെ ഉണ്ടായിരുന്നുവെങ്കിലും അന്നത്തെ യുവതലമുറ ആവേശപൂർവ്വം സ്വാതന്ത്ര്യ സമരത്തെ പിന്തുണയ്ക്കുന്നവരായിരുന്നു.

ഈ പഞ്ചായത്തിൽ ജനിച്ച ഒട്ടേറെപ്പേർ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തിട്ടുണ്ട്. ശ്രീ. മാത്യു മണിയങ്ങാടൻ സ്വാതന്ത്ര്യ സമരത്തിലെ സമുന്നത നേതാക്കൻമാരിൽ ഒരാളായിരുന്നു. 1957 - മുതൽ 67 വരെ പാർലമെൻറംഗം എന്ന നിലയിൽ അദ്ദേഹം രാജ്യ സേവനം നിർവ്വഹിക്കുകയുണ്ടായി.

ശ്രീ. പി.എം. സ
സ്വാതന്ത്ര്യ സമരങ്ങ
ക്കൻമാരിലൊരാളാ
നിയമസഭാംഗമായി

പഴയ 'അകലക്ക
പലപ്പോഴായി അ
എലിക്കുളം, ചെങ്ങള
വില്ലേജുകളായി
അകലക്കുന്നം പ

ശേഷം 1956 ൽ അകലക്കുന്നം വില്ലേജ് ഉണ്ടായി. ഇതിൽ ആനിക്കാട് വടക്ക്, മറ്റക്കര, ഇടമുള കരകൾ ഉൾപ്പെടുന്നു. അടുത്ത കാലത്ത് 1987-ൽ ചെങ്ങളം ഈസ്റ്റു വില്ലേജു കൂടി ഈ പഞ്ചായത്തിൽ സ്ഥാപിതമായി. അകലക്കുന്നം പഞ്ചായത്തിന്റെ ആസ്ഥാനം പൂവത്തിളപ്പിലും ചെങ്ങളം വില്ലേജിന്റെ ആസ്ഥാനം ചെങ്ങളത്തും സ്ഥിതിചെയ്യുന്നു. അകലക്കുന്നം പഞ്ചായത്തിന്റെ ആസ്ഥാനം സ്ഥിതിചെയ്യുന്നത് പൂവത്തിളപ്പിലാണ്. പുലിയന്നൂർ-വാഴൂർ (പാലാ- കൊടുങ്ങൂർ) റോഡിന്റെ അരികിൽ സ്ഥിതിചെയ്യുന്ന പൂവത്തിളപ്പിന് ഈ പേരു വരുവാൻ കാരണമുണ്ട്. പണ്ട് ഏറ്റുമാനൂരിൽ നിന്നും കിടങ്ങൂർ വഴി ചിറക്കടവിലെത്തി ആര്യങ്കാവു വഴി ചെങ്കോട്ട തുടങ്ങിയ തമിഴ്നാടു പ്രദേശങ്ങളിലേയ്ക്കു പോകുന്ന പുരാതനമായ ഒരു നടപ്പാത ഉണ്ടായിരുന്നുവത്രെ. വാണിജ്യ സാധനങ്ങളടങ്ങിയ ചുമടുകളുമായി യാത്രക്കാർ ധാരാളമായി ഈ വഴി സഞ്ചരിച്ചിരുന്നു. അങ്ങനെയുള്ളവർക്ക് ചുമടുകൾ ഇറക്കിവെച്ച് വിശ്രമിക്കുവാൻ ഇടവിട്ടിടവിട്ട് ഉണ്ടായിരുന്ന താവളങ്ങൾക്ക് ുളപ്പുകൾ എന്നായിരുന്നു പേര്. ഓരോന്നും അറിയപ്പെട്ടിരുന്നത് മിക്കവാറും അവിടെ നിന്നിരുന്ന മരങ്ങളുടെ പേരിലാണ്. പാദുവ, ഭാഗത്തുള്ള ആനിയിളപ്പ്, കൊഴുവനാൽ ഭാഗത്തുള്ള നെടിന്തുങ്കൽ ഇളപ്പ്, "പൂവത്തിളപ്പ്" കൊടുങ്ങൂരുള്ള ഇളപ്പുങ്കൽ തുടങ്ങിയ കിടങ്ങൂർ- പൊൻകുന്നം (ചിറക്കടവ്) രേഖയിലുള്ള ഇളപ്പുകളുടെ ശൃംഗലയെപ്പറ്റി ഒരു ഗവേഷണത്തിനു തന്നെ വകയുണ്ട്. അടുത്ത കാലം വരെ പഴയ കരിങ്കൽ ചുമടു താങ്ങികൾ ഇവിടെയെല്ലാം കാണാമായിരുന്നു.

പഞ്ചായത്തു രൂപീകൃതമാകുന്നതുവരെ പ്രവർത്തി കച്ചേരി അല്ലെങ്കിൽ പകുതി കച്ചേരി എന്ന് അറിയപ്പെട്ടിരുന്ന വില്ലേജാഫീസായിരുന്നു ജനങ്ങളും ഗവൺമെൻറുമായി ബന്ധിപ്പിച്ചിരുന്ന

പ്രധാന കണ്ണി. നികുതി പിരിക്കുക എന്നതായിരുന്നു പകുതി കച്ചേരിയുടെ പ്രധാന ജോലി.

സ്വാതന്ത്ര്യ ലബ്ധിയ്ക്കു ശേഷം വികസനം ലക്ഷ്യമാക്കി, പഞ്ചായത്തുകൾക്കുശേഷം ബ്ളോക്കുകളും (ബ്ളോക്കു പഞ്ചായത്ത്) ജില്ലാ പഞ്ചായത്തുകളും പല ഘട്ടങ്ങളായി രൂപീകരിക്കപ്പെട്ടു. നിയമസഭയിലേയ്ക്കും പാർലമെൻറിലേയ്ക്കുമുള്ള പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിന് അസംബ്ളി ലോകസഭാ നിയോജക മണ്ഡലങ്ങൾ നിശ്ചയിക്കപ്പെട്ടു.

ആദ്യത്തെ പാർലമെൻറ് ഇലക്ഷൻ തുടങ്ങി ഈ പഞ്ചായത്ത് കോട്ടയം മണ്ഡലത്തിൽ ഉൾപ്പെട്ടു കിടക്കുന്നു. 1957 മുതൽ 67 വരെ ഇവിടെ നിന്നും എം.പി. യായിരുന്നത് ശ്രീ. മാത്യു മണിയങ്ങാടൻ ആയിരുന്നു. 67 മുതൽ 5 വർഷത്തേയ്ക്ക് ശ്രീ. കെ.എ. എബ്രഹാമും, പിന്നീട് 1984 വരെ തുടർച്ചയായി ശ്രീ. സ്കറിയാ തോമസ്സും തുടർന്ന് അഞ്ചു വർഷത്തേയ്ക്ക് ശ്രീ. സുരേഷ് കുറുപ്പും എം.പി. മാരായിരുന്നു. 1989- മുതൽ ശ്രീ. രമേശ് ചെന്നിത്തല ലോകസഭയിൽ ഈ മണ്ഡലത്തെ പ്രതിനിധീകരിക്കുന്നു.

1957- മുതൽ ഈ പഞ്ചായത്ത് കലക്കുന്നം നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെട്ടിരുന്നു. ആദ്യം ശ്രീ. പി.എം. ജോസഫും 1960 മുതൽ ശ്രീ. പി.റ്റി. ചാക്കോയും എം.എൽ.എ. മാരായി മണ്ഡലത്തെ പ്രതിനിധീകരിച്ചു. കേരളത്തിലെ പ്രഗല്ഭനായ ആഭ്യന്തര മന്ത്രി എന്ന നിലയിൽ അദ്ദേഹം എക്കാലവും സ്മരണീയനാണ്. 1965- മുതൽ ശ്രീ. ജെ.എ. ചാക്കോ ഈ മണ്ഡലത്തെ പ്രതിനിധീകരിച്ചു.

1977 മുതൽ രൂപീകരിക്കപ്പെട്ട പുതുപ്പള്ളി നിയമസഭാ മണ്ഡലത്തിൽ ഈ പഞ്ചായത്ത് ഉൾപ്പെട്ടു. തൊഴിൽ കാര്യ മന്ത്രി, ആഭ്യന്തര മന്ത്രി, ധനകാര്യ മന്ത്രി എന്നീ നിലകളിലെല്ലാം ശോഭിച്ച ശ്രീ. ഉമ്മൻ ചാണ്ടി എം.എൽ.എ. ആണ് അക്കാലം മുതൽ മണ്ഡലത്തെ പ്രതിനിധീകരിച്ചിരുന്നത്. നിയോജക മണ്ഡലങ്ങളുടെ പുനഃസംഘടനമൂലം അകലകുന്നം അസംബ്ലിമണ്ഡലം ഇല്ലാതായി.

1990- ൽ രൂപീകരിക്കപ്പെട്ട ജില്ലാ കൗൺസിൽ അയർക്കുന്നം ഡിവിഷനിൽ ഈ പഞ്ചായത്ത് ഉൾപ്പെട്ടു. 1991 - ൽ നടന്ന തെരഞ്ഞെടുപ്പിൽ കോട്ടയം ജില്ലാ കൗൺസിൽ പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. റ്റി.വി. എബ്രഹാം ഈ ഡിവിഷനെ പ്രതിനിധീകരിച്ചു.

1996- ൽ കോട്ടയം ജില്ലാ പഞ്ചായത്ത് രൂപീകൃതമായപ്പോൾ പളളിക്കത്തോട് വാർഡിൽ പഞ്ചായത്ത് ഉൾപ്പെട്ടു. അന്നമ്മ ജോൺ കൂട്ടിയാനിക്കൽ ഈ വാർഡിൽ നിന്നും ജില്ലാ പഞ്ചായത്തു മെമ്പറായി തെരഞ്ഞെടുക്കപ്പെട്ടു.

പാമ്പാടി ബ്ളോക്കു പഞ്ചായത്തു രൂപീകൃതമായപ്പോൾ പഞ്ചായത്തിൻെറ 1,2,3,4,5 വാർഡുകൾ കൂരോപ്പട പഞ്ചായത്തിൻെറ 1,3 വാർഡുകളും ഉൾപ്പെടുത്തി അകലക്കുന്നം വെസ്റ്റും, അകലക്കുന്നത്തിൻെറ ബാക്കി വാർഡുകളും എലിക്കുളം പഞ്ചായത്തിൻെറ 4,5,6 വാർഡുകളും ചേർത്ത് അകലക്കുന്നം ഈസ്റ്റും ബ്ളോക്കു വാർഡുകളായി നിർണ്ണയിച്ചു. അകലക്കുന്നം വെസ്റ്റിൽ നിന്ന് ശ്രീ. മേരി ഫിലിപ്പ് കൊച്ചുമഠം, ഈസ്റ്റിൽ നിന്നും ശ്രീ. എ.റ്റി. ആൻറണി മഞ്ഞപ്പള്ളി എന്നിവരും ബ്ളോക്കു പഞ്ചായത്തു മെമ്പർമാരായി തെരഞ്ഞെടുക്കപ്പെട്ട് ഈ പ്രദേശങ്ങളെ പ്രതിനിധീകരിക്കുന്നു. നമ്മുടെ പഞ്ചായത്തുൾപ്പെടുന്ന പാമ്പാടി ബ്ളോക്കിൻെറ പ്രസിഡൻറ് ശ്രീ. കെ.എം.രാധാകൃഷ്ണൻ ആണ്.

1953 ൽ ആദ്യത്തെ പഞ്ചായത്തു കമ്മിറ്റി പ്രവർത്തിയ്ക്കാൻ തുടങ്ങിയ നിർണ്ണായകമായ കാലഘട്ടം മുതലിങ്ങോട്ട് ഒട്ടേറെ പരിവർത്തനങ്ങൾ സംഭവിച്ചതായി കാണാം. സാമ്പത്തികമായി നോക്കിയാൽ, 1953- 54 കാലത്ത് പഞ്ചായത്തിൻെറ വരുമാനം സർക്കാരിൽ നിന്നും കിട്ടിയ പ്രാരംഭ സഹായധനമായ 500 രൂപയായിരുന്നു.

സാമൂഹ്യമായും വിദ്യാഭ്യാസപരമായും മാറ്റങ്ങൾ വന്നിട്ടുണ്ട്. ആളുകളുടെ ചിന്താഗതിയിലും വീക്ഷണങ്ങളിലും അന്തരങ്ങൾ ദൃശ്യമാണ്. മാറ്റങ്ങൾ എപ്പോഴും ഗുണപരമാണ് എന്ന് ശുഭാപ്തി വിശ്വാസികൾ കാണുന്നു. സംഭവിച്ച പരിമിതമായ വളർച്ചയേക്കാളേറെ മുന്നിലാണ് - ആഗ്രഹങ്ങളുടേയും ആവശ്യങ്ങളുടെയും വളർച്ച. ഇവ പ്രശ്നങ്ങളായി തുറിച്ചു നോക്കുന്നു. ഇവക്കിടയിൽ പെട്ട് സാമാന്യജനങ്ങൾ വിഷമിയ്ക്കുന്നു. ഈ വിഷമവൃത്തത്തിൽ നിന്നും മുക്തി നേടുവാനുള്ള യാത്രയിലാണ് നാമിപ്പോൾ കൂട്ടുചേർന്നിരിക്കുന്നത്.

4 ഭൂപ്രകൃതിയും വിഭവങ്ങളും

കേരളത്തിന്റെ നിമ്നോന്നത സ്ഥിതിയുടെ അടിസ്ഥാനത്തിൽ മലനാട്, ഇടനാട്, തീരഭൂമി, എന്നിങ്ങനെ സങ്കൽപ്പിച്ചിട്ടുള്ളതിൽ ഇടനാട് എന്ന മേഖലയിലാണ് അകലക്കുന്നം പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. കോട്ടയം ജില്ലയുടെ ഏതാണ്ട് മദ്ധ്യഭാഗത്തായി കിടക്കുന്ന ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതി സമീപസ്ഥലങ്ങളായ പഞ്ചായത്തുകളുടേതുമായി സമന്വയിച്ചു കിടക്കുന്നു.

അതിർത്തിയോടു ചേർന്നു കിടക്കുന്ന മറ്റു പഞ്ചായത്തുകൾ വടക്ക് – കൊഴുവനാൽ, മീനച്ചിൽ പഞ്ചായത്തുകൾ കിഴക്ക് – എലിക്കുളം പഞ്ചായത്ത്, തെക്ക് – പള്ളിക്കത്തോടു പഞ്ചായത്ത്, പടിഞ്ഞാറ് – അയർക്കുന്നം കിടങ്ങൂർ പഞ്ചായത്തുകൾ എന്നിവയാണ്.

ഭൂപ്രകൃതിയും മണ്ണിന്റെ ഘടനയും

അയർക്കുന്നം, കിടങ്ങൂർ പഞ്ചായത്തുകളോടു ചേർന്നു കിടക്കുന്ന മറ്റക്കര, പാദുവാ, പ്രദേശങ്ങൾ താരതമ്യേന സമതലങ്ങളാണ്. എന്നാൽ കിഴക്ക് എലിക്കുളത്തോട് അടുത്തു കിടക്കുന്ന ചെങ്ങളം, ഉരുളികുന്നം ഭാഗങ്ങൾ സാമാന്യമായി കുന്നിൻ പ്രദേശങ്ങളാണെന്നു പറയാം. ഇടവിട്ട് കല്ലും പാറകളും സമൃദ്ധമായി ഇവിടെയുണ്ട്. 'കല്ലിട പൊന്നിട' എന്ന പഴഞ്ചൊല്ല് ഇവിടെ അന്വർത്ഥമാണ്. ഈ പ്രദേശങ്ങളിലെ മണ്ണ് നാണ്യവിളകൾക്ക് പ്രത്യേകിച്ച് റബറിന് വളരെ ഉപയുക്തമാകുന്നു.

ആനിക്കാട് കൂരോപ്പട പഞ്ചായത്തുകളോട് ചേർന്നു കിടക്കുന്ന തെക്കുംതല, മുഴൂർ, തൊറവ് പ്രദേശങ്ങൾ പൊതുവെ ഫലഭൂയിഷ്ഠമെന്ന് പറയാനാവില്ല. പല ഭാഗങ്ങളും വെട്ടുകല്ല് നിറഞ്ഞതാണ്. മുഴൂരിന്റെ പടിഞ്ഞാറെ അതിരു ചേർന്നാണ് പന്നഗം തോട് ഒഴുകുന്നത്. കങ്ങഴ പഞ്ചായത്തിന്റെ പടിഞ്ഞാറൻ ഭാഗത്തു നിന്ന് ഉറവെടുത്ത് ചെറിയ കൈച്ചാലായി ഒഴുകി 14-ാം മൈൽ ഭാഗത്തു വെച്ച് കെ.കെ. റോഡ് മുറിച്ചു കടന്ന് ആനിക്കാട് പള്ളിക്കത്തോട് പ്രദേശങ്ങളിൽ കൗമാരപ്രായത്തിന്റെ വളർച്ച നേടി അരുവിക്കുഴി ഭാഗത്ത് കിലുകിലെ ചിരിച്ച് കൂരോപ്പട പഞ്ചായത്തിലെ എരുത്തുപുഴ പ്രദേശങ്ങളിൽ പക്വത പ്രാപിച്ച് ചാത്തൻ പാറ ഭാഗത്തു വെച്ച് മുഴൂരിന്റെ അതിരിലേക്ക് പ്രവേശിക്കുമ്പോൾ ശരിക്കും ഒരു അരുവിയുടെ ഭാവഹാവാദികൾ സ്വീകരിച്ചുകൊണ്ട് പന്നഗം തോട് വളർച്ച പ്രാപിക്കുന്നു. പക്ഷേ ഇവിടെ ഏതാണ്ട് നിസംഗതയോടെ കടന്നു പോവുകയാണ്. പന്നഗം തോട്ടിലെ വെള്ളം ഇവിടുത്തെ മണ്ണിനെ അത്രയൊന്നും ഫലഭൂയിഷ്ടമാക്കുന്നുവെന്ന് പറയാനാവില്ല.

കണിപറമ്പു ഭാഗത്തു വെച്ച് പന്നഗം തോട് കൂരോപ്പട പഞ്ചായത്തിലെ മലയരുക് പ്രദേശങ്ങളോട് വിടപറഞ്ഞ് ഈ പഞ്ചായത്തിൽ പൂർണ്ണമായും പ്രവേശിക്കുന്നു. ഇതുവരെ 'പന്നഗം' പോലെ വളഞ്ഞു പുളഞ്ഞുള്ള യാത്രയായിരുന്നുവെങ്കിൽ ഇനിയങ്ങോട്ട് താരതമ്യേന നേർവഴിയിലൂടെയാണ് യാത്ര. മറ്റക്കര പ്രദേശത്ത് എത്തുമ്പോഴേക്കും താഴ്ന്ന പ്രദേശങ്ങളും നെൽപ്പാടങ്ങളും പന്നഗംതോടിന്റെ ജലസമ്പത്ത് ഉപയോഗിക്കുന്നു. കിടങ്ങൂർ പഞ്ചായത്തിൽ പുന്നത്തറ ഭാഗത്തു വെച്ച് പന്നഗം തോട് മീനച്ചിലാറ്റിൽ ലയിക്കുന്നു.

മുട്ടിത്തോട് തുരുത്തിപള്ളി ചാല് തുടങ്ങിയ ജലസ്രോതസുകളാണ് മറ്റക്കര പാടങ്ങളെ സമൃദ്ധമാക്കുന്നത്. തുരുത്തിപ്പള്ളി ക്ഷേത്രത്തിനടുത്തുള്ള തുരുത്തിപ്പള്ളിചാല് എന്ന ചെറിയ തടാകത്തിലേക്ക് ളാക്കാട്ടൂർ, കൊറ്റമംഗലം ഭാഗത്തുള്ള എണ്ണച്ചിറ എന്നു പറയുന്ന ചിറയിൽ നിന്നും ഭൂഗർഭത്തിലൂടെ ഒരു നീരൊഴുക്ക് ഉണ്ടെന്ന് പറയപ്പെടുന്നു. മണലേൽ ലക്ഷം വീടു കോളനിയിലുള്ള പഴയ കിണറ്റിൽ ഇത് പ്രത്യക്ഷപ്പെടുന്നുണ്ട്. ഏതാണ്ട് കണങ്കാൽ വണ്ണത്തിലുള്ള ഒരു നീരുറവ പ്രസ്തുത കിണറ്റിൽ ഒലിച്ചു വീഴുന്നതു കാണാം. മറുവശത്തൂടെ അത് മറയുകയും ചെയ്യുന്നു. പ്രസ്തുത കിണറ്റിലെ വെള്ളത്തിന്റെ വിതാനം കൂടുകയോ കുറയുകയോ ചെയ്യാറില്ല. പാടശേഖരങ്ങൾ ആകെകൂടി 88 ഹെക്ടർ ആണ്. മറ്റെല്ലാ സ്ഥലങ്ങളും തന്നെ കല്ലുകളും ചെറിയ പാറക്കൂട്ടങ്ങളും ഇടകലർന്ന ഫലഭൂയിഷ്ഠതയിൽ ഇടത്തരമായ മണ്ണുള്ള പ്രദേശങ്ങളാണ്.

കാലാവസ്ഥ

കാലാവസ്ഥ പൊതുവെ മിത ശീതോഷ്ണ സമ്മിശ്രമാണെന്ന് പറയാം. ഡിസംബർ, ജനുവരി, ഫെബ്രുവരി കാലങ്ങളിൽ രാത്രിയിൽ തണുപ്പും പകൽ വേളകളിൽ നല്ല ചൂടും അനുഭവപ്പെടുന്നു. മേയ് മാസത്തോടെ കാലവർഷം ആരംഭിക്കുന്നു. എങ്കിലും മഴ വ്യാപകമാകു

ന്നില്ല. വേനലിന്റെ കാഠിന്യം മെയ് വരെ നിലനില്ക്കുന്നു. നവംബർ, ഡിസംബർ മാസങ്ങളോടെ മഴ നില്ക്കുന്നു. കാലവർഷം ജൂൺ, ജൂലൈ മാസങ്ങളിൽ ശക്തി പ്രാപിച്ച് സെപ്റ്റംബറോടെ ശാന്തമാകുകയും തുടർന്ന് തുലാവർഷം ആരംഭിച്ച് ഓക്ടോബറിൽ ശക്തിപ്പെട്ട് നവംബർ, ഡിസംബറോടെ അവസാനിക്കുകയും ചെയ്യുന്നു. തുലാവർഷക്കാലത്ത് ഗംഭീരമായ ഇടിമിന്നലുകളുടെ അകമ്പടിയോടെ ശക്തമായി പെയ്യാറുള്ള ഏതാനും മഴകളെ ഇടവഴി തെറുപ്പൻ, കുറുന്തോട്ടി തെറുപ്പൻ, കല്ലുരുട്ടൻ, കയ്യാലമെറിപ്പൻ എന്നിങ്ങനെ പേരിട്ട് പറയാറുണ്ട്.

ഭൂവിനിയോഗം

പഞ്ചായത്തിലെ മുഴുവൻ ഭൂമിയും കൃഷിക്ക് ഉപയുക്തമാക്കപ്പെടുന്നു എന്നു തന്നെ പറയാം. തരിശായി കിടക്കുന്ന സ്ഥലങ്ങൾ ഒന്നും തന്നെയില്ല. കാവുകളായോ വനമായോ വേർതിരിക്കപ്പെട്ടിരിക്കുന്ന സ്ഥലങ്ങളും ഒന്നും തന്നെ കാണാനില്ല. റോഡുകൾ, ഇടവഴികൾ, കെട്ടിടങ്ങൾ ഇരിക്കുന്ന സ്ഥലങ്ങൾ എന്നിവ ഒഴിച്ചുള്ള എല്ലാ ഭൂമിയും കൃഷിക്ക് ഉപയോഗിക്കുന്നു. കൃഷി ചെയ്യപ്പെടുന്ന നാണ്യവിളകളിൽ പ്രധാനമായത് റബറാണ്. ഏതാണ്ട് കാൽ ശതാബ്ദം മുമ്പു മുതലാണ് റബർകൃഷി വ്യാപകമായത്. അതിനു മുമ്പ് കുരുമുളകും നാളികേരവുമായിരുന്നു, പ്രധാന ഉല്പന്നങ്ങൾ. കവുങ്ങും മിക്കവാറും പുരയിടങ്ങളിലുണ്ടായിരുന്നു. ആഞ്ഞിലി, പ്ലാവ്, മാവ് തുടങ്ങിയ വൃക്ഷങ്ങൾ പുരയിടങ്ങളിൽ വളർന്നിരുന്നു. മാർച്ച്, ഏപ്രിൽ മാസങ്ങളിൽ സാധാരണക്കാരുടെ ഭക്ഷണത്തിന്റെ ഭാഗമായി ധാരാളം ഉപയോഗിച്ചിരുന്ന കായ്ഫലമാണ് ചക്ക, അഥവാ പ്ലാക്കാ. നെൽകൃഷി ആദ്യ കാലങ്ങളിൽ എല്ലാ പ്രദേശത്തും തന്നെ നടത്തിയിരുന്നു. ഉഴവ് വെട്ടിചുട്ട് നെല്ലു വിതക്കുന്നതായിരുന്നു രീതി. വരകും അക്കാലത്ത് വിതക്കാറുണ്ടായിരുന്നു. ചേന, ചേമ്പ്, കാച്ചിൽ, കിഴങ്ങ്, മുതലായവയും വിവിധ തരത്തിലുള്ള വാഴകളും പച്ചക്കറിയിനങ്ങളും, കൈതച്ചക്കയും കൃഷിയിനങ്ങളിൽ ഉൾപ്പെടുന്നു. പ്രാരംഭകാലം തുടങ്ങിയുള്ള എറ്റവും പ്രധാനമായൊരു കൃഷിയാണ് മരച്ചീനി. കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണം മറ്റു നാണ്യവിളകൾ കാരണം കുറഞ്ഞിട്ടുണ്ട്. എങ്കിലും മരച്ചീനി ഇന്നും ഇടപ്രദേശങ്ങളിലെ പ്രധാന കൃഷിയാണ്. ശരാശരി വിളവിൽ വമ്പിച്ച വർദ്ധനയും ഉണ്ടായിക്കഴിഞ്ഞു. കാഞ്ഞിരമറ്റത്തെ ഒരു കർഷകൻ ഒരു മൂട്ടിൽ നിന്നും 176 കിലോ മരച്ചീനി ഉല്പാദിപ്പിക്കുകയുണ്ടായി. ഇത് കേരളത്തിലെ വലിയ റിക്കാർഡാണ്. 68 കിലോയുള്ള ചേനയും 5 1/2 കിലോയുള്ള ഇഞ്ചിയും ഇവിടെ ഉല്പാദിപ്പിച്ചിട്ടുണ്ട്.

ജൈവമേഖല

കന്നുകാലി വളർത്തൽ പഞ്ചായത്തിൽ വ്യാപകമായുണ്ട്. മുമ്പൊക്കെ കന്നുകാലികളെ വളർത്താത്ത കുടുംബങ്ങൾ വിരളമായിരുന്നു. കന്നുകാലികൾ പ്രത്യേകിച്ച് പശുക്കൾ സമ്പത്തിന്റെ അവിഭാജ്യഘടകങ്ങളായി കരുതിപ്പോന്നു. പാവപ്പെട്ടവരായ കുടുംബങ്ങൾ ആടുമാടുകളെ വളർത്തുന്ന സമ്പ്രദായമുണ്ടായിരുന്നു. പശു, ആട്, എരുമ, കോഴി എന്നിവയാണ് പ്രധാന വളർത്തു മൃഗങ്ങൾ.

പടർന്നു പന്തലിച്ച് പഴങ്ങൾ പേറി നില്ക്കുന്ന മാവുകൾ കുറച്ചു കാലം മുമ്പുവരെയുണ്ടായിരുന്ന മനോഹര ദൃശ്യങ്ങളാണ്. മാഞ്ചുവടുകൾ കുട്ടികളുടെ സമ്മേളന സ്ഥാനങ്ങളും ആഹ്ലാദകേന്ദ്രങ്ങളുമായിരുന്നു. തടിയുടെ ആവശ്യത്തിനും റബർകൃഷിക്കും വേണ്ടി മാവ്, പ്ലാവ്, ആനി തുടങ്ങിയ ഫലവൃക്ഷങ്ങളും മരുത്, പേഴ്, തുടങ്ങിയ വിവിധ ജാതി മരങ്ങളും വെട്ടി മാറ്റപ്പെട്ടു. വൻവൃക്ഷങ്ങളുടെ തിരോധാനത്തോടെ പാടിപറന്നു നടന്നിരുന്ന പക്ഷികളും തീരെ കുറഞ്ഞിട്ടുണ്ട്. മുമ്പ് വിവിധയിനങ്ങളിലുള്ള കിളികളും, തത്തകളും, കരികിലപ്പിടി, ഓലേഞ്ഞാലി, അരീച്ചെങ്ങോലി, പൊട്ടൻചെങ്ങോലി പ്രാവുകൾ, വിവിധതരം ചുണ്ടങ്കുകൾ, കുരുവികൾ, പലയിനം കാക്ക തമ്പുരാട്ടികൾ, പരുന്ത്, എറിയൻ, മാടത്ത, വട്ടംകൊത്തി, മരംകൊത്തി, മൈന, തത്ത, മൂങ്ങാ, പുള്ള് എന്നിങ്ങനെ അനേകതരം പക്ഷികൾ ആഹ്ലാദശബ്ദങ്ങളുതിർത്തുകൊണ്ട് അന്തരീക്ഷത്തെ മുഖരിതമാക്കിയിരുന്നു. ഇന്നിപ്പോൾ അവയിൽ പലതും ഇല്ലാതായി. ഉള്ളവയുടെ തന്നെ എണ്ണം നന്നേ കുറഞ്ഞിരിക്കുന്നു. കാക്കകൾ മാത്രം തടസ്സങ്ങളെ കീഴടക്കി ഇപ്പോഴും ധാരാളമായുണ്ട്. അണ്ണാൻ, മുയൽ തുടങ്ങിയ ജന്തുക്കളും അപൂർവ്വമായുണ്ട്. എത്ര സമരം ചെയ്താലും നശിക്കാതെ പന്നിഎലി, തുരപ്പനെലി, ചുണ്ടെലി തുടങ്ങിയ എലികൾ കർഷകന്റെ ശത്രുവായി ഇപ്പോഴും വിരാജിക്കുന്നു. എലികളുടെയും തവളകളുടെയും ശത്രുവായിരുന്ന ചേരപാമ്പ്, മൂർഖൻ, മഞ്ചട്ടി, പുല്ലൻ, അണലി, വളകൊഴുപ്പൻ, വില്ലൂന്നി, പുളവൻ തുടങ്ങിയ വിഷപാമ്പുകൾ ഇന്നുമുണ്ടെങ്കിലും എണ്ണത്തിൽ വളരെ കുറഞ്ഞിരിക്കുന്നു. ആദ്യമുണ്ടായിരുന്ന കോഴിപിടുത്തക്കാരൻ കുറുക്കനും കാട്ടുപാക്കാനും, മരപ്പട്ടിയുമൊന്നും ഇപ്പോഴില്ല.

പന്നഗം തോട്ടിൽ വാള, ആരോൻ, മ്ഴാഞ്ഞിൽ, വരാൽ, മുഷി, പൊട്ടുത്ളാപ്പ തുടങ്ങിയ ഇടത്തരം മത്സ്യങ്ങൾ ധാരാളമുണ്ടായിരുന്നു. മീനം, മേടം മാസങ്ങളിൽ ഊത്തക്കാലത്ത് മറ്റക്കരപാടങ്ങളിൽ നിന്നും മറ്റു തോടുകളിൽ നിന്നും ഇവ ധാരാളം ലഭിച്ചിരുന്നു. കുറുവാപ്പരൽ, ചെങ്ങാലിപ്പരൾ, മുണ്ടിപരൾ, കാച്ചോൻ, വെളിഞ്ഞീൽ, കണവൻ, ചില്ലാൻ, വാഴ്യക്കാവര, നെറ്റിയോപൊന്നൻ, കൊഞ്ച്, വട്ടോൻ തുടങ്ങിയ ചെറു മത്സ്യങ്ങളും പന്നഗത്തിലും മുട്ടിത്തോട്, കാക്കവെള്ളി, ചാത്തൻപാറപൊയ്ക, ഈടമുളതോട് മുതലായ അരുവികളിലും ഇപ്പോഴുമുണ്ട്.

മനുഷ്യസമ്പത്ത്

മനുഷ്യപ്രയത്നമെന്ന ഏറ്റവും അമൂല്യമായ സമ്പത്ത് ഇവിടെ ഇപ്പോഴും സമ്പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നില്ല എന്നു പറയാം. മുമ്പൊക്കെ കൃഷിയിൽ മാത്രം മുഴുകിയിരുന്ന പൂർവ്വികന്മാർ പ്രഭാതം മുതൽ പ്രദോഷം വരെ പണിയെടുക്കുന്നവരായിരുന്നു. അവരോടൊപ്പം പുലയർ, പറയർ, തുടങ്ങിയ വിഭാഗങ്ങളിൽപ്പെട്ടവരും, അല്ലാത്തതുമായ കൂലിക്കാരും ജോലി ചെയ്തിരുന്നു. ആദ്യമൊക്കെ കൊടുക്കുന്നതെന്തോ അതായിരുന്നു കൂലി. മദ്ധ്യശതകങ്ങളായപ്പോഴേയ്ക്കും വേലക്കൂലി പണമായി കൊടുക്കുവാൻ തുടങ്ങി. ആദ്യമൊക്കെ മൂന്നരച്ചക്രം (രണ്ടണ-ഇപ്പോഴത്തെ കണക്കിൽ 12 പൈസ) കൂലിയായിരുന്നത് എട്ടണ, പന്ത്രണ്ടണ, ഒന്നരരൂപ, രണ്ടേകാൽ, മൂന്നര, അഞ്ച് എന്നിങ്ങനെ ക്രമാനുസൃതമായി വർദ്ധിച്ച് ഇപ്പോൾ നൂറു രൂപയുടെ അടുത്തായിരിക്കുന്നു. 7 മണി മുതൽ 6വരെ എന്നതായിരുന്നു ജോലി സമയത്തിന്റെ സാമാന്യകണക്ക്. ഭക്ഷണം നൽകിയിരുന്നു. ഭക്ഷണത്തിനുള്ള ഇടവേളകളല്ലാതെ വിശ്രമ സമയങ്ങൾ ഉണ്ടായിരുന്നില്ല. ഇപ്പോൾ കൂലിക്കാർക്ക് ഭക്ഷണം നൽകുന്ന രീതി പൊതുവെ കുറഞ്ഞിരിക്കുന്നു. അതിനുംകൂടി കൂലി കൂട്ടിക്കൊടുക്കുകയാണ്. ഉച്ചയ്ക്ക് ഒരു മണിക്കൂർ വിശ്രമമുൾപ്പെട 8 മുതൽ 5 വരെയാണ് ജോലിസമയം

ജോലിയില്ലാത്ത ചെറുപ്പക്കാർ ധാരാളമുണ്ട്. S.S.L.C., ബിരുദപഠനങ്ങൾ കഴിഞ്ഞാൽ മണ്ണിൽ ജോലി ചെയ്യുവാൻ പൊതുവേ വൈമുഖ്യമാണ്. ഗവ. ജോലിയോ അതുപോലുള്ള പ്രതിമാസ ശമ്പളമുള്ള ജോലിയോ ആണ് പ്രതീക്ഷിക്കുന്നത്. ജോലി തേടി കുറെപ്പേർ ഗൾഫ് രാജ്യങ്ങളിലും മറ്റു വിദേശ രാജ്യങ്ങളിലും എത്തുന്നുണ്ട്. അങ്ങനെ പോകുന്നവരിൽ ഏതാനും പേർ സമ്പന്നരായി തിരിച്ചെത്തുന്നു. അവിടെ നിന്നും ലഭിക്കുന്ന വിദേശനാണയം ഇവിടെ മാറുമ്പോൾ കയ്യിൽ കിട്ടുന്ന രൂപയുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനയാണ് ഈ സമ്പന്നതയുടെ പ്രധാന രഹസ്യമെന്ന് തോന്നുന്നു. ഇതൊന്നുമില്ലാതെ അനവധി ചെറുപ്പക്കാർ ജീവിക്കാൻ വഴികാണാതെ നിഷ്ക്രിയരായിരിക്കുന്നു. അവർക്ക് തൊഴിലുണ്ടാക്കുക എന്നത് അടിയന്തിരമായ ആവശ്യം തന്നെയാണ്.

ആകെക്കൂടി പറഞ്ഞാൽ കൃഷിക്കനുകൂലമായ പ്രകൃതിയും, കാലാവസ്ഥയുമാണുള്ളത്. ആണ്ടുതോറും മഴ കുറെശ്ശേയായി കുറയുകയും ചൂടു വർദ്ധിക്കുകയും ചെയ്യുന്നുവെന്ന് നിരീക്ഷിക്കപ്പെടുന്നു. കൃഷി ഭൂമികൾ ഇനിയില്ലാത്തതുകൊണ്ടും കാലാവസ്ഥയുടെ മാറ്റം കൊണ്ടും ജലസേചന സൗകര്യങ്ങൾ പ്രായോഗികമാക്കാത്തതുകൊണ്ടും കാർഷിക വിളകളുടെ വർദ്ധനവ് മുന്നോട്ട് വളരണമെങ്കിൽ, സംഘടിതമായ തീവ്രയത്നങ്ങൾ ആവശ്യമാണ്. വ്യവസായമേഖലകളിലും വളർച്ചക്ക് കഠിനമായ പ്രയത്നങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

5-1 കൃഷിയും ജലസേചനവും

കാലം എത്ര മാറിയാലും നമ്മുടെ സമ്പദ്ഘടനയുടെ അടിസ്ഥാനമായി കാർഷിക മേഖല തന്നെ തുടരും എന്നതിൽ സംശയമില്ല. കാർഷിക മേഖല ഒരേസമയം നമ്മുടെ നാടിന്റെ വളർച്ചാ പ്രക്രിയയിലും തൊഴിലില്ലായ്മ പരിഹരിക്കുന്നതിലും വേണ്ട പങ്കു വഹിക്കേണ്ടതുണ്ട്. കൂടുതൽ വരുമാനവും ഒപ്പം കൂടുതൽ തൊഴിലവസരങ്ങളും സൃഷ്ടിക്കുന്ന രീതിയിൽ ഈ മേഖല വളരണം. കൃഷിയുടെ അടിസ്ഥാനപരമായ പരിമിതികളെ അംഗീകരിച്ചുകൊണ്ടുമാത്രമെ നമുക്ക് വളർച്ച കൈവരിക്കാനാവൂ. ഓരോ പ്രദേശത്തിനും യോജിക്കുന്ന കൃഷിരീതികൾ അവലംബിക്കേണ്ടതുണ്ട്. അകലക്കുന്നം ഗ്രാമപഞ്ചായത്ത് പൂർണ്ണമായും ഒരു കർഷക ഗ്രാമമാണ്. ചെറുകുന്നുകളും താഴ്വരകളും നിറഞ്ഞ ഭൂപ്രദേശമാണ് ഇവിടെയുള്ളത്. പഞ്ചായത്തിന്റെ വടക്കു പടിഞ്ഞാറു ഭാഗത്തുകൂടിയാണ് പന്നഗം തോട് ഒഴുകുന്നത്. ഒന്നു മുതൽ ആറു വരെയുള്ള വാർഡുകളെ തൊട്ടുരുമ്മിയാണ് ഇതിന്റെ പോക്ക്. ഭൂമിശാസ്ത്രപരമായി കണക്കാക്കുമ്പോൾ സംസ്ഥാനത്തിലെ ഇടനാട്ടിലാണ് ഈ പഞ്ചായത്തിന്റെ കിടപ്പ്

ഏതാണ്ട് 3514 ഹെക്ടർ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിൽ 49 ഹെക്ടർ നിലം മാത്രമാണ് നെൽകൃഷിക്കു പറ്റിയത്. അത് രണ്ട്, മൂന്ന്, നാല് എന്നീ വാർഡുകളിൽ സ്ഥിതി ചെയ്യുന്നു. ഇത് ആകെ വിസ്തീർണ്ണത്തിന്റെ 1.4% മാത്രമാണ്. അതിൽ തന്നെ മുഴുവനും കൃഷിക്ക് ഉപയോഗിക്കുന്നുമില്ല. കളിമണ്ണുള്ളതും വളക്കുറുള്ളതുമായ മണ്ണാണ് നിലത്തിൽ കാണുന്നത്. (ഭൂമി സംബന്ധമായ വിവരം പട്ടിക 1)

മഴക്കാലത്ത് പന്നഗം തോടും മറ്റു ചെറുതോടുകളും നിറഞ്ഞു കവിഞ്ഞ് പാടത്തു കയറി ഒഴുകുകയും നെൽകൃഷിയ്ക്ക് നാശനഷ്ടങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു. ശക്തിയായ കുത്തി ഒഴുക്കിൽ മണ്ണൊലിപ്പുണ്ടാകുന്നു. അതുകൊണ്ട് മണ്ണിന്റെ വളക്കൂറു നഷ്ടപ്പെടുന്നു. കൂടാതെ തോടിന്റെ കരകൾ ഇടിഞ്ഞും കൃഷിയും കൃഷിഭൂമിയും നശിക്കുന്നു. മുൻകാലങ്ങളിൽ കുറെയൊക്കെ തോടു സൈഡു കെട്ടിയിട്ടുണ്ടെങ്കിലും ഇനിയും വളരെ ദൂരം കല്ലു കെട്ടിയോ വൃക്ഷങ്ങൾ വച്ചു പിടിപ്പിച്ചോ ബലപ്പെടുത്തേണ്ടിയിരിക്കുന്നു. ഇത്തരത്തിലുള്ള സംരക്ഷണ നടപടികളും ജല ലഭ്യതക്കുള്ള സൗകര്യവും ഏർപ്പെടുത്തിയാൽ ഇന്ന് ഒരു വിള കൃഷി ചെയ്യുന്ന പാടത്ത് രണ്ടു വിളയും കൃഷി ചെയ്യാൻ സാധിക്കും.

കൃഷിപ്പണിക്ക് തൊഴിലാളികളെ കിട്ടാൻ വളരെ ക്ഷാമം അനുഭവപ്പെടുന്ന ഒരു പ്രദേശമാണ് ഈ പഞ്ചായത്ത്. നെൽകൃഷി ലാഭകരമല്ലാതായി തീർന്നിട്ട് കാലങ്ങളേറെയായി. ഉല്പാദനച്ചെലവുമായി തട്ടിച്ചു നോക്കിയാൽ നഷ്ടത്തിലാണ് കലാശിക്കുക. അതുകൊണ്ട് കർഷകർ നെൽകൃഷിയിൽ നിന്നും പിന്തിരിഞ്ഞ് ആദായമുള്ള കൃഷികൾ അന്വേഷിക്കുന്നതിൽ അതിശയിക്കാനൊന്നുമില്ല. ഇന്ന് നെൽപ്പാടങ്ങൾ മിക്കതും ഇതര നാണ്യവിളകൾക്കായി മാറ്റപ്പെട്ടിരിക്കുന്നു. ആവശ്യത്തിന്റെ 1/3 പോലും ഭക്ഷണസാധനങ്ങൾ ഉൽപ്പാദിപ്പിക്കപ്പെടാത്ത കേരളത്തിൽ കർഷകരിലുണ്ടാകുന്ന ഇത്തരം പ്രവണതകൾ വളരെ ആപൽക്കരവും അപകടകരവുമാണ്. അതുകൊണ്ട് കൃഷിക്കാർക്ക് എല്ലാവിധ പ്രോത്സാഹനങ്ങളും നല്കി കൃഷിയെ ആകർഷകമാക്കിയാലേ ഇവിടെ ഭക്ഷ്യോല്പാദനം വർദ്ധിക്കുകയുള്ളു.

ഈ പഞ്ചായത്തിൽ ജൈവവളത്തിന്റെ ഉപയോഗം രാസവളത്തിന്റെ ഉപയോഗവുമായി തുലനം ചെയ്യുമ്പോൾ വളരെ കുറവാണ്. ജൈവവളം കൂടുതലായി ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത കർഷകർക്കു ബോദ്ധ്യം വന്നു തുടങ്ങിയിട്ടുണ്ട്. വിവിധ കമ്പനികളുടെ ജൈവവളം ലഭ്യമാണെങ്കിലും അതിന്റെയൊന്നും ആധികാരികമായ ഗുണമേന്മ കർഷകർക്ക് അറിവില്ല. ഒരു ജൈവവളം ഫാക്ടറി ഈ പഞ്ചായത്തിൽ സ്ഥാപിച്ച് ഉത്പാദനം ആരംഭിച്ചാൽ ഇവിടുത്തെ കർഷകന് അത് ഉപകാരപ്രദമായിരിക്കും.

കൂലിച്ചെലവും വളങ്ങളുടെയും കീടനാശിനികളുടെയും അമിതമായ വിലവർദ്ധനയും കണക്കിലെടുക്കുമ്പോൾ കൃഷിക്ക് യന്ത്രവൽക്കരണം അത്യന്താപേക്ഷിതമാണ്. കൂടാതെ വളം, കീടനാശിനി, ജലസേചന സൗകര്യം എന്നിവ സൗജന്യ നിരക്കിൽ കൃഷിക്കാർക്ക് നല്കേണ്ടതുമാണ്. ഇവയാണ് കൃഷിയെ രക്ഷിക്കാനുള്ള പ്രധാന പോംവഴികൾ. (കാർഷികോപകരണങ്ങൾ പട്ടിക 2 കാണുക)

കരഭൂമി (പുരയിടം)

മുന്നു ദശാബ്ദം മുൻപു വരെ ഈ പഞ്ചായത്തിലെ പുരയിടങ്ങളിൽ മിക്കവാറും എല്ലാ കർഷകർക്കും തന്നെ

തെങ്ങ്, കമുക്, കുരുമുളക്, കപ്പ, ഇഞ്ചി, മഞ്ഞൾ, ചേന, ചേമ്പ്, പയർ മുതലായ കൃഷികൾ ഉണ്ടായിരുന്നു. പ്രധാന വരുമാനം തെങ്ങിൽ നിന്നാണ് കിട്ടിക്കൊണ്ടിരുന്നത്. ജനങ്ങളുടെ പ്രധാന ഭക്ഷണം കപ്പയും അരിയുമായിരുന്നു. ആവശ്യത്തിലേറെ കപ്പ ഇവിടെ ഉൽപാദിപ്പിച്ചിരുന്നു.

എന്നാൽ, ഇന്നും കാരണം കണ്ടുപിടിക്കപ്പെട്ടിട്ടില്ലാത്ത തെങ്ങിന്റെ മാരകരോഗം ഈ പഞ്ചായത്തിൽ ഒട്ടാകെ കടന്നാക്രമിച്ചപ്പോൾ തെങ്ങിൽ നിന്നുള്ള ആദായം വളരെ കുറയുകയും ജനങ്ങൾ സാമ്പത്തികമായി വളരെ പിന്നോക്കം പോവുകയും ചെയ്തു. രോഗ നീയന്ത്രണത്തിന് സർക്കാർ നടത്തിയ യത്നങ്ങൾ ഒട്ടും തന്നെ ഫലപ്രദമായിട്ടുമില്ല. (തെങ്ങുകൃഷി വിവരം സംബന്ധിച്ച പട്ടിക 3)

ഈ സാഹചര്യത്തിൽ കൃഷിക്കാർ നിലനില്പിനു വേണ്ടി ലാഭകരമായ മറ്റു കൃഷികളിലേയ്ക്കു തിരഞ്ഞു. പഞ്ചായത്തിലെ 97% പുരയിടവും റബർകൃഷിക്ക് വളരെ യോജിച്ചതാണ്. ചരൽ നിറഞ്ഞതും ചുവന്നതും ഈർപ്പം നിലനില്ക്കുന്നതുമായ മണ്ണിൽ ജലസേചനം കൂടാതെ തന്നെ റബ്ബർ നല്ലതുപോലെ തഴച്ചു വളരുന്നു. അതുകൊണ്ട് കർഷകർ ഒന്നടങ്കം റബർ കൃഷിയിലേക്കു തിരിയുകയാണുണ്ടായത്.

റബർ ബോർഡിന്റെ സഹായ സഹകരണങ്ങളും കൃഷിക്കാർക്ക് നല്ലതുപോലെ ലഭിച്ചിരുന്നു. റബറിന് താരതമ്യേന മെച്ചപ്പെട്ട വിലയും കിട്ടി. റബർ കൃഷിയുടെ വ്യാപനത്തോടു കൂടി മറ്റു കൃഷികളായ തെങ്ങ്, കമുക്, കപ്പ മുതലായ കൃഷികൾ പിന്നോക്കം പോയി. ഇന്ന് പഞ്ചായത്തിലെ പുരയിടത്തിൽ ബഹുഭൂരിപക്ഷവും റബർ കൃഷിക്കായി വിനിയോഗിച്ചിരിക്കുകയാണ്. (വിളവിസ്തീർണ്ണം പട്ടിക 4 കാണുക)

അത്യുൽപ്പാദനശേഷിയുള്ള R RI 105 ഇനം റബറാണ് ഭൂരിപക്ഷം ആളുകളും കൃഷി ചെയ്തിരിക്കുന്നത്. പക്ഷെ ഈ ഇനത്തിൽ പട്ടമരപ്പും മറ്റു രോഗങ്ങളും വ്യാപകമായി കാണുന്നു. പ്രകൃതിക്ഷോഭം മൂലമുള്ള നഷ്ടവും വളരെയധികമാണ്. ഒരു ഹെക്ടറിലെ ശരാശരി ഉല്പാദനവും തൃപ്തികരമല്ല. നല്ല പരിചരണവും ശാസ്ത്രീയമായ വിധത്തിൽ ടാപ്പിംഗ് നടത്തുകയും ചെയ്താൽ ഉൽപ്പാദനം ഇന്നത്തേതിൽ നിന്നും ഗണ്യമായ തോതിൽ ഉയർത്തുവാൻ കഴിയുമെന്ന് ഈ പഞ്ചായത്തിലെ തന്നെ ചില തോട്ടങ്ങളിലെ കണക്കു വ്യക്തമാക്കുന്നു.

റബർ കൃഷിയിൽ നിന്നുള്ള ഉൽപ്പാദനം കുറയുകയും കൃഷിച്ചെലവുകൾ വർദ്ധിക്കുകയും ചെയ്താൽ ഈ പ്രദേശത്തെ ജനങ്ങളുടെ പ്രധാന വരുമാനത്തിൽ കുറവുണ്ടാകും. ഇന്ന് റബറിന് സാമാന്യം മെച്ചപ്പെട്ട വില ലഭിക്കുന്നുണ്ടെങ്കിലും എല്ലാക്കാലവും ഇത് തുടരണമെന്നില്ല. അന്താരാഷ്ട്ര വില ഇൻഡ്യയിലെ റബറിന്റെ വിലയിലും കുറവാണെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. അതുകൊണ്ട് ചെലവു കുറഞ്ഞതും ഉല്പാദനം കൂടുന്നതുമായ കൃഷി രീതിയാണ് ഈ പഞ്ചായത്തിന് അനുയോജ്യമായത്.

തെങ്ങിന്റെ കാര്യത്തിലെന്നതുപോലെ തന്നെ കുരുമുളക്, കമുക്, തുടങ്ങിയവയും ഏതാനം വർഷങ്ങൾക്കു മുമ്പ് വരെ ഇവിടുത്തെ പ്രധാന കൃഷികളായിരുന്നു. പക്ഷേ ദ്രുതവാട്ടം കാറ്റുകേട് മുതലായ രോഗങ്ങൾ ഈ കൃഷികളെ ഏറെക്കുറെ പൂർണ്ണമായും നശിപ്പിച്ചിരിക്കുകയാണ്. കൃഷി വകുപ്പിൽ നിന്നും മറ്റുമുള്ള രോഗപ്രതിരോധ നടപടികൾക്ക് ഈ കൃഷികളെ രക്ഷിക്കാനുമായില്ല.

കപ്പ, ചേന, ചേമ്പ്, വാഴ മുതലായ ഭക്ഷ്യവിള കൃഷികൾ എല്ലാം തന്നെ കൂലിച്ചെലവിലുള്ള വർദ്ധനവുകാരണവും എലിയുടെ ശല്യം കൊണ്ടും നാമമാത്രമായി മാത്രമെ ഇവിടെ ചെയ്യുന്നുള്ളു. എലി നശീകരണത്തിന് ശക്തമായ നടപടികൾ പഞ്ചായത്ത് ഒട്ടാകെ ഒരുമിച്ചു സ്വീകരിച്ചാലെ ഈ കൃഷികൾ ലാഭകരമായി നടത്താൻ കഴിയൂ.

ഇഞ്ചി, മഞ്ഞൾ, കാപ്പി, കൊക്കോ, ജാതി ഗ്രാമ്പു; മുതലായ കൃഷികളും ഇവിടെ ചെറിയ തോതിൽ മാത്രമെ ഉള്ളു. ഭക്ഷ്യ നാണ്യവിളകൾക്ക് ന്യായമായ വില പലപ്പോഴും ലഭിക്കാത്തതുകൊണ്ടാണ് കർഷകർ ഈ കൃഷികളിൽ നിന്നെല്ലാം പിന്മാറുന്നുത്. കുറച്ചുകാലം മുമ്പ് കൊക്കോയ്ക്ക് നല്ല വില ലഭിച്ചിരുന്നു. അന്ന് കർഷകർ ധാരാളമായി കൊക്കോ കൃഷി ചെയ്തു. പക്ഷേ ഉല്പാദനം ആരംഭിച്ചു കഴിഞ്ഞപ്പോഴേയ്ക്കും വില വളരെ കുറഞ്ഞു പോയതിനാൽ മിക്കവാറും ആളുകൾ ഈ കൃഷി ഉപേക്ഷിച്ച് മറ്റു കൃഷിയിലേയ്ക്കു തിരിഞ്ഞു. ദീർഘകാല കൃഷികളിൽ നിന്നുള്ള ഉല്പാദനം ആരംഭിക്കുമ്പോൾ ന്യായമായ വില ലഭിച്ചില്ലെങ്കിൽ കർഷകന്റെ നട്ടെല്ല് ഒടിയും. വിളകൾക്ക് സ്ഥിരമായും ന്യായവില ലഭിക്കുമെന്ന് ഉറപ്പു വരുത്തുകയും കൃഷിക്ക് സാമ്പത്തിക സഹായം ചെയ്യുകയുമാണെങ്കിൽ ഈ കൃഷികൾക്കെല്ലാം തന്നെ ഇവിടെ നല്ല ഭാവിയുണ്ട്.

ജലസേചനം

ജലസേചന സൗകര്യം തീരെ കുറവുള്ള ഒരു പഞ്ചായത്താണ് ഇത്. മഴയെ ആശ്രയിച്ചാണ് മിക്ക കൃഷികളും നടത്തുന്നുത്, വേനൽക്കാലത്ത് കൃഷികൾ ഉണങ്ങുന്നതുമൂലം അതിഭീമമായ നഷ്ടം ഉണ്ടാകുകയും ചെയ്യുന്നു. പന്നഗം തോട്ടിൽ പല സ്ഥലത്തും ചെക്കുഡാം കെട്ടി വെള്ളം തടഞ്ഞു നിറുത്തി പമ്പു ചെയ്തും കനാൽ വെട്ടി അതിലൂടെ ഒഴുക്കിയും ഒന്നുമുതൽ ആറു വരെ വാർഡുകളിൽ ജലസേചനത്തിനു സൗകര്യം ഉണ്ടാക്കാം. ഏഴാം വാർഡിൽ ചെളിക്കുഴി ഭാഗത്തും പത്താം വാർഡിൽ ഇഞ്ചിക്കാലാ ഭാഗത്തും എട്ടാം വാർഡിൽ കരികിലക്കുളം ഭാഗത്തും ഉപരിതലജലം ധാരാളം ഉള്ളതിനാൽ ഈ സ്ഥലങ്ങളിൽ കുളം കുഴിച്ച് പമ്പ് വച്ച് ഏഴ്, എട്ട്, ഒൻപത്, പത്ത് വാർഡുകളിലേയ്ക്ക് ജലസേചനം നടത്താം. ക്ടാ

ക്കുഴി തോട്ടിലും ഞണ്ടുപാറതോട്ടിലും ചെക്കുഡാം നിർമ്മിച്ച് എട്ടും ഒൻപതും വാർഡുകളിൽ ജലസേചനം നടത്താം. മഞ്ഞാമറ്റത്ത് വാക്കയിൽ ഭാഗത്ത് നിലവിലുള്ള പഞ്ചായത്തു കുളത്തിനു സമീപം പമ്പു വെച്ചാൽ രണ്ടാം വാർഡിൽ കുറെ സ്ഥലത്ത് ജലസേചനത്തിനു സാധിക്കും. ഭൂഗർഭജലം സംബന്ധിച്ച് ഒരു സമഗ്രസർവ്വേ നടത്തിയെങ്കിൽ മാത്രമെ ഈ പഞ്ചായത്തിലെ ഭൂഗർഭജല സാധ്യതയെപ്പറ്റി അറിയാൻ കഴിയുകയുള്ളു. ഉപരിതലജലമില്ലാത്ത ഭാഗങ്ങളിൽ കുഴൽക്കിണർ കുഴിച്ച് എങ്കിലും ജലക്ഷാമം പരിഹരിക്കേണ്ടിയിരിക്കുന്നു.

തൊഴിൽ രംഗം

കർഷക തൊഴിലാളികളുടെ എണ്ണം വളരെ കുറവാണ് ഈ പഞ്ചായത്തിൽ. 100 രൂപാ ദിവസക്കൂലി ഉണ്ടെങ്കിലും കൃഷി സംബന്ധമായ ജോലികളേക്കാൾ കൂടുതൽ കൂലി കിട്ടുന്ന മറ്റു തൊഴിലുകൾക്കാണ് തൊഴിലാളികൾക്കു താല്പര്യം. തൊഴിലാളികളുടെ കുറവുമൂലം പല കൃഷികളും വേണ്ടെന്നു വയ്ക്കാൻ കർഷകർ നിർബന്ധിതരാകുന്നു.

ഈ ദുസ്ഥിതിയിൽ നിന്നും രക്ഷ നേടണമെങ്കിൽ കാർഷിക മേഖല യന്ത്രവൽക്കരിക്കേണ്ടിയിരിക്കുന്നു. കൂടാതെ ജനങ്ങൾക്കു കൃഷിയിൽ കൂടുതൽ താല്പര്യം ഉണ്ടാകുന്നതിനുവേണ്ടി വിളകൾക്ക് സംഭരണവിതരണ കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുകയും കൂടുതൽ സബ്സിഡികൾ നല്കുകയും ചെയ്യണം. തന്നെയുമല്ല കർഷക തൊഴിലാളി പെൻഷൻ സമ്പ്രദായം വർദ്ധിപ്പിക്കുകയും കർഷകത്തൊഴിലാളി ക്ഷേമനിധി ഏർപ്പെടുത്തുകയും ചെയ്യണം. അങ്ങനെ കൂടുതൽ തൊഴിലാളികളെ കാർഷികരംഗത്തേക്ക് ആകർഷിക്കണം തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പഞ്ചായത്തു തലത്തിൽ കർഷകരും തൊഴിലാളികളും ചേർന്ന സമിതികൾ രൂപീകരിക്കണം. അപ്പഴപ്പോഴുണ്ടുകുന്ന തൊഴിൽ പ്രശ്നങ്ങൾ ഈ സമിതികൾ വഴി പരിഹരിക്കണം.

കൃഷി ഭവൻ

ഈ പഞ്ചായത്തിൽ ഒരു കൃഷിഭവൻ മാത്രമെ പ്രവർത്തിക്കുന്നുള്ളു. വിസ്തൃതമായ ഈ പഞ്ചായത്തിലെ പൊതുജനങ്ങൾക്ക് മതിയാകത്തക്ക സേവനം കൃഷിഭവനിൽ നിന്നും നൽകുവാൻ ആകുന്നില്ല. ചെങ്ങളം വില്ലേജിന്റെ കീഴിൽ ഒരു കൃഷിഭവൻ കൂടി അനുവദിച്ചുകിട്ടണം. ഏരിയാ വിസ്തൃതി കൂടുതലായതിനാൽ കൃഷിഭവനിൽ നിലവിലുള്ള സ്റ്റാഫിന് ഓഫീസ് വർക്കും ഫീൽഡ് വർക്കും അധികമാണ്. പഞ്ചായത്തിലെ മൊത്തം കാര്യങ്ങൾ ചെയ്തുതീർക്കാൻ സാധിക്കുന്നില്ല. നമ്മുടെ പഞ്ചായത്തിൽ രണ്ട് അഗ്രോ കെമിക്കൽ സെന്ററുകൾ ആഴ്ചയിൽ ഒരു ദിവസം മാത്രമെ പ്രവർത്തിക്കുന്നുള്ളു. ആ രീതി നിർത്തലാക്കി എല്ലാ ദിവസവും പ്രവർത്തിക്കുന്നതിനു വേണ്ട സത്വര നടപടികൾ സ്വീകരിക്കണം. V.H.S.C പാസ്സായ ധാരാളം കുട്ടികൾ തൊഴിലില്ലാതെ വിഷമിക്കുന്ന സാഹചര്യത്തിൽ അവരെ നിയമിച്ച് അഗ്രോ ക്ലിനിക്കുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യാം. കൃഷിഭവൻ വഴി പല ആനുകൂല്യങ്ങളും ഇന്നു കർഷർക്കു കിട്ടുന്നുണ്ട്. ഈ ആഫീസുമായി ബന്ധപ്പെട്ട് പല കാർഷിക സമിതികളും പ്രവർത്തിക്കുന്നു. ഈ സമിതികൾ പഞ്ചായത്തു കമ്മറ്റിയുമായി സഹകരിച്ചു പ്രവർത്തിക്കുന്നു.

മണ്ണൊലിപ്പു നിവാരണം.

ചെരിഞ്ഞ പ്രദേശമായതിനാൽ മണ്ണൊലിപ്പു വളരെ കൂടുതലാണ്.

സർക്കാർ പദ്ധതിയിൽ മണ്ണൊലിപ്പു തടയുന്നതിന് ഇവിടെ ഒന്നും തന്നെ ചെയ്തിട്ടില്ല. കർഷകർ സ്വയം കല്ലും കയ്യാലയും വച്ച് ആവുന്നത്ര മണ്ണൊലിപ്പിനെ നേരിടുന്നു. വർഷകാലത്ത് പ്രകൃതിക്ഷോഭം മൂലവും വേനൽക്കാലത്ത് വരൾച്ച മൂലവും കൃഷിക്ക് നാശനഷ്ടങ്ങൾ ഉണ്ടാകുന്നു. പ്രകൃഷിക്ഷോഭത്തിൽ ഉണ്ടാകുന്ന നഷ്ടത്തിന് ഗവൺമെൻറിൽ നിന്നും ന്യായമായ സഹായം ലഭിക്കണം. വരൾച്ചയെ നേരിടുന്നതിന് കൃഷി സ്ഥലങ്ങളിൽ നീർക്കുഴികൾ നിർമ്മിക്കണം.

കൃഷി ജലസേചനം സംബന്ധിച്ച പരിഹാര നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

നെൽകൃഷി

മണ്ണൊലിപ്പു തടയുന്നതിനും പാടശേഖരങ്ങൾ മണലും വെള്ളവും കയറി നശിക്കാതിരിക്കുന്നതിനും താഴെപ്പറയുന്ന തോടുകളുടേയും കനാലുകളുടേയും കരകൾ കല്ലുകെട്ടി ബലപ്പെടുത്തണം.

1. പന്നഗം തോട്

മൂന്നാം വാർഡിൽ കൊച്ചുമഠം കടവുമുതൽ കൂർക്കമറ്റം കടവുവരെയും ഇരുകരകളിലുമായി ഉദ്ദേശം 3000 മീറ്റർ നീളത്തിൽ കരിങ്കൽ ഭിത്തി കെട്ടുക. കൊച്ചു മഠം കടവിനു താഴെ പടിഞ്ഞാറെ പാലം തുടങ്ങുന്ന ഭാഗത്തെ തോടിന്റെ വളവിലെ ഭിത്തിയുടെ ഉയരം വെള്ളപ്പൊക്കത്തിൽ ഉണ്ടാകുന്ന കുത്തൊഴുക്കു തടയുന്നതിനായി ക്രമീകരിക്കണം.

2. മുട്ടിത്തോട്

ഈ തോടിന്റെ കരകളിൽ കൽകെട്ടില്ലാത്ത ഉദ്ദേശം 900 മീറ്ററോളം ദൂരത്തിൽ നെൽകൃഷിയുള്ള ഭാഗം കല്ലുകെട്ടി സംരക്ഷിക്കുക.

3. പൂവേലി തോട്

ഇതിന്റെ ഇരുകരകളും ഏകദേശം 800 മീറ്ററോളം നീളം കല്ലു കെട്ടുക.

4. മറ്റക്കര, നെല്ലിക്കുന്ന്, തോടുകുളം മണൽപാടങ്ങളുടെ നടുതോടുകൾ ഇരുവശവും കെട്ടി സംരക്ഷിക്കുക.

5. മറ്റക്കര പാടത്തേയ്ക്ക് വെള്ളമെത്തിക്കുന്നതിനുള്ള സ്പിൽവേയുടെ ബാക്കി പണികൾ തീർക്കുകയും പടിഞ്ഞാറെകടവ് കൂർക്കമറ്റം റോഡ് കുറുകെ കടക്കുന്ന ഭാഗത്ത് കലുങ്ക് നിർമ്മിക്കുകയും ചെയ്യുക. മൂത്തുള്ളാട്ടുപടി നിലത്ത് വയലുങ്കൽ പടി-മണ്ണൂർപള്ളി റോഡിന്റെ നടുഭാഗത്ത് നിർമ്മിച്ചിരിക്കുന്ന കലുങ്കു മുതലുള്ള ഏകദേശം 100 മീറ്ററോളം വാച്ചാൻ തോട് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിൽ നിന്നും കെട്ടിക്കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കുക.

നായിപ്ലാവ്-ഞണ്ടുപാറത്തോടിനു 800 മീറ്റർ സംരക്ഷണഭിത്തി കെട്ടുക. വയലിൽ തോടിന് 500 മീറ്റർ ദൂരത്തിൽ സംരക്ഷണഭിത്തി കെട്ടി കൃഷിഭൂമി സംരക്ഷിക്കുക. പന്നഗം തോട്ടിൽ കണിപറമ്പ് കിഴക്കേക്കടവ്, വില്ലങ്ങുപാറക്കടവ്, കുഴിപ്പാലകടവ് എന്നിവിടങ്ങളിൽ തടയണകൾ നിർമ്മിക്കുക. ചെങ്ങളം-ക്ടാക്കുഴി തോട് നായിപ്ലാവ് ഞണ്ടുപാറതോട് എന്നിവയിൽ ചെക്ക്ഡാമുകൾ പണിയുക. കാവള്ളി തോട്ടിൽ ഇടപ്പള്ളിക്കുന്നു ഭാഗത്തു തടയണ നിർമ്മിക്കുക. തമ്പഴത്തോട്ടിൽ മൈങ്കണ്ടത്തിന് വടക്കോട്ടുള്ള ഭാഗങ്ങളിൽ തടയണ കെട്ടുക. തമ്പഴത്തോടിന്റെ ഇടിഞ്ഞ കരകൾ ഇരുവശത്തുമായി 1500 മീറ്ററോളം നീളത്തിലും 1½ മീറ്റർ ഉയരത്തിലും സംരക്ഷണഭിത്തി കെട്ടുക.

3. കാർഷിക ഉപകരണങ്ങളായ ട്രാക്ടർ, മെതിയന്ത്രം, കൊയ്ത്തുയന്ത്രം, എന്നിവ 100% സബ്സിഡിയിൽ കൃഷിഭവൻ വഴി കർഷക സംഘടനകൾക്കു ലഭ്യമാക്കുക.

4. നെൽകൃഷിക്ക് വളം, കീടനാശിനി മുതലായവ 100% സബ്സിഡിയോടുകൂടി കൃഷിക്കാർക്കു നല്കുക.

5. ഏഴാം വാർഡിൽ ചെളിക്കുഴി ഭാഗത്തും നാല്, അഞ്ച് വാർഡുകളിൽ തച്ചലങ്ങാട്ടു ഭാഗത്തും 8,9,10 വാർഡുകൾക്കുവേണ്ടി ഇഞ്ചിക്കാലാഭാഗത്തും കരികിലക്കുളം ഭാഗത്തും കുളംകുത്തി ആവശ്യമായ പമ്പു സ്ഥാപിച്ച് പച്ചക്കറികൾ മുതലായ കൃഷികൾക്ക് ജലസേചനത്തിന് സൗകര്യം ഉണ്ടാക്കണം. മഞ്ഞമറ്റത്തു വാക്കയിൽ ഭാഗത്തു നിലവിലുള്ള പഞ്ചായത്തുകുളം പുനരുദ്ധരിച്ച് 5 HP പമ്പു വെച്ച് ജലസേചനം നടത്തുക. ജലസേചനത്തിന് ഇഷ്ടമുള്ള ഇനം പമ്പ് സബ്സിഡിയിൽ വാങ്ങാൻ അനുവാദം കൊടുക്കുക.

6. മണ്ണുപരിശോധന

ഒരു കൃഷിക്കും മണ്ണുപരിശോധിച്ച് വളപ്രയോഗം നടത്തുന്ന പതിവ് ഈ പഞ്ചായത്തിൽ ഇല്ല. അശാസ്ത്രീയമായ വളപ്രയോഗമാണ് കർഷകർ നടത്തുന്നത്. തൻനിമിത്തം ഉൽപ്പാദനം കുറയുകയും കർഷകർക്ക് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതും കൂടാതെ മണ്ണിന്റെ വിലപ്പെട്ട ഗുണം കുറയുകയും ചെയ്യുന്നു. മണ്ണുപരിശോധിക്കേണ്ടതിന്റെ ആവശ്യകത കർഷകരെ ബോധ്യപ്പെടുത്തണം. അതുകൊണ്ട് ഓരോ കർഷകന്റെയും കൃഷിഭൂമിയിലെ സാമ്പിൾ മണ്ണ് എടുത്ത് പരിശോധിപ്പിക്കുന്നതുമതല ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ സമിതികളെ ഏല്പിക്കുകയും സാമ്പിൾ ഒന്നിന് അഞ്ചു രൂപാ വീതം ഫീസ് പഞ്ചായത്തിൽ നിന്ന് കൊടുക്കുകയും ചെയ്യണം. മണ്ണുപരിശോധനയ്ക്കുള്ള സൗജന്യം രണ്ടു വർഷത്തേയ്ക്കായി മാത്രം പരിമിതപ്പെടുത്തേണ്ടതാകുന്നു. അപ്പോൾ കർഷകർക്ക് സൗജന്യമായി മണ്ണുപരിശോധിച്ചു കിട്ടുന്നു.

7. കൃഷിക്കാർ ഒരേസമയത്തു കൃഷി ഇറക്കുകയും കീടനാശിനി പ്രയോഗവും വളപ്രയോഗവും ഒരേ സമയത്ത് ചെയ്യുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുകയും വേണം

8. വിത്ത്/തൈ ഉല്പാദനം

വിവിധ തരം കൃഷിക്കാവശ്യമായ മേൽത്തരം വിത്തുകളും തൈകളും ഉല്പാദിപ്പിച്ച് കർഷകർക്ക് ന്യായവിലയ്ക്ക് ലഭ്യമാകുന്നതിനു വേണ്ടി അഞ്ചു നേഴ്സറികൾ ഈ പഞ്ചായത്തിൽ തുടങ്ങണം. അതിനു വേണ്ട സാമ്പത്തിക സാങ്കേതിക സഹായം സംരംഭകർക്കു നല്കണം. റബർ ഉൾപ്പെടാതെയുള്ള ഏതുതരം കൃഷിക്കും മേൽത്തരം വിത്തുകളും തൈകളും കർഷകർക്ക് ആവശ്യത്തിന് ലഭിക്കാതിരിക്കുന്നതുകൊണ്ടുള്ള ഉല്പാദനക്കുറവ്, നേഴ്സറികളുടെ പ്രവർത്തനം കൊണ്ട് പരിഹരിക്കാം

9. ജൈവവളം

രാസവളത്തിന്റെ ഉപയോഗം ഗണ്യമായി കുറയ്ക്കുന്നതിനും ജൈവവളത്തിന്റെ ഉപയോഗം കൂടുതലാക്കുന്നതിനും ജനങ്ങളെ പ്രേരിതരാക്കണം. അമിതമായ രാസവളപ്രയോഗം നമ്മുടെ കൃഷിഭൂമികളെ മണലാരണ്യമാക്കി കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ജൈവവളപ്രയോഗം കർഷകരുടെ ഇടയിൽ ആരംഭിച്ചിരിക്കുന്നത് ആരോഗ്യകരമായ കൃഷി രീതിയാണെന്നു പറയാം. മണ്ണിന്റെ ജൈവാവസ്ഥ നിലനിർത്തുന്നതിനും ഈ രീതി ഉപകരിക്കും.

ഇന്നു മാർക്കറ്റിൽ പല ലേബലിലും ജൈവവളം വില്ക്കപ്പെടുന്നുണ്ട്. പക്ഷേ ഇവയുടെ ഗുണമേന്മ സംബന്ധിച്ച് ആധികാരികമായി ഒരു നിർമ്മാതാക്കളും പറയുന്നില്ല. ഏതായാലും കർഷകർ ഗുണമേന്മയില്ലാത്ത വളം വാങ്ങി വഞ്ചിക്കപ്പെടുന്നത് നിത്യസംഭവമായി തീർന്നിരിക്കുകയാണ്. ആയതിനാൽ മാർക്കറ്റിൽ ഇറങ്ങുന്ന ഓരോ ചാക്ക് ജൈവവളത്തിന്റേയും ഗുണനിലവാരം ഉറപ്പു വരുത്തുന്ന സർട്ടിഫിക്കറ്റ് ചാക്കിന്റെ പുറത്തു തന്നെ എഴുതുവാൻ സർക്കാർ തലത്തിൽ ക്രമീകരണങ്ങൾ ചെയ്യണം.

കൃഷിക്കാർക്കു നല്ല ജൈവവളം ലഭിക്കുന്നതിനു വേണ്ടി സഹകരണ മേഖലയിൽ ഈ പഞ്ചായത്തിൽ കാഞ്ഞിരമറ്റത്തും മഞ്ഞാമറ്റത്തും ഓരോ ജൈവവള

ഫാക്ടറി സ്ഥാപിക്കണം. അതിനുവേണ്ട സാങ്കേതിക സാമ്പത്തിക സഹായം പഞ്ചായത്തു തലത്തിലോ കൃഷി ഭവൻ മുഖേനയോ നല്കണം. കൂടാതെ ഓരോ വീടിനും ഓരോ കമ്പോസ്റ്റു കുഴി ശാസ്ത്രീയമായ രീതിയിൽ തന്നെ നിർമ്മിക്കുന്നതിനുവേണ്ട ബോധവൽക്കരണം നടത്തുകയും ആവശ്യമായ സാമ്പത്തിക സഹായം നല്കുകയും ചെയ്യണം. 500 മണ്ണിര കമ്പോസ്റ്റുകുഴി നിർമ്മിക്കുന്നതിന് 100%. സബ്സിഡിയോടുകൂടിയ സഹായം നല്കുക.

മണ്ണൊലിപ്പുതടയൽ

ചെറുകുന്നുകളാൽ നിരയപ്പെട്ടിരിക്കുന്ന ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതിയനുസരിച്ച് മണ്ണൊലിപ്പ് ഇവിടെ വളരെ കൂടുതലാണ്. മേൽമണ്ണ് ഒഴുകിപ്പോകുന്നതുമൂലം മണ്ണിലെ വളാംശം നഷ്ടപ്പെടുകയും ഉല്പാദനം വളരെ കുറയുകയും ചെയ്യുന്നു. മണ്ണിലെ ഈർപ്പം നില നിർത്തുന്നതിനും മണ്ണൊലിപ്പ് തടയേണ്ടതാണ്. ഈർപ്പം നിലനില്ക്കാത്തതിനാൽ വേനൽക്കാലത്ത് വൃക്ഷങ്ങൾക്കു ഉണക്ക് ഉണ്ടാകുന്നു. മണ്ണൊലിപ്പു തടയുന്നതിന് ഈ പഞ്ചായത്തിൽ ഏകദേശം 3000 ഹെക്ടർ സ്ഥലത്ത് കയ്യാലകൾ നിർമ്മിക്കുന്നതിനും 3 ലക്ഷം നീർക്കുഴികൾ കുഴിക്കുന്നതിനും വേണ്ട സാമ്പത്തിക സഹായം പഞ്ചായത്തു തലത്തിൽ നല്കണം. കയ്യാലകൾ വയ്ക്കാൻ പറ്റാത്ത സ്ഥലങ്ങളിൽ കോണ്ടൂർ ബണ്ട് നിർമ്മിക്കണം.

കൂലിക്കാരെ കിട്ടാൻ സാധിക്കാത്ത സാഹചര്യത്തിൽ യന്ത്രങ്ങൾ (എക്സലേറ്റർ, ബുൾഡോസർ) ലഭ്യമാക്കണം.

എലിനശീകരണം.

ഈ പഞ്ചായത്തിൽ കൃഷിയും ഭക്ഷ്യവസ്തുക്കളും എലി നശിപ്പിക്കുന്നത് വളരെ കൂടുതലാണ്. ഇതിനു പരിഹാരമുണ്ടായാൽ ഗണ്യമായ തോതിൽ വിളവു വർദ്ധിപ്പിക്കാൻ സാധിക്കും. പഞ്ചായത്തിലെ മുഴുവൻ കൃഷിക്കാരുടെയും കൂട്ടായ പ്രവർത്തനം കൊണ്ട് ഇത് സാധിക്കും. അതിന് വിളവെടുപ്പിന് ശേഷവും കൃഷിയിറക്കുന്നതിനു മുമ്പും എലിനശീകരണവാരം ആഘോഷിച്ച് ജനങ്ങളെ ബോധവാന്മാരാക്കുകയും എലിവിഷം സൗജന്യമായി എല്ലാ കർഷകർക്കും വിതരണം ചെയ്യുകയും വേണം. ഇതിന് സാമൂഹ്യ, രാഷ്ട്രീയ, മതസംഘടനകൾ ഒത്തൊരുമിച്ച് ബാനർ, നോട്ടീസ് മുതലായ പ്രചരണമാധ്യമങ്ങൾ ഉപയോഗിക്കാം. എലി നിവാരണ വാരാഘോഷത്തിനു ശേഷം കൃഷിയിടങ്ങളിൽ നിന്നും പിടിച്ചു കൊണ്ടു വരുന്ന ഓരോ എലിക്കും ചെറിയ തോതിൽ പാരിതോഷികം നല്കാവുന്നതാണ്.

പച്ചക്കറികൃഷി

പച്ചക്കറിയുടെ കാര്യത്തിൽ സ്വയം പര്യാപ്തത നേടുക എന്ന ലക്ഷ്യമാണ് ഈ പഞ്ചായത്തിനുള്ളത്. ഇവിടെ ആവശ്യമുള്ള പച്ചക്കറിയുടെ മുഖ്യപങ്കും അന്യ സംസ്ഥാനങ്ങളിൽ നിന്നാണ് കൊണ്ടു വരുന്നത്. പച്ചക്കറികൾക്കു പറ്റിയ കാലാവസ്ഥ നമുക്കുണ്ട്. വീട്ടിൽ പാഴാക്കി കളയുന്ന ജലം ഇതു നനയ്ക്കുന്നതിന് ഉപയോഗിക്കാം. ഓരോ വീടിനും ഓരോ അടുക്കളത്തോട്ടം എന്ന ലക്ഷ്യത്തോടെ നല്ല വിത്തും വളവും സൗജന്യനിരക്കിൽ പഞ്ചായത്തിൽ നിന്നും ലഭിക്കണം. ഇതിന് വാർഡുതോറും സമിതികൾ രൂപീകരിച്ച് പ്രവർത്തനം വിലയിരുത്തി വിളമത്സരം നടത്തണം. ഇതിന്റെ ചെലവിന് 75% സബ്സിഡി നല്കണം.

തെങ്ങുകൃഷി

തെങ്ങുകൃഷിക്കു പറ്റിയ ഭൂപ്രകൃതിയാണ് ഈ പഞ്ചായത്തിലുള്ളതെങ്കിലും വേരുരോഗവും കാറ്റുവീഴ്ചയും മിക്കവാറും പഞ്ചായത്തിലെ മുഴുവൻ തെങ്ങുകളെയും ബാധിച്ചിരിക്കുന്നു. രണ്ടു മൂന്നു ദശാബ്ദങ്ങൾക്കു മുമ്പു വരെ ഈ പ്രദേശത്ത് തെങ്ങു കൃഷി വ്യാപകമായിരുന്നു. അന്ന് തേങ്ങ ആയിരുന്നു പ്രധാന വരുമാന മാർഗ്ഗം

പരിഹാരമാർഗ്ഗങ്ങൾ

1. കേടു വന്നതും ആദായം കുറഞ്ഞതുമായ തെങ്ങുകൾ വെട്ടി നശിപ്പിക്കുന്നതിന് തെങ്ങ് ഒന്നിന് ആയിരം രൂപാ നല്കുക.
2. ആവർത്തനകൃഷിക്ക് തെങ്ങ് ഒന്നിന് വർഷം തോറും 50 രൂപ വീതം നല്കുക.
3. നല്ലയിനം തെങ്ങിൻ തൈകളും കീടനാശിനികളും വളവും സൗജന്യമായി കർഷകർക്കു വിതരണം ചെയ്യുക.
4. ക്രോപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ ഏതെങ്കിലും തരത്തിൽ കേടു വന്നാൽ നഷ്ടപരിഹാരമായി തെങ്ങിന്റെ പ്രായമനുസരിച്ച് പരമാവധി 1000 രൂപാ വരെ നല്കണം. തെങ്ങു കയറ്റയന്ത്രം, സ്പ്രേയർ മറ്റ് കാർഷിക ആയുധങ്ങൾ എന്നിവ 75% സബ്സിഡി നിരക്കിൽ കൊടുക്കുക.

റബർ കൃഷി

അകലക്കുന്നം പഞ്ചായത്തിലെ മുഖ്യകൃഷിയാണ് റബർ. 3500 ഹെക്ടർ വിസ്തീർണ്ണം വരുന്ന ഈ പഞ്ചായത്തിൽ 2500 ഹെക്ടറോളം സ്ഥലത്ത് റബർ കൃഷി ചെയ്യുന്നു. റബറിനു പറ്റിയ ഭൂപ്രകൃതിയും കാലാവസ്ഥയും നമുക്കുണ്ട്. തെങ്ങിന് വ്യാപകമായി രോഗം ഉണ്ടാകുകയും റബർ ആദായകരമായ കൃഷിയാവുകയും ചെയ്തതോടെ റബർ ഈ പഞ്ചായത്തിൽ മുഖ്യ കൃഷിയായി അത്യുൽപ്പാദനശേഷിയുള്ള RRI 105 ഇനത്തിൽ പെട്ട റബറാണ് ഇവിടെ കൂടുതലും കൃഷി ചെയ്യുന്നത്. ഈ ഇനത്തിൽ പുനലൂരിൽ ഹെക്ടർ പ്രതി 4000 Kg. കൂടുതൽ റബർ കിട്ടിയതായി റിപ്പോർട്ടു ചെയ്യപ്പെടുന്നു. ഇവിടെയുള്ള ഉൽപ്പാദനം ഇതിലും വളരെ പിന്നിലാണ്. പട്ടമരപ്പും അതുപോലുള്ള മറ്റ് രോഗങ്ങളും ഈ ഇനത്തിന് വളരെ വേഗത്തിൽ പിടിപെടുന്നു.

റബർ കൃഷിക്കു ഈപഞ്ചായത്തിൽ ഇനി കൂടുതൽ ഭൂമി ലഭിക്കുകയില്ല. അതുകൊണ്ട് ഇന്ന് കിട്ടുന്ന ഹെക്ടർ പ്രതിയുള്ള 1050 Kg. ഉല്പാദനം ഗണ്യമായി വർദ്ധിപ്പിച്ചെങ്കിൽ മാത്രമെ റബർ കർഷകരുടെ ഭാവി ശോഭനമാവുകയുള്ളു. മണ്ണും ഇലയും പരിശോധിച്ചു വള പ്രയോഗം, ഇല കൊഴിച്ചിനിനെതിരെ മരുന്നുതളി, ശാസ്ത്രീയമായ ടാപ്പിംഗ് രീതി, നീയന്ത്രിതമായ ഉത്തേജക ഔഷധങ്ങളുടെ പ്രയോഗം ആദായം കുറഞ്ഞ തോട്ടങ്ങൾ റീപ്ലാൻറു ചെയ്യൽ, ഗുണമേന്മയുള്ള റബർഷീറ്റ് ഉണ്ടാക്കൽ മുതലായവ കൊണ്ട് മാത്രമെ ഉല്പാദനം കൂട്ടുന്നതിനും ആദായം വർദ്ധിപ്പിക്കുന്നതിനും സാധിക്കുകയുള്ളു.

നിർദ്ദേശങ്ങൾ

1. ആവർത്തനകൃഷിക്കും പുനകൃഷിക്കും കൊടുക്കുന്ന സഹായധനം ഹെക്ടർ ഒന്നിന് 25000/- രൂപയും കൂടത്തൈ ഒന്നിന് 25 രൂപയായും വർദ്ധിപ്പിക്കണം. കൂടാതെ റബർ തോട്ടങ്ങളിൽ കൃഷി ചെയ്യുമ്പോൾ നിർത്താവുന്ന മരങ്ങളുടെ എണ്ണം ഹെക്ടർ പ്രതി 25 ആക്കണം.
2. വളം, കീടനാശികൾ, മഴക്കാലത്ത് ടാപ്പിംഗ് നടത്തുന്നതിനുള്ള റെയിൻ ഗാർഡിന് ആവശ്യമായ സാധനങ്ങൾ, ആസിഡ്, ഡിഷ്, റബർ റോളർ മുതലായവ 75% സബ്സിഡിയിൽ കർഷകർക്കു നൽകുക.
3. ഇലകൊഴിച്ചിലിനെതിരെയുള്ള തുരിശുതളിക്കൽ ഗന്ധകപ്പൊടി അടിയ്ക്കൽ, മൈക്രോൺ സ്പ്രേയിംഗ് എന്നിവയ്ക്ക് 75% സബ്സിഡി അനുവദിക്കുക..
4. മേൽത്തരം റബർഷീറ്റ് ഉണ്ടാക്കുന്നതിന് പുകപ്പുര നിർമ്മിക്കുന്നതിനു വേണ്ട ചെലവിന്റെ 75 % കർഷകർക്കു കൊടുക്കുക.
5. കൃഷിപ്പണിക്ക് കൂലിക്കാരെ കിട്ടുവാൻ വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന ഈ പഞ്ചായത്തിൽ റബർതൈ നടുവാൻ ഉള്ള കുഴികുഴിക്കുന്നതിനും പ്ലാറ്റുഫോറം ഉണ്ടാക്കുന്നതിനും ആവശ്യമായ യന്ത്രങ്ങൾ പഞ്ചായത്തു വാങ്ങി ആവശ്യാനുസരണം സൗജന്യ നിരക്കിൽ കൃഷിക്കാർക്കു നൽകുക.
6. പ്രകൃതിക്ഷോഭം കൊണ്ടെന്നപോലെ തന്നെ, പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടും കേടു വന്ന് നശിച്ചു പോകുന്ന റബർ മരത്തിന് ഓരോന്നിനും 1000 രൂപാ വച്ച് നഷ്ടപരിഹാരം അനുവദിക്കുക.
7. മണ്ണും ഇലയും പരിശോധന നിർബന്ധമാക്കുക. ഇവ പരിശോധിക്കാത്തവർക്ക് സബ്സിഡി കൊടുക്കാതിരിക്കുക.
8. വടക്കേടത്തും ചെങ്ങളത്തും റബർ ബോർഡ് ഫീൽഡ് ഓഫീസ് അനുവദിക്കുക.

കപ്പകൃഷി

കപ്പ നന്നായി വളരുന്ന ഭൂപ്രകൃതിയാണ് ഈ പഞ്ചായത്തിലുള്ളത്. റബർകൃഷിയുടെ വ്യാപനവും കപ്പകൃഷി നശിപ്പിക്കുന്ന എലി ശല്യവുമാണ് കപ്പകൃഷി കുറയാൻ കാരണം. കർഷകർക്ക് ആവശ്യമായ പ്രോത്സാഹനം കൊടുത്താൽ ഈ കൃഷി വൻതോതിൽ വികസിപ്പിക്കുവാൻ കഴിയും.

10 സെന്റോ അതിലധികമോ കപ്പകൃഷി ചെയ്യുന്ന സ്ഥലത്തിനു ചുറ്റും എലിയെ പ്രതിരോധിക്കുന്നതിനു വേണ്ടി രണ്ടരഅടി ഉയരത്തിൽ ഭിത്തികെട്ടി പുറംഭാഗം സിമൻറ് തേയ്ക്കുന്നതിന് ആവശ്യമായ തുകയുടെ 75% സബ്സിഡി അനുവദിക്കുക. നല്ലയിനം കപ്പ ഇനങ്ങൾ സൗജന്യമായി വിതരണ് ചെയ്യുക.

16. ഏത്തവാഴകൃഷി

ഏതിനം വാഴകൃഷിക്കും പറ്റിയ മണ്ണാണ് ഈ പഞ്ചായത്തിലുള്ളത്. ചില സ്ഥലങ്ങളിൽ ജലസേചന സൗകര്യം കുറവുണ്ട്.

ഇരുപത്തിയഞ്ചോ അതിലധികമോ വാഴ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് വാഴവിത്തും വളവും സൗജന്യമായി വിതരണം ചെയ്യണം. ഏത്തവാഴകൃഷി ചെയ്യുന്ന കർഷകർക്ക് രോഗപ്രതിരോധ ശക്തിയുള്ള മേൽത്തരം വിത്തുകൾ ലഭ്യമാക്കണം.

16. തേനീച്ച വളർത്തൽ

റബർ കൃഷി വ്യാപകമായിട്ടുള്ള ഈ പ്രദേശത്ത് തേനീച്ച വളരെ ആദായകരമായി നടത്തുവാൻ സാധിക്കും. ഇപ്പോൾ തെക്കൻ കേരളത്തിൽ നിന്നും തമിഴ്നാട്ടിൽ നിന്നും ഈച്ചകളെ കൊണ്ടു വന്നു ചില സ്ഥലങ്ങളിൽ തേൻ ഉല്പാദിപ്പിക്കുന്നുണ്ട്. പക്ഷേ റബർ തളിരിലകളിലുള്ള തേനിന്റെ ഒരംശം പോലും ഇപ്രകാരം ശേഖരിക്കുന്നില്ല. ഏതാനം വർഷം മുമ്പുണ്ടായ തേനീച്ച രോഗം മൂലം ഇവിടെ ഉണ്ടായിരുന്ന തേനീച്ചകൾ നശിച്ചു പോയിരുന്നു. രോഗപ്രതിരോധ ശക്തിയുള്ള 2500 കൂടി തേനീച്ചകളെ പെട്ടി സഹിതം കർഷകർക്ക് 75% സബ്സിഡിയിൽ വിതരണം ചെയ്തും തേനീച്ച കർഷകന് ഇൻഷുറൻസ് പരിരക്ഷയും നല്കണം

17. കുരുമുളക് കൃഷി

ദ്രുതവാട്ടരോഗം മൂലം ഈ പഞ്ചായത്തു പ്രദേശത്തുള്ള കുരുമുളകു കൃഷി ഗണ്യമായ തോതിൽ നശിച്ചിരിക്കുകയാണ്. വേനൽക്കാലത്തെ ഉണക്കും കൃഷിയെ കുറെയൊക്കെ പ്രകൂലമായി ബാധിക്കുന്നുണ്ട്. നല്ല പരിചരണവും പ്രതിരോധ നടപടികളും സ്വീകരിച്ചാൽ ഇവിടെ വൻതോതിൽ കുരുമുളകു കൃഷി അഭിവൃദ്ധിപ്പെടുത്താവുന്നതാണ്.

50 ഹെക്ടർ സ്ഥലത്തേക്കു കൂടി കുരുമുളക് കൃഷി വ്യാപിപ്പിക്കുന്നതിന് ആവശ്യമായ തൈ, കീടനാശിനികൾ മുതലായവ 75% സബ്സിഡി നിരക്കിൽ കൃഷിക്കാർക്ക് നല്കുക. കേടു വന്ന് നശിക്കുന്ന കുരുമുളക് ചെടികൾക്കും കൂടി ഇൻഷ്വറൻസ് ആനുകൂല്യം പത്തു സെന്റിന് 20000/- രൂപയായി വർദ്ധിപ്പിക്കുക.

18. ഇഞ്ചി, മഞ്ഞൾ, കച്ചോലം, കൃഷി

ഈ പഞ്ചായത്തിൽ 50 ഹെക്ടർ സ്ഥലത്തേയ്ക്കു കൂടി ഇഞ്ചിയും മഞ്ഞളും കച്ചോലവും കൃഷി ചെയ്യുന്നതിന് വിത്തും വളവും കീടനാശിനികളും 75% സബ്സിഡിയിൽ വിതരണം ചെയ്യണം. കേടു വന്ന നശിക്കുന്ന പക്ഷം ഇൻഷ്വറൻസ് ആനുകൂല്യം നൽകണം.

19. കമുക്

150 ഹെക്ടർ സ്ഥലത്തേക്കു കൂടി കമുക് കൃഷി വ്യാപിപ്പിക്കുന്നതിന് വിത്തും വളവും കീടനാശിനികളും 75% സബ്സിഡി നിരക്കിൽ കൃഷിക്കാർക്ക് ലഭ്യമാക്കണം. കേടു വന്നു പോകുന്ന കമുങ്ങിനു കൂടി ഇൻഷ്വറൻസ് ആനുകൂല്യം കൊടുക്കണം.

20 ജാതി, ഗ്രാമ്പു

ഈ പഞ്ചായത്തു പ്രദേശത്ത് 10000 ജാതി, ഗ്രാമ്പു ചെടികൾ കൃഷി ചെയ്യുന്നതിനു വേണ്ടി സാമ്പത്തിക സഹായവും ഇൻഷ്വറൻസ് ആനുകൂല്യവും നൽകുക.

കൊക്കോ

150 ഹെക്ടർ സ്ഥലത്ത് കൊക്കോ കൃഷി ചെയ്യുന്നതിനുള്ള സാമ്പത്തിക സഹായവും ഇൻഷ്വറൻസ് ആനുകൂല്യവും നൽകുക.

21 കാപ്പി

250 ഹെക്ടർ സ്ഥലത്ത് കാപ്പികൃഷി ചെയ്യുന്നതിന് സാമ്പത്തിക സഹായവും ഇൻഷ്വറൻസ് ആനുകൂല്യവും നൽകുക.

22. കൈത

200 ഹെക്ടർ സ്ഥലത്ത് കൈത കൃഷി ചെയ്യുന്നതിന് സാമ്പത്തിക സഹായവും ഇൻഷ്വറൻസ് ആനുകൂല്യവും ഏർപ്പെടുത്തുക. ഇത് റബറിന്റെ ഇടവിളയായി കൃഷി ചെയ്യാവുന്നതാണ്.

23. കൂൺകൃഷി

ഈ പഞ്ചായത്തിൽ കൂൺകൃഷി തുടങ്ങിയിട്ടില്ല. ഇതിനു പ്രധാന കാരണം അവയുടെ യഥായോഗ്യമായ ഉപയോഗത്തെ കുറിച്ചും അതുകൊണ്ടുണ്ടാകുന്ന ഗുണത്തെക്കുറിച്ചും ജനങ്ങൾ ബോധവാന്മാരാല്ല. ഇവയുടെ കൃഷി രീതികളെപ്പറ്റിയും ജനങ്ങൾക്ക് അറിവില്ല. വളരെ പോഷകഗുണമുള്ള കൂണിന്റെ ഉല്പാദനവും ഉപയോഗവും ജനങ്ങളുടെ ആരോഗ്യസംരംക്ഷണത്തിന് ഉതകുമെന്നു മാത്രമല്ല ധാരാളം പേർക്ക് തൊഴിൽ അവസരവും നേടി കൊടുക്കുകയും ചെയ്യും. കൂൺകൃഷിയിൽ ജനങ്ങൾക്ക് പരിശീലനം കൊടുക്കുകയും കുറഞ്ഞതു 100 ആളുകൾക്കെങ്കിലും കൂൺകൃഷി തുടങ്ങുന്നതിനും വിപണനത്തിനും വേണ്ട സാമ്പത്തിക സഹായവും ഇൻഷ്വറൻസ് ആനുകൂല്യവും നൽകണം.

25 കൃഷിഭവൻ പ്രവർത്തനം

കൃഷി ഭവന്റെ പ്രവർത്തനം പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും തൃപ്തികരമായി നടത്തുന്നതിന് വേണ്ടി ആവശ്യത്തിനു ജീവനക്കാരെ നിയമിക്കണം. അതോടൊപ്പം എല്ലാ വാർഡിലുമുള്ള കൃഷിക്കാരുമായി നിരന്തരം ബന്ധപ്പെടുന്നതിനും വിവരങ്ങൾ പരസ്പരം അറിയുന്നതിനും വേണ്ട ഫലപ്രദമായ ക്രമീകരണങ്ങൾ ഉണ്ടാക്കണം.

26 ചെങ്ങളം മഞ്ഞാമറ്റം തുടങ്ങിയ പ്രദേശങ്ങളിലെ കർഷകരുടെ ന്യായമായ താല്പര്യത്തെ മുൻനിർത്തി കൃഷി ഭവന്റെ ഓരോ ആഫീസുകൾ മഞ്ഞാമറ്റത്തും ചെങ്ങളത്തും ആരംഭിക്കണം. അതുപോലെ തന്നെ റബർബോർഡു ഫീൽഡ് ആഫീസുകൾ ചെങ്ങളത്തും, മറ്റക്കരയിലും (വടക്കേടം) കാഞ്ഞിരമറ്റത്തും ആരംഭിക്കണം.

27 കാഞ്ഞിരമറ്റത്തും, നെല്ലിക്കുന്നിലും നിലവിലുള്ള അഗ്രോ ക്ലിനിക്കുകൾ പ്രവർത്തന ക്ഷമമാക്കണം പൂവത്തിളപ്പ് കൃഷിഭവനിലേയ്ക്ക് 10 അടി വീതിയിൽ നേഡ് നിർമ്മിക്കുക.

28. വിളവെടുപ്പുകാലത്ത് എല്ലാത്തരം കാർഷിക ഉല്പന്നങ്ങളുടെയും വിളമത്സരം പഞ്ചായത്തു അടിസ്ഥാനത്തിൽ നടത്തുകയും വിജയികൾക്ക് പ്രോത്സാഹനസമ്മാനവും നൽകാം.

29. ഓരോ വാർഡിലും ഓരോ ഔഷധ സസ്യത്തോട്ടം വച്ചു പിടിപ്പിക്കുന്നതിന് ആവശ്യമായ തൈകളും വിത്തും വളവും സൗജന്യ നിരക്കിൽ നൽകുകയും വിപണനത്തിനു വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്യുക.

30. വിവധ ഇനം നാണ്യവിളകൃഷികളെപ്പറ്റി കർഷകർ ബോധവാന്മാരാണെങ്കിലും നല്ല വില ലഭിക്കുന്ന ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല മുതലായ പുഷ്പ സസ്യങ്ങൾ കൃഷി ചെയ്യുന്ന കാര്യത്തിൽ കർഷകർ താരതമ്യേന താല്പര്യം കാണിക്കുന്നില്ല. ജലസേചന സൗകര്യമുള്ള സ്ഥലങ്ങൾ ഈ കൃഷിക്ക് പറ്റിയതാണ്. വീടുകളുടെ ടെറസ്സിൽ പോലും ഇവ പരിപാലിയ്ക്കാം. ഈ കൃഷിയിൽ ജനങ്ങൾക്ക് പ്രോത്സാഹനം കൊടുക്കുന്നത് സാമ്പത്തികമായി നേട്ടത്തിനിടയാകും. കൂടാതെ ഇവ അന്യ രാജ്യങ്ങളിലേയ്ക്ക് കയറ്റി അയച്ച് നമുക്ക് വിദേശനാണ്യം നേടാനും സാധിക്കും.

31. കാർഷിക മേഖലയിൽ തൊഴിലാളികളെ കിട്ടാൻ ഈ പഞ്ചായത്തിലും സമീപ പ്രദേശത്തും വളരെ ബുദ്ധി മുട്ടാണ്. ഈ നില തുടർന്നാൽ ഇവിടെയുള്ള വിവിധ ഇനം കൃഷികളും പാടേ തകരുംമെന്നുമാത്രമല്ല ജനങ്ങൾ സാമ്പത്തികമായി വളരെ പിന്നോക്കം പോകുമെന്നതിൽ സംശയം ഇല്ല.

32 കൃഷിക്കാർക്ക് അവരുടെ പട്ടയവസ്തുക്കളിൽ വച്ചു പിടിപ്പിച്ചിട്ടുള്ള എതുതരം മരവും യഥേഷ്ടം എക്കാല വും വെട്ടി വിൽക്കുന്നതിനുള്ള സ്വാതന്ത്ര്യം കൊടുക്ക ണം.

33. കർഷകരും തൊഴിലാളികളും തമ്മിൽ ആശയവിനി മയസമിതി പഞ്ചായത്ത് അടിസ്ഥാനത്തിൽ രൂപീകരിച്ച് പ്രശ്നങ്ങൾ പരസ്പരം ചർച്ച ചെയ്ത് പരിഹാരമുണ്ടാ ക്കണം.

34. ചെറുകിട കർഷകർക്കും കർഷകത്തൊഴിലാളി കൾക്കും ന്യായമായ പെൻഷൻ നൽകണം.

5-2

മൃഗ സംരക്ഷണവും മത്സ്യ ബന്ധനവും

ജനസംഖ്യയിൽ ഉണ്ടായ വർദ്ധനവ് അനുസരിച്ച് കൃഷിയ്ക്കുപയുക്തമായ സ്ഥലം വർദ്ധിക്കാത്ത ഇന്നത്തെ സാഹചര്യത്തിൽ മൃഗ സംരക്ഷണ മേഖലയുടെ സാദ്ധ്യത വളരെ വലുതാണ്. കുറഞ്ഞത് 5 സെൻറ് ഭൂമിയെങ്കിലും ഉള്ളവർക്കും ഒരു പശുവിനേയോ, ആടിനേയോ നന്നായി വളർത്താമെന്നിരിക്കെ ഗ്രാമീണ മേഖലയുടെ സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുവാൻ മൃഗ സംരക്ഷണ മേഖലയുടെ പങ്ക് വലുതാണ്. പോഷക പ്രധാനമായ പാൽ, മുട്ട മാംസം എന്നിവയുടെ ഉൽപ്പാദനത്തിനുപുറമേ വ്യവസായ അവശ്യത്തിനുള്ള തുകൽ എല്ല്, ജലാറ്റിൻ, ഓസീൻ, കൊഴുപ്പ്, ഔഷധ വ്യവസായത്തിനു പയോഗിക്കുന്ന ഹോർമോൺ, വാക്സിൻ എൻസൈമുകൾ, കാർഷിക മേഖലയ്ക്കാവശ്യമായ ജൈവവളം, നിലം ഒരുക്കുന്നതിനും ഭാരം വലിയ്ക്കുന്നതിനുമുള്ള മൃഗശക്തി, ബയോഗ്യാസ് പ്ലാൻറ് വഴി ലഭിക്കുന്ന ഊർജ്ജം ഇവയെല്ലാം മൃഗസംരക്ഷണ മേഖല പ്രദാനം ചെയ്യുന്നു. കൂടാതെ മൃഗപരിപാലനത്തിലെ 60% ജോലികളും സ്ത്രീകൾക്കുതന്നെ ചെയ്യാമെന്നതുകൊണ്ട് സ്ത്രീകളുടെ പാഴായിപോകുന്ന സമയം ഈ ആവശ്യത്തിന് ഉപയോഗിക്കാവുന്നതാണ്.

അകലക്കുന്നം ഗ്രാമപഞ്ചായത്തിൽ മറ്റക്കരയിലും ചെങ്ങളത്തും രണ്ട് മൃഗാശുപത്രികൾ ഉണ്ട്. 1960 -ൽ മറ്റക്കരയിൽ ഒരു വെറ്റിനറി സബ് സെൻററായി രൂപമെടുത്ത ഈ സ്ഥാപനം 1986-ൽ ഒരു വെറ്റിനറി ഡിസ്പെൻസറിയായി ഉയർത്തപ്പെട്ടു. ചെങ്ങളം കേന്ദ്രമായുള്ള മൃഗാശുപത്രി 1980-ൽ ആരംഭിച്ചു. ആധുനികസൗകര്യങ്ങളുള്ള കെട്ടിട സംവിധാനമുണ്ടെങ്കിലും ഇപ്പോഴും ഡിസ്പെൻസറിയായി മാത്രമേ പ്രവർത്തിക്കുന്നുള്ളു. അത് അപ്ഗ്രേഡുചെയ്യേണ്ടതാവശ്യമാണ്. പണ്ട്കാലത്ത് ഒരു കുപ്പിയോ 2 കുപ്പിയോ പാൽ കറന്നുകൊണ്ടിരുന്ന നാടൻ കന്നുകാലികളിൽ നിന്നും എട്ടുംപത്തും ലിറ്റർ പാൽ ലഭിക്കുന്ന സങ്കരവർഗ്ഗകന്നുകാലികളിലേയ്ക്കുള്ള മാറ്റം വളരെ ശ്രദ്ധിക്കപ്പെടേണ്ടതാണ്. കൃത്രിമ ബീജസങ്കലനസൗകര്യങ്ങൾ ഇന്ന് പഞ്ചായത്തിൽ ലഭ്യമാണ്. യാത്രാസൗകര്യം കുറവുള്ളതും കുന്നിൻ പ്രദേശങ്ങൾ വ്യാപകവുമായ ഈ പഞ്ചായത്തിൽ ഏതാനും സബ്സെൻററുകൾ കൂടിസ്ഥാപിച്ചാൽ ജനങ്ങൾക്ക് അത് കൂടുതൽ പ്രയോജനകരമാകുന്നതാണ്.

പഞ്ചായത്തിലെ കന്നുകാലികളുടെ കണക്കുകൾ താഴെ കൊടുക്കുന്നു.

വളർത്തുമൃഗങ്ങളും പക്ഷികളും.
1991 ലെ സെൻസസ്

ഇനം	ആൺ	പെണ്ണ്	പ്രജനനത്തിന് ഉപയോഗിക്കുന്നത്
പശുസങ്കര വർഗ്ഗം	344	2825	1711
പശു നാടൻ	52	521	311
എരുമ	34	363	265
ആട്	322	419	20
പന്നി	1512	300	15
പട്ടി	1430	1000	-
കോഴി	1000	16127	500
നാടൻ	16124	300	-
സങ്കരയിനം	1076	250	-
താറാവ്	150	100	-

പാൽ ഉത്പാദനരംഗം

ഈ പഞ്ചായത്തിൽ നിലവിൽ ആപ്കോസിന്റെ കീഴിൽ മറ്റക്കര ക്ഷീരവ്യവസായ സഹകരണസംഘവും, മൂഴൂർ, മറ്റക്കര മണൽ കാഞ്ഞിരമറ്റം, ചെങ്ങളം എന്നീ സ്ഥലങ്ങളിൽ മലനാടു മിൽക്കുസൊസൈറ്റിയുടെ ബ്രാഞ്ചുകളും പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ ഏകദേശം ,പാലുൽപ്പാദനം 10 ലക്ഷം ലിറ്ററാണ്. ഈ രംഗത്ത് പ്രധാനമായും നിലവിലുള്ള പ്രശ്നങ്ങൾ താഴെപ്പറയുന്നു.

1 ഏകീകൃതമായ സംഭരണവിതരണ മേഖലയില്ല

2 ന്യായ വില കൃഷിക്കാർക്ക് ലഭിക്കുന്നില്ല

3 കന്നുകാലികളിലുണ്ടാകുന്ന വ്യാപകമായ അകിടുവീക്കം.

4 കാലിത്തീറ്റയുടെ അടിക്കടിയുണ്ടായി ക്കൊണ്ടിരിക്കുന്ന അമിതമായ വിലക്കയറ്റം.

ഈ രംഗത്ത് നമുക്ക് ചിന്തിക്കാവുന്ന പുതിയ പദ്ധതികൾ.

1 സഹകരണ മേഖലയിൽ ഒരു മിനി കാലിത്തീറ്റ ഫാക്റ്ററി സ്ഥാപിച്ചാൽ നമ്മുടെ പഞ്ചായത്തിലേയ്ക്ക് ആവശ്യമായ കാലിത്തീറ്റ കുറഞ്ഞ ചിലവിൽ നിർമ്മിയ്ക്കുവാനും അതുവഴി കുറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സാധിയ്ക്കും.

2. തീറ്റപ്പുൽ കൃഷിയ്ക്കുള്ള സഹായങ്ങൾ വിപുലപ്പെടുത്തുക.

3. പഞ്ചായത്തിനെ മൊത്തത്തിൽ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു സംഭരണ വിപണന മേഖല ഉണ്ടാകണം.

മാംസ ഉല്പാദന മേഖല

പഞ്ചായത്തിലെ മാംസോല്പാദനം ഏകദേശം 86000 കി. ഗ്രാം ആകുന്നു. പന്നി മാംസവും ഇവിടുത്തെ ആളുകൾ ഉപയോഗിക്കുന്നു. 6000 കി. ഗ്രാം പന്നിയിറച്ചി ഈ പഞ്ചായത്തിൽത്തന്നെ ഉപയോഗിക്കുന്നതായി കണക്കുകൾ കാണുന്നു. ഏകദേശം 5000 കി. ഗ്രാം പന്നി മാംസം പഞ്ചായത്തിന് വെളിയിൽ വിറ്റഴിക്കുന്നതായും അറിയുന്നു. ഇവിടെ വിറ്റഴിക്കുന്ന മാംസത്തിന്റെ അധികഭാഗവും വെളിയിൽനിന്ന് കൊണ്ടുവന്ന് കശാപ്പു ചെയ്യുന്നതാണ്.

മാംസത്തിന്റെ ആകെ മൂല്യം 86000 x 40 = 3440000

പഞ്ചായത്തിന് വെളിയിൽ വിൽക്കുന്നതിന്റെ മൂല്യം 5000 x 40 = 200000

മൂരിക്കുട്ടികളേയും പോത്തിൻ കുട്ടിക ളേയും 9 മാസം വരെ നല്ല രീതിയിൽ വളർത്തിയെടുത്ത് ഇറച്ചിക്കായി ഉപയോഗിക്കാവുന്ന ഒരു പദ്ധതി ആസൂത്രണം ചെയ്യാവുന്നതാണ്. സാമൂഹ്യ വിലക്കുകൾ ഇല്ലാത്ത പ്രദേശമായതിനാൽ പന്നി വളർത്തൽ പ്രോത്സാഹിപ്പിയ്ക്കാവുന്നതാണ്.

മാംസ ഭക്ഷണം കൂടുതലായി ഉപയോഗിക്കുന്ന പഞ്ചായത്തെന്ന നിലയിൽ പൊതുവായ ഒരു Cold storage സ്ഥാപിച്ചാൽ അത് പഞ്ചായത്തിനും ജനങ്ങൾക്കും കൂടുതൽ ഉപകാരപ്രദമാകും. ഇതിൽ കൂടി തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുവാനും സാധിക്കും.

ആടുവളർത്തൽ

വളരെ ആദായകരമായി നടത്താവുന്ന ഒന്നാണ് ആട് വളർത്തൽ. കുന്നിൻ പ്രദേശങ്ങളും റബ്ബർ തോട്ടങ്ങളും കൂടുതലായി ഉള്ളതിനാൽ ആടുകളെ അഴിച്ചുവിട്ട് വളർത്തുന്നതിന് കൂടുതൽ സൗകര്യം നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ഈ ജോലി സ്ത്രീകൾക്കും ചെയ്യാവുന്നതാണ്.

കോഴി വളർത്തൽ

തൊഴിൽ ചെയ്യുന്നതിനു സന്നദ്ധരായ യുവതീയുവാക്കൾക്ക് നല്ല സാമ്പത്തിക മെച്ചം ഉണ്ടാക്കുവാൻ കഴിയുന്നൊരു തൊഴിലാണ് ബ്രോയിലർ കോഴി വളർത്തൽ. ധനകാര്യ സ്ഥാപനങ്ങൾ ഈ രംഗത്ത് കൂടുതൽ ധനസഹായം നൽകും. വിപണന മേഖല കണ്ടെത്തേണ്ടതുണ്ട്. സ്ത്രീകൾക്കു വരുമാനത്തിനുള്ള നല്ല മാർഗ്ഗമാണ്.

മുയൽ വളർത്തൽ

സ്ത്രീകൾക്കും കുട്ടികൾക്കും ചെയ്യാവുന്ന നല്ല വരുമാനമുള്ള തൊഴിലാണ് മുയൽ വളർത്തൽ. വീടുകളിൽ മാംസത്തിന് ഉപകരിക്കും.

മുട്ടയുൽപ്പാദനം

നമ്മുടെ പഞ്ചായത്തിലെ ഏകദേശം മുട്ട യുൽപ്പാദനം 2388280 ആണ്. എഗ്ഗർ നേഴ്സറി പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കിയാൽ പഞ്ചാ യത്തിനാവശ്യമായ നല്ലയിനം മുട്ടക്കോഴികളെ ഇവിടെത്തന്നെ ഉത്പ്പാദിപ്പിയ്ക്കുവാൻ കഴിയും. ആവഴിക്ക് മുട്ടയുടെ കാര്യത്തിൽ പഞ്ചായത്തിന് സ്വയം പര്യാപ്തത നേടുവാൻ കഴിയും.

സ്കൂൾ പൗൾട്രി ക്ളബ്

നല്ല രീതിയിൽ പ്രവർത്തിയ്ക്കുന്ന അഞ്ചു ഹൈസ്കൂളുകൾ ഉള്ള പഞ്ചാ യത്തായതിനാൽ ഇവിടെ സ്കൂൾ പൗൾട്രി ക്ളബുകൾക്കുള്ള സാദ്ധ്യത വലുതാണ്.

ജൈവവളം

ഏകദേശം 160000 k.g. ജൈവവളം ഉല്പാദിപ്പി ക്കപ്പെടുന്നുണ്ട്. 200 ഓളം ബയോഗ്യാസ് പ്ളാൻറുകളും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തി യ്ക്കുന്നു. ഇതിനാവശ്യമായ ചാണകം പശുവള ർത്തലിലൂടെയാണ് ലഭിയ്ക്കുന്നത്. റബ്ബർ ഷീറ്റ് അടിയ്ക്കുമ്പോൾ വെയ്സ്റ്റായി ലഭിയ്ക്കുന്ന വെള്ളം ഇന്ന് പലരും ബയോഗ്യാസ് പ്ളാൻറിൽ ഉപയോഗിക്കുന്നു. ഈ രീതിയിൽ ബയോഗ്യാസ് പ്ളാൻറുകൾ കൂടുതലായി സ്ഥാപിയ്ക്കുന്നതിന് സാദ്ധ്യതകൾ വളരെയുണ്ട്. ഊർജ്ജ പ്രതിസന്ധിക്ക് ഒരു നല്ല പരിഹാരമാർഗ്ഗമാണ് ഇത്. കൃഷിഭവനുകൾ വഴി ഇതിന് സബ്സിഡിയും ഉണ്ട്.

മൃഗശക്തി

നിലം ഒരുക്കുന്നതിനും ഭാരം വലിയ്ക്കുന്ന തിനുമായി ഏകദേശം 20 കന്നുകാലികളെ ഉപയോഗിക്കപ്പെടുന്നു.

വൈക്കോൽ ഉത്പാദനം

നെൽ പാടങ്ങൾ വളരെ കുറവാണ് എങ്കിലും ഏകദേശം 185 ടൺ വൈക്കോൽ ഉത്പാ ദിപ്പിക്കപ്പെടുന്നതായി കണക്കാക്കുന്നു.

പേവിഷബാധ

പേവിഷബാധയെക്കുറിച്ച് ജനങ്ങൾക്ക് കൂടുതൽ ബോധവൽക്കരണം നടത്തേണ്ടതാണ്. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ കൊല്ലുന്നതിന് പഞ്ചാ യത്ത് മുൻകൈ എടുക്കണം. പട്ടികളെ പ്രതിരോധ കുത്തിവെയ്പു നടത്തി വളർത്തുന്നതിന് ജനങ്ങളെ ബോധവാൻമാരാക്കണം.

മത്സ്യ ബന്ധനം

വേനൽക്കാലത്ത് വെള്ളത്തിന് പൊതുവെബുദ്ധിമുട്ടു ള്ളതിനാൽ മത്സ്യ കൃഷി ആദായകരമായി നടപ്പിലാ ക്കുന്നതിന് ബുദ്ധിമുട്ടുകൾ ഉണ്ട്. എന്നാൽ ചെറിയ കുളങ്ങൾ നിർമ്മിച്ച് വീട്ടാവശ്യത്തിന് വേണ്ട മത്സ്യം ഉത്പാദിപ്പിയ്ക്കുന്നതിന് കഴിയും. ഇതിന് ക്ടാക്കുഴി ഭാഗത്തും മണൽഭാഗത്തും സൗകര്യം ഉണ്ട്.

കഴിഞ്ഞ പഞ്ചവത്സര പദ്ധതികാലത്തു നടപ്പിലാ ക്കിയ പദ്ധതികൾ.

1.സൗജന്യ നിരക്കിൽ കോഴിക്കുഞ്ഞുങ്ങളും കോഴികളും നൽകി.

2. ഹരിജനങ്ങൾക്കു സൗജന്യമായി പശുകിടാരികളെ വിതരണം നടത്തി.

3. റാബിക് വാക്സിനേഷൻ ക്യാമ്പ്, ഗോരക്ഷാ ക്യാമ്പ്, ഇൻഫെർട്ടിലിറ്റി ക്യാമ്പ് എന്നീ ക്യാമ്പുകൾ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിച്ചു.

കാർഷിക പരിശീലന പദ്ധതി

സ്ഥിരമായി (മാസത്തിലൊന്ന്) ഒരു കർഷക പരി ശീലന പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കിയാൽ അത് ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമായിരിക്കും.

നല്ലയിനം പശുക്കളെ വളർത്തുന്നവർക്ക് ബോണസ് കൊടുക്കുന്നതിനും പഞ്ചായത്തു തലത്തിൽ മത്സരങ്ങൾ സംഘടിപ്പിച്ച് അവാർഡുകൾ നല്കുന്നതും ഈ രംഗത്ത് പുത്തൻ ഉണർവുകൾ ഉണ്ടാക്കുന്നതിന് ഉപയുക്തമാകും.

ഇൻഷുറൻസ് പദ്ധതി

പഞ്ചായത്തിലെ ഭൂരിപക്ഷം പശുക്കളേയും ഈ പദ്ധതിയിൻ കീഴിൽ വരുത്തുകയാണെങ്കിൽ ആകസ്മിക മരണം കൊണ്ടുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾ ഒഴിവാക്കുവാൻ കഴിയും.

രോഗങ്ങളും ചികിത്സയും

രോഗങ്ങളും ചികിത്സയും നടത്തിയതിന്റെ കണക്കുകൾ ഇതോടൊപ്പം ചേർക്കുന്നു. പഞ്ചായത്തിൽ പശുക്കളുടെ മൊത്തത്തിലുള്ള രോഗത്തിന്റെ സ്ഥിതി പരിശോധിച്ചാൽ പരാദ രോഗങ്ങളും ദഹന സംബന്ധമായ രോഗങ്ങളുമാണ് കൂടുതലായി കാണുന്നത്. അകിടു വീക്കത്തിനും പ്രത്യുൽപ്പാദനവുമായി ബന്ധപ്പെട്ട രോഗങ്ങൾക്കും നിർണ്ണായകമായ പങ്കുണ്ട്.

ഇതിൽ നിന്നും ശാസ്ത്രീയമായ പശുവളർത്തലിനെക്കുറിച്ചുള്ള അറിവില്ലായ്മയാണ് കൂടുതലായി ദഹന രോഗങ്ങൾ, പരാദ രോഗങ്ങൾ, അകിടുവീക്കം, തുടങ്ങിയവയ്ക്കുള്ള കാരണം എന്ന് മനസ്സിലാക്കാം. കർഷക പരിശീലന പരിപാടിയുടെ പ്രസക്തി ഈ കാരണത്താൽ വളരെ വലുതാണെന്ന് തെളിയുന്നു.

വെറ്റിനറി ഡിസ്പെൻസറികൾ

1960-ൽ മറ്റക്കരയിൽ ഒരു വെറ്റിനറി സബ്സെൻറർ ആരംഭിച്ചു. 75സെൻറ് സ്ഥലവും സ്വന്തമായി കെട്ടിടവും ഉണ്ടെങ്കിലും ഈ സ്ഥാപനം 1990 ലാണ് ഒരു ഡിസ്പൻസറിയായി ഉയർത്തപ്പെട്ടത്. സങ്കര വർഗ്ഗത്തിൽപെട്ട കന്നുകാലികളെ കൂടുതൽ വളർത്തുന്ന ഇന്നത്തെ സാഹചര്യത്തിൽ ഈ ഡിസ്പെൻസറി ഒരു വെറ്റിനറി പോളിക്ലിനിക്കായി ഉയർത്തേണ്ടതാണ്. മുഴുവൻ സമയവും സേവനം ലഭിക്കുന്നതിനുവേണ്ടി ഈ ഡിസ്പെൻസറിക്ക് ഇന്നുള്ള പോരായ്മകൾ തീർക്കേണ്ടതാണ്. കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ യഥാസമയം നടത്തണം. ഇതോടനുബന്ധിച്ച് ഒരു കാർട്ടേഴ്സ് അത്യാവശ്യമാണ്. അതുപോലെതന്നെ ആവശ്യത്തിന് വെള്ളം ലഭിക്കുന്നതിനും ഇതോടനുബന്ധിച്ച് ലാട്രിൻ സൗകര്യം ഉണ്ടാക്കേണ്ടതും വളരെ അത്യാവശ്യമാണ്. വളരെ നിസാര ചെലവിൽ തന്നെ ലാബറട്ടറി സൗകര്യങ്ങളും ഏർപ്പെടുത്താവുന്നതാണ്. ഈ വിധ സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണെങ്കിൽ ഇന്ന് ലഭിക്കുന്നതിനേക്കാൾ കൂടുതൽ സേവനം ജനങ്ങൾക്ക് ഈ സ്ഥാപനത്തിൽ നിന്നും ലഭിയ്ക്കുന്നതാണ്.

ഏറ്റെടുത്തു നടത്തേണ്ട പദ്ധതികൾ

1. സഹകരണ മേഖലയിൽ ഒരു മിനി കാലിത്തീറ്റ ഫാക്ടറി ഉണ്ടാക്കുക.

2. മാംസോല്പാദക സഹകരണ സംഘവും ഒരു കോൾഡ് സ്റ്റോറേജും പഞ്ചായത്തു തലത്തിൽ സ്ഥാപിക്കുക.

3. ബ്രോയിലർ കോഴി വളർത്തലിന് വേണ്ട സഹായങ്ങൾ നല്കുക.

4. Egger Nursery നടപ്പാക്കുക.

5. മാംസത്തിനുവേണ്ടി മൂരിക്കുട്ടികളേയും പോത്തിൻ കുട്ടികളേയും ഇറച്ചിക്കോഴികളേയും വളരത്തുന്ന പദ്ധതി നടപ്പാക്കുക.

6. പന്നിവളർത്തൽ പ്രോത്സാഹിപ്പിക്കുക.

7. സ്കൂൾ പൗൾട്രി ക്ലബുകൾ സ്ഥാപിക്കുക.

8. പൗൾട്രി സഹകരണസംഘങ്ങൾ സ്ഥാപിക്കുക.

9. തീറ്റപുൽകൃഷി വ്യാപകമാക്കുന്നതിന് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുക.

10 മറ്റക്കര മൃഗാശുപത്രിയുടെ ശോചനീയാവസ്ഥ പരിഹരിക്കുക. ചെങ്ങളം മൃഗാശുപത്രി അപ്ഗ്രേഡ് ചെയ്യുക.

11. ഡിസ്പൻസറികളുടെ സേവനം ലഭ്യമല്ലാത്ത വാർഡുകളിൽ I.C.D.P.സബ്സെൻററുകൾ സ്ഥാപിക്കുക. മൂഴൂർ അനുവദിച്ചിരിക്കുന്ന I.C.D.P. സബ്

സെൻറർ പ്രവർ ത്തനം ആരംഭിക്കുക.

12 കാലിവളർത്തിൽ പ്രോത്സാഹിപ്പിക്കാൻ 2 DWCRA. യൂണിറ്റുകൾ എല്ലാ വാർഡുകളിലും ആരംഭിച്ച് പാലുകൊണ്ടുള്ള വ്യവസായം തുടങ്ങുക.

പൊതുവെ ജനങ്ങളിൽ ഭൂരിപക്ഷവും കാർഷിക വൃത്തിയിലും മൃഗപരിപാലനത്തിലും ഏർപ്പെട്ടിരിക്കുന്ന ഒരു പിന്നോക്ക പഞ്ചായത്ത് എന്ന നിലയിൽ മൃഗ സംരക്ഷണ മേഖലയ്ക്ക് ഈ പഞ്ചായത്തിലെ സാമ്പത്തിക നിലയിൽ സാരമായ മാറ്റങ്ങൾ വരുത്തുവാൻ സാധിക്കുന്നതാണ്. ആയതിനാൽ മേൽപറഞ്ഞ പദ്ധതികൾ മുൻഗണനാക്രമത്തിൽ നടപ്പിലാക്കേണ്ടതാണ്.

ക്ഷീര വികസനം

ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ്. സഹകരണ പ്രസ്ഥാനത്തിൻെറ തലോടലോടെ ഗ്രാമീണ വികസനത്തിന് ക്ഷീര വികസന വകുപ്പ് ഊടുംപാവും നൽകുന്നു. വികേന്ദ്രീകരണ ആസൂത്രണത്തിനും പദ്ധതി നടത്തിപ്പിനുമായി ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്ന ഇന്നത്തെ സാഹചര്യത്തിൽ ക്ഷീര വികസന പദ്ധതികൾക്ക് വളരെയധികം പ്രാധാന്യമുണ്ട്.

കഴിഞ്ഞ കുറെ വർഷങ്ങളായി ക്ഷീരോല്പാദന രംഗത്ത് പ്രകടമായ പുരോഗതിയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ പുരോഗതി ഈ മേഖലയിൽ നടപ്പിലാക്കിയത്. ശാസ്ത്രീയമായ പദ്ധതി പ്രവർത്തനങ്ങൾ മൂലമാണ്.

പാലിൻെറ ഉല്പാദനം വർദ്ധിപ്പിക്കുക, പാലുല്പാദനം കൂടുതൽ ലാഭകരമാക്കുക,ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ കർഷകർക്ക് എത്തിയ്ക്കുക, ക്ഷീര സഹകരണ മേഖലകൾ ശക്തമാക്കുക, പാലിൻെറ ഉപഭോഗം വർദ്ധിപ്പിക്കുക, പുൽകൃഷി പ്രോത്സാഹിപ്പിക്കുക, ദുർബല വിഭാഗത്തിലുള്ള കർഷകർക്ക് പരമാവധി സഹായമെത്തിക്കുക. അഭ്യസ്തവിദ്യരായ വനിതകൾക്ക് സ്വയംതൊഴിൽ സാദ്ധ്യതകൾ പ്രായോഗികമാക്കുക, ഗ്രാമീണ ജനങ്ങളുടെ ആരോഗ്യപരമായ ഭക്ഷണക്രമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുക, പാലുല്പാദകർക്ക് പരമാവധി വില ലഭ്യമാക്കുക തുടങ്ങിയവയാണ് ക്ഷീര വികസന വകുപ്പിൻെറ പ്രവർത്തന ലക്ഷ്യങ്ങൾ. ഈ പ്രവർത്തനങ്ങൾ ജനകീയ അടിത്തറയോടെ നടപ്പിലാക്കാൻ ക്ഷീര സഹകരണ സംഘങ്ങളുടെ ഭരണ നിയന്ത്രണവും ക്ഷീര വികസന വകുപ്പിൽ നിക്ഷിപ്തമായിരിക്കുന്നു. പദ്ധതിയും പ്രവർത്തനങ്ങളും താഴെ ചേർക്കുന്നു.

A കർഷക സമ്പർക്ക പരിപാടി

സഹകരണ സംഘങ്ങൾ, ഗ്രന്ഥശാലകൾ, വായനശാലകൾ, മറ്റ് സന്നദ്ധസംഘടനകൾ എന്നിവിടങ്ങളിൽ വച്ച് കർഷകരുടെ ചെറുയോഗങ്ങൾ ചേരുന്നു. ഈ യോഗങ്ങളിൽ വിവിധ ക്ഷീര വികസന പ്രശ്നങ്ങൾ ചർച്ചചെയ്യുകയും, പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കപ്പെടുകയും ചെയ്യുന്നു. .

B ക്ഷീരോല്പന്ന നിർമ്മാണ പ്രദർശനം

ഈ പരിപാടിയിൽ വനിതാ സംഘടനകൾ, വനിതാ സമാജങ്ങൾ തുടങ്ങിയ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ ക്ഷീരോല്പന്നങ്ങൾ ഉണ്ടാക്കുന്ന രീതി വിശദമാക്കുകയും ക്ഷീരോല്പന്നം അവിടെ വച്ചു തന്നെ നിർമ്മിച്ച് വിശദീകരിക്കുകയും ചെയ്യുന്നു.

C ബ്ലോക്ക് തല കന്നുകാലി പ്രദർശനം

കർഷകർക്ക് അവരവരുടെ ഉരുക്കളെ സ്വയം വിലയിരുത്താനും മറ്റു കർഷകരുമായി ആശയവിനിമയം നടത്താനും നല്ല ഉരുക്കളെ കണ്ട് ബോദ്ധ്യപ്പെടാനും വഴിയൊരുക്കുന്നതാണ് ഈ പ്രദർശനങ്ങൾ. ഇതി നോടനുബന്ധിച്ച് കർഷകരെ പങ്കെടുപ്പിച്ചുകൊണ്ട് സെമിനാറും സംഘടിപ്പിക്കുന്നു.

D മോഡൽ ഡയറി ഫാം യൂണിറ്റ്

കാലിത്തൊഴുത്തു നിർമ്മിച്ച് കറവപ്പശുക്കളെ വാങ്ങി മാതൃകാപരമായി സംരക്ഷിയ്ക്കുന്നതിന് നൽകിവരുന്ന ധന സഹായ പദ്ധതിയാണിത്.

കെട്ടിടത്തിൽ അനുവദിച്ചിരിക്കുന്ന ട്രാവൽ ആൻഡ് ടൂറിസം കോഴ്സ് എത്രയും വേഗം ആരംഭിക്കുന്നതിനു വേണ്ട നടപടികൾ മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും ഉണ്ടാകണം. അതിന്റെ പ്രാരംഭ നടപടികൾ യൂണിവേഴ്സിറ്റിയിൽനിന്നും നടത്തിയിട്ടുള്ളതാണ്. മണലുങ്കൽ ഹൈസ്കൂളിൽ പ്ളസ് ടൂ അനുവദിക്കണം. മൂഴൂർ സെൻറ് മേരീസ് L.P.സ്കൂൾ ഏഴാം ക്ളാസ് വരെയാക്കി U.P.സ്കൂളാക്കി ഉയർത്തുക. അംഗൻവാടികളിലും നേഴ്സറികളിലും ഇന്നുള്ള പോരായ്മകൾ പരിഹരിച്ച് കുട്ടികൾക്ക് കളിയിലൂടെ വിദ്യാഭ്യാസം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം. മൂഴൂരിൽ ഒരു ഐ.ടി.ഐ.യും കാഞ്ഞിരമറ്റത്ത് ഒരു ബി.എഡ്. കോളേജും ചെങ്ങളത്ത് ഒരു ടെക്നിക്കൽ സ്കൂളും അനുവദിക്കേണ്ടതാണ്. നിലവിലുള്ള സ്കൂളുകൾ നിറുത്താൻ പാടില്ല. അദ്ധ്യാപകർക്ക് പുനപരിശീലനം നൽകുക. Dietന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക. അധ്യയന മാദ്ധ്യമം മാതൃഭാഷയിലാക്കുക. എയിഡഡ് സ്കൂളുകളുടേയും പ്രവർത്തനം വിലയിരുത്തുന്നതിനുള്ള അധികാരം പഞ്ചായത്തുകൾക്കു നൽകുക. സ്കൂൾ കോംപ്ളക്സ് പഞ്ചായത്തു തലത്തിൽ നടത്തുകയും ജനകീയ പങ്കാളിത്തം ഉറപ്പു വരുത്തുവാൻ P.T.A കൾ കാര്യക്ഷമമാക്കുകയും ചെയ്യുക. ഉച്ചക്കഞ്ഞിക്കാവശ്യമായ മുഴുവൻ ഫണ്ടും പഞ്ചായത്തിൽ നിന്നും കൊടുക്കുക.ഒന്നാം ക്ളാസിലെ കുട്ടികളുടെ സ്ളേറ്റിന് കുറഞ്ഞത് 10 രൂപയെങ്കിലും കൊടുക്കണം. പ്രൈമറി ഹെഡ്മാസ്റ്റർമാരെ ക്ളാസ് ചാർജ്ജിൽ നിന്നും ഒഴിവാക്കുകയും എല്ലാ സ്കൂളിലും പ്യൂൺമാരെ നിയമിക്കുകയും ചെയ്യുക. പ്രൈമറി സ്കൂളിലും കലാകായികാദ്ധ്യാപകരെ നിയമിക്കുക. ഷിഫ്റ്റ് നിറുത്തലാക്കുക. ഈ പഞ്ചായത്തിൽ ഒരു Sports-സ്കൂൾ അനുവദിക്കണം. അദ്ധ്യപനത്തിന് അതതു വിഷയങ്ങളിൽ ബിരുദവും ട്രയിനിംഗും ഉള്ളവരെ നിയമിക്കണം. പഞ്ചായത്തിന്റെ കീഴിലുള്ള L.P.സ്കൂളുകളിൽ ഒഴിവു വരുന്ന തസ്തികകളിലേയ്ക്ക് അതതു പഞ്ചായത്തിൽ നിന്നു തന്നെ യോഗ്യതയുള്ളവരെ നിയമിച്ച് നിയമന താമസം ഒഴിവാക്കുക. അതിനുള്ള അധികാരം പഞ്ചായത്തിനു നല്കേണ്ടതാണ്.

5-4 കുടിവെള്ളവും പൊതുജനാരോഗ്യവും

കുടിവെള്ളം

ഈ പഞ്ചായത്തിൽ വേനൽക്കാലത്ത് വളരെ കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. മിക്കവാറും സ്ഥലങ്ങളിൽ 5 മാസം ജലദൗർലഭ്യം ഉണ്ടാകുന്നു. വർഷകാലത്ത് എല്ലാ കിണറുകളും നിറഞ്ഞു കവിഞ്ഞു ഒഴുകുന്നുണ്ടെങ്കിലും വേനൽക്കാലം ആരംഭിക്കുന്നതോടുകൂടി ജലനിരപ്പ് വേഗം താഴുന്ന ഭൂപ്രകൃതിയാണ്.

ഒരു പൊതുടാപ്പ് പോലുമില്ലാത്ത ഈ പഞ്ചായത്തിനെ "പ്രശ്നഗ്രാമമായി" ഗവൺമെൻറ് പ്രഖ്യാപിച്ചിട്ടുണ്ട്. 7-4-1981 -ൽ PHED ചീഫ് എൻജിനീയറുടെ ആഫീസിൽ വച്ച് കൂടിയ ഉന്നതതലയോഗത്തിൽ അകലക്കുന്നം പഞ്ചായത്തിനെ പ്രശ്നഗ്രാമലിസ്റ്റിൽ പെടുത്തി കേന്ദ്ര ഗവൺമെൻറു സഹായത്തോടു കൂടി മീനച്ചിലാറ്റിൽ നിന്നും വെള്ളമെടുത്ത് പഞ്ചായത്തൊട്ടാകെ ജല വിതരണം നടത്തുന്നതിന് തീരുമാനിച്ചു. 1982-ൽ ഈ സ്കീമിൻറെ പണികൾ ആരംഭിക്കുകയും പഞ്ചായത്തിലുള്ള മിക്കവാറും എല്ലാ റോഡുകളിലും പൈപ്പുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതുവരെ പണികൾ പൂർത്തിയാക്കി ജലവിതരണം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

ജനങ്ങളുടെ അടിസ്ഥാന ആവശ്യമായ ജലദൗർലഭ്യം പരിഹരിക്കുക എന്നുള്ളതാണ് അടിയന്തിരമായി ഈ പഞ്ചായത്തിൽ ചെയ്യേണ്ട ആദ്യത്തെകാര്യം. നിലവിലുള്ള ജലവിതരണ പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടി ഉടൻ സ്വീകരിക്കണം

ഈ പദ്ധതി കൊഴുവാനാൽ,മുത്തോലി, എന്നീ പഞ്ചായത്തുകളുമായി ബന്ധിപ്പിച്ചിട്ടുള്ളതുകൊണ്ട് പദ്ധതി തീർന്നാലും ഭാവിയിൽ പമ്പിംഗ് സ്റ്റേഷനിൽ നിന്നും ഏറ്റവും അകലെ സ്ഥിതി ചെയ്യുന്ന ഈ പഞ്ചായത്തിൽ ആവശ്യത്തിന് ജലം ലഭിക്കുമോ എന്ന കാര്യത്തിൽ ജനങ്ങൾക്ക് സംശയമുണ്ട്. അതിനാൽ ഈ പഞ്ചായത്തിലുള്ള ജലസ്രോതസ്സുകളെ ഈ പദ്ധതിയുമായി ബന്ധപെടുത്തുന്നകാര്യം ഗൗരവമായി ആലോചിക്കുന്നത് ഉചിതമായിരിക്കും.

മൂക്കംകുടി, ചുവന്നപ്ലാവ്, എന്നിവിടങ്ങളിൽ പന്നഗം തോടിൻറെ കരയ്ക്ക് സ്ഥിതി ചെയ്യുന്ന കിണറുകളിൽ വേനൽക്കാലത്തും ധാരാളം ഉപരിതലജലം ഉള്ളതായി കാണപ്പെടുന്നുണ്ട്. ജലദൗർലഭ്യം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന ഏപ്രിൽ മെയ് മാസങ്ങളിൽ ഈ കിണറുകളിൽ നിന്നും പഞ്ചായത്തിലേക്ക് ആവശ്യമായ ജലം സംഭരിക്കുകയും ലോറികളിൽ പൊതുജനങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്തിരുന്നു.

മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ സൗകര്യപ്രദമായ സ്ഥാനത്ത് കുളം കുഴിച്ച് വെള്ളം പമ്പുചെയ്ത് നിലവിലുള്ള പൈപ്പ്ലൈനുമായി ബന്ധപ്പെടുത്തിയാൽ താരതമ്യേന കുറഞ്ഞ ചെലവിൽ ഈ പഞ്ചായത്തിൽ ജലവിതരണം നടത്താവുന്നതാണ്. എല്ലാ വാർഡുകളിലുമായി ഈ പഞ്ചായത്തിൽ ഉണ്ടായിട്ടുള്ള 10 കുഴൽകിണറുകളാണ്. പഞ്ചായത്തിലെ ജനങ്ങളുടെ കുടിവെള്ളത്തിനുള്ള ഏക ആശ്രയം. അവശ്യത്തിന് കുഴൽകിണറുകൾ കുഴിച്ച് ജലദൗർലഭ്യത്തിന് ഒരു പരിധി വരെ പരിഹാരം ഉണ്ടാക്കാം.

പഞ്ചായത്തിൽ ആകെയുള്ള 44 പൊതുകിണറുകളിൽ വേനൽക്കാലത്ത് വെള്ളം വറ്റാത്ത കിണറുകൾ വളരെ ചുരുക്കമാണ്. ആഴം കൂട്ടാൻ സാദ്ധ്യതയുള്ള കിണറുകളുടെ ആഴം കൂട്ടിയും കൂടുതൽ പൊതുകിണറുകൾ കുഴിച്ചും ജല ദൗർലഭ്യത്തിന് കുറെയൊക്കെ പരിഹാരം കാണാവുന്നതാണ്.

മഴക്കാലത്ത് പാഴായി ഒലിച്ചു പോകുന്ന മഴവെള്ളം ടാങ്കുകളിൽ ശേഖരിച്ച് വേനൽക്കാലത്ത് ഉപയോഗിക്കുന്ന രീതി (ഫെറോസിമൻറ് ടാങ്ക്) അവലംബിച്ചാൽ ജലദൗർലഭ്യത്തിന് ഒരു പരിധി വരെ പരിഹാരം കാണാവുന്നതാണ്.

ഓരോ ഗ്രാമസഭയിൽ നിന്നും കുടിവെള്ളക്കാര്യത്തിൽ ഉയർന്നു വന്നിട്ടുള്ള പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും താഴെക്കൊടുത്തിരിക്കുന്നത്.

1. a പ്രശ്നഗ്രാമമായി ഗവൺമെൻറ് പ്രഖ്യാപിച്ചിട്ടുള്ള ഈ പഞ്ചായത്തിൽ 1982 ൽ ലോകബാങ്കിൻറെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന ശുദ്ധജല വിതരണ പദ്ധതിയുടെ പണി എത്രയും വേഗം പൂർത്തിയാക്കി ജല വിതരണം ആരംഭിക്കുക.

b. ചുവന്ന പ്ലാവിലും മൂക്കംകുടിയിലും പന്നഗം തോടിൻറെ കരയ്ക്ക് കുളം കുഴിച്ച് വെള്ളം പമ്പുചെയ്ത് അകലക്കുന്നം ജലവിതരണ പദ്ധതിയുടെ പമ്പിംഗ് ലൈനു

മായി ബന്ധിപ്പിച്ച് വിതരണ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുക.

2. a ചുവന്ന പ്ലാവിൽ നിന്ന് വെള്ളം പമ്പു ചെയ്ത് മറ്റക്കര പള്ളി ഭാഗത്ത് ടാങ്കു നിർമ്മിച്ച് മറ്റക്കര പള്ളി, വടക്കേടം ഭാഗത്തെ ജലക്ഷാമം പരിഹരിക്കുക.

b. തുരുത്തിപ്പള്ളി ചാലിൽ കുളം നിർമ്മിച്ച് കിളിയംകുന്നം ഭാഗത്ത് ടാങ്കു കെട്ടി 13 വാർഡുകളിൽ ജലവിതരണം നടത്തുക.

c. തവളപ്ലാവിലോ, നെല്ലിക്കുന്നു ഭാഗത്ത് പന്നഗം തോടിനു സമീപമോ കുളം കുഴിച്ച് ആവശ്യമായ ടാങ്കു നിർമ്മിച്ച് വെള്ളം പമ്പു ചെയ്ത് നെല്ലിക്കുന്നു വാർഡിന്റെ പല ഭാഗങ്ങളിലും ജലം എത്തിക്കുക.

d. തോണിക്കുഴി ഭാഗത്തെ ചെറുതോട്ടിൽ തടയണ നിർമ്മിച്ചാൽ കുപ്പമല തോണിക്കുഴി ഭാഗത്തുള്ളവർക്ക് വർഷം മുഴുവൻ കിണറുകളിൽ വെള്ളം ലഭിക്കുന്നതാണ്.

e. ചുവന്ന പ്ലാവു ഭാഗത്ത് കുളം കുഴിച്ച് വെള്ളം പമ്പു ചെയ്ത് പായിക്കാട്ടു ഭാഗത്ത് ടാങ്കു നിർമ്മിച്ച് കരിമ്പാനി വാർഡിന്റെ പല ഭാഗത്തും വെള്ളം എത്തിക്കുക

f. തച്ചലങ്ങാട്ടുഭാഗം പന്നഗം തോടിനു സമീപം കുളം നിർമ്മിച്ച് ആലയക്കുന്നേൽ ഭാഗത്ത് ടാങ്കു പണിത് വെള്ളം പമ്പു ചെയ്ത് ആലയക്കുന്നേൽ ഭാഗത്തും കരിമ്പാനി ഭാഗത്തും വെള്ളം എത്തിക്കാം.

g. കണിപ്പറമ്പു ഭാഗത്ത് കുളം കുഴിച്ച് മൂഴൂർ പള്ളി ഭാഗത്തു ടാങ്കു കെട്ടി മൂഴൂർ ഭാഗത്ത് ജലവിതരണം നടത്താം.

h. ചെളിക്കുഴി ഭാഗത്തു കുളം നിർമ്മിച്ച് കാരങ്ങാട്ടു ഭാഗത്തു ടാങ്കു നിർമ്മിച്ച് ആ ഭാഗത്തെ ജലക്ഷാമം പരിഹരിക്കാം.

i. തമ്പഴ ഭാഗത്ത് കിണർ കുഴിച്ച് ടാങ്കുകെട്ടി വെള്ളം പമ്പു ചെയ്ത് മൈങ്കണ്ടം, കല്ലൂർകുളം ഭാഗത്തെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാം

j. ഇടമുള കൈതനാൽ ഭാഗത്ത് കുളം കുഴിച്ച് വെള്ളം പമ്പു ചെയ്ത് ഇടമുള കോളനി ഈട്ടിക്കൽ ഭാഗം മുതലായ സ്ഥലങ്ങളിൽ വെള്ളം എത്തിക്കുക.

k. തമ്പഴ ഭാഗത്തും പൂവത്തിളപ്പു ഭാഗത്തും കുളം നിർമ്മിച്ച് പമ്പുവച്ച് പന്തപാനികുന്നേൽ, മൂഴൂർ മുതലായ സ്ഥലങ്ങളിലെ ജലക്ഷാമം പരിഹരിക്കാം.

l. കുരികിലക്കുളം ഭാഗത്ത് കുളം കുഴിച്ച് ടാങ്കു നിർമ്മിച്ച് കാഞ്ഞിരമറ്റം വാർഡിൽ ജലക്ഷാമം പരിഹരിക്കാം.

m. ആലുങ്കൽ തകിടി-ഇഞ്ചിക്കാലാഭാഗത്ത് കുളം നിർമ്മിച്ച് വെള്ളം പമ്പു ചെയ്ത് ചെങ്ങളം, കാഞ്ഞിരമറ്റം, തെക്കുംതല, വാർഡുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം.

n. തെക്കുംതല ഭാഗത്ത് കുളം കുഴിച്ച് വെള്ളം പമ്പു ചെയ്ത് തെക്കുംതല ഭാഗത്തെ ജലക്ഷാമം പരിഹരിക്കുക.

o. ചെങ്ങളം പന്തഭാഗത്ത് കിണർ കുഴിച്ച് വെള്ളം പമ്പു ചെയ്ത് ചെങ്ങളത്തെ ജലക്ഷാമത്തിന് പരിഹാരം കാണുക.

3. ഭൂഗർഭജലം സംബന്ധിച്ചു പഞ്ചായത്തിൽ ഒട്ടാകെ സമഗ്ര സർവ്വെ നടത്തി ജലലഭ്യത അനുസരിച്ച് ഓരോ വാർഡുകളിലും ആവശ്യത്തിന് കുഴൽക്കിണർ ഉണ്ടാക്കുക.

4. നിലവിലുള്ള പഞ്ചായത്തു കിണറുകളിൽ ഉപയോഗയോഗ്യമായത് ആഴം കൂട്ടുകയും കേടു വന്ന കിണറുകൾ നന്നാക്കുകയും ചെയ്യുക.

5. ഉപരിതല ജലലഭ്യയുള്ള സ്ഥലങ്ങളിൽ ആവശ്യത്തിന് പൊതുകിണറുകൾ കുഴിക്കുക.

6.a. ചെങ്ങളം നായിപ്ലാവ് ഞണ്ടുപാറത്തോട്ടിൽ ചെക്കുഡാം കെട്ടി ജലനിരപ്പ് ഉയർത്തി വെള്ളം നിലനില്ക്കുന്ന സംവിധാനം ഉണ്ടാക്കുക.

b. ചെങ്ങളം, ക്ടാക്കുഴി തോട്ടിൽ പല ഭാഗത്തങ്ങളിലും തടയണകൾ കെട്ടി, സമീപ കിണറുകളിലും കുളങ്ങളിലും വെള്ളം നിലനിർത്തുന്നതിന് സംവിധാനം ഉണ്ടാക്കുക.

7. മഴക്കാലത്ത് ശുദ്ധജലം ശേഖരിച്ച് വേനൽക്കാലത്ത് ഉപകരിക്കുവാൻ ഉതകുന്ന 'ഫെറോസിമൻറ് ടാങ്കുകൾ' വീടുകളിൽ നിർമ്മിക്കുന്നതിനു വേണ്ടി ചെലവിന്റെ 75% സബ്സിഡി നല്കുക.

8. കയ്യാലയ്ക്കകം ജീരകം പുറമ്പോക്കിലുള്ള കുളം ആഴം കൂട്ടി ടാങ്കു കെട്ടി പൊങ്ങൻപാറ ഭാഗത്ത് ജലം എത്തിക്കുക.

മുക്കംകുടിഭാഗത്ത് കുളം കുഴിച്ച് മഞ്ഞാമറ്റം വാർഡിലെ ജലക്ഷാമത്തിന് പരിഹാരം ഉണ്ടാക്കുക. പൊങ്ങൻപാറ കോളനിയിലേക്ക് വെള്ളം എടുക്കുന്നതിനുവേണ്ടി മാന്താടി ഭാഗത്ത് കുളം കുത്തി ജലവിതരണം നടത്തുക.

പൊതുജനാരോഗ്യം

പൊതുജനാരോഗ്യത്തിൽ ഈ പഞ്ചായത്ത് സംസ്ഥാന ശരാശരിയേക്കാൾ പിന്നിലല്ല. ആകെയുള്ള ജനസംഖ്യ 21530-ൽ 10702 പേർ പുരുഷന്മാരും 10828 പേർ സ്ത്രീകളും ആണ്. ജനനനിരക്ക് 0.60%-വും മരണനിരക്ക് 0.30% ആണ്. മുണ്ടൻകുന്ന് പി. എച്ച്. സി. യുടെ സ്ഥിതിവിവരകണക്ക് പട്ടിക-1.

ഈ പഞ്ചായത്തിൽ മുണ്ടൻകുന്ന് കേന്ദ്രമാക്കി ഒരു പ്രാഥമികാരോഗ്യകേന്ദ്രം 1952-ലും മുഴൂർ കേന്ദ്രമായി ഒരു ആയുർവേദ ഡിസ്പെൻസറി 1962-ലും കരിമ്പാനി കേന്ദ്രമാക്കി ഒരു ഹോമിയോ ഡിസ്പെൻസറി 1981-ലും പ്രവർത്തനം ആരംഭിച്ചു.

മുണ്ടൻകുന്ന് പി. എച്ച്. സി. ക്ക് 2 ഏക്കർ സ്ഥലം സംഭാവന ചെയ്തത് ശ്രീ. ചെറിയതു വർക്കി പന്തപ്പിള്ളിലാണ്. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ പി. എച്ച്. സി. യിൽ 32 ജീവനക്കാർ ഉണ്ടെങ്കിലും ഈ സ്ഥാപനത്തിന്റെ ഇപ്പോഴത്തെ പ്രവർത്തനം ഒട്ടും തൃപ്തികരമല്ല. ആശുപത്രികെട്ടിടത്തിനും ക്വാർട്ടേഴ്സിനും ആവശ്യമായ മെയിൻറനൻസ് നടത്താത്തതിനാൽ കേടുപാടുകൾ ധാരാളമുണ്ട്. കക്കൂസ് ഉപയോഗയോഗ്യമല്ലാതെ ആയിക്കിടക്കുകയാണ്. ജലവിതരണം, വൈദ്യുതി എന്നിവയുടെ കാര്യം ഒട്ടും തൃപ്തികരമല്ല. എത്രയും വേഗം പൈപ്പ് ലൈനുകൾ നന്നാക്കുകയും വൈദ്യുത ലൈനുകൾ മാറ്റി സ്ഥാപിക്കുകയും ചെയ്യണം. 20 ബെഡിന് അംഗീകാരം ഉണ്ടെങ്കിലും ഒരു രോഗികളെപ്പോലും കിടത്തി ചികിത്സിക്കുന്നില്ല. രോഗികൾക്ക് ഭക്ഷണം കൊടുക്കുവാൻ അനുമതി കിട്ടിയതിന്റെ പേരിൽ പഞ്ചായത്തിൽ നിന്ന് അടുക്കള പണിയിച്ചിട്ടുണ്ട്. ഇന്ന് ഇതൊന്നും ഫലപ്രദമായി വിനിയോഗിക്കുന്നില്ല. വാഹന സൗകര്യവും ഒരു വിധമുണ്ടെന്ന് പറയാം. മെഡിക്കൽ ഓഫീസർമാരുടെ 4 തസ്തികകളിൽ 3-ഉം, ഹെൽത്ത് സൂപ്പർവൈസർ(1), ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ(2), പ്യൂൺ(1), കുക്ക്(1) എന്നീ തസ്തികകളും ഒഴിഞ്ഞു കിടക്കുകയാണ്. ഈ ആശുപത്രിയുടെ കീഴിൽ മറ്റക്കര എഫ്. ഡബ്ല്യൂ. സി. (മഞ്ഞാമറ്റം), അകലക്കുന്നം എഫ്. ഡബ്ല്യൂ. സി. ചെങ്ങളം എഫ്. ഡബ്ല്യൂ. സി., എന്നീ മൂന്ന് സബ് സെൻററുകളും ഉണ്ട്. ഇതിൽ മറ്റക്കര എഫ്. ഡബ്ല്യൂ. സി.ക്ക് മാത്രമെ സ്വന്തമായ കെട്ടിടവും, ക്വാർട്ടേഴ്സും ഉള്ളൂ. ചെങ്ങളം എഫ്. ഡബ്ല്യൂ. സി. ക്ക് കെട്ടിടം പണിയുവാൻ ശ്രീ. ജോസഫ് നടുത്തൊട്ടിയിൽ സ്ഥലം സംഭാവനയായികൊടുത്തിട്ടുണ്ട്.

മുഴൂർ ആയുർവേദ ഡിസ്പെൻസറിക്ക് വേണ്ടി ശ്രീ. പി. എം. ആൻറണി തൊളുമ്പൻമാക്കൽ സംഭാവന ചെയ്ത 15 സെൻറ് സ്ഥലത്ത് 1981-ൽ ഗവൺമെൻറിൽ നിന്ന് കെട്ടിടം പണിതിട്ടുണ്ട്. പിന്നീട് 5 സെൻറ് സ്ഥലം കൂടി നാട്ടുകാർ വാങ്ങി ഡിസ്പെൻസറിക്ക് സംഭാവന ചെയ്തു. കെട്ടിടത്തിന് മെയിൻറനൻസ് ഇതുവരെ ഒന്നും ചെയ്തിട്ടില്ലാത്തതിനാൽ മേൽക്കൂര ചോർന്നൊലിക്കുന്നു. വാതിലും ജനലും മറ്റും ദ്രവിച്ചിരിക്കുന്നു. കക്കൂസ് പ്രവർത്തനരഹിതമാണ്.

കെട്ടിടം പണിയുവാൻ ആവശ്യമായ സ്ഥലം നൽകുകയാണെങ്കിൽ ഈ ഡിസ്പെൻസറി ഒരു ആശുപത്രിയായി ഉയർത്താമെന്ന മുൻ ആരോഗ്യമന്ത്രി ശ്രീ. വക്കം പുരുഷോത്തമൻറ് നിർദ്ദേശത്തെ തുടർന്നാണ് നാട്ടുകാർ 5 സെൻറ് സ്ഥലം കൂടി ആശുപത്രിക്ക് സംഭാവന ചെയ്തത്. എന്നാൽ ഈ കാര്യത്തിൽ ഗവൺമെൻറിൽ നിന്നും മേൽനടപടികൾ ഉണ്ടായിട്ടില്ല.

കരിമ്പാനി ഹോമിയോ ഡിസ്പെൻസറിക്ക് വേണ്ടി ശ്രീ. തോമസ് പാറയ്ക്കൽ സംഭാവന നൽകിയ 25 സെൻറ് സ്ഥലത്താണ് ആശുപത്രികെട്ടിടം പണിതിരിക്കുന്നത്. രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം ഇല്ല. പമ്പ് വാങ്ങി വെച്ചിട്ടുണ്ടെങ്കിലും പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

മേൽ പറഞ്ഞ 3 ചികിത്സാ കേന്ദ്രങ്ങളിലും ധാരാളം രോഗികൾ വരുന്നുണ്ടെങ്കിലും ആയുർവേദ, ഹോമിയോ ഡിസ്പെൻസറികളിലാണ് രോഗികൾ കൂടുതൽ വരുന്നത്. (പട്ടിക 2A, 2B, 2C)

മേൽ പറഞ്ഞ പട്ടികകൾ വെച്ച് താരതമ്യ പഠനം നടത്തിയാൽ മുണ്ടൻകുന്ന് പി. എച്ച്. സി. യിൽ 1995-96 കാലഘട്ടങ്ങളിൽ 55494 രോഗികളും മുഴൂർ ആയുർവേദ ഡിസ്പെൻസറിയിൽ ഇതേ കാലയളവിൽ 76950 രോഗികളും കരിമ്പാനി ഹോമിയോ ഡിസ്പെൻസറിയിൽ 14793 രോഗികളും ചികിത്സയ്ക്കായി എത്തി

യിട്ടുണ്ടെന്ന് കാണാം. (പട്ടിക 2A, 2B, 2C)

മുണ്ടൻകുന്ന് പി. എച്ച്. സി.യിൽ രോഗികൾ കുറഞ്ഞ് വരുന്നതായും മൂഴൂർ ആയുർവേദ ഡിസ്പെൻസറിയിൽ രോഗികൾ കൂടി വരുന്നതായും കണക്കുകൾ സൂചിപ്പിക്കുന്നു.

ഇതിൽ നിന്നും അലോപ്പതി ചികിത്സയിൽ ജനങ്ങൾക്കുള്ള വിശ്വാസം കുറഞ്ഞു വരുന്നു എന്ന് കണക്കാക്കുവാൻ കഴിയുകയില്ല. മറിച്ച് ഇതിലും മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങളാണ് ജനങ്ങൾ പ്രതീക്ഷിക്കുന്നതെന്നും അതിനുവേണ്ടി അടുത്തുള്ള സ്വകാര്യ ആശുപത്രി, ജില്ലാ ആശുപത്രി, മെഡിക്കൽ കോളേജ് എന്നിവയെ ആശ്രയിക്കുന്നു. വിദ്യാഭ്യാസപരമായും ആരോഗ്യ പരമായും സാമാന്യം മുന്നിട്ടു നില്ക്കുന്ന ഈ പ്രദേശത്ത് വെറുമൊരു പ്രാഥമിക ചികിത്സാ സൗകര്യം എന്നതിലുപരിയായി കുറേക്കൂടി മെച്ചപ്പെട്ട ചികിത്സ കിട്ടത്തക്ക രീതിയിലുള്ള അടിയന്തിര ക്രമീകരണങ്ങൾ ചെയ്തെങ്കിൽ മാത്രമെ മുണ്ടൻകുന്ന് പി. എച്ച്. സി. ജനങ്ങൾക്ക് ഉപകാരപ്രദമായി തീരുകയുള്ളൂ.

ആയുർവേദ ചികിത്സാ രംഗത്ത് ജനങ്ങളുടെ വർദ്ധിച്ചു വരുന്ന താല്പര്യത്തെ മുൻനിറുത്തി മുൻ ആരോഗ്യ മന്ത്രി ശ്രീ. വക്കം പുരുഷോത്തമൻ തന്ന ഉറപ്പിന്റെ അടിസ്ഥാനത്തിലും ജനങ്ങൾ സംഭാവന ചെയ്ത സ്ഥലത്ത് രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം എത്രയും വേഗം നടപ്പാക്കണം.

ഹോമിയോ ചികിത്സയിൽ ജനങ്ങൾക്ക് അമിതമായ വിശ്വാസമുണ്ട്. ആയതിനാൽ കരിമ്പാനിയിലെ ഹോമിയോ ഡിസ്പെൻസറി രോഗികളെ കിടത്തി ചികിത്സിക്കത്തക്ക സൗകര്യങ്ങളുള്ള ഒരു ആശുപത്രിയായി ഉയർത്തേണ്ടത് ആ വാർഡിലേയും ഈ പഞ്ചായത്തിലേയും ജനങ്ങളുടെ പ്രത്യേക ആവശ്യമാണ്.

പൊതുജനാരോഗ്യകാര്യത്തിൽ സാനിട്ടേഷൻ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്. പഞ്ചായത്തിൽ ആകെയുള്ള 3705 വീടുകളിൽ ഉദ്ദേശം 40% വീടുകളിലും കക്കൂസ് ഇല്ല. ജനങ്ങളുടെ ആരോഗ്യത്തിൽ കക്കൂസിന് പ്രധാന സ്ഥാനമുണ്ട്. ജലം വഴി പകരുന്ന രോഗങ്ങൾക്കു പ്രധാന കാരണം കക്കൂസുകളുടെ അഭാവമാണ്. അതുകൊണ്ട് നമ്മുടെ കിണറ്റുജലത്തിലും മറ്റും മലത്തിന്റെ അംശം ചെന്നു പെടുന്നു. തുറസ്സായ സ്ഥലത്ത് മലമൂത്ര വിസർജ്ജനം ചെയ്യുന്നതുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്. ആരോഗ്യരംഗം മെച്ചപ്പെടുത്തുന്നതിന്റെ ആദ്യപടി സമ്പൂർണ്ണ സാനിട്ടേഷൻ ആണ്.

1993-96 കാലയളവിൽ ഉണ്ടായ രോഗങ്ങളുടെ വിവരങ്ങൾ പട്ടികയിൽ കാണുന്നു. (പട്ടിക 3A, 3B, 3C, 3D). എത്ര മാത്രം ചികിത്സാ സൗകര്യം ഇവിടെ ലഭിച്ചാലും കക്കൂസില്ലാത്ത മുഴുവൻ വീടുകൾക്കും സമയ ബന്ധിതമായി തന്നെ കക്കൂസ് പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചെങ്കിൽ മാത്രമെ ജനങ്ങളുടെ ആരോഗ്യനില മെച്ചപ്പെടുത്താൻ കഴിയൂ.

കൊതുക്, ഈച്ച മുതലായ പ്രാണിജന്യ രോഗങ്ങളും ഇവിടെ കുറവല്ലെന്ന് മേൽ പട്ടികകളിൽ നിന്നും കാണാം. ഈച്ചയും കൊതുകും പെരുകുവാൻ സാധ്യതയുള്ളത് ചാണകക്കുഴി, റബർ റോളർ ഷെഡ് പരിസരം, കക്കൂസുകുഴി, ചായക്കടകളുടേയും മറ്റും പരിസരം, പന്നിക്കുഴി മുതലായ സ്ഥലങ്ങളിൽ നിന്നാണ്. ഇവിടെ നിന്നെല്ലാം കീടങ്ങളെ നശിപ്പിച്ചെങ്കിൽ മാത്രമെ ഈ വക രോഗങ്ങളെ തടയുവാൻ സാധിക്കുകയുള്ളൂ. എലി പരത്തുന്ന മാരകമായ രോഗം(എലിപ്പനി) മൂലം ഈ പഞ്ചായത്തിൽ മരണം ഉണ്ടായിട്ടുണ്ട്. എലി നശീകരണത്തിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതും ആവശ്യമാണ്. കൊതുക് പരത്തുന്ന ജപ്പാൻ ജ്വരത്തിന് എതിരായി പഞ്ചായത്ത് തലത്തിൽ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. വ്യവസായ വൽക്കരണം തീരെ കുറഞ്ഞ പ്രദേശമായതിനാൽ പരിസര മലിനീകരണം ഗുരുതരമല്ല.

റബർ റോളറുകളിൽ നിന്നുള്ള മലിന ജലം തോട്ടിലേക്കൊഴുക്കുക, തോടുകളിൽ മൃഗങ്ങളെ കുളിപ്പിച്ചും വാഹനങ്ങൾ കഴുകിയും ജലം മലിനപ്പെടുത്തുക. അനാരോഗ്യകരമായ രീതിയിൽ പന്നികളെ വളർത്തുക, അശാസ്ത്രീയമായ രീതിയിൽ കശാപ്പു ശാലകൾ നടത്തുക, അസ്ഥികുഴികൾ മൂടാതെ ഇടുക മുതലായവ വഴി ജലവും വായുവും മലിനമാകുന്നു. വേനൽക്കാലത്ത് തോടുകളിൽ നഞ്ചിടുന്നതും ജലമലിനീകരണത്തിന് കാരണമാകുന്നു. ശബ്ദ, വായു, ജല മലിനീകരണത്തിന്റെ കാര്യത്തിൽ ശക്തമായ നിയന്ത്രണ നടപടികൾ കർശനമായി പാലിക്കാൻ പഞ്ചായത്തിൽ നിന്നും നിർദ്ദേശിക്കേണ്ടതാകുന്നു.

ഗ്രാമസഭാ തലത്തിൽ നിന്നും ഉയർന്നു വന്നിട്ടുള്ള പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും.

1. ഈ പഞ്ചായത്തിൽ കക്കൂസില്ലാത്ത എല്ലാ കുടുംബങ്ങൾക്കും കക്കൂസ് പണിയുന്നതിനുവേണ്ടി മുൻഗണനാ ക്രമത്തിൽ ധനസഹായം ചെയ്യുക. ഓരോ വാർഡിലും ജനകീയ സമിതികൾ രൂപീകരിച്ച് ഇത്തരം പണികളുടെ പുരോഗതി സമയാസമയങ്ങളിൽ വിലയിരുത്തി പണി പൂർത്തിയാക്കുന്നതിനു വേണ്ട സഹായങ്ങൾ ചെയ്യണം.

2. പഞ്ചായത്തിലെ പ്രധാന കവലകളിൽ പൊതു കക്കൂസുകളും മൂത്രപ്പുരയും സ്ഥാപിക്കുക. ഉപയോഗിക്കുന്നവരിൽ നിന്ന് ചെറിയ തുക വാങ്ങി സംരക്ഷണ ചുമതല നടത്തുവാൻ ഏതെങ്കിലും സംഘടനകളേയോ വ്യക്തികളേയോ ഏൽപിക്കുക.

3. ഈ പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം സ്ഥാപിക്കുക.

4. കശാപ്പു ശാലയോട് അനുബന്ധിച്ചുള്ള അസ്ഥിക്കുഴികൾ ശാസ്ത്രീയമായ രീതിയിൽ സംരക്ഷിക്കുവാൻ കർശന നടപടി സ്വീകരിക്കുക. അല്ലാത്തവ മൂടിക്കളയുക.

5. ആവശ്യമായ സ്ലോട്ടർ ഹൗസുകൾ പഞ്ചായത്തിൽ നിന്നും നിർമ്മിച്ച് വാടകയ്ക്ക് കൊടുക്കുക.

6. അന്യ സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടു വരുന്ന മൃഗങ്ങളെ ചെക്ക് പോസ്റ്റിൽ ഡോക്ടർ പരിശോധിച്ച് നമ്പരും സീലും അടിച്ച് ആയതു പൊതുജനങ്ങൾക്ക് പരിശോധിക്കുന്നതിനു വേണ്ട ക്രമീകരണങ്ങൾ പഞ്ചായത്ത് തലത്തിൽ ഉണ്ടാക്കണം. ഇവിടെ വരുന്ന മൃഗങ്ങളിൽ ഒരു നല്ല ശതമാനം തീരെ ആരോഗ്യമില്ലാത്തതും രോഗം ഉള്ളതുമാണ്. അതുകൊണ്ട് പരിശോധന കർശനമാക്കണം.

7. അറവുശാലകൾക്ക് നിർബന്ധമായും ലൈസൻസ് ഏർപ്പെടുത്തുകയും ശാസ്ത്രീയമായി സംരക്ഷിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും വേണം.

8. ഡോക്ടറുടെ പരിശോധനയ്ക്ക് ശേഷം മാത്രമെ മൃഗങ്ങളെ കശാപ്പു ചെയ്യാൻ പാടുള്ളൂ എന്ന് നിയമം നടപ്പിലാക്കുക.

9. മത്സ്യം, മാംസം, പച്ചക്കറികൾ ഇവ വൃത്തിയായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും ഉപയോഗ്യമല്ലാത്ത മത്സ്യം, മാംസം, പച്ചക്കറികൾ ഇവ വിൽക്കുന്നത് കർശനമായി തടയുകയും വേണം.

10. ഹോട്ടൽ, ചായക്കട ഇവയിൽ നിന്ന് പൊതുജനങ്ങൾക്കു കൊടുക്കുന്നത് വൃത്തിയുള്ള ആഹാര സാധനങ്ങളാണെന്ന് ഉറപ്പു വരുത്തുക. അതിനു വേണ്ടി ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പരിശോധന നിർബന്ധമാക്കുക.

11. വൃത്തിഹീനമായ രീതിയിലുള്ള പന്നി വളർത്തൽ, കോഴി വളർത്തൽ എന്നിവ നിരോധിക്കുക.

12. ലൈസൻസില്ലാത്ത നായ്ക്കളെ നശിപ്പിക്കുക. ലൈസൻസുള്ളവയെ അനിയന്ത്രിതമായി അഴിച്ചുവിടാതിരിക്കാനുള്ള നിർദ്ദേശം കർശനമായി നടപ്പാക്കുക.

13. വേനൽക്കാലത്ത് തോടുകളിൽ നഞ്ചിട്ടും, കന്നുകാലികളെ കുളിപ്പിച്ചും, വാഹനങ്ങൾ കഴുകിയും ജലം വൃത്തികേടാക്കുന്നത് നിർബന്ധമായും നിയമം മൂലം തടയുക.

14. ഉപയോഗമില്ലാത്ത കിണറുകൾ, കുളങ്ങൾ എന്നിവ മൂടിക്കളഞ്ഞ് കൊതുകു വർദ്ധിക്കുന്നത് തടയുക.

15. കാലിത്തൊഴുത്ത്, ഹോട്ടൽ, വീട്, ചായക്കട എന്നിവയുടെ പരിസരങ്ങളിൽ ഈച്ച, കൊതുക് ഇവ ഉണ്ടാകാതെ വൃത്തിയായി സൂക്ഷിയ്ക്കാൻ നടപടികൾ സ്വീകരിക്കുക.

16. മലിനജലം കെട്ടിക്കിടക്കാതെ ഒഴുകിപ്പോകുവാൻ സൗകര്യമായ വിധത്തിൽ ഓടകൾ നിർമ്മിക്കുക.

17. ചപ്പുചവറുകൾ വീട്ടു പരിസരങ്ങളിലും പൊതു നിരത്തുകളിലും വലിച്ചെറിയാതെ അവ ഉപയോഗിച്ച് കമ്പോസ്റ്റു നിർമ്മിക്കുന്നതിന് ജനങ്ങളെ ബോധവാന്മാരാക്കുക.

മുണ്ടൻകുന്ന് പി. എച്ച്. സി.ക്കുള്ള നിർദ്ദേശങ്ങൾ

1. മുണ്ടൻകുന്ന് പി. എച്ച്. സി. കെട്ടിടം, കാർട്ടേഴ്സ്, പൈപ്പുലൈൻ, വയറിംഗ്, കക്കൂസ് എന്നീ പ്രാഥമിക ആവശ്യങ്ങളുടെ അറ്റകുറ്റ പണികൾ അടിയന്തിരമായും നടത്തുക.

2. ഒഴിഞ്ഞുകിടക്കുന്ന പോസ്റ്റുകളിൽ ഡോക്ടർമാരേയും മറ്റു സ്റ്റാഫുകളെയും നിയമിക്കുക.

3. നിർബന്ധമായും ഒരു ലേഡീ ഡോക്ടറെ നിയമിക്കുക.

4. രോഗികളെ കിടത്തി ചികിത്സിക്കുന്നതിനും ഭക്ഷണം നൽകുന്നതിനും വേണ്ട

ഏർപ്പാടുകൾ ചെയ്യുക.

5. ആശുപത്രിക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുക.

6. എക്സറേ, ഈ. സി. ജി., പ്ലാസ്റ്റർ വിഭാഗങ്ങൾ എന്നിവ ഏർപ്പെടുത്തുക.

7. ആശുപത്രിക്കു വേണ്ട ഉപകരണങ്ങൾ അനുവദിക്കുക.

8. ആശുപത്രിക്കു കോമ്പൗണ്ടു വാൾ കെട്ടുക.

9. ഈ സ്ഥാപനത്തിന്റെ ഒരു ഉപകേന്ദ്രം കാഞ്ഞിരമറ്റത്തു സ്ഥാപിക്കുക.

10. ചെങ്ങളം ഉപകേന്ദ്രത്തിനു കിട്ടിയിരിക്കുന്ന സ്ഥലത്ത് സബ്സെൻററിനു കെട്ടിടം പണിയുക.

11. അകലക്കുന്നം F.W.C യ്ക്ക് സ്വന്തമായി സ്ഥലമില്ലാത്തതിനാൽ സ്ഥലം വാങ്ങി കെട്ടിടം പണിയണം.

12. ഉപകേന്ദ്രങ്ങളിൽ ആഴ്ചയിൽ രണ്ടു പ്രാവശ്യം ഡോക്ടർ വരികയും ഗർഭിണികളേയും കുട്ടികളേയും പരിശോധിക്കുകയും വേണം.

13. ഓരോ വ്യക്തിക്കും ഹെൽത്ത് കാർഡ് ഏർപ്പെടുത്തുക.

14. ഒരു മിനി ഓപ്പറേഷൻ തീയേറ്റർ നിർമ്മിക്കുക.

15. ഒരു പ്രസവവാർഡ് സ്ഥാപിക്കണം.

മൂഴൂർ ആയുർവേദ ഡിസ്പെൻസറിക്കു വേണ്ട നിർദ്ദേശങ്ങൾ

1. ആയുർവേദ ഡിസ്പെൻസറി ആശുപത്രി ആയി ഉയർത്തുക. നാട്ടുകാർ സംഭാവന ചെയ്ത 20 സെൻറ് സ്ഥലത്ത് കെട്ടിടം പണിത് കുറഞ്ഞത് 20 രോഗികളെയെങ്കിലും കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ടാക്കുക.

2. ജീർണ്ണിച്ചു താഴെ വീഴാറായി ഇരിക്കുന്ന കെട്ടിടം അറ്റകുറ്റപ്പണികൾ തീർത്ത് ഉപയോഗയോഗ്യമാക്കുക. പഞ്ചകർമ്മ ചികിത്സാ വിഭാഗവും മർമ്മചികിത്സാ വിഭാഗവും കൂടെ ആരംഭിക്കുക.

3. പന്നഗം തോടിന്റെ അരിക് ഭിത്തികെട്ടി ആശുപത്രി കെട്ടിടം സംരക്ഷിക്കുക. ആശുപത്രിക്ക് ആവശ്യമായ ഫർണീച്ചറുകൾ വാങ്ങിക്കുക. ആശുപത്രിയോടനുബന്ധിച്ച് ഒരു തിരുമ്മു ചികിത്സാ കേന്ദ്രം ആരംഭിക്കുക. പൊതു ജന പങ്കാളിത്വത്തോടെ ഈ പദ്ധതികൾ നടപ്പാക്കുക.

4. ജലസേചന സൗകര്യമുണ്ടാക്കിയാൽ ഔഷധ സസ്യങ്ങൾ വച്ചു പിടിപ്പിക്കാൻ സാധിക്കും. നിലവിലുള്ള കിണറ് ആഴം കൂട്ടുകയും സ്ഥലത്തിന് ചുറ്റുമതിൽ കെട്ടുകയും ചെയ്യണം.

5. ഇവിടെ നിയമിതരാകുന്ന ജോലിക്കാർക്കു വേണ്ടി ക്വാർട്ടേഴ്സ് പണിയുക.

കരിമ്പാനി ഹോമിയോ ഡിസ്പെൻസറി

1. 10 രോഗികളെയെങ്കിലും കിടത്തി ചികിത്സിക്കാനുള്ള സൗകര്യത്തോടു കൂടി ഈ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തുക. ആവശ്യമായ കെട്ടിടം, അടുക്കള ഇവ ഉണ്ടാക്കുക.

2. ഡിസ്പെൻസറിയിൽ വാങ്ങിവച്ചിരിക്കുന്ന പമ്പ് പ്രവർത്തനക്ഷമമാക്കി ജലവിതരണം സുഗമമാക്കുക.

3. കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ തീർക്കുക.

4. ഡിസ്പെൻസറിയിലേക്കുള്ള വഴി ടാർ ചെയ്യുക.

5. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ആംബുലൻസ് ഏർപ്പെടുത്തുക.

6. മദ്യത്തിന്റെ ഉപയോഗം മനുഷ്യന്റെ ആരോഗ്യത്തേയും ബുദ്ധിയേയും സമ്പത്തിനേയും വളരെ ദോഷമായി ബാധിക്കുമെന്നതുകൊണ്ട് ഈ പഞ്ചായത്തിൽ സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുകയും ജനങ്ങളിൽ ബോധവൽക്കരണം നടത്തുകയും വേണം.

7. അപകടകാരിയായ എയ്ഡ്സ് രോഗത്തെപ്പറ്റി പഞ്ചായത്തു തലത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുകയും ബോധവൽക്കരണം നടത്തുകയും ചെയ്യണം.

8. പൂവത്തിളപ്പിൽ ഒരു പ്രകൃതി ചികിത്സാ കേന്ദ്രവും യോഗാ, ജിംനേഷ്യം, കരാട്ടെ ഇവയുടെ പരിശീലന കേന്ദ്രങ്ങളും സ്ഥാപിക്കുക.

5-5 വ്യവസായം

അകലക്കുന്നം ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വ്യവസായ രംഗത്തെ സ്ഥിതി പരിശോധിച്ചാൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് എന്നു കാണാം.

വൻകിട വ്യവസായങ്ങൾ ഇവിടെ സ്ഥാപിക്കപ്പെടുന്നതിന് പ്രതിബന്ധമായി പല കാരണങ്ങൾ കാണപ്പെടുന്നു. 1. ശരിയായ റോഡുകളുടെ അഭാവം. 2. എല്ലാ കാലങ്ങളിലും വെള്ളം സുലഭമായി ലഭ്യമല്ലാത്ത അവസ്ഥ. 3. വൈദ്യുതി പ്രതിസന്ധി. 4. അസംസ്കൃത സാധനങ്ങളുടെ പരിമിതി; ഏതു വ്യവസായവും തുടങ്ങുന്നതിന് അത്യന്താപേക്ഷിതമായ ഘടകങ്ങളാണിവ.

എന്നാൽ ചെറുകിട വ്യവസായങ്ങൾക്ക് മേൽ പറയപ്പെട്ട കാരണങ്ങൾ പ്രതിബന്ധമല്ലെങ്കിലും വ്യവസായ സംരഭകർ ഈ രംഗത്തേയ്ക്ക് കടന്നു വരാൻ മടിക്കുന്നു. കാരണം റബ്ബർ കൃഷി ഈ പ്രദേശത്തിനു യോജിക്കുന്നതുകൊണ്ടും താരതമ്യേന ലാഭമായതുകൊണ്ടും മിക്കവാറും ഭൂ ഉടമകൾ റബ്ബർ കൃഷിയിലാണ് വ്യാപൃതരായിരിക്കുന്നത്.

ചെറുകിട വ്യവസായങ്ങളുടെ വളർച്ച കൊണ്ടു മാത്രമേ ജനങ്ങൾക്കു തൊഴിലും ജീവിത സൗകര്യവും വർദ്ധിക്കുകയുള്ളൂ. ഇതിനായി ജനങ്ങളിൽ ഒരു വ്യവസായ സംസ്ക്കാരം വളർത്തി എടുക്കേണ്ടതായിട്ടുണ്ട്. വ്യവസായ സംരംഭകരെ കണ്ടെത്തുന്നതിനും വ്യവസായം തുടങ്ങുന്നതിനും മറ്റും വേണ്ടത്ര പ്രോത്സാഹനം നൽകണം. വ്യവസായ ഉൽപ്പന്നങ്ങളുടെ ആദായകരമായ വിപണനത്തിനുള്ള ഉപാധികൾ ഏർപ്പെടുത്തിയും ആരോഗ്യകരമായ തൊഴിലാളി- മാനേജ്മെൻറ് ബന്ധം ഉറപ്പാക്കുകയും ചെയ്ത വ്യവസായ സംരംഭകരുടെ ആശങ്കയ്ക്കു പരിഹാരം കണ്ടെത്തിയേ മതിയാകൂ. വ്യവസായത്തിൻെറ നിലൽപ്പിന് ആവശ്യമായിട്ടുള്ള ഒരു തൊഴിൽ സംസ്ക്കാരവും വളർത്തിയെടുക്കേണ്ടതാണ്.

റബ്ബർ പ്രധാന കൃഷിയായുള്ള നമ്മുടെ പഞ്ചായത്തിൽ റബ്ബർ അധിഷ്ഠിത വ്യവസായത്തെ പ്രോത്സാഹിപ്പിക്കുകയും വളർത്തി എടുക്കുകയും വേണം. ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന റബ്ബറിൻെറ ഉദ്ദേശം 94% വും കേരളത്തിൽ നിന്നാണ്. അതിൽ ഈ പ്രദേശത്തിൻെറ സംഭാവന വളരെ മുന്നിൽ നിൽക്കുന്നു. ഗുണ മേൻമയുള്ള റബ്ബർ ഷീറ്റും റബ്ബർ പാലും ഇവിടെ സുലഭമാണ്. കേരളത്തിൽ ഉണ്ടാക്കുന്ന റബ്ബറിൻെറ ഭൂരിഭാഗവും കേരളത്തിനു പുറത്തു വച്ച് സംസ്ക്കരിച്ചുൽപ്പന്നങ്ങളാക്കുന്നു. ആ ഉൽപ്പന്നങ്ങൾ വൻ വിലയ്ക്കു നാം തന്നെ വാങ്ങുന്ന ദയനീയമായ അവസ്ഥയാണ് ഇപ്പോൾ നിലവിലുളളത്. ഈ സ്ഥിതി മാറിയേ മതിയാകൂ. അതുകൊണ്ട് റബ്ബർ അധിഷ്ഠിത ചെറുകിട വ്യവസായങ്ങൾക്കും പൊതുമേഖലാടിസ്ഥാനത്തിൽ വൻകിട വ്യവസായങ്ങൾക്കും ഇവിടെ നല്ല സാദ്ധ്യതകൾ ഉണ്ട്.

ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 9-ാം പഞ്ചവത്സര പദ്ധതിയിൽ പ്രത്യേകം ഊന്നൽ നൽകേണ്ടതുണ്ട്.

വ്യവസായ വളർച്ചയ്ക്ക് നിർദ്ദേശങ്ങൾ

1. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് താല്പര്യമുളളവരുടെ ഒരു ലിസ്റ്റ് പഞ്ചായത്തിൽ ശേഖരിക്കുകയും അവർക്ക് വ്യവസായ പരിശീലനം നൽകുവാൻ പഞ്ചായത്ത് ഏർപ്പാട് ഉണ്ടാക്കുകയും ചെയ്യണം.

2. പൊതു മേഖലാടിസ്ഥാനത്തിലോ, സഹകരണാടിസ്ഥാനത്തിലോ ഈ പഞ്ചായത്തിൽ ലഭ്യമാക്കുന്ന സ്ഥലത്ത് വ്യവസായം /വ്യവസായങ്ങൾ തുടങ്ങുന്നതിനുവേണ്ട സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകുകയും, ഉൽപ്പന്നങ്ങളുടെ ലാഭകരമായ വിപണനത്തിനുവേണ്ട സൗകര്യം ഉണ്ടാക്കുകയും ചെയ്യുക. വ്യവസായം തുടങ്ങുമ്പോൾ അന്തരീക്ഷ മലിനീകരണം ഉണ്ടാകാത്ത പ്രതിരോധ നടപടികൾ

വളരെ ശാസ്ത്രീയമായും, ഫലപ്രദമായും സ്വീകരിക്കുമെന്ന് ഉറപ്പു വരുത്തുകയും വേണം.

ഇത്തരത്തിലുള്ള വ്യവസായങ്ങൾ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ മാതൃകയിൽ സ്ഥാപിക്കണം. സ്ഥലം വാങ്ങുന്നതിനും കെട്ടിടം പണിയുന്നതിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും പ്രവർത്തന ഫണ്ട് രൂപീകരിക്കുന്നതിനും വേണ്ടി വരുന്ന തുകയ്ക്ക് ഇപ്പോൾ നൽകി വരുന്ന സാമ്പത്തിക സബ്സിഡി ഗണ്യമായി കൂട്ടുകയും, പലിശ കുറച്ചും, വായ്പാ കാലയളവ് കൂട്ടിയും, പ്രോത്സാഹനം നൽകണം. റബർ അധിഷ്ഠിതമല്ലാത്ത മറ്റ് വ്യവസായ സംരംഭകരേയും കണ്ടെത്തി മേൽ പറഞ്ഞ സാമ്പത്തിക സാങ്കേതിക സഹായം നൽകി വ്യവസായങ്ങൾ ആരംഭിക്കുകയും പ്രോത്സാഹിപ്പിയ്ക്കുകയും ചെയ്യുക. ഉദാഹരണമായി :- പരമ്പരാഗത വ്യവസായങ്ങളായ പനമ്പ്, കുട്ട, പായ്, പർപ്പടക നിർമ്മാണം, കളിമൺ പാത്ര നിർമ്മാണം മുതലായവ.

വ്യവസായ സംരംഭകരുടെ ഒരു സഹകരണ സംഘം രൂപീകരിച്ച് അസംസ്കൃത വസ്തുക്കളും വ്യവസായ ഉൽപ്പന്നങ്ങളും ആദായകരമായി ക്രയവിക്രയം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരയ്ക്കണം. സംഘത്തിന്റെ പ്രവർത്തനത്തിനു വേണ്ട മൂലധനം കുറഞ്ഞ പലിശയ്ക്ക് നൽകണം.

ഇപ്പോൾ പ്രവർത്തിയ്ക്കുന്ന ചെറുകിട വ്യവസായങ്ങൾ

1) കൈത്തറി വ്യവസായം

മറ്റക്കര മണലേൽ ഭാഗത്ത് 2 എണ്ണം ഭാഗീകമായി പ്രവർത്തിയ്ക്കുന്നു. ഈ മേഖലയിൽ പ്രവർത്തിയ്ക്കുന്നവർക്ക് ന്യായമായ വേതനം ലഭിക്കാത്തതും അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും ഈ വ്യവസായത്തിന്റെ പ്രതിസന്ധിയ്ക്ക് കാരണമാണ്. വൻകിട ഫാക്ടറികളിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളോട് കിട പിടിയ്ക്കാൻ ഈ ചെറുകിട വ്യവസായ ഉല്പന്നങ്ങൾക്ക് കഴിയുന്നില്ല എന്നതും തകർച്ചയുടെ മറ്റൊരു കാരണമാണ്. പീഡിത വ്യവസായമായി പ്രഖ്യാപിച്ച് ഗ്രാൻറുകൾ നൽകി സർക്കാർ ഈ വ്യവസായത്തെ നിലനിർത്താൻ ശ്രമിക്കണം. മറ്റക്കരയിലുള്ള ഖാദി ഗ്രാമ വ്യവസായ യൂണിറ്റ് പഞ്ചായത്ത് ഏറ്റെടുക്കണം.

2) റബ്ബർ ബാൻഡ് വ്യവസായം

നമ്മുടെ പഞ്ചായത്തിൽ റജിസ്റ്റർ ചെയ്തിട്ടു ള്ളത് ചെങ്ങളത്തെ റബർ ത്രഡ് ഉണ്ടാക്കുന്ന യൂണിറ്റ്, മൂഴൂരിൽ പ്രവർത്തിയ്ക്കുന്ന റബർ ബാൻഡ് യൂണിറ്റ്, ഇടമുളയിൽ പ്രവർത്തിയ്ക്കുന്ന റബർ ഫോം യൂണിറ്റ് എന്നിവയാണ്. ഈ വ്യവസായ ഉൽപ്പന്നങ്ങളുടെ വിപണനത്തിന് കുറെയൊക്കെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ലാഭകരമായി വിപണനത്തിന് വേണ്ടി സാമ്പത്തിക. സാങ്കേതിക സഹായം നൽകി വ്യവസായത്തെ പുരോഗമിപ്പിയ്ക്കണം.

3) ബേക്കറി വ്യവസായം:-

അകലക്കുന്നം പഞ്ചായത്തിൽ (ഒൻപതോളം) 9- ഓളം ചെറുകിട യൂണിറ്റുകളും പട്യാലി മറ്റം പ്രദേശത്ത് സാമാന്യം നല്ലനിലയിൽ പ്രവർത്തിയ്ക്കുന്ന ഒരു യൂണിറ്റും ഉണ്ട്. വളരെ തൊഴിൽ സാദ്ധ്യതയുള്ള വ്യവസായമാണ് ഇത്. ഗുണ നിലവാരം കൂടിയ ഉൽപ്പന്നങ്ങൾ നിർമ്മിച്ചാൽ ഗ്രാമീണ മേഖലയിൽതന്നെ വിപണിഉള്ള ഒരു വ്യവസായമാണിത്. സഹകരണ മേഖലയിലും ബേക്കറി വ്യവസായം ആരംഭിക്കാവുന്നതാണ്.

4) തടിമില്ലുകൾ (പായ്ക്കിംഗ് കേയ്സ് വ്യവസായം)

നമ്മുടെ പഞ്ചായത്തിൽ നിലവിൽ രണ്ടു മില്ലുകൾ പ്രവർത്തിയ്ക്കുന്നു. വൈദ്യുതിയുടെ കുറവാണ് ഈ രംഗത്തെ വലിയ പ്രശ്നം. അസംസ്കൃത വസ്തുക്കൾ സമയാസമയങ്ങളിൽ ലഭിക്കാത്തതും അവയ്ക്ക് പെട്ടെന്നുണ്ടാകുന്ന വിലക്കയറ്റവും പ്രശ്നങ്ങളാണ്.

5) പാറമടകൾ

പന്ത്രണ്ടോളം പാറമടകൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ഉല്പന്നങ്ങൾക്ക് ഉല്പന്നങ്ങൾക്ക് എന്നും വിപണന സാദ്ധ്യത വളരെയുള്ള ഒരു മേഖലയാണിത്. തൊഴിൽ അവസരങ്ങൾ ധാരാളം ഉണ്ടെങ്കിലും തൊഴിലാളികളുടെ ക്ഷാമം ഒരു പ്രശ്നമാണ്. പാറക്കെട്ടുകൾ ധാരാളവും, ജനസാന്ദ്രത കുറവുള്ളതുമായ മേഖലകളിൽ ഈ വ്യവസായത്തിന് സാദ്ധ്യത കൂടുതലാണ്. ഇതോടനുബന്ധിച്ച് ജനസാന്ദ്രത കുറവുള്ള മേഖലകളിൽ മെറ്റൽ ക്രഷറുകൾ ലാഭകരമായി പ്രവർത്തിപ്പിക്കാവുന്നതാണ്.

6) ഹോളോ ബ്രിക്സ്

നല്ല നിലയിൽ പ്രവർത്തിയ്ക്കുന്ന ഒരു യൂണിറ്റ് നമ്മുടെ പഞ്ചായത്തിലുണ്ട്. വളരെ വിപണന സാദ്ധ്യതയുള്ള വ്യവസായമാണിത്. നിരവധി തൊഴിലവസരവും ഉണ്ട്. ഈ പഞ്ചായത്തിൽ ഇനിയും സാദ്ധ്യതയുള്ള ഒരു വ്യവസായമാണിത്.

7) ഭക്ഷ്യ, ധാന്യ, കറി പൗഡർ വ്യവസായം

വ്യക്തികൾ നടത്തുന്ന രണ്ടു സ്ഥാപനങ്ങൾ നിലവിലുണ്ട്. വനിതകൾക്കും വൻതോതിൽ സഹകരണാടിസ്ഥാനത്തിൽ ചെയ്യാവുന്ന വ്യവസായമാണിത്. വിപണി കണ്ടെത്താൻ പ്രയാസമില്ല. ഈ വ്യവസായ വികസനത്തിന് സർക്കാരിന്റെ വിവിധ ഏജൻസികളുടെ സഹായം വൻതോതിൽ ആവശ്യമാണ്. നമ്മുടെ പഞ്ചായത്തിൽ ഇനിയും സാദ്ധ്യത വളരെ ഉള്ള വ്യവസായമാണിത്.

8) ബ്രോയിലർ കോഴി വ്യവസായം

നിലവിൽ നമ്മുടെ പഞ്ചായത്തിൽ ഇടമുളയിലും തെങ്ങും പളളിയിലും ഓരോ യൂണിറ്റുകൾ പ്രവർത്തിയ്ക്കുന്നു. വൻതോതിൽ വിപണന സാദ്ധ്യതയുള്ള വ്യവസായമാണിത്.

9) ആടു വളർത്തൽ കേന്ദ്രം

നിലവിൽ പഞ്ചായത്തിൽ ആടു വളർത്തൽ കേന്ദ്രം ഇല്ല. നല്ല വിപണന സാദ്ധ്യതയുള്ള (ആഭ്യന്തര വിപണിയും രാജ്യാന്തര വിപണിയും) വ്യവസായമാണിത്. സഹകരണാടിസ്ഥാനത്തിൽ ചെയ്യാവുന്നതാണ്.

10) പന്നി വളർത്തൽ കേന്ദ്രം

നിലവിൽ നമ്മുടെ പഞ്ചായത്തിൽ ഇല്ല. കൂത്താട്ടുകുളം M.P.I. മാതൃകയിൽ വൻതോതിൽ നടത്താവുന്ന വ്യവസായമാണിത്.

11) പുഷ്പ കൃഷി വ്യവസായം

നിലവിൽ പഞ്ചായത്തിൽ ഇല്ല. ഇൻഡ്യയിലും വിദേശത്തും നല്ല വിപണന സാദ്ധ്യതയുണ്ട്. സ്ത്രീകൾക്ക് വൻതോതിൽ ചെയ്യാവുന്ന വ്യവസായമാണ്. സാദ്ധ്യതയുള്ള വാർഡുകളിൽ ഈ കൃഷിയെ പ്രോത്സാഹിപ്പിക്കാം.

12) റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം

ഇവിടെ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്ന യൂണിറ്റ് ഇപ്പോൾ ഇവിടെ ഇല്ല. സ്ത്രീകൾക്കു ചെയ്യാവുന്നതും വളരെ വിപണന സാദ്ധ്യതയുള്ളതുമാണ്. നിരവധി പേർക്ക് തൊഴിലവസരവും കയറ്റുമതി സാദ്ധ്യതയും ഉണ്ട്.

13) പഴം സംസ്ക്കരണ വ്യവസായം

വനിതകൾക്കും പുരുഷൻമാർക്കും വൻതോതിൽ തൊഴിൽ സാദ്ധ്യതയുണ്ട്. സഹകരണ മേഖലയിൽ ഈ വ്യവസായം തുടങ്ങാവുന്നതാണ്.

14) മെഴുകുതിരി വ്യവസായം

രണ്ടു മെഴുകുതിരി യൂണിറ്റുകൾ ഈ പഞ്ചായത്തിലുണ്ട്. അസംസ്കൃത വസ്തുവായ പാരാഫിൻ വാക്സ് ദൗർലഭ്യം ഒരു പ്രശ്നമാണ്. വനിതകൾക്കും ചെയ്യാവുന്ന തൊഴിലാണിത്. പാരാഫിൻ വാക്സ് സുലഭമായി കിട്ടിയാൽ വൻ തോതിൽ നടത്താവുന്ന ഒരു കുടിൽ വ്യവസായമാണ്.

15) തീപ്പെട്ടി നിർമ്മാണം

പുരുഷൻമാർക്കും വനിതകൾക്കും ചെയ്യാവുന്ന തൊഴിലാണ് തീപ്പെട്ടി വ്യവസായം. ഈ പഞ്ചായത്തിൽ ഇതിന് വളരെ സാദ്ധ്യതയുണ്ട്. ഇപ്പോൾ നിലവിൽ ഒന്നുമില്ല.

16) അച്ചാർ വ്യവസായം

നമ്മുടെ പഞ്ചായത്തിൽ നിലവിലില്ല. സ്ത്രീകൾക്ക് വൻതോതിൽ നടത്താവുന്ന വ്യവസായമാണ്. വിപണന സാദ്ധ്യത വളരെയുള്ള ഈ വ്യവസായം വിവിധ വാർഡുകളിലോ പഞ്ചായത്തടിസ്ഥാനത്തിലോ സഹകരണ മേഖലയിൽ ആരംഭിക്കാം.

കാലിത്തീറ്റ

നമ്മുടെ പഞ്ചായത്തിലും സമീപ പഞ്ചായത്തുകളിലും ഇല്ലാത്ത ഒരു വ്യവസായമാണിത്. അസംസ്കൃത വസ്തുക്കൾ സംഘടിപ്പിച്ച് വ്യാവസായികാടിസ്ഥാനത്തിൽ ലാഭകരമായി നടത്തുവാൻ സാധിക്കും. കന്നുകാലി വളർത്തൽ നമ്മുടെ നാട്ടിലെ പ്രധാന ഉപജീവന മാർഗ്ഗമായി നടത്തുന്ന നിരവധി കർഷകരുണ്ട്. കന്നുകാലികൾക്ക് പുല്ലിനും വയ്ക്കോലിനും ഒപ്പം കാലിത്തീറ്റ കൂടി അനിവാര്യമായിരിക്കുന്നു. ഇങ്ങനെയുള്ള വ്യവസായങ്ങൾക്ക് സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നല്കി പ്രോഹത്സാഹിപ്പിക്കേണ്ടതാണ്. പ്രത്യേകിച്ചും വനിതാ വ്യവസായ യൂണിറ്റുകൾക്ക് പ്രോത്സാഹനം നല്കുക, വ്യവസായങ്ങൾക്ക് എളുപ്പത്തിൽ നിയമാനുസൃതമായി ലൈസൻസ് ലഭിക്കുന്നതിനും നടപടികൾ ഉണ്ടാകണം.

ടൂറിസം

ഈ പഞ്ചായത്തിലെ ചെങ്ങളം വാർഡിലെ കിടാക്കുഴി എന്ന സ്ഥലം വളരെ മനോഹരമാണ്. സഞ്ചാരികളെ ആകർഷിക്കുവാൻ തക്ക മനോഹര കാഴ്ചകൾ പ്രകൃതിദത്തമായി തന്നെ അവിടെ ഉണ്ട്. അവിടം ഒരു ടൂറിസ്റ്റു കേന്ദ്രമാക്കി ഉയർത്തുവാൻ നടപടികൾ സ്വീകരിക്കണം. കൂടാതെ ഈ പഞ്ചായത്തിലെ തുരുത്തിപ്പള്ളിയിൽ ഒരു ടൂറിസ്റ്റു കേന്ദ്രം ഉണ്ടാക്കി സ്വിമ്മിംഗ്പൂൾ ഉദ്യാനം എന്നിവ ഉണ്ടാക്കി സഞ്ചാരികളെ ആകർഷിക്കാം.

ഖാദി ഗ്രാമ വ്യവസായം, തേനീച്ച വളർത്തൽ, പട്ടുനൂൽപ്പുഴുവളർത്തൽ തുടങ്ങിയവയ്ക്കും പ്രോത്സാഹനം നൽകാവുന്നതാണ്. പഞ്ചായത്ത ടിസ്ഥാനത്തിൽ റബർത്തടി സംസ്ക്കരണ യൂണിറ്റുകൾ തെക്കുംതലയിലോ, കാഞ്ഞിരമറ്റത്തോ സ്ഥാപിക്കാം.തടിയറപ്പുമില്ല്, ഫർണ്ണീച്ചർമാർട്ട് എന്നിവ തെക്കുംതല വാർഡിൽ ആരംഭിക്കാവുന്നതാണ്. മേല്പറഞ്ഞ എല്ലാ ചെറുകിട വ്യവസായങ്ങളിലൂടെയും വനിതകൾക്കും പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കും തൊഴിൽ സാദ്ധ്യതകൾ വളരെയുണ്ട്.

ആധുനിക വ്യവസായം

മഞ്ഞാമറ്റത്ത് ഗോമാവുഡ് പ്രൊഡക്റ്റസ് എന്ന പേരിൽ റബർത്തടി സംസ്കരിച്ച് വിദേശങ്ങളിലേക്ക് കയറ്റി അയക്കുന്ന ഒരു എക്സ്പോർട്ട് കമ്പനി നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. അവിടെ 15 ഓളം തൊഴിലാളികൾ നേരിട്ടും 40 ഓളം തൊഴിലാളികൾ പരോക്ഷമായും പണി ചെയ്യുന്നു. ഫാക്ടറി നല്ല നിലയിൽ തന്നെ പ്രവർത്തിക്കുന്നു. ഈ ഫാക്ടറിയിലും വനിതകൾക്കും പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കും ധാരാളം തൊഴിലവസരങ്ങൾ ഉണ്ട്. സഹകരണ മേഖലയിൽ ഗവ: പങ്കാളിത്തത്തോടെ വൻകിട ടയർ ഫാക്ടറിക്ക് നമ്മുടെ പഞ്ചായത്തിൽ സാദ്ധ്യതയുണ്ട്. കാഞ്ഞിരമറ്റത്ത് ഇത്തരത്തിലുള്ള ഒരു റബറധിഷ്ഠിത വ്യവസായം തുടങ്ങാം. ചെങ്ങളം വാർഡിൽ 110 ഏക്കർ സ്ഥലം ഒന്നിച്ചു കിട്ടാൻ സാദ്ധ്യതയുണ്ട്. ഇവിടെ ഒരു മിനി വിമാനത്താവളത്തിന് നേരത്തെ നിർദ്ദേശം കൊടുത്തിരുന്നതാണ്. ഇൻഡസ്ട്രീയൽ എസ്റ്റേറ്റായും ഉപയോഗിക്കുന്നതിന് ഇത് ഉപകരിക്കാം. അതിനു വേണ്ട നടപടി ഗവ: പക്ഷത്തു നിന്നും ഉണ്ടാകേണ്ടതാണ്. ധാരാളം പേർക്ക് തൊഴിലവസരവും ഉണ്ടാകും.

ഇലക്ട്രോണിക്സ് യൂണിറ്റുകൾ

റേഡിയോ, T.V., ടെലഫോൺ തുടങ്ങിയവ അസംബിൾ ചെയ്യുന്നതിനും, നന്നാക്കുന്നതിനും വേണ്ട പരിശീലനം കൊടുത്ത് ആ തൊഴിലുകളിലേയ്ക്ക് യുവജനങ്ങളെ ആകർഷിക്കാം. ഇന്ന് ആ രംഗത്ത് ആശാവഹമായ തൊഴിൽ സാദ്ധ്യത ഉണ്ട്.

വ്യവസായങ്ങളിൽ നിന്നു് അന്തരീക്ഷത്തിലുണ്ടാകുന്ന ശബ്ദ, വായു, ജലമലിനീകരണങ്ങൾ എല്ലാം തന്നെ ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്നവയാണ്. അതുകൊണ്ട് ഇങ്ങനെ മലിനീകരണങ്ങൾ ഉളള വ്യവസായങ്ങൾക്ക് ലൈസൻസ് കൊടുക്കുമ്പോൾ പരിസ്ഥിതി പ്രശ്നങ്ങൾ പ്രത്യേകം കണക്കിലെടുക്കുകയും അവയുടെ നിയന്ത്രണത്തിനാവശ്യമായ കർശന നിയമങ്ങൾ പാലിക്കുകയും ചെയ്യേണ്ടതാണ്.

ഈ റിപ്പോർട്ടിൽ വരാത്തതും തൊഴിലില്ലായ്മക്കു പരിഹാരം കാണാൻ സാധിക്കുന്ന രീതിയിലുളളതുമായ നിരവധി ചെറുകിട വ്യവസായങ്ങൾ ഇനിയുമുണ്ട്. വ്യവസായങ്ങൾ തുടങ്ങുന്നതിന് സർക്കാരിന്റെ വിവിധ ഏജൻസികളിൽ നിന്ന് ലഭിക്കേണ്ട സഹായ സഹകരണങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കുകയും തൊഴിലാളികൾക്ക് തൊഴിൽ സംസ്ക്കാരത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും ഊർജ്ജ പ്രതിസന്ധിയും ഗതാഗത വാർത്താ വിനിമയ സൗകര്യങ്ങളും വർദ്ധിപ്പിയ്ക്കുകയും ചെയ്താൽ നല്ല രീതിയിൽ നമ്മുടെ പഞ്ചായത്തിനെ വ്യാവസായികമായി വികസിപ്പിച്ചെടുക്കാം.

5-6 ഗതാഗതവും ഊർജ്ജവും

അകലക്കുന്നം പഞ്ചായത്തിലെ എല്ലാ വർഡുകളിലും എത്തുന്നതിനുള്ള ഏക മാർഗ്ഗം റോഡുകൾ ആണ്. ഹൈവേ വിഭാഗത്തിൽപ്പെടുന്ന റോഡുകൾ ഇവിടെ ഇല്ല. പൊതുമരാമത്തു വകുപ്പിന്റെ അധീനതയിലുള്ള റോഡുകളും, പഞ്ചായത്തിന്റെ മേൽനോട്ടത്തിലുള്ള ഗ്രാമീണ റോഡുകളും മാത്രമാണുള്ളത്. പഞ്ചായത്തിന്റെ ആസ്ഥാനമായ പൂവത്തിളപ്പിൽ കൂടി കടന്നു പോകുന്ന വാഴൂർ-പുലിയന്നൂർ റോഡാണ് ഈ നാട്ടിൽ ആദ്യമായി നിർമ്മിക്കപ്പെട്ട P.W.D. റോഡ്. രാജഭരണകാലത്ത് വെട്ടിയ ഇതിന്റെ നിർമ്മാണം കഴിഞ്ഞിട്ട് 100 വർഷത്തോളമായി. പ്രസ്തുത റോഡുമായി ബന്ധിപ്പിച്ചുകൊണ്ട് പിൽക്കാലത്ത് പല റോഡുകൾ നിർമ്മിക്കപ്പെട്ടു. അവയെല്ലാം നാട്ടുകാരായ പൊതുജനങ്ങൾ മുൻകൈ എടുത്ത് നിർമ്മിക്കപ്പെട്ടവയാകുന്നു. വാഴൂർ-പുലിയന്നൂർ റോഡ് ഒഴിച്ച് ഇന്നു കാണുന്ന PWD റോഡുകളിൽ ഭൂരിപക്ഷവും പഞ്ചായത്തിന്റെ രൂപീകരണത്തിനു മുമ്പു തന്നെ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് വികസന പണികൾ നടത്തിയിട്ടുള്ളവയാണ്. പഞ്ചായത്തിന്റെ രൂപീകരണത്തോടുകൂടി PWD റോഡുകൾ ഒഴിച്ചുള്ള എല്ലാ ഗ്രാമീണ റോഡുകളും പഞ്ചായത്തിന്റെ നിയന്ത്രണത്തിലായി. ഗ്രാമീണ റോഡുകൾ പഞ്ചായത്തിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ട അവസരത്തിൽ റോഡുകളുടെ അവസ്ഥ വളരെ ശോചനീയമായിരുന്നു. ഒറ്റ റോഡിലും കലുങ്കുകളോ, പാലങ്ങളോ ഉണ്ടായിരുന്നില്ല. ചില റോഡുകളിൽ പൊതുജനങ്ങൾ താല്ക്കാലികമായി നിർമ്മിച്ചിരുന്ന തടിപ്പാലങ്ങൾ ഉണ്ടായിരുന്നെങ്കിലും ജീർണ്ണാവസ്ഥയിലായിരുന്നതിനാൽ അവയിൽ കൂടി വാഹനങ്ങൾ ഓടിക്കുവാൻ സാധിക്കുമായിരുന്നില്ല. ഭൂരിപക്ഷം റോഡുകൾക്കും ആവശ്യമുള്ള വീതി ഇല്ലായിരുന്നു. അത്യാവശ്യം വേണ്ട സ്ഥാനങ്ങളിൽ പോലും ഓടകൾ ഇല്ലാതിരുന്നതിനാൽ റോഡിൽ കൂടി മഴവെള്ളം ഒഴുകി കാളവണ്ടിയ്ക്കു പോലും പോകുവാൻ വിഷമമുള്ള അവസ്ഥയിലായിരുന്നു. പഞ്ചായത്ത് രൂപം കൊണ്ടതിനെ തുടർന്ന് റോഡുകളുടെ വികസനകാര്യത്തിൽ മുൻഗണന കൊടുത്ത് പ്രവർത്തിച്ചതിന്റെ ഫലമായി ഘട്ടം ഘട്ടമായി ഏതാണ്ട് നല്ല പങ്ക് റോഡുകളും വാഹനഗതാഗതത്തിന് അനുയോജ്യമായ നിലയിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ 77 കിലോമീറ്റർ നീളം പഞ്ചായത്ത് റോഡുകലും 58 കിലോമീറ്റർ നീളം PWD റോഡുകളും ഉണ്ട്.

ഈ പഞ്ചായത്തിൽ കൂടി ബസ് സർവ്വീസ് ആരംഭിച്ചിട്ട് 50 വർഷത്തോളം ആയിട്ടുണ്ട്. വാഴൂർ-പുലിയന്നൂർ റോഡിൽ കൂടി ആരംഭിച്ച ആദ്യത്തെ ബസ് സർവ്വീസുകൾ മുത്തോലിക്കടവ് വരെ മാത്രമെ ഉണ്ടായിരുന്നുള്ളു. 1962ൽ മുത്തോലിക്കടവിൽ പാലം നിർമ്മിച്ചതോടുകൂടി പാലായിലേയ്ക്ക് ബസ് സർവ്വീസുകൾ നീട്ടുകയുണ്ടായി. അതുപോലെ തന്നെ ചൂവന്ന പ്ലാവിൽ പാലം ഇല്ലാതിരുന്നതുകൊണ്ട് കോട്ടയത്തു നിന്നും ഇങ്ങോട്ടുള്ള ബസ്സർവ്വീസുകൾ മറ്റക്കരയിൽ മണലേൽ എന്ന സ്ഥാനത്ത് അവസാനിപ്പിക്കുകയായിരുന്നു. ചൂവന്ന പ്ലാവിൽ പാലം നിർമ്മിച്ചതോടുകൂടി പ്രസ്തുത സർവ്വീസുകൾ പഞ്ചായത്തിന്റെ കിഴക്കുഭാഗത്തുകൂടി പൊൻകുന്നത്തേയ്ക്ക് ദീർഘിപ്പിച്ചു. ഏതാനും വർഷങ്ങൾ കൂടി കഴിഞ്ഞപ്പോൾ കോട്ടയത്തു നിന്നും ചില സർവ്വീസുകൾ പാലായിലേയ്ക്കും നീട്ടി.

ഈ പഞ്ചായത്തിലുള്ള PWD റോഡുകൾ മുഴുവനും തന്നെ കുണ്ടും കുഴിയും നിറഞ്ഞ് വളരെ മോശമായ നിലയിലാണ്. കാലാകാലങ്ങളിൽ ശരിയായ രീതിയിൽ അറ്റകുറ്റപ്പണികൾ നടത്താത്തതാണ് ഈ ദുരവസ്ഥയ്ക്കു കാരണം. വർഷങ്ങളായിട്ട് കോട്ടയത്തേയ്ക്ക് സർവ്വീസ് നടത്തിയിരുന്ന പല ബസുകളും സർവ്വീസ് നിർത്തിവയ്ക്കുകയുണ്ടായി. മറ്റു പല സ്ഥലങ്ങളിലും ഒന്നോ. രണ്ടോ ബസുകളോടുകൂടി ആരംഭിച്ച ബസ് സർവ്വീസുകൾ ക്രമേണ വികസിപ്പിച്ച് അനേകം ബസുകൾ സർവ്വീസ് നടത്തുന്ന വൻ പ്രസ്ഥാനം ആയി വളരുന്ന കാഴ്ചയാണ് നമ്മുടെ ദൃഷ്ടിൽപ്പെടുന്നത്. എന്നാൽ നമ്മുടെ പഞ്ചായത്തിലെ PWD റോഡുകളുടെ ശോചനീയാവസ്ഥ കാരണത്താൽ ആദ്യമെ ഉണ്ടായിരുന്ന പല ബസ് സർവ്വീസുകളും നിറുത്തിപോകുന്ന ദുഃഖകരമായ കാഴ്ചയും നമുക്ക് കാണേണ്ടി വരുന്നു.

ഈ പഞ്ചായത്തിലെ മുഖ്യ പ്രശ്നങ്ങളിൽ ഒന്നാണ് യാത്രയിൽ അനുഭവപ്പെടുന്ന വർണ്ണനാതീതമായ ക്ലേശങ്ങൾ. പാലാ-കൊടുങ്ങൂർ റൂട്ട് ഒഴിച്ച് മറ്റെല്ലാ സ്ഥലങ്ങളിലും രണ്ടും മൂന്നും മണിക്കൂർ കാത്ത് നിന്നാൽ മാത്രമെ ബസ് കിട്ടുകയുള്ളു. യാത്രക്കാരെ സംബന്ധിച്ചിടത്തോളം ജീവിതത്തിലെ ഏറ്റവും വിലപ്പെട്ട ഒട്ടേറെ സമയം ബസ് കാത്ത് നഷ്ടപ്പെടാൻ ഇടയാകുന്നു. ദിവസംപ്രതി ബസിൽ യാത്ര ചേയ്യേണ്ട ഒട്ടേറെ ആളുകൾ ഈ പഞ്ചായത്തിൽ

ഉണ്ട്. തൊഴിലാളികൾ, വിദ്യാർത്ഥികൾ, അദ്ധ്യാപർ, കൃഷിക്കാർ, ബിസിനസുകാർ, വക്കീലന്മാർ, ഡോക്ടർമാർ, സർക്കാർ ഉദ്യോഗസ്ഥർ തുടങ്ങി ജീവിതത്തിന്റെ നാനാതുറയിൽപ്പെട്ടവർ ഈ വിഭാഗത്തിൽപ്പെടുന്നു. ഇത്രയധികം ആളുകളുടെ യാത്രാ സംബന്ധമായ ആവശ്യങ്ങൾ നിറവേറ്റാൻ തക്ക സൗകര്യം ഇന്ന് ലഭ്യമല്ല. ബസ്സുകൾ ഓടുന്ന PWD റോഡുകളുടെ ശോച്യാവസ്ഥയാണ് ഈ ദുരവസ്ഥയ്ക്കു മുഖ്യകാരണം.

ഈ പ്രദേശത്തു നിന്നും കോട്ടയത്ത് പോകുവാൻ എളുപ്പവഴിയായ വെള്ളൂർ-മഞ്ഞാമറ്റം-കൊഴുവനാൽ റോഡിന്റെ നിർമ്മാണം പൂർത്തിയായിട്ടില്ല. റോഡ് കടന്നു പോകുന്ന മൂക്കൻകുടി ഭാഗത്ത് പാലം നിർമ്മിച്ചിട്ടില്ലാത്തതുകൊണ്ട് റോഡിന്റെ പ്രയോജനം ലഭിക്കാതെ വരുന്നതാകയാൽ, അടിയന്തിരമായി മുക്കൻകുടിയിൽ പന്നഗം തോടിന് പാലം നിർമ്മിക്കേണ്ടതാകുന്നു.

പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകളുടെ സ്ഥിതി പരിശോധിച്ചാൽ, തൃപ്തികരമല്ലെന്ന് കാണാവുന്നതാണ്. ആകെയുള്ള 77 കിലോമീറ്റർ പഞ്ചായത്തുറോഡുകളിൽ 32 കിലോമീറ്റർ നീളം ടാർ ചെയ്തിട്ടുണ്ട്. ഇവയിൽ മിക്ക റോഡുകളും പൊട്ടി കേടായിക്കിടക്കുന്നതിനാൽ അവയെല്ലാം റീടാർ ചെയ്യേണ്ടതാണ്.

റീടാർ ചെയ്യേണ്ട പഞ്ചായത്തു റോഡുകളുടെ ലിസ്റ്റ്

ക്രമനമ്പർ റോഡിന്റെ പേര്

1 കവലയ്ക്കൽ - ഇളപ്പാനി റോഡ്
2 മണൽ - ഇളപ്പാനി റോഡ്
3 ആലുംമൂട് - നല്ലമ്മക്കുഴി റോഡ്
4 മഞ്ഞാമറ്റം - വടക്കേടം റോഡ്
5 മഞ്ഞാമറ്റം - വാഴക്കാല റോഡ്
6 ചൂരക്കുന്ന് - കെഴുവുംകുളം റോഡ്
7 അയിരൂർ - ടെമ്പിൾ റോഡ്
8 വാഴപ്പള്ളികടവ് - പടിഞ്ഞാറെക്കടവ് റോഡ്
9 ചുവന്നപ്ലാവ് - മൂക്കൻകുടി റോഡ്
10 തറക്കുന്ന് - അരുവിക്കുഴി റോഡ്
11 മൂഴൂർ - മണലുങ്കൽ റോഡ്
12 കക്കാട് - ഇടപ്പള്ളിക്കുന്ന് റോഡ്
13 മണലുങ്കൽ - ഇടമുള റോഡ്
14 പാറശ്ശേരി - ഇടമുള റോഡ്
15 കാഞ്ഞിരമറ്റം - ഇടിയാകുന്ന് റോഡ്
16 കാഞ്ഞിരമറ്റം - ആനിക്കാട് റോഡ്
17 കാഞ്ഞിരമറ്റം - കൊഴുവനാൽ റോഡ്
18 കാഞ്ഞിരമറ്റം - സത്യനാഥ ടെമ്പിൾ റോഡ്
19 നായിപ്ലാവ് - വെള്ളക്കല്ല് റോഡ്
20 മൂന്നുപീടിക-പൂവത്തോലി റോഡ്
21 മുണ്ടൻകുന്ന്-ആനിക്കാട് റോഡ്
22 മുണ്ടൻകുന്ന് - കാഞ്ഞിരമറ്റം റോഡ്
23 തെങ്ങുംപള്ളി - കിഴക്കടമ്പ് റോഡ്
24 എടക്കാട്ടുതറ - വാഴക്കാല റോഡ്
25 തെങ്ങുംപള്ളി - മുല്ലുവാരം റോഡ്
26 മൂഴിപ്ലാവ് - കിടാക്കുഴി റോഡ്
27 മഞ്ഞാമറ്റം - മടുക്കോലി റോഡ്
28 തച്ചിലങ്ങാട്ട് - മുല്ലക്കരി ക്ടാക്കുഴി റോഡ്
29 ചെങ്ങളം - പൂവേലി റോഡ്
30 ആലഞ്ചേരി - വാഴക്കാല റോഡ്
31 ചെങ്ങളം മാർക്കറ്റ് - പന്തപ്ലാക്കൽ റോഡ്
32 മണ്ണനാൽ - കാവുംപുറം റോഡ്
33 ചെങ്ങളം - പൊങ്ങൻപാറ റോഡ്
34 പടിഞ്ഞാറേകടവ് - മുണ്ടുവാല റോഡ്
35 പൂവത്തിളപ്പ് - തണ്ണിപ്പാറ കവല റോഡ്
36 അരുവിക്കുഴി - മൂഴൂർ

45 കിലോമീറ്റർ നീളം പഞ്ചായത്ത് റോഡ് മൺറോഡുകളാകയാൽ അവയുടെ സ്ഥിതിയും വളരെ മോശമാണ്. ഈ റോഡുകൾ എല്ലാം തന്നെ വളരെ പ്രധാനപ്പെട്ടതും ഏറെ വികസന സാധ്യതകളുള്ളവയുമാണ്. എന്നാൽ പഞ്ചായത്ത് ഫണ്ടിന്റെ കുറവ് നിമിത്തം പ്രസ്തുത റോഡുകൾ വികസിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ റോഡുകളിൽ കൂടി ചെറിയ വാഹനങ്ങളായ കാറും, ഓട്ടോറിക്ഷാകളും പോവുകയില്ല. തൻനിമിത്തം ഗ്രാമവാസികൾക്ക് ഏറെ യാത്രാക്ലേശം നേരിടുന്നു. 57 മൺറോഡുകളാണ് ഈ വിഭാഗത്തിലുള്ളത്. ഈ റോഡുകൾ എല്ലാം മെറ്റൽ ചെയ്ത് ടാർ ഇടേണ്ടതാകുന്നു. അവയുടെ ലിസ്റ്റുകൾ പട്ടിക 2 - ൽ കൊടുത്തിരിക്കുന്നു.

പട്ടിക 2

മെറ്റൽ ഇട്ട് ടാർ ചെയ്യേണ്ട മൺറോഡുകളുടെ ലിസ്റ്റ്

ക്രമനമ്പർ റോഡിന്റെ പേര്

1. മണ്ണൂർപള്ളി - വയലുങ്കൽ റോഡ് ബാക്കിഭാഗം
2. മണൽ - ഇളപ്പാനി റോഡ്
3. ആലുംമൂട് - നല്ലമ്മക്കുഴി റോഡ് ബാക്കിഭാഗം
4. മഞ്ഞാമറ്റം - വാഴക്കാല റോഡ് ബാക്കിഭാഗം
5. കുളങ്ങര - പറപ്പള്ളിത്താഴെ റോഡ്
6. ചൂരക്കുന്ന് - കെഴുവുംകുളം റോഡ് ബാക്കിഭാഗം
7. മുണ്ടുവാല - കെഴുവുംകുളം റോഡ്
8 നെല്ലിക്കുന്ന് - വെള്ളറ റോഡ്
9. കാഞ്ഞിരമറ്റം സത്യനാഥ ടെമ്പിൾ-പൂവേലി റോഡ് 2
10. മഞ്ഞക്കാവ് - ചൂണ്ടമല റോഡ്
11. പൂവത്തിങ്കൽ - ചുണ്ടമല റോഡ്
12 വാഴപ്പള്ളികടവ് - പടിഞ്ഞാറേകടവ് റോഡ് ബാക്കി ഭാഗം
13. ചുവന്ന പ്ലാവ് - മൂക്കൻകുടി റോഡ് ബാക്കിഭാഗം
14. കരിമ്പാനി - വെള്ളറ റോഡ്
15. കരിമ്പാനി - കുഴിഞ്ഞമല റോഡ്
16. മൂഴൂർ - മണലുങ്കൽ റോഡ് ബാക്കിഭാഗം

17. കക്കാട് - ഇടപ്പള്ളിക്കുന്ന് റോഡ് ബാക്കിഭാഗം
18. മണലുങ്കൽ - ഇടമുള റോഡ് ബാക്കിഭാഗം
19. ഇടമുള - ചൂരക്കുന്ന് റോഡ്
20. പാറശ്ശേരി - ഇടമുള റോഡ് ബാക്കി ഭാഗം
21 കാഞ്ഞിരമറ്റം - സത്യനാഥടെമ്പിൾ റോഡ് ബാക്കി ഭാഗം
22. മുണ്ടൻകുന്ന് - കാഞ്ഞിരമറ്റം റോഡ് ബാക്കിഭാഗം
23. തെങ്ങുംപിള്ളി - കിഴക്കടമ്പ് റോഡ് ബാക്കിഭാഗം
24. എടക്കാട്ടുതറ - വാഴക്കാലാ റോഡ് ബാക്കിഭാഗം
25. മൂഴൂർ - വാകമലപ്പടി റോഡ്
26. അരുവിക്കുഴി - മൂഴൂർപ്പള്ളി റോഡ്
27. മൈങ്കുണ്ടം - വാകമലപ്പടി റോഡ്
28. തെങ്ങുംപള്ളി - കാരങ്ങാട്ട് റോഡ്
29. എഴുമാന്ത - പാണ്ടിയേപ്പള്ളി റോഡ്
30. പൂച്ചാല - തോണക്കര റോഡ്
31. ആലുങ്കൽ തകിടി - മേടക്കൽ റോഡ്
32. കിഴക്കടമ്പ് - തെക്കുംതല റോഡ്
33. വാഴക്കാല - കൊച്ചുമറ്റം റോഡ്
34. അറയ്ക്കൽ - കോളനി റോഡ്
35. പായിക്കാട്ട് - കരിമ്പാനി റോഡ്
36. ചെളിക്കുഴി - മറ്റപ്പള്ളി റോഡ്
37. തെക്കുംതല - മേടക്കൽ റോഡ്
38. അതിരുമുണ്ട - മേടയ്ക്കൽ കവല റോഡ്
39. പടിഞ്ഞാറേകടവ് - കൂർക്കമറ്റം റോഡ്
40. തച്ചിലങ്ങാട്ട് - മുല്ലക്കരി റോഡ് ബാക്കിഭാഗം
41. കരിമ്പാനി - തുറവ് റോഡ്
42. ആലഞ്ചേരി - വാഴക്കാല റോഡ് ബാക്കിഭാഗം
43. തെക്കുംതല - ആലുങ്കൽതകിടി റോഡ്
44. കാഞ്ഞിരമറ്റം - വേങ്ങത്താനം റോഡ്
45. ചെങ്ങളം മാർക്കറ്റ് - പന്തപ്ലാക്കൽ റോഡ് ബാക്കിഭാഗം
46. പട്യാലിമറ്റം - കിടാക്കുഴി റോഡ്
47. ചെങ്ങാലിക്കുന്ന് - കല്ലൂർക്കുളം റോഡ്
48. വാഴപ്പള്ളികടവ് - വടക്കേടത്തു പീടിക റോഡ്
49. പടിഞ്ഞാറെകടവ് - മുണ്ടുവാല റോഡ്
50 മണ്ണൂർപ്പള്ളി - മാമ്പുഴ റോഡ്
51. കരികിലക്കുളം - ഇടമുള റോഡ്
52. പൂവത്തുംകുഴി - പാലക്കാട്ടുമല റോഡ്
53. പൂവത്തിളപ്പ് തണ്ണിപ്പാറ കവല റോഡ്
54. കിഴക്കടമ്പ് - തെക്കുംതല
55. മുണ്ടൻകുന്ന് - തെക്കുംതല
56. ചെങ്ങളം - പൊങ്ങൻപാറ റോഡ്
57. ക്ടാക്കുഴി - ഞണ്ടുപാററോഡ്

പുതിയ പഞ്ചായത്തു റോഡുകൾ

റോഡ് സൗകര്യം ഒട്ടും ഇല്ലാത്ത ഒട്ടേറെ വീടുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽ പുതിയ റോഡുകൾ നിർമ്മിച്ചാൽ പ്രാദേശികമായ അസന്തുലിതാവസ്ഥ ഗണ്യമായി കുറയ്ക്കുന്നതിനും വികസന പ്രക്രിയയുടെ ആക്കം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നതാണ്. പുതിയ റോഡുകൾ നിർമ്മിക്കുന്ന കാര്യത്തിൽ അതാതു സ്ഥലങ്ങളിലെ ആളുകൾക്ക് കൂടുതൽ താല്പര്യം ഉണ്ടാവുക സ്വാഭാവീകം മാത്രമാണ്. വമ്പിച്ച ജനപങ്കാളിത്തം ഉറപ്പു വരുത്തുവാൻ പുതിയ റോഡുനിർമ്മാണപ്രവർത്തനങ്ങൾക്ക് കഴിയുന്നതാണ്. ആകയാൽ ജനപങ്കാളിത്തത്തോടു കൂടി 42 പുതിയ റോഡുകൾ വിവിധ വാർഡുകളിലായി നിർമ്മിക്കേണ്ടതാകുന്നു. അവയുടെ ലിസ്റ്റ് താഴെ ചേർത്തിരിക്കുന്നു.

പുതുതായി നിർമ്മിക്കേണ്ട റോഡുകളുടെ ലിസ്റ്റ്

1. ഇഞ്ചിക്കാല കരികിലക്കുളം റോഡ്
2. സത്യനാഥ ടെമ്പിൾ പൂവേലി റോഡ്
3. ചാത്തൻപാറ നിന്നും 6-ാം വാർഡിൽകൂടി കണിപറമ്പ് ഭാഗത്തേക്ക് റോഡ് നിർമ്മിക്കുക.
4. മൂഴൂർ പത്താനിപ്പടി റോഡ് മുക്കൻകുടി വരെ നീട്ടുക.
5. മൈലാടിപ്പടി കുളിക്കടവിൽ നിന്നും കോളനിഭാഗത്തേക്ക് റോഡ് നിർമ്മിക്കുക.
6. മഞ്ഞാമറ്റം മടുക്കോലി റോഡ് വാഴക്കാലാ ഭാഗത്തേക്ക് നീട്ടുക
7. അയ്യപ്പൻകുന്ന് അടുപ്പുവേലി റോഡ്
8. കുളക്കാട്ടു വയലിൽ കാവുംപുറം റോഡ്
9. മുക്കൻകുടി കിഴക്കേൽ റോഡ്
10. മടുക്കോലി പള്ളം റോഡ്
11. അരീക്കൽ ഭാഗത്തുനിന്നും പുള്ളോലിവഴി, കുളങ്ങര ഭാഗത്തേക്കു റോഡു നിർമ്മിക്കുക.
12. കല്ലറഭാഗം മൂഴൂർ റോഡുകളെ ബന്ധിപ്പിക്കുന്ന റോഡ്
13. കരിമ്പാനി ചേന്നൻചിറ റോഡ് പായിക്കാട്ട് ഭാഗത്തേക്ക് വെട്ടിയുണ്ടാക്കുന്ന റോഡ്
14. മണൽ ജംഗ്ഷനിൽ നിന്നും അകലക്കുന്നം ഗവ.എൽ.പി. സ്കൂളിലേക്ക് റോഡ് നിർമ്മിക്കുക
15. ടി. റോഡ് മണൽ മഞ്ഞാമറ്റം റോഡിലേക്ക് വെട്ടുക.
16. മണ്ണൂർപള്ളി വയലുങ്കൽ റോഡിൽ നിന്നും വെള്ളക്കട ഭാഗത്തേക്ക് റോഡ് നിർമ്മിക്കുക.
17. കുളങ്ങര മുക്കംകുടി റോഡ്
18. കുഴിപ്പാല പാദുവ റോഡ്
19. പൂവമ്പുഴ കുറ്റിയാനിക്കൽ റോഡ്
20. കുറ്റിയാനിക്കൽ കോലടി റോഡ്
21. ഇടപ്പള്ളി മരുതക്കുഴി റോഡ്
22. വടക്കേടം നെല്ലിക്കുന്ന് റോഡ്
23. വെള്ളറകരിയിലക്കുളം റോഡ്
24. പുളിക്കൽ പടി കുളമ്പനാൽ റോഡ്
25. തവളപ്ലാക്കൽ തോണക്കര റോഡ്
26. മൂഴൂർ എൽ.പി.എസ്. കണിപ്പറമ്പ് റോഡ്
27. കരിമ്പാനി തുറവ് തവളപ്ലാക്കൽ റോഡ്
28,. കിടാക്കുഴി ഞണ്ടുപാറ റോഡ്

29. ചെങ്ങളം വെള്ളാപ്പള്ളി റോഡ്
30. തെക്കുംതല തുരിത്തിമറ്റം റോഡ്
31. മുത്തുമാക്കുഴി പൂവേലി റോഡ്
32. ആലക്കൽപടി തോലാനിക്കൽ റോഡ്
33. ചെങ്ങളം പൊങ്ങൻപാറ റോഡ് നായിപ്ലാവ് വെള്ളക്കല്ല് റോഡിലേക്ക് തുറക്കുക.
34. ആലുങ്കൽ തകിടി കരികിലക്കുളം റോഡ്
35 കുപ്പമല കെഴുവംകുളം റോഡ്
36. കുഴിപ്പാല കടുക്കക്കുന്ന് പാദുവ റോഡ്
37. കാഞ്ഞിരമറ്റം മുകളേൽ മുണ്ടൻകുന്ന്
38. കരിമ്പാനി പുളേളാലി കുളത്തിനാപ്രാ റോഡ്
39. തുരുത്തിമറ്റം മുണ്ടൻകുന്ന് റോഡ്
40. മുണ്ടൻകുന്ന് ചെളിക്കുഴി റോഡ്
41. തെങ്ങുംപള്ളി തോട്ടുപുറംഭാഗത്തു കൂടി മറ്റപ്പള്ളി റോഡുമായി ബന്ധിപ്പിക്കുക.
42. കണ്ണിമാൻ കുന്നുമേടയ്ക്കൽ റോഡായി തുറക്കുക.

കലുങ്കുകൾ

പല റോഡുകളിലും ആവശ്യത്തിനുള്ള കലുങ്കുകൾ ഇല്ലാത്തതു കൊണ്ട് റോഡ് വളരെ വേഗം പൊട്ടിപൊളിഞ്ഞ് കുണ്ടുംകുഴിയും ആയിത്തീരുന്നു. ആകയാൽ വിവിധ പഞ്ചായത്തു റോഡുകളിലായി കലുങ്കു നിർമ്മിക്കേണ്ട റോഡുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

1.	മണലിൽ തോട്ടുചിറ ഭാഗം	1
2	ചേന്നാമറ്റം റോഡ്	2
3	പട്യാലിക്കാക്കുഴി	2
4	കാഞ്ഞിരമറ്റം വേങ്ങത്താനം റോഡിൽ വെട്ടിവേലിൽ ഭാഗം മൊളോപ്പറമ്പിൽ ഭാഗം	2
5	ചെളിക്കുഴി മറ്റപ്പള്ളി റോഡിൽ	2
6.	തെക്കുതലമുണ്ടൻകുന്നു റോഡിൽ താന്നിക്കൽ ഭാഗം	1
7.	ഇടമുളുപാറശ്ശേരി റോഡ്	5
8.	പൂവത്തിളപ്പ് തണ്ണീപ്പാറകവല റോഡ്	5
9.	കല്ലൂർക്കുളം ചെങ്ങാലിക്കുന്നു റോഡ്	2
10.	കരികിലക്കുളം റോഡ്	3
11.	മൂഴൂർ വാകമലപ്പടി റോഡ്	1
12.	തറക്കുന്ന് ചാത്തൻപാററോഡ്	2
13.	കരിമ്പാനി തുറവ് തമ്പഴ റോഡ്	2
14.	മൂഴൂർ എൽ.പി.എസ്. കണിപറമ്പ് റോഡ്	2
15.	മൂഴൂർ പത്താനിപ്പടി-മുക്കംകുടി റോഡ്	4
16.	ചാത്തൻപാറ കണിപറമ്പ് റോഡ്	4
17.	മൈലാടിപടി കോളണി റോഡ്	1
18.	ചെങ്ങളം നായിപ്ലാവ് ചപ്പാത്ത് റോഡ്	4
19.	ചെങ്ങളം കിടാക്കുഴി റോഡ്	5
20.	ചെങ്ങളം പൊങ്ങൻപാറ റോഡ്	1
21.	ആലുങ്കൽ തകിടിമേടയ്ക്കൽ റോഡ്	1
22.	ചെങ്ങളം മേടയ്ക്കൽ കവല കെക്കുംതല റോഡ്	2
23.	ചെങ്ങളം മേടയ്ക്കൽ കവല അതിരമുണ്ട റോഡ്	2
24.	കിടാക്കുഴി ഞണ്ടുപാറ റോഡ്	2
25.	ചെങ്ങളം വെള്ളാപ്പള്ളി റോഡ്	2
26.	മഞ്ഞാമറ്റം മണൽറോഡിൽ കരിമ്പാനി പടി	1
27.	മഞ്ഞക്കാവ് ചുണ്ടമല റോഡിൽ	5
28.	വടക്കേടം വാഴപ്പള്ളി കടവ് റോഡ്	1
29.	പടിഞ്ഞാറെക്കടവ് കൂർക്കമറ്റം റോഡ്	2
30.	തെങ്ങുംപള്ളികിഴക്കടമ്പ് റോഡ്	1
31.	മുക്കംകുടി ചുവന്നപ്ലാവ് റോഡ്	4
32.	കരിമ്പാനി പായിക്കാട്ടു റോഡിൽ	2
33.	കരിമ്പാനി വെള്ളറ റോഡ്	2
34.	മുണ്ടുവാല കെഴുംവംകുളം റോഡ്	2
35.	ഇടമുള ചൂരക്കുന്ന് റോഡ്	2
36.	ആര്യാട് കിഴക്കടമ്പ്	1
37.	കാഞ്ഞിരമറ്റം സത്യനാഥടെമ്പിൾ പൂവേലിറോഡ്	2
38.	കരിമ്പാനി തുറവൂർ റോഡ്	1
39.	പട്യാലി കടമാന്ത റോഡ്	1
40.	കക്കാട് ഇടപ്പള്ളിക്കുന്നു റോഡിൽ മുക്കൻകുടിഭാഗത്ത് റോഡ്	1
41.	തെക്കുംതല മുണ്ടൻകുന്നു റോഡിൽ തുരുത്തിമറ്റം ഭാഗം	1
42.	പട്യാലിമറ്റം ആലുംമൂടു റോഡിൽ പടിഞ്ഞാറെക്കടവു ഭാഗത്ത് പൈപ്പ് കൺവർട്ട് സ്ഥാപിക്കുക.	
43.	പൂവത്തുംകുഴി പാലയ്ക്കാട്ടു മല റോഡിൽ മൂരിപ്പാറ ഭാഗത്ത്	1
44.	പൂവത്തുംകുഴി പൊള്ളക്കാട് ഭാഗത്ത്	1
45.	പൂവത്തുംകുഴി ചെമ്പോത്തനാൽ ഭാഗത്ത്	1
46.	പൂവത്തുംകുഴി വടക്കുംതോട്ടം ഭാഗത്ത്	1
47.	പൂവത്തുംകുഴി പുവത്തുംകുഴി ഭാഗത്ത്	1
48.	അറയ്ക്കൽ കോളണിറോഡിൽ അറയ്ക്കൽ ഭാഗത്ത്	1
49.	അറയ്ക്കൽ കോളനിറോഡിൽ പൊട്ടക്കുളം ഭാഗത്ത്	1
50.	അറയ്ക്കൽ കോളണിറോഡിൽ കണ്ണാടിപ്പാറ ഭാഗത്ത്	1
51.	മഞ്ഞാമറ്റം ഇടയ്ക്കാട്ടു തറ റോഡിൽ പോത്താനിമല ഭാഗത്ത്	1
52.	നെല്ലിക്കുന്നു വെള്ളറ റോഡിൽ തെള്ളിയിൽ ഭാഗത്ത്	1
53.	ഏഴുമാന്ത പാണ്ടിയപ്പള്ളി റോഡിൽ	1
54.	പൂച്ചാല ഭാഗത്ത്	1
55.	കരിമ്പാനി കുഴിഞ്ഞമടറോഡിൽ	2
56.	തെങ്ങുംപള്ളി പുഞ്ചാക്കരോട്ടു ഭാഗത്ത് തോടിന് കലുങ്ക്	1
57.	പൂവത്തുങ്കൽ ചുണ്ടമല റോഡിൽ	1
58.	ഇടമുള കരികിലക്കുളം റോഡിൽ	2

കലുങ്കുകൾ നിർമ്മിക്കേണ്ട PWD റോഡുകൾ

1. വെള്ളൂർ മഞ്ഞാമറ്റം റോഡിൽ കുരിശുപള്ളികവലയിൽ 1
2. മറ്റക്കര PWD റോഡിൽ മഞ്ഞാമറ്റംകവലയിൽ 1
3. പൂവത്തിളപ്പ് കൊഴുവനാൽ റോഡിൽ 8
4. കൂവപ്പൊയ്ക മൂഴൂർ കരിമ്പാനി റോഡിൽ മൂഴൂർ, കരിമ്പാനി 4
5. മറ്റക്കര കുമ്മണ്ണൂർ പാദുവ ഭാഗം 1

ചപ്പാത്തുകൾ നിർമ്മിക്കേണ്ട സ്ഥലങ്ങൾ

1. നായിപ്ലാവിൽ
2. കരിമ്പാനി വാർഡിൽ പന്നഗംതോടിന് 2 സ്ഥാനങ്ങളിൽ ചപ്പാത്ത് 1. പറപ്പള്ളി താഴെ ഭാഗം 2. തെക്കുംമറ്റം ഭാഗം
3. തെങ്ങുംപള്ളിഭാഗം
4. പന്നഗം തോട്ടിൽ കരിമറ്റം ഭാഗം
5. ചെങ്ങളം പൊങ്ങൻപാറ റോഡിൽ
6. കക്കാട് ഇടപ്പള്ളിക്കുന്ന് റോഡിൽ മുക്കൻകുടി തോട്ടിലുള്ള ചപ്പാത്ത് വീതികൂട്ടി ബലപ്പെടുത്തുക.

നടപ്പാലങ്ങൾ

1. കരിമ്പാനിയിൽ പന്നഗം തോടിനു കുറുകെ 4 നടപ്പാലങ്ങൾ
2. പന്നഗം തോട്ടിൽ മൂരിപ്പാറ ഭാഗത്ത്
3. 6 –ാംവാർഡിൽ ചാത്തൻപാറഭാഗത്ത് പന്നഗം തോടിന് നടപ്പാലം
4. കാക്കവെള്ളിത്തോട്ടിൽ മുക്കൻകുടിക്ക് മുകൾ ഭാഗത്ത് നടപ്പാലം
5. ചെങ്ങളം കിടാക്കുഴിത്തോട്ടിൽ കിടാക്കുഴി പന്തപ്ലാക്കൽ ഭാഗത്തും ഇടിയാകുന്നേൽ ഭാഗത്തും.

പാലങ്ങൾ

1. അറയ്ക്കൽ കോളണി റോഡിൽ കണ്ണാടിപ്പാറഭാഗം
2. കരിമ്പാനി ഹോമിയോ ആശുപത്രി മൂഴൂർ റോഡിൽ
3. മഞ്ഞാമറ്റം പറപ്പള്ളിതാഴെഭാഗത്ത്
4. പടിഞ്ഞാറെക്കടവ് പാദുവ ഭാഗത്ത്
5. തെങ്ങുംപള്ളിമുണ്ടൻകുന്നു റോഡിൽ
6. മൂഴൂർ മണലുങ്കൽ റോഡിൽ
7. കാഞ്ഞിരമറ്റം വാർഡിൽ കരികിലക്കുളം ഭാഗത്ത്
8. കിടാക്കുഴി ഭാഗം
9. മഞ്ഞാമറ്റം കരിമ്പാനി കൊഴുവനാൽ PWD റോഡിൽ മുക്കൻകുടിയിൽ
10. തെക്കുംതല മുണ്ടൻകുന്നു റോഡിൽ തുരുത്തിമറ്റം ഭാഗം

താങ്ങു ഭിത്തികൾ

നമ്മുടെ പഞ്ചായത്തിലെ പത്തു വാർഡുകളും ചെറിയ ചെറിയ കുന്നുകൾ നിറഞ്ഞ ജനവാസമേഖലകൾ ആകുന്നു. ഇവിടുത്തെ റോഡുകളിൽ ഭൂരിഭാഗവും കുന്നിൻ ചെരിവുകളിൽ കൂടി കടന്നു പോകുന്നു.ഏതാനും റോഡുകൾ തോടുകളുടേയോ നീർച്ചാലുകളുടെയോ ഓരം ചേർന്നുമാകുന്നു. ഭൂപ്രകൃതിയുടെ പ്രത്യേകതകാരണം പ്രസ്തുത റോഡുകൾ സംരക്ഷിക്കുന്നതിന് പല സ്ഥലങ്ങളിലും താങ്ങുഭിത്തികൾ അത്യാവശ്യമാകുന്നു. വളരെക്കുറച്ചു സ്ഥലങ്ങളിൽ മാത്രമെ താങ്ങുഭിത്തികൾ ഉള്ളു. താങ്ങുഭിത്തികൾ ഇല്ലാത്ത സ്ഥാനങ്ങളിൽ മണ്ണിടിഞ്ഞ് റോഡുകൾ നശിച്ചുകൊണ്ടിരിക്കുകയാണ്. ആകയാൽ താഴെപ്പറയുന്ന റോഡുകളിൽ താങ്ങു ഭിത്തികൾ നിർമ്മിക്കേണ്ടതാകുന്നു.

താങ്ങുഭിത്തികൾ നിർമ്മിക്കേണ്ട സ്ഥാനങ്ങൾ

1. ചെങ്ങളം നായിപ്ലാവ് ചപ്പാത്ത് 2000 മീ.
2. ചെങ്ങളം പൊങ്ങൻപാറ റോഡിൽ 500 മീ.
3. ആലുങ്കൽതകിടി മേടയ്ക്കൽ റോഡിൽ 100 മീ.
4. ചെങ്ങളം മേടയ്ക്കൽ കവല റോഡിൽ 600 മീ.
5. ചെങ്ങളം മേട്യക്കൽ കവല ആതിരമുണ്ട 500 മീ.
6. ചെങ്ങളം മൂന്നുപീടിക പൂവത്തോലി 200 മീ.
7. ചെങ്ങളം കിടാക്കുഴി ഞണ്ടുപാറ റോഡ് 200 മീ.
8. കാഞ്ഞിരമറ്റം സത്യനാഥ ടെമ്പിൾ, പൂവേലി 750 മീ.
9. കാഞ്ഞിരമറ്റം മുണ്ടൻകുന്നു റോഡിൽ പാലത്തിന്റെ ഭാഗം 200 മീ.
10. തെങ്ങുംപള്ളി കിഴക്കടമ്പ് റോഡിൽ
11. ചെളിക്കുഴി മറ്റപ്പള്ളി റോഡിൽ
12. വെള്ളറ കരിമ്പാനി റോഡിൽ
13. പൂച്ചാല തോണക്കര റോഡിൽ
14. നെല്ലിക്കുന്നു കൊഴുവംകുളം റോഡിൽ നെല്ലിക്കുന്നു റോഡിൽ പാണ്ടിപ്പള്ളി ഭാഗം വരെ.
15. കാഞ്ഞിരമറ്റം തൃക്കനിക്കാടു റോഡിൽ കൊറ്റാപറഭാഗം
16. മറ്റക്കര കുമ്മണ്ണൂർ റോഡിൽ വടക്കേമാമ്പുഴയ്ക്കൽ ഭാഗം
17. കരിമ്പാനി കുഴിഞ്ഞമട റോഡിൽ കുളത്തിനാപ്രാ ഭാഗത്ത്
18. കക്കാട് ഇടപ്പള്ളിക്കുന്നു റോഡിൽ 11/2 മീ. ഉയരം 200 മീ.
19. മൂഴൂർവാകമലപ്പടി റോഡ് 1 മീറ്റർ ഉയരം 100 മീ.നീളം
20. തറക്കുന്ന് അരുവിക്കുഴി മൂഴൂർ പള്ളി റോഡ് 1 മീറ്റർ ഉയരം 220 മീ.
21. കിഴക്കടമ്പ് ക്ഷേത്രത്തിനടുത്ത്
22. തെക്കുംതല മുണ്ടൻകുന്ന് റോഡിൽ തെക്കുംതല നിന്നും 200 മീ.

താങ്ങു ഭിത്തി കെട്ടേണ്ട PWD റോഡുകൾ

1. മണ്ണൂർപ്പള്ളി പൂവത്തിളപ്പു PWD റോഡിൽ വെട്ടിയോലി ഭാഗം
2. മണ്ണൂർപ്പള്ളി റോഡിൽ മൂഴൂർഭാഗം
3. വാഴൂർ പുലിയന്നൂർ റോഡിൽ പൂവത്തിളപ്പിനും കൊഴുവനാലിനും ഇടയിൽ ഒരു കിലോമീറ്റർ നീളം
4. കരിമ്പാനി മൂഴൂർ കൂവപ്പൊയ്ക റോഡിൽ വിവിധഭാഗങ്ങളിൽ 2000 മീ.
5. വാഴൂർ പുലിയന്നൂർ റോഡിൽ ചെളിക്കുഴി ഭാഗത്ത് രണ്ടു സ്ഥലങ്ങളിൽ

ഓടകൾ

എല്ലാ PWD, ജില്ലാ പഞ്ചായത്ത്, ഗ്രാമപഞ്ചായത്തു റോഡുകൾക്കും ഓട നിർമ്മിക്കുക. പൊതുവഴിയിലെ ഓടകൾ നികത്തി ചില വ്യക്തികൾ സ്വകാര്യ റോഡുകൾ നിർമ്മിച്ചു വരുന്നതായി കാണുന്നു. തൻ നിമിത്തം പൊതുവഴിയിൽ കൂടി മഴവെള്ളം ഒഴുകി റോഡ് വളരെവേഗം പൊട്ടിപൊളിഞ്ഞ് പോകുന്നതിന് ഇടയാകുന്നുണ്ട്. ഓടകൾ നികത്തപ്പെട്ട എല്ലാ സ്ഥാനങ്ങളിലും അടിയന്തിരമായി ഓടകളുടെ പുനർനിർമ്മാണം നടത്തുന്നതിനും അങ്ങനെ നിർമ്മിക്കപ്പെട്ട ഓടകളുടെ മുകളിൽ കോൺക്രീറ്റ് സ്ലാബുകൾ ഇട്ട് ഗതാഗത സൗകര്യം ഉറപ്പ് വരുത്തുകയും വേണം. ഇതിലേക്കു വേണ്ടി വരുന്ന മുഴുവൻ ചെലവും സ്വകാര്യ റോഡുകൾ നിർമ്മിച്ച വ്യക്തികൾ വഹിക്കേണ്ടതാകുന്നു. ഭാവിയിൽ ഇപ്രകാരമുള്ള സ്വകാര്യവഴികൾ നിർമ്മിക്കുന്നതിനു മുമ്പായി പഞ്ചായത്തിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിക്കണമെന്ന് വ്യവസ്ഥ ചെയ്യുകയും വേണം. വ്യവസ്ഥ ലംഘിക്കുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കേണ്ടതുമാകുന്നു.

വളവുകൾ

PWD റോഡുകളിലെ വളവുകൾ മാറ്റുന്നതിന് അടിയന്തരമായ നടപടികൾ സ്വീകരിക്കേണ്ടതാകുന്നു. ഏകദേശം 40 സ്ഥാനങ്ങളിൽ വളവുകൾ മാറ്റേണ്ടതായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ അടിയിൽ കാണിച്ചിരിക്കുന്നു. വാഴൂർ-പുലയന്നൂർ PWD റോഡിൽ മുണ്ടൻകുന്ന് ആശുപത്രി ഭാഗം, തമ്പഴഭാഗം, മൈങ്കുണ്ടം ഭാഗം ഇവിടങ്ങളിൽ വളവുകൾ മാറ്റേണ്ടതുണ്ട്. തലവയലിൽ ഭാഗത്ത് ഡിവൈനർ സ്ഥാപിക്കുക. വളവുകൾ ഉള്ള ഭാഗങ്ങളിൽ സിഗ്നലുകൾ സ്ഥാപിക്കുക.

PWD ക്കു വിട്ടു കൊടുക്കേണ്ട റോഡുകൾ

ഏതാനും പഞ്ചായത്തു റോഡുകൾ വളരെ പ്രാധാന്യം അർഹിക്കുന്നവയാകുന്നു. അവയുടെ വികസന പണികൾ നടത്തുവാനുള്ള സാമ്പത്തിക ശേഷി പഞ്ചായത്തിനില്ലാത്തതിനാൽ താഴെപ്പറയുന്ന പഞ്ചായത്തു റോഡുകൾ വികസന പണികൾ നടത്തുന്നതിനുവേണ്ടി PWD ക്കു വിട്ടു കൊടുക്കേണ്ടതാണ്.

1. മുണ്ടുവാല കെഴുവംകുളം ചേർപ്പുങ്കൽ റോഡ്
2. പൂവരണി ചെങ്ങളം കിടാക്കുഴി റോഡ്
3. ആനിക്കാട് പൂവരണി റോഡ്
4. നായിപ്ലാവ് ചപ്പാത്തു റോഡ്
5. കാഞ്ഞിരമറ്റം തെക്കുംതല ആനിക്കാട്
6. മഞ്ഞാമറ്റം കെഴുവംകുളം
7. കരിമ്പാനി കൂവപ്പൊയ്ക മൂഴൂർ റോഡ്
8. 15ാംമൈൽ കാഞ്ഞിരമറ്റം ഇടിയാകുന്ന്

ജില്ലാ പഞ്ചായത്തിനു വിട്ടു കൊടുക്കേണ്ട റോഡ്

1. കാഞ്ഞിരമറ്റം വേങ്ങത്താനം റോഡ്
2. തെങ്ങുംപിള്ളി കാരങ്ങാട്ടു റോഡ്
3. ഇടമുള മണലുങ്കൽ റോഡ്
4. മഞ്ഞാമറ്റം വടക്കേടത്തുകവല റോഡ്
5. കിളിയൻകുന്ന് കവലയ്ക്കൽ ഇളപ്പാനി റോഡ് (SC/ST കോളണിയിലേക്ക്)
6. കക്കാട് ഇടപ്പള്ളിക്കുന്നു റോഡ്
7. തറക്കുന്നു വാകമലപ്പടി റോഡ്
8. ആലുങ്കൽതകിടി മേടയ്ക്കൽ റോഡ്
9. കാഞ്ഞിരമറ്റം ഇടിയാകുന്നു റോഡ്
10. കാഞ്ഞിരമറ്റം സത്യനാഥടെമ്പിൾ പൂവേലി റോഡ്
11. തെക്കുംതല കിഴക്കടമ്പ് റോഡ്

അതിർത്തിക്കല്ലുകൾ സ്ഥാപിക്കേണ്ടത്

പഞ്ചായത്തിന്റെ എല്ലാ വാർഡിലും പ്രധാന സ്ഥലങ്ങളിൽ അതിർത്തിയിൽ ബോർഡുകൾ വെയ്ക്കുക. നിലവിലുള്ള എല്ലാ പഞ്ചായത്തു, PWD റോഡുകളുടെയും അതിർത്തികൾ നിർണ്ണയിച്ച് അതിർത്തിക്കല്ലുകൾ സ്ഥാപിക്കേണ്ടതാകുന്നു.

റോഡ് ചാർട്ട്

പഞ്ചായത്തിലെ റോഡുകളുടെ കാലാകാലങ്ങളിലുള്ള മെയിൻറൻസ് ഉറപ്പു വരുത്തുന്നതിലേയ്ക്കായി റോഡുകളുടെ ചാർട്ട് ഉണ്ടാക്കി സൂക്ഷിക്കുകയും ബന്ധപ്പെട്ട അതോറിറ്റികൾ വർഷം തോറും മെയിൻറൻസ് നടത്തുകയും വേണം.

വാഴൂർ പുലിയന്നൂർ റോഡിന്റെ വികസനം

ഈ പഞ്ചായത്തിലുള്ള PWD റോഡുകളിൽ ഏറ്റവും പ്രധാനപ്പെട്ടത് വാഴൂർ-പുലിയന്നൂർ റോഡാണ്. സംസ്ഥാന ഹൈവേകളായ കെ.കെ. റോഡിനേയും ഏറ്റുമാനൂർ ഈരാറ്റുപേട്ട റോഡിനെയും തമ്മിൽ ബന്ധിപ്പിക്കുന്നതും 22 കിലോമീറ്റർ ദൈർഘ്യം ഉള്ളതുമായ പ്രസ്തുത റോഡ് വാഴൂർ, പള്ളിക്കത്തോട്, അകലക്കുന്നം, കൊഴുവനാൽ, മുത്തോലി എന്നീ പഞ്ചായത്തുകളുടെ ആസ്ഥാനങ്ങളിൽ കൂടെയാണ് കടന്നു പോവുന്നത്. രാജഭരണകാലത്ത് 35 അടി വീതിയിൽ സ്ഥലം പൊന്നും വിലയ്ക്കെടുത്ത് നിർമ്മിക്കപ്പെട്ട ഈ റോഡിന്

100 വർഷം പഴക്കം ഉണ്ട്. കോട്ടയം, ചങ്ങനാശ്ശേരി, പൊൻകുന്നം, മണിമല, പാല തുടങ്ങിയ കേന്ദ്രങ്ങളിലേയ്ക്കും തിരുവനന്തപുരം, ഹൈറേഞ്ച്, മലബാർ എന്നീ സ്ഥലങ്ങളിലേയ്ക്കുമായിട്ട് 25ൽ പരം ബസുകൾ ഈ റോഡിൽ സർവ്വീസ് നടത്തുന്നുണ്ട്. കൂടാതെ ഒട്ടനേകം ലോറികളും, കാറുകൾ, ജീപ്പുകൾ, സ്ക്കൂട്ടറുകൾ തുടങ്ങിയ മറ്റനേകം വാഹനങ്ങളും ഓടിക്കൊണ്ടിരിക്കുന്ന ഈ റോഡിൽ കാൽനടക്കാരുടെ എണ്ണവും വളരെ കൂടുതൽ ആണ്.

ഈ റോഡിന്റെ ഇന്നത്തെ അവസ്ഥ വളരെ ശോചനീയമാണ്. ഓടകൾ ഇല്ലാത്തതുകൊണ്ട് മഴവെള്ളം റോഡിൽ കൂടി ഒഴുകി റോഡ് മുഴുവനും പൊട്ടി പൊളിഞ്ഞ് നശിച്ച നിലയിലായിത്തീർന്നു. പല സ്ഥലങ്ങളിലും സംരക്ഷണഭിത്തികൾ ഇല്ലാത്തതുകൊണ്ട് സൈഡ് ഇടിഞ്ഞ് റോഡിന്റെ വീതി കുറഞ്ഞുപോയിട്ടുണ്ട്. പല സ്ഥലങ്ങളിലും കൊടുംവളവുകൾ ഉണ്ട്. മുണ്ടൻകുന്ന്, ആശുപത്രി പടി, തമ്പഴഭാഗം, മൈങ്കുണ്ടം ഭാഗം, തലവയലിൽ ഭാഗം എന്നീ സ്ഥാനങ്ങളിലുള്ള വളവുകൾ അപകടസാധ്യത ഏറെയുള്ളവയാകുന്നു.

ഇത്രയധികം പ്രാധാന്യം ഉള്ള പ്രസ്തുതറോഡിൽ മിക്ക സ്ഥലത്തും ഒരു ബസ്സിനു പോകാനുള്ള വീതിയിൽ മാത്രമെ ടാറിംഗ് ഉള്ളു. തൻനിമിത്തം എതിർവശത്തു നിന്നും വരുന്ന വാഹനങ്ങൾക്ക് സൈഡ് കൊടുക്കുന്നതിന് വാഹനങ്ങൾ നിറുത്തി ഓട പോലെ കിടക്കുന്ന വശത്തേക്ക് ഇറക്കേണ്ടി വരുന്നു. വാഹനങ്ങൾക്കെന്നപോലെ യാത്രക്കാർക്കും ഇതുമൂലം വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു.

വളരെയധികം ദേശീയ പ്രാധാന്യം അർഹിക്കുന്ന ഒരു റോഡാണ് ഇത്. വർദ്ധിച്ച തോതിലുള്ള ഗതാഗതവും വികസനസാദ്ധ്യതകളും കണക്കിലെടുത്ത് ഈ റോഡ് അടിയന്തിരമായി വികസിപ്പിക്കേണ്ടതാകുന്നു. ഇതിന്റെ വികസനം നടത്തിയാൽ പുനലൂർ നിന്നും മണിമല കൊടുങ്ങൂർ, മുത്തോലി പാലാ വഴി മൂവാറ്റുപുഴയ്ക്ക് ഒരു റോഡ് തുറന്നു കിട്ടുന്നതാണ്. എം.സി. റോഡിന് സമാന്തരമായിട്ടുള്ള ഈ മാർഗ്ഗം മൂവാറ്റുപുഴയ്ക്കുള്ള ഏറ്റവും ദൈർഘ്യം കുറഞ്ഞ റോഡായിരിക്കും. ഇതുവഴിയായി എം.സി. റോഡിലെ ഗതാഗതതിരക്ക് ഒരു പരിധിവരെ കുറയ്ക്കാനും സാധിക്കുന്നതായിരിക്കും.

വടക്കൻജില്ലകളിൽ നിന്നും ശബരിമലയ്ക്ക് പോകുന്ന തീർത്ഥാടകർ, ഒരു പ്രധാന തീർത്ഥാടനകേന്ദ്രമായ കടപ്പാട്ടൂർ ക്ഷേത്രം സന്ദർശിച്ച ശേഷമാണ് പമ്പയ്ക്ക് പോകുന്നത്. ആ തീർത്ഥാടകർ, വാഴൂർ-പുലിയന്നൂർ റോഡിൽ കൂടി കൊടുങ്ങൂർ എത്തി മണിമല വഴി പമ്പയ്ക്ക് പോയാൽ വളരെയധികം സമയവും ദൂരവും ലാഭിക്കുവാൻ കഴിയുന്നതാണ്. ഈ റോഡിന്റെ ശോചനീയാവസ്ഥ അവഗണിച്ചുകൊണ്ട് വടക്കൻ ജില്ലകളിൽ നിന്നുള്ള തീർത്ഥാടകരുടെ ഒട്ടനേകം വാഹനങ്ങൾ ഇപ്പോൾ പറഞ്ഞ റൂട്ടിൽ കൂടി ശബരിമലയ്ക്ക് പോകുന്നുണ്ടെന്നുള്ള കാര്യം എടുത്തു പറയേണ്ടിയിരിക്കുന്നു.

ഇത്രയധികം പ്രാധാന്യം ഉള്ള പ്രസ്തുത റോഡ് അടിയന്തിരമായി, വികസിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാകയാൽ ആവശ്യമുള്ള സ്ഥാനങ്ങളിലെല്ലാം സിമിന്റ് ഓടകളും, സംരക്ഷണഭിത്തികളും, കലുങ്കുകളും നിർമ്മിച്ചും അപകടകരമായ നിലയിലുള്ള വളവുകൾ മാറ്റിയും, കുറഞ്ഞ പക്ഷം 12 മീറ്റർ വീതിയിൽ ടാർ ഇട്ട് മേജർ ഡിസ്ട്രിക് റോഡായി വികസിപ്പിക്കുവാൻ പൊതുമരാമത്തുവകുപ്പ് സത്വരനടപടി സ്വീകരിക്കേണ്ടതാകുന്നു.

ബസ് റൂട്ടുകൾ

പാലാ, കാഞ്ഞിരമറ്റം, തെക്കുംതല, പള്ളിക്കത്തോട്, കൊടുങ്ങൂർ, പൊൻകുന്നം, പള്ളിക്കത്തോട് പുഞ്ചവയൽ മറ്റക്കര വഴി മെഡിക്കൽ കോളേജിനും പൊൻകുന്നം, പള്ളിക്കത്തോട് മുഴൂർ മഞ്ഞാമറ്റം, അയർക്കുന്നം, ഏറ്റുമാനൂർ വഴി എറണാകുളത്തിനും, കോട്ടയം, അയർക്കുന്നം മുഴൂർ, വഴി അടിമാലിയ്ക്കും കോട്ടയം, അയർക്കുന്നം, മുഴൂർ, കാഞ്ഞിരമറ്റം, ചെങ്ങളം പൊൻകുന്നമായി കട്ടപ്പനയ്ക്കും ഓരോ ബസുകൾ അനുവദിക്കുക. ചങ്ങനാശ്ശേരിയിൽ നിന്നും മുഴൂർവഴി പാലായ്ക്കുണ്ടായിരുന്ന ബസ് പുനഃസ്ഥാപിക്കുക.

ബസ് സർവ്വീസുകൾ

ഏതാനും പ്രൈവറ്റ് ബസ് സർവ്വീസുകൾ മാത്രമാണ് ഈ പഞ്ചായത്ത് പ്രദേശത്തുള്ളത്. വിവിധ കേന്ദ്രങ്ങളിലേയ്ക്കായി 5 ബസ് റൂട്ടുകൾ ഉണ്ടെങ്കിലും ഒറ്റ റൂട്ടിലും ആവശ്യത്തിനുള്ള ബസുകൾ ഇല്ല. പല സ്ഥാനങ്ങളിലും രണ്ടും മൂന്നും മണിക്കൂറുകൾ കാത്തു നിന്നാൽ മാത്രമെ ബസ് കിട്ടുകയുള്ളു. ഈ പ്രദേശത്തുള്ള യാത്രക്കാർക്ക് യാത്രാ സംബന്ധമായി വളരെയേറെ ക്ലേശം അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. യാത്രാക്ലേശം പരിഹരിക്കുന്നതിന് ഏതാനം K.S.R.T.C. സർവ്വീസുകൾ ആരംഭിയ്ക്കേണ്ടതും ആവശ്യമാണ്. ആകയാൽ താഴെ പറയുന്ന റൂട്ടുകളിൽ K.S.R.T.C. ബസ് സർവ്വീസുകൾ ആരംഭിയ്ക്കേണ്ടതാകുന്നു. പാലായിൽ നിന്നും കാഞ്ഞിരമറ്റം വരെ വന്നു പോവുന്ന ട്രാൻസ്പോർട്ട് ബസ് ചെങ്ങളം ബസ് സ്റ്റാൻറ് വരെ നീട്ടുക. പള്ളിക്കത്തോട് വന്ന് അവസാനിപ്പിക്കുനന പ്രൈവറ്റ് ബസുകൾ ചെങ്ങളം ബസ്സ്റ്റാൻറു വരെ നീട്ടുക. പള്ളിക്കത്തോട് വന്ന് കൂരാലി വഴികടന്നു പോവുന്ന ബസുകൾ ചെങ്ങളം പ്രൈവറ്റ് സ്റ്റാൻഡിൽ കൂടി കടന്നു പോകുക. പാലാ, പൈക, ചെങ്ങളം, പൊൻകുന്നമായി ഒരു ട്രാൻസ്പോർട്ട് അനുവദിക്കുക.. പാലാ, ക്ടാക്കുഴി, ചെങ്ങളം, മണിമലയായി ഒരു ട്രാൻസ്പോർട്ട് ബസും ഒരു പ്രൈവറ്റ് ബസും അനുവദിക്കുക. പാലാ, നായിപ്ലാവ്, ഞണ്ടുപാറ, ചെങ്ങളം പൊൻകുന്നമായി ട്രാൻസ്പോർട്ട് ബസ് അനുവദിക്കുക. പാലാ,ഞണ്ടുപാറ, നായിപ്ലാവ് വഴി ഒരു പ്രൈവറ്റ് ബസ് അനുവദിക്കുക. പാലായിൽ നിന്നും തോടനാൽ, കാഞ്ഞിരമറ്റം, തെക്കുംതല, പള്ളിയ്ക്കത്തോട് വഴി ട്രാൻസ്പോർട്ട് ബസ് അനുവദിക്കുക. പാല, കൊഴുവനാൽ, കാഞ്ഞിരമറ്റം, തെക്കുംതല പള്ളിയ്ക്കത്തോട് വഴി ട്രാൻസ്പോർട്ട് ബസ് അനുവദിക്കുക. ഈരാറ്റുപേട്ട ഭരണങ്ങാനം, പൈക, ചെങ്ങളം, കോട്ടയമായി ബസ് അനുവദിക്കുക. മുണ്ടക്കയം, പൊൻകുന്നം, ചെങ്ങളം, തെക്കുംതലമു

ണ്ടൻകുന്ന്, കോട്ടയമായി ബസ് അനുവദിക്കുക. മുണ്ടക്കയം, പൊൻകുന്നം, ചെങ്ങളം, കാഞ്ഞിരമറ്റം വഴി പാലായ്ക്ക് ബസ് അനുവദിക്കുക.

ഇന്ന് നിലവിലുള്ള ഫെയർസ്റ്റേജുകൾ അശാസ്ത്രീയമായി സംവിധാനം ചെയ്യപ്പെട്ടവയാകുന്നു. തൻനിമിത്തം കണക്കിൽ കവിഞ്ഞ തുക ടിക്കറ്റ് ചാർജായി നൽകേണ്ടി വരുന്നു. ഇത് യാത്രക്കാരോട് കാണിയ്ക്കുന്ന അനീതിയാകയാൽ, പൊതുജനങ്ങളുമായി ആലോചിച്ച് നിലവിലുള്ള ഫെയർസ്റ്റേജുകൾ ശാസ്ത്രീയമായ രീതിയിൽ പുനഃസംവിധാനം ചെയ്യേണ്ടതാകുന്നു.

വെയിറ്റിംഗ് ഷെഡ്ഡുകൾ.

5 ബസ് റൂട്ടുകൾ ഈ പഞ്ചായത്ത് പ്രദേശത്തുണ്ട്. ഓരോ റൂട്ടിലും നിരവധി യാത്രക്കാർ ദിനംപ്രതി യാത്ര ചെയ്ത് വരുന്നു. ബസ് കാത്തു നിൽക്കുന്നതിനുള്ള സൗകര്യം തീരെയില്ലാത്തതുകൊണ്ട് യാത്രക്കാർക്ക് വളരെ ക്ലേശം അനുഭവപ്പെടുന്നുണ്ട്. ഇത് പരിഹരിക്കുന്നതിലേയ്ക്കായി താഴെപ്പറയുന്ന സ്ഥാനങ്ങളിൽ വെയിറ്റിംങ്ങ് ഷെഡ്ഡുകൾ നിർമ്മിക്കേണ്ടതാകുന്നു.

1. വാഴൂർ പുലിയന്നൂർ റോഡിൽ, തെങ്ങുംപള്ളിഭാഗം മുണ്ടൻകുന്ന് ആശുപത്രിപ്പടി, പൂവത്തിളപ്പ്കവല, ഇടമുള തൊട്ടിയിൽ ഭാഗം
2. ഒട്ടയ്ക്കൽ അയർക്കുന്നം റോഡിൽ, ആലുങ്കൽത്തകിടിഭാഗം, ഇഞ്ചിക്കാല ജംഗ്ഷൻ, എതിരേല്പ് കവല ഇലവുങ്കൽ കോൺ, പാറശ്ശേരി കവല, മണലുങ്കൽ എൽ.പി. സ്കൂൾ പടി, കരിമ്പാനി ജംഗ്ഷൻ, തച്ചലിങ്ങാട് സ്കൂൾ പടി, ചുവന്ന പ്ലാവ്,മറ്റക്കര ഹൈസ്ക്കൂൾപടി, വടക്കേടത്ത് കവല, മണൽ ജംഗ്ഷൻ, കവലയ്ക്കൽ ജംഗ്ഷൻ, മണ്ണൂപ്പള്ളി ജംഗ്ഷൻ
3. ചെങ്ങളം പള്ളിക്കത്തോട് റോഡിൽ മേടയ്ക്കൽ കവലഭാഗം, മൂന്നുപീടിക പൂവത്തോലി ഭാഗം
4. മണ്ണൂപ്പള്ളി മുഴൂർ പൂവത്തിളപ്പു റോഡിൽ വാഴക്കാലാഭാഗം, മഞ്ഞാമറ്റം ജംഗ്ഷൻ, മഞ്ഞാമറ്റം പള്ളി ജംഗ്ഷൻ, കണിപറമ്പ്, കാരങ്ങാട്ട് അമ്പലം ജംഗ്ഷൻ.
5. ചെങ്ങളം പൈക റോഡിൽ നായിപ്ലാവ്, മുണ്ടാട്ടുചുണ്ടഭാഗം
6. ചുവന്നപ്ലാവ് പാദുവ റോഡിൽ കുഴിമറ്റം കവല, നെല്ലിക്കുന്ന്, നെല്ലിക്കുന്ന് ലൈബ്രറി, നെല്ലിക്കുന്ന് ജംഗ്ഷൻ, മുണ്ടുവാല കോൺ, പട്ടിയാലിമറ്റം
7. ചുവന്നപ്ലാവ് കൊഴുവനാൽ റോഡിൽ വെള്ളറഭാഗം, മാന്തറ ജംഗ്ഷൻ

പൂവരണി-കിടാക്കുഴി-ചെങ്ങളം റോഡ്

പാലായിൽനിന്നും പൊൻകുന്നത്തേക്ക് പോകുന്നതിന് ഏറ്റവും ദൂരം കുറഞ്ഞ റോഡാണ് പൂവരണി ക്ടാക്കുഴി ചെങ്ങളം റോഡ്. പഞ്ചായത്തിന്റെ അധീനതയിലുള്ള പ്രസ്തുതറോഡ് PWD ഏറ്റെടുത്ത് വീതി കൂട്ടി കോൺക്രീറ്റ് ഓടകളും ആവശ്യത്തിന് കലുങ്കുകളും തീർത്ത് വീതി കൂട്ടി ടാർ ചെയ്യുകയും വേണ്ടതാകുന്നു. പാലായിൽ നിന്ന് ശബരിമല തീർത്ഥാടകർക്കും മറ്റു ദീർഘദൂരയാത്രകൾക്കും പ്രസ്തുത റോഡിൽകൂടി ഏറ്റവും കുറഞ്ഞ ചെലവിൽ പോകാൻ സാധിക്കുന്നതാകുന്നു. പാലായിൽ നിന്നും, മണിമല, മുണ്ടക്കയം, കട്ടപ്പന, പത്തനംതിട്ട, റാന്നി തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് പോകുന്നതിന് ഏറ്റവും ദൂരം കുറഞ്ഞ റോഡാണ്. ഇത് വികസിപ്പിക്കേണ്ടത് അത്യാവശ്യമാണ്. പാലാ-പൈക-പൊൻകുന്നം റോഡിലെ തിരക്ക് ഒഴിവാക്കുന്നതിന് ഇത് ഒരു പാരലൽ റോഡായും ഉപയോഗിക്കാവുന്നതാണ്.

നായിപ്ലാവ്-ചപ്പാത്ത് റോഡ്

അകലക്കുന്നം പഞ്ചായത്തിൽ IX ാം വാർഡിൽ എലിക്കുളം പഞ്ചായത്തിനേയും, മീനച്ചിൽ പഞ്ചായത്തിനേയും ബന്ധിക്കുന്ന ഒരു പ്രധാന റോഡാണ് ഇത്. അകലക്കുന്നം പഞ്ചായത്തിന്റെതായി 3 KM. ദൂരമാണ്. ടി. റോഡ് ടാർ ചെയ്തതാണെങ്കിലും ഇന്ന് കാൽനടയ്ക്കു പോലും സാധിക്കാത്ത രീതിയിൽ നശിച്ച റോഡാണ്. ടി. റോഡ് PWD ഏറ്റെടുക്കേണ്ടതാണ്. PWD ഏറ്റെടുത്ത് യാത്രാ സൗകര്യം ഏർപ്പെടുത്തിയാൽ ഏറ്റവും ദൂരം കുറഞ്ഞ് പാലായിൽ നിന്ന് പൊൻകുന്നത്തേക്ക് പോകാവുന്നതാണ്. ശബരിമലയ്ക്ക് പോകുന്നവർക്ക് ഏറ്റവും കുറഞ്ഞ ദൂരത്തിൽ പോകാൻ കഴിയുന്ന റോഡാണ്. ദീർഘദൂര സർവ്വീസുകളും കുറഞ്ഞ ദൂരത്തിൽ നടത്താവുന്നതാണ്.

പാലായിൽ നിന്ന് പൂവരണി ക്ടാക്കുഴി ഇടിയാകുന്നു കാഞ്ഞിരമറ്റം വഴി തെക്കുംതല കവുങ്ങുംകപാലം വഴി കോട്ടയത്തിനു ബസ് റൂട്ട് അനുവദിക്കണം. ടി. റോഡ് PWD ഏറ്റെടുത്ത് കലുങ്കുകളും, ഓടകളും നിർമ്മിച്ച് റീടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കണം, ടി റോഡ് ചങ്ങനാശ്ശേരി, മണിമല, പത്തനംതിട്ട തുടങ്ങിയ സ്ഥലങ്ങളിലേയ്ക്കു പോകുന്നതിനുള്ള ദൂരം കുറഞ്ഞ റൂട്ടാണ്.

PWD ആഫീസുകൾ

അകലക്കുന്നം പഞ്ചായത്തിന്റെ ആസ്ഥാനമായ പൂവത്തിളപ്പിൽ PWD അസിസ്റ്റന്റ് എൻജിനീയറുടെ ആഫീസ് സ്ഥാപിയ്ക്കേണ്ടതാകുന്നു. കൊഴുവനാൽ അകലക്കുന്നം എന്നീ പ്രദേശങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്.

ടാക്സി സ്റ്റാൻഡ്

മണൽ, മഞ്ഞാമറ്റം, പൂവത്തിളപ്പ്, ചെങ്ങളം, കാഞ്ഞിരമറ്റം, ചുവന്നപ്ലാവ് എന്നീ സ്ഥലങ്ങളിൽ ടാക്സി സ്റ്റാൻഡുകൾ നിർമ്മിക്കണം.

ബസ്സ്റ്റാൻഡ്

പഞ്ചായത്തിന്റെ ആസ്ഥാനവും നാല് ബസ് റൂട്ടുകൾ സന്ധിക്കുന്നതുമായ 25-ൽപരം ബസ് സർവ്വീസ് ഉള്ളതുമായ പൂവത്തിളപ്പിൽ ഒരേക്കർ സ്ഥലം വിലയ്ക്കെടുത്ത് ഒരു ബസ്സ്റ്റാൻഡ് സ്ഥാപിക്കേണ്ടതാകുന്നു.

ചെങ്ങളം ബസ്സ്റ്റാൻഡ്

ചെങ്ങളം ബസ്സ്റ്റാൻഡ് കോൺക്രീറ്റ് ചെയ്യുകയും,

വെയിറ്റിംഗ് ഷെഡ്ഡ് നിർമ്മിക്കുകയും നിലവിലുള്ള കക്കൂസിനോട് ചേർന്ന് മൂത്രപ്പുര നിർമ്മിച്ച് അവിടെ വെള്ള മെത്തിയ്ക്കുകയും ചെയ്യുക. കൂടാതെ ബസ്സ്റ്റാൻഡിന്റെ വലതുവശത്ത് ഷോപ്പിംഗ് കോംപ്ലക്സും, കമ്മ്യൂണിറ്റി ഹാളും നിർമ്മിക്കുക.

ഊർജ്ജം

അകലക്കുന്നം പഞ്ചായത്തിലെ ഊർജ്ജമേഖലയുടെ സ്ഥിതി ഒട്ടും തൃപ്തികരമല്ല. വെളിച്ചത്തിനും വ്യാവസായിക ആവശ്യങ്ങൾക്കും പാരമ്പര്യ ഊർജ്ജമായ ജല വൈദ്യുതിയാണ് ഉപയോഗിക്കുന്നത്. മറ്റ് ഊർജ്ജ സ്രോതസ്സുകൾ ഒന്നും ഈ പഞ്ചായത്തിൽ ഇല്ല. വോൾട്ടേജ് ക്ഷാമം പഞ്ചായത്തിലെ ജനങ്ങളുടെ ഏറ്റവും വലിയ പ്രശ്നമാണ്. ആകെയുള്ള 5000-ൽ പരം വീടുകളിൽ 60%ത്തോളം (3000) വീടുകൾ വൈദ്യുതീകരിയ്ക്കപ്പെട്ടിട്ടുണ്ട്. അതിൽ 10%ത്തോളം വീടുകളിൽ (300 എണ്ണം) മാത്രമെ സാമാന്യം തൃപ്തികരമായ നിലയിൽ വോൾട്ടേജ് ലഭിയ്ക്കുന്നുള്ളൂ. ശേഷിച്ച 2700 വീടുകളിലെയും വോൾട്ടേജ് നില രാത്രി 10 മണി വരെയുള്ള സമയങ്ങളിൽ 35-ൽതാഴെ മാത്രമാണ്. ഇപ്രകാരം ബഹുഭൂരിപക്ഷം വീടുകളിലും വൈദ്യുതി വെളിച്ചത്തിൽ വായിക്കാനോ എഴുതാനോ, മറ്റു പ്രവൃത്തികളിൽ ഏർപ്പെടാനോ സാധിയ്ക്കുന്നില്ല. ആ സമയങ്ങളിൽ വെളിച്ചത്തിന്റെ ആവശ്യത്തിലേയ്ക്ക് മണ്ണെണ്ണ വിളക്കാണ് ഉപയോഗിക്കുന്നത്. ഇതിൽ നിന്നും ഈ പ്രദേശത്തെ വോൾട്ടേജ് ക്ഷാമം എത്ര രൂക്ഷം ആണെന്ന് ഊഹിയ്ക്കാമല്ലോ. ഈ പഞ്ചായത്തിലുള്ള 2000ത്തോളം വീടുകളിൽ വൈദ്യുതി കണക്ക്ഷൻ ലഭിച്ചിട്ടില്ല. കണക്ഷനാവശ്യമായ അപേക്ഷ നൽകി വർഷങ്ങളായി കാത്തിരിക്കുന്നവർ ധാരാളം ഉണ്ട്. വോൾട്ടേജ് ക്ഷാമം നിമിത്തം വ്യവസായങ്ങൾ തുടങ്ങുവാനും കഴിയുന്നില്ല.

വൈദ്യുതി വിതരണത്തിനായി സ്ഥാപിച്ചിട്ടുള്ള 12 ട്രാൻസ്ഫോർമറുകൾ എല്ലാം കപ്പാസിറ്റി കുറഞ്ഞവയാകുന്നു. അവയുടെ ശേഷിയിൽ കവിഞ്ഞ് ഏകദേശം ഇരട്ടിയിലധികം വീടുകൾക്ക് കണക്ഷൻ നൽകിയിട്ടുള്ളതായി കാണുന്നു. ഇവിടെയുള്ള മിക്ക എൽ.റ്റി. ലൈനുകളിലും ദൈർഘ്യം കൂടുതൽ ഉള്ളവയാണ്. അവയുടെ മെയിൻറനൻസ് കാലാകാലങ്ങളിൽ നടത്താറില്ല. എല്ലാ ലൈനുകളിലും മരച്ചില്ലകൾ മുട്ടി നിൽക്കുന്നത് കാണുവാൻ കഴിയും. ലൈനുകളിലെ ടച്ചിംഗ് മുറിച്ചു മാറ്റാതെ തുകൊണ്ട് കൂടിയ തോതിൽ പ്രസരണനഷ്ടവും ഉണ്ടാകുന്നുണ്ട്. ഈ പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി എത്തിക്കുന്നത് പാല, ഏറ്റുമാനൂർ, പാമ്പാടി, കാഞ്ഞിരപ്പള്ളി എന്നീ വൈദ്യുതി സബ്സ്റ്റേഷനുകളിൽ നിന്നാണ്. ഇവിടെ നിന്നും ഏറ്റുമാനൂർ സബ്സ്റ്റേഷനിലേയ്ക്ക് 25 കിലോമീറ്ററും, പാമ്പാടി സബ്സ്റ്റേഷനിലേയ്ക്ക് 22 കിലോമീറ്ററും, പാലാ സബ്സ്റ്റേഷനിലേയ്ക്ക് 18 കിലോമീറ്ററും, കാഞ്ഞിരപ്പള്ളി സബ്സ്റ്റേഷനിലേയ്ക്ക് 20 കിലോമീറ്റർ ദൂരവും ആണ് ഉള്ളത്. വിവിധ സബ്സ്റ്റേഷനുകളിലേയ്ക്കുള്ള ദൂരകൂടുതൽ വോൾട്ടേജ് ക്ഷാമത്തിന് ഒരു കാരണം കൂടിയാണ്.

ഈ പഞ്ചായത്തിലെ വൈദ്യുതിക്കമ്മി പരിഹരിക്കാനുള്ള ഏക പോംവഴി മറ്റക്കരയിൽ ഒരു ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുകയാണ്. സബ്സ്റ്റേഷൻ സ്ഥാപിക്കുവാൻ വേണ്ട എല്ലാ അനുകൂല ഘടകങ്ങളും മറ്റക്കരയിൽ ഉണ്ട്. ഇടുക്കിയിൽ നിന്നും പള്ളത്തേയ്ക്ക് പോവുന്ന ഹൈവോൾട്ടേജ് ലൈൻ മറ്റക്കര വഴിയാണ് കടന്നുപോകുന്നത്. സബ്സ്റ്റേഷന് ആവശ്യമായ സ്ഥലം മറ്റക്കരയിൽ ലഭ്യമാണ്. ആകയാൽ മറ്റക്കരയിൽ ഒരു സബ്സ്റ്റേഷൻ സ്ഥാപിയ്ക്കണമെന്ന് വൈദ്യുതി ബോർഡിനോട് അഭ്യർത്ഥിക്കുന്നു.

ഈ പഞ്ചായത്തു പ്രദേശത്തുള്ള ജനങ്ങളിൽ 99½% പാചകാവശ്യത്തിന് ഇന്ധനമായി വിറകാണുപയോഗിക്കുന്നത്. വിറകിന്റെ ലഭ്യത കുറഞ്ഞതിനെ തുടർന്ന് അതിന്റെ വില ഗണ്യമായി വർദ്ധിപ്പിക്കുകയുണ്ടായി. കുറച്ച് ആളുകൾ പാചകാവശ്യത്തിന് മണ്ണെണ്ണ ഉപയോഗിച്ചു വരുന്നു. എന്നാൽ പലപ്പോഴും മണ്ണെണ്ണ ആവശ്യത്തിന് തികയില്ല. LPG ഗ്യാസ് കണക്ഷൻ ഉള്ളത് ചുരുക്കം വീടുകളിൽ മാത്രമാണ്. ഈ പ്രദേശത്ത് ഗ്യാസ് വിതരണ ശൃംഖല ഇല്ലാത്തതാണ് കണക്ഷൻ കുറഞ്ഞു പോയതിന് കാരണം. ഗ്യാസ് കണക്ഷൻ എടുക്കുവാൻ താല്പര്യം ഉള്ളവർ ഈ പഞ്ചായത്തിൽ ധാരാളം ഉണ്ട്. ആകയാൽ ഇവിടെ ഒരു ഗ്യാസ് ഏജൻസി അനുവദിയ്ക്കേണ്ടതാവശ്യമാണ്.

ബയോഗ്യാസ് ഉൽപാദിപ്പിച്ച് പാചകാവശ്യത്തിന് ഉപയോഗിക്കുന്ന കുറച്ച് ആളുകൾ ഈ പഞ്ചായത്തിലുണ്ട്. ഒരു പ്ലാൻറ് വിജയപ്രദമാക്കുന്നതിന് കുറഞ്ഞപക്ഷം രണ്ട് കന്നുകാലികളെയെങ്കിലും വളർത്തേണ്ടതാകുന്നു. കന്നുകാലികളുടെ സംരക്ഷണചിലവ് വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഒന്നിൽകൂടുതൽ എണ്ണത്തെ വളർത്തുവാൻ ബഹുഭൂരിപക്ഷം പേർക്കും സാധിക്കാതെ വന്നു. തൻ നിമിത്തം പല പ്ലാൻറുകളുടെയും ശേഷി പൂർണ്ണമായ തോതിൽ പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നില്ല.

ശാസ്ത്രസാഹിത്യ പരിഷത്ത് പ്രചരിപ്പിക്കുന്ന പുകയില്ലാത്ത അടുപ്പുകൾ കുറച്ച് വീടുകളിൽ ഉപയോഗിക്കുന്നുണ്ട്. പുകയും കരിയും വലിയ അളവിൽ ഒഴിവാക്കുവാനും, വളരെ കുറച്ച് വിറക് ഉപയോഗിച്ച് പാചകം നടത്തുവാൻ സാധിക്കുന്നതിനാലും ഇമ്മാതിരി അടുപ്പുകൾ കൂടുതൽ വീടുകളിൽ സ്ഥാപിയ്ക്കുവാൻ വേണ്ടത്ര പരിചരണം നടത്തേണ്ടതാകുന്നു. ചെറിയ തോതിൽ സബ്സിഡി അനുവദിയ്ക്കണം. അടിയ്ക്കടി വൈദ്യുതി തടസ്സം നേരിട്ടിട്ടുള്ള ഈ പ്രദേശത്ത് സോളാർ ലാന്റേറണുകൾ പ്രചരിപ്പിക്കേണ്ടതാകുന്നു.

സ്ട്രീറ്റ് ലൈറ്റുകൾ

58 കിലോമീറ്റർ PWD റോഡുകളും 77 കിലോമീറ്റർ പഞ്ചായത്തു റോഡുകളും ഉള്ള ഈപഞ്ചായത്തിൽ ഇപ്പോൾ ഉള്ളത് 280 സ്ട്രീറ്റ് ലൈറ്റുകൾ മാത്രമാണ്. ഇവയിൽ 98% വിളക്കുകളും മാസങ്ങളായി കത്തുന്നില്ല. കേടായി പോവുന്ന ബൾബുകൾ മാറ്റി പുതിയ ബൾബുകൾ സ്ഥാപിക്കേണ്ട ചുമതല നിലവിലുള്ള നിയമം അനുസരിച്ച് ഇലക്ട്രിസിറ്റി ബോർഡിനാണ്. ഈ ചുമതല ഇലക്ട്രിസിറ്റി ബോർഡ് ശരിയായ രീതിയിൽ നിർവ്വഹിക്കുന്നില്ല. വർഷം തോറും 60000 രൂപാ കറൻറ് ചാർജ് ഇനത്തിൽ ബോർഡിലേയ്ക്ക് പഞ്ചായത്തിൽ നിന്നും

അടയ്ക്കുന്നുണ്ട്. ഇപ്രകാരം ഭീമമായ തുക അടയ്ക്കുന്നുണ്ടെങ്കിലും വഴി വിളക്കുകളുടെ പ്രയോജനം ജനങ്ങൾക്കു ലഭിയ്ക്കുന്നില്ല. വഴിവിളക്കുകൾ നന്നാക്കുന്നതും ഫ്യൂസായ ബൾബുകൾ മാറ്റി പുതിയ ബൾബുകൾ ഇടുന്നതും പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ആക്കിയാൽ ഇന്ന് അനുഭവപ്പെടുന്ന സ്ട്രീറ്റ് ലൈറ്റിംഗ് സംബന്ധമായ ന്യൂനതകൾ പരിഹരിയ്ക്കുവാൻ സാധിക്കുന്നതാണ്.

ഇന്ന് നിലവിലുള്ള 280 സ്ട്രീറ്റ് ലൈറ്റുകൾ അപര്യാപ്തമാണ്. പത്ത് വാർഡുകളിലായി 1200 സാധാരണ ലൈറ്റുകളും, 300 ട്യൂബ് ലൈറ്റുകളും കൂടുതലായി സ്ഥാപിക്കണം. കൂടാതെ പ്രധാനപ്പെട്ട സ്ഥാനങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകളും സ്ഥാപിക്കേണ്ടതാകുന്നു. കൂടാതെ സ്ട്രീറ്റു ലൈറ്റുകൾ ഇല്ലാത്ത പഞ്ചായത്തു റോഡുകളിൽ സ്ട്രീറ്റു ലൈറ്റുകൾ അടിയന്തിരമായി സ്ഥാപിക്കണം.

ട്രാൻസ്ഫോർമറുകൾ

33 ച.കിലോമീറ്റർ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തു പ്രദേശത്ത് വൈദ്യുതി വിതരണത്തിന് 15 ട്രാൻസ്ഫോർമറുകൾ മാത്രമെ സ്ഥാപിച്ചിട്ടുള്ളു. 11 KV ലൈനുകളുടെ നിലവിലുള്ള മൊത്തം നീളം 20 കിലോമീറ്റർ മാത്രമാണ്. ആവശ്യമുള്ളതിന്റെ ഒരു ചെറിയ ശതമാനം മാത്രമാണ് ഇത്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 11 ട്രാൻസ്ഫോർമറുകൾ കൂടി സ്ഥാപിക്കണം. കൂടാതെ നിലവിലുള്ള 12 ട്രാൻസ്ഫോർമറുകൾ കപ്പാസിറ്റി കുറഞ്ഞവയാകയാൽ അവയെല്ലാം മാറ്റി ശേഷി കൂടി ട്രാൻസ്ഫോർമറുകളും സ്ഥാപിക്കേണ്ടതാകുന്നു. കാഞ്ഞിരമറ്റത്തു വേങ്ങത്താനം ഭാഗത്ത് അനുവദിച്ചിരിക്കുന്ന ട്രാൻസ്ഫോമർ എത്രയും വേഗം പണിപൂർത്തിയാക്കി ഇവിടുത്തെ വോൾട്ടേജ് ക്ഷാമം പരിഹരിച്ചു തരണം. പുതിയതായി സ്ഥാപിക്കേണ്ട ട്രാൻസ്ഫോർമറുകളുടെ സ്ഥാനം നിർണ്ണയിച്ചുകൊണ്ടുള്ള ലിസ്റ്റ് പട്ടിക 5-ൽ കൊടുത്തിരിയ്ക്കുന്നു.

പട്ടിക 5

1. എട്ടാം വാർഡിൽ കിടാക്കുഴി ഭാഗം
2. ടി. വാർഡിൽ പാറശ്ശേരി ഭാഗം
3. മൂഴൂർ വാർഡിൽ കണിപറമ്പ് ഭാഗം
4. ടി. വാർഡിൽ പുറങ്ങനാൽ കുരിശുപള്ളിഭാഗം
5. ഇടമുള വാർഡിൽ മൈങ്ങേണ്ടം ഭാഗം
6. ചെങ്ങളം തെക്കുംതല റോഡിൽ നാമത്തോലിഭാഗം
7. തെക്കുംതല ഭാഗത്ത് ഒരു ട്രാൻസ്ഫോർമർ
8. ചുവന്നപ്ലാവ് ഭാഗത്ത് ഒരു ട്രാൻസ്ഫോർമർ
9. കരിമ്പാനി വാർഡിൽ ഇടമുള ഭാഗത്ത്
10. മറ്റപ്പള്ളി 10-ാം വാർഡ്
11. ഒമ്പതാം വാർഡിൽ ഞണ്ടുപാറഭാഗം

LT. ലൈനുകൾ 3 ഫേസ് ലൈനുകൾ

ഇപ്പോഴുള്ള LT ലൈനുകളുടെ നീളം കേവലം 7 കിലോമീറ്റർ മാത്രമാണ്. ഇനിയും 98 കിലോമീറ്റർ LT ലൈനുകൾ കൂടി സ്ഥാപിക്കേണ്ടതാകുന്നു. നിലവിലുള്ള 3 ഫേസ് ലൈനുകളുടെ നീളം 40 കിലോമീറ്റർ ആണ്. ഇതിനു പുറമെ 70 കിലോമീറ്റർ നീളം 3 ഫേസ് ലൈനുകൾ കൂടി സ്ഥാപിക്കേണ്ടതുണ്ട്

മറ്റു നിർദ്ദേശങ്ങൾ

1. കൂടെക്കൂടെ വൈദ്യുതി തടസ്സം ഉണ്ടാവുന്നത് തടയുവാൻ കൊഴുവനാൽ-ചേർപ്പുങ്കൽ-ഏറ്റുമാനൂർ ലൈൻ പൂവത്തിളപ്പു സെൻററുമായി ബന്ധിപ്പിക്കണം.
2. പാമ്പാടി 11 KV ലൈൻ ചെങ്ങളവുമായി ബന്ധിപ്പിക്കണം. ൈ
3. പൈക-ഉരുളിക്കുന്നം ലൈനും ഒട്ടയ്ക്കൽ 11 KV ലൈനും ചെങ്ങളവുമായി ബന്ധിപ്പിക്കേണ്ടതാകുന്നു. ഇതുമൂലം ചെങ്ങളം ഭാഗത്ത് വൈദ്യുതി വിതരണം സംബന്ധിച്ച് ഉണ്ടാകുന്ന തടസ്സങ്ങൾ ഒഴിവാക്കുവാൻ സാധിക്കുന്നതായിരിക്കും.
4. മിക്ക ലൈനുകളിലും പോസ്റ്റുകൾ 30-ൽ പരം വർഷത്തെ പഴക്കം ഉള്ളവയാണ്. കാലപ്പഴക്കം കൊണ്ട് ഒടിഞ്ഞു വീഴാവുന്ന അവസ്ഥയിലാകയാൽ, ജീർണ്ണിച്ച പോസ്റ്റുകൾ മുഴുവൻ മാറ്റി പുതിയത് സ്ഥാപിച്ചും, പഴക്കം ചെന്ന അലുമീനിയം കമ്പികൾ നീക്കം ചെയ്ത് പുതിയ കമ്പികൾ വലിച്ചും, ലൈനുകൾ പുതുക്കേണ്ടതാണ്.

5. വൈദ്യുതി ആഫീസുകൾ

മറ്റക്കരയിൽ പ്രവർത്തിച്ചു വരുന്ന ഓവർസിയർ ആഫീസ് സബ് എൻജിനീയറുടെ ആഫീസായി ഉയർത്തേണ്ടതാകുന്നു. അതുപോലെ തന്നെ ചെങ്ങളത്ത് ഉള്ള ജൂനിയർ എൻജിനീയർ ആഫീസ് അസിസ്റ്റൻറ് എൻജിനീയറുടെ ആഫീസായി ഉയർത്തേണ്ടതാകുന്നു. ചെങ്ങളം ജൂണിയർ എൻജിനീയരുടെ ആഫീസിൽ ഒരു കാഷ്യറെ സ്ഥിരമായി നിയമിച്ച് എല്ലാ ദിവസങ്ങളിലും കറൻറ് ചാർജ് സ്വീകരിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യണം. അവിടെ ടെലഫോൺ സൗകര്യം ലഭ്യമാക്കണം.

6. പൂവത്തിളപ്പിൽ സെക്ഷൻ ആഫീസ് സ്ഥാപിക്കണം. അവിടെ കറൻറ് ചാർജ് സ്വീകരിക്കുന്നതിനു വേണ്ടി ഉടനടി ഒരു കളക്ഷൻ സെൻററും തുറക്കേണ്ടതാകുന്നു.
7. സ്ട്രീറ്റ് ലൈറ്റുകളുടെ ഉത്തരവാദിത്വം പഞ്ചായത്തിനെ ഏൽപ്പിക്കുകയും, ഓരോ വൈദ്യുത സെക്ഷനുകൾക്കും മീറ്ററുകൾ സ്ഥാപിച്ച് ഉപയോഗിക്കുന്ന കറൻറിനു മാത്രം ചാർജ് കൊടുക്കുകയും, രാത്രി പത്തിനു ശേഷം ജംഗ്ഷൻ ഒഴികെയുള്ള സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ അണക്കുകയും ചെയ്ത് വൈദ്യുതിയുടെ ദുരുപയോഗം കുറയ്ക്കുകയും ചെയ്യുക.

8. കോംപാക്ട് ഫ്ലൂറസെൻറ് ലാമ്പുകൾ

കുറഞ്ഞ വോൾട്ടേജിൽ പ്രകാശിപ്പിക്കുവാൻ സാധിക്കുന്ന കോംപാക്ട് ഫ്ലൂറസെൻറ് ലാമ്പുകൾ നമ്മുടെ പഞ്ചായത്തിൽ പ്രചരിപ്പിക്കേണ്ടതാകുന്നു. 11 വാട്സ് ഉള്ള ഇത്തരം ലാംപുകൾക്ക് 60 വാർട്ട്സ് സാധാരണ ബൾബുകൾക്കുള്ള ഉള്ള പ്രകാശം ലഭിക്കുന്നതാണ്. ഇതു വഴിയായി വൈദ്യുതോർജ്ജം ഗണ്യമായ അളവിൽ ലാഭിയ്ക്കുവാൻ സാധിക്കുന്നതായിരിക്കും.

5-7 പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം

ആഹാരവും വസ്ത്രവും കഴിഞ്ഞാൽ മനുഷ്യന്റെ ഏറ്റവും അടുത്ത ആവശ്യം പാർപ്പിടമാണ്. സ്വാതന്ത്ര്യത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽപോലും എല്ലാവർക്കും വീട് എന്ന സ്വപ്നം സാക്ഷാൽക്കരിക്കപ്പെട്ടിട്ടില്ല. ഏതൊരു മനുഷ്യന്റേയും സ്വന്തമായ ഒരു വീടെന്ന സ്വപ്നം സഫലീകരിയ്ക്കുകയാകട്ടെ അടുത്ത 9-ാം പദ്ധതിയിൽ നമ്മുടെ ലക്ഷ്യം.

പഞ്ചായത്തിന്റെ 10 വാർഡുകളിലായി 5134 വീടുകളാണ് ഉള്ളത്. അതിൽ 1547 എണ്ണവും കുടിലുകളാണ്. ഈ കുടിലുകൾ അധികവും അടിയന്തിരമായി അറ്റകുറ്റ പണികൾ നടത്തേണ്ടവയോ പുതുക്കിപ്പണിയേണ്ടവയോ ആണ്. പഞ്ചായത്തിൽ പുറമ്പോക്കുനിവാസികളായി 28 കുടുംബങ്ങൾ ഉണ്ട്. അവർക്ക് എത്രയുംവേഗം സ്വന്തമായി സ്ഥലംവാങ്ങി വീടുവയ്ക്കുന്നതിന് പഞ്ചായത്തിൽ നിന്നും സഹായം നൽകേണ്ടതാണ്.

വിവിധ സ്കീമുകളിലായി കഴിഞ്ഞ ഏതാനും വർഷങ്ങളിലായി പഞ്ചായത്തിൽ നിന്നും നിർമ്മിച്ച വീടുകളുടെ പട്ടിക താഴെകൊടുത്തിരിക്കുന്നു.

വർഷം	എണ്ണം
90-91	7
91-92	1
92-93	4
93-94	7
94-95	0
95-96	0
ആകെ	19

ഈ പഞ്ചായത്തിൽ ആവശ്യമുള്ള വീടുകളുടെ എണ്ണം വച്ചു നോക്കുമ്പോൾ അടുത്ത നാളുകളിലെങ്ങും ദരിദ്ര ജന വിഭാഗങ്ങളുടെ പാർപ്പിട പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുമെന്നു തോന്നുന്നില്ല. 93-94 മുതൽ പഞ്ചായത്തിൽ പുതുതായി നിർമ്മിച്ച വീടുകളുടെ സ്ഥിതി പരിശോധിച്ചതിൽ ആകെയുള്ള 166 [illegible]ളിൽ 59 എണ്ണം കോൺക്രീറ്റും 16 എണ്ണം ഷീറ്റും 45 [illegible]ണ്ണം ഓടുമേഞ്ഞതുമാണ് എന്നു കാണുന്നു. ബാക്കിയുള്ള 46 എണ്ണം കുടിലുകളാണ്. ഓരോ വർഷത്തേയും ഇനം തിരിച്ചുള്ള പട്ടിക ചേർക്കുന്നു.

വർഷം	കോൺക്രീറ്റ്	ഷീറ്റ്	ഓട്	കുടിൽ
1993-94	15	1	11	7
94-95	16	6	13	17
95-96	28	9	21	22
ആകെ	59	16	45	46

അകലക്കുന്നം റൂറൽ ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഭവന നിർമ്മാണരംഗത്ത് വായ്പാ വിതരണം നടത്തുന്നുണ്ട്. എങ്കിലും ദുർബല വിഭാഗങ്ങൾക്ക് വേണ്ടത്ര ആനുകൂല്യം ഈ സ്ഥാപനത്തിൽ നിന്നും കിട്ടുന്നില്ല.

ഇതു കൂടാതെ ഈ പഞ്ചായത്തിലെ പല സന്നദ്ധ സംഘടനകൾ വഴിയായും ഗവൺമെൻറിന്റെ വിവിധ പദ്ധതികൾ വഴിയായും ധാരാളം പേർക്ക് ഭവന നിർമ്മാണത്തിനു സഹായം ലഭിച്ചിട്ടുണ്ട്. കാഞ്ഞിരമറ്റത്തെ വിൻസെൻറ് ഡി പോൾ സന്നദ്ധ സംഘടന ഈ രംഗത്ത് പ്രശസ്തമായി സേവനം ചെയ്യുന്നു.

നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലവർദ്ധനയും വർദ്ധിച്ച കൂലി നിരക്കും പാർപ്പിട നിർമ്മാണത്തിൽ സാധാരണക്കാരന് വളരെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. വിവിധ സ്കീമുകളിലൂടെ നല്കുന്ന സഹായങ്ങളുടെയും വായ്പയുടേയും തോത് ഉയർത്തേണ്ടതിന്റെ ആവശ്യകത നമുക്കു ബോധ്യം വരുന്നു.

എല്ലാവരും പരമ്പരാഗതമായി തങ്ങൾക്കു ലഭിച്ച സ്ഥലത്ത് വീടുകൾ നിർമ്മിക്കാൻ താല്പര്യപ്പെടുന്നവരാണ്. വീടുകൾ നിർമ്മിക്കുവാൻ റോഡ് സൈഡിലുള്ള സ്ഥലം അന്വേഷിക്കുന്നതിലുപരി താമസസ്ഥലത്തേയ്ക്ക് റോഡു ഉണ്ടാക്കുന്നതിലാണ് കൂടുതൽ ശ്രദ്ധ ചെലുത്തുന്നത്. നിർമ്മാണ സാമഗ്രികൾ വീടു നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്ത് എത്തിക്കുക എന്നതും ചെലവേറിയതാണ്. പഞ്ചായത്തിലെ പല കുടുംബങ്ങൾക്കും വേണ്ടത്ര

വഴി സൗകര്യമില്ല. നിർമ്മാണസാമഗ്രികൾ പഞ്ചായത്തിൽ തന്നെ ലഭ്യമാക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാകണം. തൊഴിലില്ലായ്മ ഒരു പരിധി വരെ പരിഹരിക്കുന്നതിന് ഇത്തരത്തിലുള്ള സംരംഭങ്ങൾ സഹായിക്കും.

വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവവും ഈ രംഗത്തെ മറ്റൊരു പ്രധാന പ്രശ്നമാണ്. കെട്ടിട നിർമ്മാണ രംഗത്തുണ്ടായിരുന്ന പരമ്പരാഗത തൊഴിലാളികളുടെ പിന്മുറക്കാർ ഈ രംഗത്ത് നിന്ന് പിൻവാങ്ങി മറ്റു രംഗങ്ങളിൽ ഏർപ്പെട്ടു വരുന്നത് ഒരു കാരണമാണ്. വർദ്ധിച്ചു വരുന്ന ആവശ്യം കണക്കിലെടുത്ത് കൂടുതൽ പേർക്കു പരിശീലനം നല്കേണ്ടതാണ്. ഈ രംഗത്ത് ജോലി ചെയ്യുന്നവരിൽ അധികവും അന്യ സംസ്ഥാനത്തു നിന്ന് വരുന്നവരാണ് നമ്മുടെ പല സ്ഥലങ്ങളിലും വെട്ടുകല്ലു വെട്ടിയെടുക്കാൻ സൗകര്യമുണ്ടെങ്കിലും വേണ്ടത്ര തൊഴിലാളികൾ ഇല്ലാത്തതിനാൽ വീടു പണിക്കു മറ്റു സാധനങ്ങൾ ഉപയോഗിക്കേണ്ടി വരുന്നു. കെട്ടിട നിർമ്മാണ രംഗത്ത് അവിദഗ്ദ്ധ തൊഴിലാളികളിൽ അധികവും സ്ത്രീകളാണ്. കുറഞ്ഞ കൂലി നിരക്കാണ് ഇതിനു കാരണം. ഒരേ തൊഴിൽ ചെയ്യുന്ന സ്ത്രീക്കും പുരുഷനും വ്യത്യസ്ത കൂലി നിരക്കുകളാണ് പഞ്ചായത്തിൽ ഇന്നുള്ളത്.

പരിഹാര നിർദ്ദേശങ്ങൾ

1. നിർമ്മാണ തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കുക.
2. വീടു നിർമ്മാണത്തിന് വായ്പ ലഭിക്കാനുള്ള കാലതാമസം ഒഴിവാക്കുക.
3. കെട്ടിട നിർമ്മാണ രംഗത്ത് കൂടുതൽ വിദഗ്ദ്ധ പരിശീലനം നല്കുക.
4. അഞ്ചു ലക്ഷമോ അതിലധികമോ നിർമ്മാണചെലവു വരുന്ന കെട്ടിടങ്ങൾക്ക് നിലവിലുള്ള നികുതിക്കു പുറമേ 2% നികുതി കൂടി ഏർപ്പെടുത്തി അങ്ങനെ ലഭിക്കുന്ന തുക ദുർബല വിഭാഗങ്ങൾക്ക് വീടു പണിക്ക് സഹായധനമായി നല്കുക.
5. ദുർബല വിഭാഗത്തിൽപെട്ടവർക്ക് വീടിന്റെ അറ്റകുറ്റപ്പണികൾക്ക് പഞ്ചായത്തിൽ നിന്ന് സഹായം ലഭ്യമാക്കുക.
6. പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് സ്ഥലവും വീടും സൗജന്യമായി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

5-7 സാമൂഹ്യ ക്ഷേമം

ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായുള്ള വിവിധ പദ്ധതികൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടേതായി നിലവിലുണ്ട്. എന്നാൽ ഈ പദ്ധതികളുടെ ഗുണഭോക്താക്കളാകാൻ അർഹതയുള്ളവർക്ക് അതു ലഭിക്കുവാൻ വേണ്ട സംവിധാനം ഫലപ്രദമല്ല. IRDP സർവ്വേ പ്രകാരം ഈ പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള 1090 കുടുംബങ്ങളെയാണ് കണ്ടെത്തിയത്. ഇതിൽ 130 കുടുംബങ്ങൾ പട്ടികജാതി വിഭാഗത്തിൽ പെട്ടവയാണ്. എട്ടാം പദ്ധതികാലത്ത് ഇതിൽ 154 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകി. ഇതിൽ 20% പട്ടികജാതി/വർഗ്ഗ കുടുംബങ്ങളാണ്. സാമ്പത്തിക സഹായം ലഭിക്കുന്നവരാകട്ടെ പലപ്പോഴും ലഭിക്കുന്ന സഹായം ഫലപ്രദമായി പ്രയോജനപ്പെടുത്താൻ പറ്റിയ സാമൂഹ്യസാഹചര്യം ഇല്ലാത്തവരോ, ലഭിച്ച സഹായം ദുരുപയോഗപ്പെടുത്തുന്നവരോ ആണ്. സഹായം ലഭിച്ച 154 കുടുംബങ്ങളിൽ 27 കുടുംബങ്ങൾ മാത്രമാണ് തങ്ങൾക്ക് ലഭിച്ച സഹായം പ്രയോജനപ്പെടുത്തി ദാരിദ്ര്യരേഖയ്ക്കു മുകളിലായി എത്തിയതായി കണക്കുകൾ സൂചിപ്പിക്കുന്നത്. 1059 കുടുംബങ്ങൾ ദാരിദ്ര്യരേഖക്കു താഴെയുള്ളവരായി ഈ പഞ്ചായത്തിലുണ്ടെന്ന് കണക്കാക്കുന്നു.

നിലവിലുള്ള പദ്ധതികളുടെ പോരായ്മ എടുത്തു പറയത്തക്കതാണ്. പദ്ധതികളെപ്പറ്റിയുള്ള അറിവില്ലായ്മയും അർഹതപ്പെട്ടവർക്ക് ലഭിക്കുന്നില്ല എന്നതും ഒരു വശത്ത്. കിട്ടുന്നവ തന്നെ ആവശ്യത്തിനും സമയത്തും അല്ല എന്നതും, ഉപയോഗിക്കുവാൻ ഉള്ള സാമ്പത്തിക സൂലാമാലകളും മറുവശത്ത്. ഇതിനൊക്കെ പുറമെ, ഉദ്യോഗസ്ഥതലത്തിൽ വേണ്ട ബോധവത്ക്കരണം നടക്കുന്നില്ല എന്നതും നിലവിലുള്ള പദ്ധതികളുടെ പരാജയകാരണങ്ങളിൽ ചിലതു മാത്രമാണ്.

ട്രൈസം

18നും 35നും മദ്ധ്യേ പ്രായമുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്താനാവശ്യമായ പരിശീലനം നൽകുന്ന പരിപാടിയാണ് ട്രൈസം. 92-93 മുതൽ 95-96 വരെ വിവിധ തൊഴിൽ മേഖലകളിലായി ഈ പഞ്ചായത്തിൽ പരിശീലനം ലഭിച്ചവരുടെ എണ്ണം 28 ആണ്. പരിശീലനം ലഭിച്ചവരിൽ സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം നാമമാത്രമാണ്. പദ്ധതിക്ക് ഫലപ്രദമായ മോണിറ്ററിംഗ് ഉണ്ടാവുകയും തൊഴിൽ ചെയ്യാനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുകയും വേണം. ഒരോ പ്രദേശത്തിനും, ചേർന്ന തരത്തിൽ വേണ്ട പരിശീലനം നൽകാൻ തെരഞ്ഞെടുപ്പ് നടത്തുന്ന സമയത്ത് പ്രത്യേക ശ്രദ്ധ വേണം. അഭിരുചിക്കനുസരിച്ചും ആകണം തെരഞ്ഞെടുപ്പ്. സന്നദ്ധ സംഘടനകളുടെയും യുവജനസംഘടനകളുടെയും സഹകരണം തേടിയാൽ തെരഞ്ഞെടുപ്പ് എളുപ്പമാകും.

92-93 മുതൽ 95-96 വരെ ട്രൈസം പരിശീലനം ലഭിച്ചവരുടെ കണക്ക്

ക്രമനമ്പർ	പഞ്ചായത്ത്	വർഷം	പരിശീലനം ലഭിച്ചവരുടെ എണ്ണം						സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം		നിലവിൽ പരിശീലനം നടത്തുന്നവരുടെ എണ്ണം
			എസ്.സി.	എസ്.ടി.	മറ്റുള്ളവർ	സ്ത്രീകൾ	വികലാംഗർ	ആകെ	സ്വയം തൊഴിൽ സംരംഭം തുടങ്ങിയവർ	ദിവസക്കൂലിക്ക് തൊഴിൽ ചെയ്യുന്നവർ	
1	അകലക്കുന്നം ഗ്രാമപഞ്ചായത്ത്	92-93	3	-	4	2	-	7	2	5	-
		93-94	3	-	3	1	-	6	2	4	-
		94-95	3	-	3	5	-	6	1	5	-
		95-96	-	-	10	9	-	10	9	1	-

DWCRA

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനു വേണ്ടിയുള്ള പത്തോ അതിലധികോ സ്ത്രീകൾ ചേർന്ന് പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമായ DWCRA പദ്ധതി പ്രകാരം പഞ്ചായത്തിൽ മൂന്ന് തൊഴിൽ സംരംഭങ്ങൾ പ്രവർത്തിച്ചു വരുന്നു.

ടൂൾകിറ്റ്

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടിയാണ് ടൂൾകിറ്റ്. ഈ പദ്ധതി പ്രകാരം ടൂൾകിറ്റ് വിതരണത്തിനായി 63 കുടുംബങ്ങളെ IRDPസർവ്വേപ്രകാരം കണ്ടെത്തി. ഇതിൽ 17 പേർക്ക് സഹായം നൽകി. ഇനിയും സഹായത്തിനർഹതയുള്ളവർ 46 പേർ ഉള്ളതായി കണക്കുകൾ വെളിവാക്കുന്നു. ഈ പദ്ധതിയെക്കുറിച്ച് ഗ്രാമീണ കൈത്തൊഴിലാളികൾ അജ്ഞരാണ്. വേണ്ട ബോധവത്ക്കരണ പ്രവർത്തനം ഈ രംഗത്തും അനിവാര്യമാണ്.

ദാരിദ്ര്യ രേഖക്കു താഴെയുള്ളവർക്ക് കക്കൂസ് നിർമിക്കാൻ ധനസഹായം നൽകുന്ന CRSP പദ്ധതി പ്രകാരം ഈ പഞ്ചായത്തിലെ 62 കുടുംബങ്ങൾക്ക് ധനസഹായം നൽകി. ഇനിയും ഈ പദ്ധതിയുടെ പരിധിയിൽ വരുന്ന 1057 കുടുംബങ്ങൾക്ക് കക്കൂസുകൾ ആവശ്യമുണ്ട്. കൂടുതൽ ആളുകൾക്ക് സഹായം ലഭ്യമാക്കുവാൻ കഴിയുന്ന തരത്തിൽ പദ്ധതി വിപുലപ്പെടുത്തണം.

സഹായധനങ്ങൾ/പെൻഷനുകൾ

സാമൂഹ്യ ക്ഷേമരംഗത്ത് നിലവിലുള്ള വിവിധ പെൻഷൻ പദ്ധതികളും സഹായ ധനങ്ങൾ നൽകുന്ന പദ്ധതികളും അർഹരായവർക്കെല്ലാം ലഭിക്കുന്നില്ല എന്നതോ പോകട്ടെ, അനർഹരായ പലരും ഇത്തരം പദ്ധതികളുടെ ഗുണഭോഗ്താക്കളായി മാറിയിട്ടുമുണ്ട്. ഇത്തരം പദ്ധതികൾ അനുവദിക്കുന്നതിലെ നൂലാമാലകൾ അവസാനിപ്പിക്കുവാൻ പഞ്ചായത്ത് സമിതികൾക്ക് കഴിയണം. അർഹതയുള്ള ആളുകളെ തിരഞ്ഞെടുക്കുന്നതിനുള്ള അധികാരവും പഞ്ചായത്തിനാകണം. പല പദ്ധതികളുടെയും നിയമവ്യവസ്ഥയിൽ കാലാനുസൃതമായ മാറ്റവും അനിവാര്യമാണ്. ഉദാ. വിവിധ പെൻഷന് പ്രായപൂർത്തിയായ ആൺമക്കൾ ജീവിച്ചിരിക്കുന്നുവെങ്കിൽ പെൻഷന് അർഹതയില്ല എന്ന വ്യവസ്ഥ മാറ്റേണ്ടതാണ്. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. അതോടൊപ്പം തന്നെ ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന വരുമാന പരിധിയിൽ വർദ്ധനവ് വരുത്തേണ്ടതുണ്ട്. ഓരോ വിഭാഗത്തിലും അർഹരായ മുഴുവൻ ആളുകൾക്കും പെൻഷനുകളും സഹായധനവും നൽകുകയും അർഹതയുള്ളവരുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുകയും വേണം. തീർപ്പാകാതെ കിടക്കുന്ന അപേക്ഷകൾ ഉടൻ തീർപ്പു കല്പിക്കാനുള്ള ശ്രമവും നടത്തണം.

തൊഴിലില്ലായ്മ വേതനം

അനർഹരായ ഒട്ടേറെപേർ ഇതിന്റെ ഗുണഭോക്താക്കളാണ്. ഈ തുക വിനിയോഗിക്കുമ്പോൾ കുറെക്കൂടി ശ്രദ്ധ ചെലുത്താൻ കഴിയണം. പ്രത്യുല്പാദന മേഖലയിലേക്ക് ഈ തുക വഴി തിരിച്ചു വിടുന്നതിനെക്കുറിച്ചും ഗൗരവമായി ചിന്തിക്കണം. ഇതിന് യുവജന സംഘടനകളുടെ ക്രിയാത്മക സഹകരണം തേടാൽ ശ്രമിക്കണം.

അംഗനവാടികൾ

സാമൂഹ്യരംഗത്ത് അടിസ്ഥാനപരമായ മാറ്റത്തിന് നാന്ദി കുറിക്കുന്നവരും തലമുറയുടെ ഭാവി രൂപപ്പെടുത്തുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന അംഗനവാടികളുടെ പ്രവർത്തനം വളരെ ദയനീയമാണെന്നു പറയാതെ നിർവ്വാഹമില്ല. ഒരു വർക്കറും ഹെൽപറും ആണ് ഓരോ അംഗനവാടിയിലുമുള്ളത്. ഇവരുടെ സേവനവേതന വ്യവസ്ഥകൾ പരമദയനീയമാണ്. പല രംഗത്തും നാം മുന്നിലാണെന്നു പറയുമ്പോൾ തന്നെ ഇവരുടെ സ്ഥിതി ആലോചിച്ച് നോക്കുമ്പോൾ എത്ര പിന്നിലാണെന്ന് ബോധ്യമാകും. കുട്ടികളെ തീർത്തും അശാസ്ത്രീയമായ രീതിയിലാണ് കൈകാര്യം ചെയ്യുന്നത്. കളിക്കേണ്ട പ്രായത്തിൽ ആവശ്യത്തിനു കളിക്കോപ്പുകൾ നൽകുന്ന കാര്യത്തിൽ പോലും നാം ശ്രദ്ധിക്കുന്നില്ലെന്നത് എത്ര ഖേദകരമാണ്. ഇംഗ്ലീഷം മീഡിയം, LKGകളും UKGകളും നാട്ടിൽ പടരുമ്പോൾ അതിന്റെ ചുവടു പിടിച്ച് അക്ഷരപഠനത്തിന് മുൻതൂക്കം കൊടുത്താണ് നമ്മുടെ അംഗനവാടികൾ പ്രവർത്തിച്ചു വരുന്നത്. ഈ സ്ഥിതിക്ക് മാറ്റമുണ്ടാകാൻ രക്ഷിതാക്കളിൽ ബോധവത്ക്കരണം നൽകുന്നതോടൊപ്പം വർക്കർമാർക്കും ഹെൽപ്പർമാർക്കും പുനഃപരിശീലനവും നൽകേണ്ടതുണ്ട്. ആവശ്യത്തിനു കളിപ്പാട്ടമെത്തിക്കുകയും വേണ്ടത്ര കളിക്കാനുള്ള അവസരം കുട്ടികൾക്ക് ഒരുക്കി കൊടുക്കുകയും ചെയ്യണം. കെട്ടിടം സ്വന്തമായി ഇല്ലാത്തവയ്ക്ക് അടിയന്തിരമായി കെട്ടിടം ഉണ്ടാകണം. ഏറ്റവും അവഗണിക്കപ്പെടുന്ന ഈ രംഗത്ത് കാര്യമായ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

4-ാംവാർഡിൽ തോണക്കര ഭാഗത്ത് ഒരു അംഗനവാടി തുടങ്ങണം

സാമൂഹ്യക്ഷേമരംഗത്ത് ബാങ്കുകളുടെ പ്രവർത്തനം ഇപ്പോൾ ഗുണകരമല്ല. ഈ സ്ഥിതി മാറ്റാൻ ശ്രമിക്കേണ്ടതുണ്ട്.

പൊതുവിതരണം

ഈ പഞ്ചായത്തിൽ മിക്ക വാർഡുകളിലും പൊതുവിതരണകേന്ദ്രങ്ങൾ ഉണ്ട്. തെക്കുംതലയിലും പട്യാലിമറ്റത്തും കാഞ്ഞിരമറ്റത്ത് ക്ടാക്കുഴിയിലും ഒരു പൊതുവിതരണ കേന്ദ്രം സ്ഥാപിക്കണം.

ഈ പഞ്ചായത്തിന്റെ മധ്യഭാഗമായ പൂവത്തിളപ്പിൽ ഒരു പോലീസ് Out Post സ്ഥാപിക്കുകയും ICDS ഓഫീസിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കുകയും, ഒരു സബ്ട്രഷറി തുടങ്ങുകയും ചെയ്യുക. ഈ പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം ഇല്ല. അതുകൊണ്ട് വാർഡ് തലങ്ങളിൽ സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ വാർഡുകളിലും ഇല്ലെങ്കിൽ പഞ്ചായത്ത് തലത്തിലെങ്കിലും ഒരു പൊതു ശ്മശാനം നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. അതു പോലെ തന്നെ ഒരു വൃദ്ധമന്ദിരവും എല്ലാ വാർഡുകളിലും പൊതു കക്കൂസുകളും നിർമ്മിക്കേണ്ടതുണ്ട്. പൊതു കക്കൂസ് നിർമ്മിച്ച് അതിൽ നിന്നും ഫീസ് പഞ്ചായത്തിനു കുറച്ച് വരുമാനം കൂട്ടുവാനും ഒരു വ്യക്തിക്ക് ജോലി കൂടി ആവുകയും ചെയ്യും.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഒരു കരിയർ ഗൈഡൻസ് സെന്റർ ആരംഭിക്കണം. മഞ്ഞാമറ്റം കേന്ദ്രമാക്കി ഒരു ടെലഫോൺ എക്സ്ചേഞ്ച് സ്ഥാപിക്കണം. പട്യാലിമറ്റത്തും തെക്കുംതലയിലും കുടാക്കുഴിയിലും ഞണ്ടുപാറയിലും ഓരോ പൊതുവിതരണകേന്ദ്രം സ്ഥാപിക്കണം. മണലുങ്കൽ ഉള്ള പോസ്റ്റാഫീസ് പൂവത്തിളപ്പിലേക്കു മാറ്റണം. മഞ്ഞാമറ്റത്ത് പോസ്റ്റാഫീസ് അനുവദിക്കണം. കൊല്ലപ്പള്ളിൽ (3-ാംവാർഡ്), ചെങ്ങളത്ത് കുഴിക്കൊമ്പിൽ ഭാഗം, മേഴ്സി ഹോസ്പിറ്റൽ ഭാഗം, കുടാക്കുഴിയിൽ ഈ സ്ഥലങ്ങളിൽ ഓരോ കുളിക്കടവു വേണം. അരീക്കൽ പാലത്തിനടുത്ത് ഉള്ള കടവ് മെയിൻറൻസ് നടത്തണം.

മാത്യു മണിയങ്ങാടൻ

(Ex: M.P.)

(12-2-1912 - 14 -11-1975)



ശ്രീ. മാത്യു മണിയങ്ങാടൻ 1912 ഫെബ്രുവരി മാസം 12-ാം തീയതി അകലക്കുന്നം ഗ്രാമ പഞ്ചായത്തിലെ ഏഴാം വാർഡിൽ മണിയങ്ങാട്ടു കുടുംബത്തിൽ ഭൂജാതനായി.

പ്രമുഖ സ്വാതന്ത്ര്യ സമരസേനാനിയായിരുന്ന ശ്രീ. മണിയങ്ങാടൻ ഒരു മികച്ച അഭിഭാഷകനും പാർലമെന്റേറിയനും ആയിരുന്നു. മീനച്ചിൽ നിയമസഭാ മണ്ഡലത്തെ പ്രതിനിധീകരിച്ച് 1952 - 53 കാലത്ത് തിരു-കൊച്ചി നിയമസഭാംഗമായും, 1957 മുതൽ 67 വരെ കോട്ടയം ലോക്സഭാ മണ്ഡലത്തെ പ്രതിനിധീകരിക്കുകയും ചെയ്തു.

5-8 സംസ്ക്കാരം

കുന്നുകളും താഴ്വരകളും നിറഞ്ഞ പത്തു വാർഡുകളാണ് അകലക്കുന്നം പഞ്ചായത്തിനുള്ളത്. അകലക്കുന്നം എന്ന പേരിൽ ഒരു സ്ഥലം പഞ്ചായത്തിൽ ഇല്ല എന്നത് ഒരു വിരോധാഭാസമായി നിലനില്ക്കുന്നു. ഒരു കേന്ദ്രീകൃത സ്ഥലമില്ലാത്ത പഞ്ചായത്തിന്റെ സംസ്ക്കാര രംഗത്തെ നേട്ടം ആശാവഹം എന്നു പറഞ്ഞുകൂടാ. പഞ്ചായത്തിലെ ജനങ്ങൾ വിനോദത്തിനും വായനയ്ക്കും വേണ്ടി ചെലഴവഴിക്കുന്ന സമയം തുലോം നാമമാത്രമാണ്. ഈ പഞ്ചായത്തിൽ സിനിമാ തീയേറ്ററോ, പഞ്ചായത്തിനു സ്റ്റേഡിയമോ കമ്മ്യൂണിറ്റിഹാളോ പോലുമില്ല. പല വർഷങ്ങൾക്കു മുമ്പ് പണി തുടങ്ങിയ സാംസ്ക്കാരിക കേന്ദ്രം ഇന്നും പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടില്ല.

പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കാർഷിക വൃത്തിയിലായതുകൊണ്ട് വിനോദങ്ങൾക്കും മറ്റാവശ്യങ്ങൾക്കും ലഭിക്കുന്ന സമയം വളരെകുറവാണ്. കാർഷിക മേഖലയിലൂടെ സാമാന്യം ഭേദപ്പെട്ട സാമ്പത്തിക നേട്ടം കൈവരിച്ചു. ഇന്നാട്ടിൽ പല ഭവനങ്ങളിലും റ്റി.വി. ഉണ്ട്. റേഡിയോ ഉണ്ട്, അങ്ങനെ നല്ലൊരു ശതമാനത്തിന്റെ ഇടവേളകൾ ഭവനങ്ങളിലെ റ്റി.വി.യുടെയും റേഡിയോയുടേയും മുമ്പിൽ ഒതുങ്ങുന്നു.

പഞ്ചായത്തിലെ ജനങ്ങൾ ഹിന്ദു ക്രിസ്ത്യൻ മത വിഭാഗങ്ങളിൽ പെട്ടവരാണ്. എല്ലാ വാർഡുകളിലും അമ്പലവും പള്ളിയും ഉണ്ട്. എല്ലാവരും ഏകോദരസഹോദരങ്ങളെപ്പോലെ കഴിയുന്നു. നാലുകെട്ടും കളങ്ങളും വീടുകൾക്ക് പ്രത്യേകമായി അമ്പലങ്ങളും സർപ്പക്കാവുകളും പഞ്ചായത്തിൽ വളരെ ചുരുക്കമാണ്. ഈ പഞ്ചായത്തിലെ പള്ളികളിലും അമ്പലങ്ങളിലും കൊണ്ടാടുന്ന തിരുനാളുകളിലും ഉത്സവങ്ങളിലും ജാതിമതഭേതമന്യേ എല്ലാവരും സഹകരിക്കുന്നു.

എല്ലാ വിഭാഗത്തിലും ഉള്ള രാഷ്ട്രീയ കക്ഷികളും പ്രവർത്തിക്കുന്നുണ്ട്. ട്രേഡ് യൂണിയനുകളും എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും ഉണ്ട്. എന്നാൽ സംഘട്ടനാത്മകമായ പ്രവർത്തനശൈലി ആർക്കും ഇല്ല. പരസ്പരം എല്ലാവരും സഹകരിച്ചു ജീവിക്കുന്നു എന്നത് നമുക്ക് അഭിമാനാർഹം തന്നെ.

ഈ പഞ്ചായത്തിൽ നിന്നും അഖിലേന്ത്യാ തലത്തിൽ വരെ പോയിട്ടുള്ള എതാനം കായിക പ്രതിഭകൾ ഉണ്ടായിട്ടുണ്ടെങ്കിലും കലാകാരന്മാരോ സാഹിത്യകാരന്മാരോ ഉണ്ടായിട്ടില്ല. എന്തിനേറെ വിദ്യാലയത്തിൽ നിന്നു പോലും കലാകായിക രംഗത്ത് ഈ പഞ്ചായത്തിലെ കുട്ടികൾ ജില്ലാ സംസ്ഥാന തലങ്ങളിൽ നേടിയ അംഗീകാരങ്ങളുടെ സ്ഥിതിയും ദയനീയമാണ്. പഞ്ചായത്തിൽ ആകെ അംഗീകാരമുള്ള ആറു വായനശാലകളാണ് ഉള്ളത്. മിക്കതിനും റേഡിയോ, റ്റി.വി. തുടങ്ങിയവയില്ല. ആവശ്യത്തിനു കെട്ടിടമോ പുസ്തകമോ ഫർണീച്ചറുകളോ ഇല്ല. പഞ്ചായത്തിൽ നിന്നും അങ്ങനെയുള്ള സ്ഥാപനങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ ചെയ്യേണ്ടതാണ്.

അക്ഷരത്തിന്റെ നാടായ കോട്ടയം ജില്ലയിലെ അകലക്കുന്നം പഞ്ചായത്തിൽ വിറ്റഴിക്കുന്ന പത്രങ്ങളുടെ എണ്ണം 1750 ആണ്. ജനസംഖ്യാനുപാതികമായി കണക്കാക്കിയാൽ 20 പേർക്ക് ഒരു പത്രം എന്ന നിലയിലാണ്. വായനശാലകളിലും ക്ലബ്ബുകളിലും പോയി പത്രമാധ്യമങ്ങൾ വായിക്കുന്നവർ കുറവാണ്. പ്രചാരമുള്ള എല്ലാ പ്രത്രങ്ങൾക്കും തന്നെ ഇവിടെ വരിക്കാരുണ്ട്.

ഇവിടെ വായനശാലകൾ കൂടാതെ ഏതാനം ക്ലബ്ബുകളും പ്രവർത്തിക്കുന്നുണ്ട് കല്ലൂർകുളം R.R.C. യാണ് എറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്ന ക്ലബ്ബ്. വർഷം തോറും അഖിലകേരളാടിസ്ഥാനത്തിൽ വോളിബോൾ മത്സരം നടത്തുന്നു. ടി. ക്ലബ്ബുകളുടെ പ്രവർത്തനഫലമായി സ്പോർട്ടിലൂടെ പലർക്കും തൊഴിൽ ലഭിക്കുന്നതിനും സഹായകമായിട്ടുണ്ട്. വോളിബോളിൽ ഇൻഡ്യൻ ടീമിലും അത്ലറ്റിക്സിൽ ദേശീയതലത്തിലും പ്രതിഭകളെ കാഴ്ച വെയ്ക്കാൻ ഈ പഞ്ചായത്തിലെ R.R.C. ക്ലബ്ബിനു കഴിഞ്ഞിട്ടുണ്ട്.

പല ക്ലബ്ബുകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും പലതും സ്ഥായിയായ പ്രവർത്തനം കാഴ്ച വെയ്ക്കുന്നില്ല. തുടങ്ങിയതുപോലെ അസ്തമിക്കുന്നു. അങ്ങനെയുള്ള ക്ലബ്ബുകളെ പഞ്ചായത്തു തലത്തിൽ പുനരുദ്ധരിക്കണം. ഇന്ന് ഓണാഘോഷവും ക്രിസ്മസ് ആഘോഷവുമൊക്കെ പേരിനു മാത്രമായി വന്നുകൊണ്ടിരിക്കുന്നു.

മുടിയാട്ടം, തുമ്പിതുള്ളൽ, കോലടി, ചവിട്ടുനാടകം തുടങ്ങി ഒട്ടേറെ നാടൻ കലാരൂപങ്ങൾ നാട്ടിൽ പ്രചാര

ത്തിലുണ്ടായിരുന്നു. എങ്കിലും ഇന്ന് അവയെല്ലാം നാമാവശേഷമായിരിക്കുകയാണ്. ഇത്തരത്തിലുള്ള കലകളിൽ പ്രാവീണ്യമുള്ളവരെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. പുതിയ കായിക സംസ്ക്കാരം വളർത്താൻ കഴിയാത്തതിന്റെ പ്രധാന കാരണം വിദ്യാർത്ഥികളിൽ കായികാഭിരുചി വളർത്തിയെടുക്കാൻ തക്ക സാഹചര്യമില്ലെന്നുള്ളതാണ്.

ആവശ്യത്തിനു യോഗ്യതയും ഉള്ള അധ്യാപകരില്ലാത്തതാണ് അതിന്റെ കാരണം. പഞ്ചായത്തു തലത്തിൽ നടക്കുന്ന ഓണാഘോഷങ്ങളും കേരളോത്സവും വേണ്ടത്ര ഗുണം പ്രദാനം ചെയ്യുന്നില്ല. സാമ്പത്തിക ബുദ്ധിമുട്ടും സമയബന്ധിതമായ നിർദ്ദേശങ്ങളും ആണ് അതിന് തടസ്സമായി നില്ക്കുന്നത്.

പ്രശ്നപരിഹാരമാർഗ്ഗങ്ങൾ

1. കഴിവും അഭിരുചിയും ഉള്ള കുട്ടികളെ കണ്ടെത്താൻ പഞ്ചായത്തു തലത്തിൽ കാര്യമായ ശ്രമം നടത്തണം.
2. പഞ്ചായത്തു തലത്തിൽ ജനകീയ സമതികളുടെയും ക്ലബ്ബുകളുടെയും സഹകരണത്തോടെ കായികകലാമേളകൾ സംഘടിപ്പിക്കുക.
3. അവധിക്കാലത്ത് പ്രഗത്ഭരായ അദ്ധ്യാപകരെ പങ്കെടുപ്പിച്ച് താല്പര്യവും കഴിവും ഉള്ള കുട്ടികൾക്ക് പഞ്ചായത്ത് തലത്തിൽ കോച്ചിംഗ് നല്കുക.
4. പഞ്ചായത്തിൽ ഒരു സ്ഥിരം കോച്ചിംഗ് സെന്ററർ നടത്തുക.
5. നല്ല സ്റ്റേഡിയം പണിയുക.
6. പ്രാചീനകലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക.
7. കലാസാംസ്ക്കാരിക വനിതാ സംഘടനകളെ പ്രോത്സാഹിപ്പിക്കുക.

ഗ്രാമസഭകളിൽ നിന്നും വന്ന നിർദ്ദേശങ്ങൾ

1. എല്ലാ വാർഡുകളിലും മിനി സ്റ്റേഡിയം നിർമ്മിക്കുക.
2. മഞ്ഞാടിത്ത് ലഭ്യമായിരിക്കുന്ന സ്ഥലത്ത് പബ്ലിക്കു ലൈബ്രറിക്കുവേണ്ടി കെട്ടിടം പണിയുക.
3. പൂവത്തിളപ്പിലെ ഷോപ്പിംഗ് കോംപ്ലക്സിന്റെ രണ്ടാം നിലയിൽ മഹിളാസമാജം വനിതാ സഹകരണ സംഘം, യോഗ, പ്രകൃതി ചികിത്സ, കരാട്ട, ജിംനേഷ്യം എന്നിവ തുടങ്ങുക
4. പൂവത്തിളപ്പിലുള്ള സാംസ്ക്കാരിക നിലയത്തിന്റെ ബാക്കി പണി പൂർത്തിയാക്കി അവിടെ ന്യൂസ് പേപ്പേഴ്സ്, റ്റി.വി. റേഡിയോ എന്നിവ ഏർപ്പെടുത്തുക.
5. പൂവത്തിളപ്പിൽ സ്ഥലമെടുത്ത് സ്റ്റേഡിയം പണിയണം. സാംസ്ക്കാരിക നിലയത്തിൽ ഓഡിറോറിയം പണിയണ്.
6. എല്ലാ വായനശാലകൾക്കും പുസ്തകങ്ങളും ഉപകരണങ്ങളും വാങ്ങാൻ ഗ്രാന്റു നല്കുക. ക്ലബ്ബുകൾക്കു വേണ്ട കെട്ടിടവും ഉപകരണങ്ങളും ഉണ്ടാക്കുന്നതിന് പഞ്ചായത്തിൽ നിന്നും സഹായം നല്കുക.
7. കലാകായിക മത്സരങ്ങളെ പ്രോത്സാഹിപ്പിക്കുക ചെങ്ങളം വാർഡിലെ ക്ടാക്കുഴിയിൽ ഒരു സാംസ്ക്കാരിക കേന്ദ്രം പണിയുക. സൗജന്യമായി സ്ഥലം ലഭ്യമാണ്.
8. പഞ്ചായത്തു പിരിക്കുന്ന സെസ് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ലൈബ്രറികളുടെ വിവിധ ആവശ്യങ്ങൾക്കായി വിതരണം ചെയ്യുക.
9. ഈ പഞ്ചായത്തിൽ ഒരു ടി.വി. റിലേ കേന്ദ്രം സ്ഥാപിക്കുക. ചെങ്ങളം വാർഡിൽ അതിനു വേണ്ട സൗകര്യമുണ്ട്. അതിനു വേണ്ട പ്രാരംഭനടപടികൾ നടത്തിയിരുന്നു. അത് എത്രയും വേഗം നടപ്പാക്കണം.
10. B.S.S.ന്റെ വകയായി പ്രവർത്തിക്കുന്ന 10 സെന്റു സ്ഥലവും കെട്ടിടവും പഞ്ചായത്ത് ഏറ്റെടുത്ത് സാംസ്ക്കാരിക നിലമാക്കുക.
11. മറ്റക്കര ജ്ഞാനപ്രകാശിനി വായനശാലയുടെ കെട്ടിടം പൂർത്തിയാക്കാൻ ധനസഹായം ചെയ്യുക.
12. പഞ്ചായത്തു തലത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് ഒരു Sports സ്ക്കൂൾ സ്ഥാപിക്കുക.
13. പഞ്ചായത്തു ലൈബ്രറിയോടനുബന്ധിച്ച് ഒരു ചിൽഡ്രൻസ് ലൈബ്രറി തുടങ്ങുക.
14. കാഞ്ഞിരമറ്റത്ത് പഞ്ചായത്തു വക ഒരു വായനശാല സ്ഥാപിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുക.

5-9 വനിത

നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി വിഭാവനം ചെയ്തതും, കേന്ദ്ര സംസ്ഥാന ഗവൺമെൻറുകൾ നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നതുമായ ഗ്രാമസ്വരാജ് എന്ന സ്വപ്നസാക്ഷാത്ക്കാരത്തിൻെറ ഭാഗമായി അധികാരവികേന്ദ്രീകരണം നമ്മുടെ സംസ്ഥാനത്തും ഫലപ്രദമായി നടപ്പിൽ വരുത്താൽ ശ്രമം നടക്കുകയാണ്. അധികാരവികേന്ദ്രീകരണം അത് ഉദ്ദേശിക്കുന്ന അർത്ഥത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞെങ്കിൽ മാത്രമെ വികസനം ലക്ഷ്യത്തിലെത്തുകയുള്ളു.

9-ാം പദ്ധതി ജനപങ്കാളിത്തത്തോടു കൂടി നടപ്പിലാക്കാനുള്ള ഗവ. തീരുമാനം സ്വാഗതാർഹമാണ്. എല്ലാ ഗ്രാമീണർക്കും വികസന പ്രക്രിയയിൽ പങ്കാളികളാകാൻ സാധിക്കും. പഞ്ചായത്തുരാജ് നിയമമനുസരിച്ച് നടന്ന പഞ്ചായത്തു തെരെഞ്ഞെടുപ്പിൽ 1/3 സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്തു. പഞ്ചായത്തു പ്രസിഡൻറ് സ്ഥാനങ്ങളും വനിതകൾക്ക് ലഭ്യമായി. വനിതകളെ സമൂഹത്തിൻെറ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിന് പഞ്ചായത്തു രാജ് നിയമം കാരണമാകും. പഞ്ചവത്സര പദ്ധതിയുടെ ആസൂത്രണത്തിലും നടത്തിപ്പിലും സ്ത്രീകളുടെ പങ്ക് വളരെ വലുതാണ്.

വിവിധ ഗ്രാമസഭകളിലൂടെ ഇന്നലെ വരെ അടുക്കള റാണിമാരായി കഴിഞ്ഞവരുടെ ശബ്ദം ഉണർത്താനും ഉയർത്താനും കഴിഞ്ഞു. അവിടെ മുഴങ്ങിയ അവരുടെ ആശകളും അഭിലാഷങ്ങളും പൂവണിയണമെങ്കിൽ കൂട്ടായ പ്രവർത്തനവും ബോധവത്ക്കരണവും ആവശ്യമാണ്.

അകലക്കുന്നം പഞ്ചായത്തിലെ സ്ത്രീകളുടെ സ്ഥിതി ആശാവഹമല്ല. പല രംഗങ്ങളിലും തരം താഴ്ത്തപ്പെടുന്നു എന്ന ദു:ഖസത്യം നിലനില്ക്കുന്നു. ഈ സ്ഥിതി വിശേഷം ജനകീയാസൂത്രണ പ്രവർത്തനങ്ങളിലൂടെ ഒട്ടൊക്കെ പരിഹരിക്കാൻ കഴിയുമെന്നാണ് ഗ്രാമസഭകളിൽ പങ്കെടുത്ത വനിതകളുടെ പ്രതീക്ഷ.

അകലക്കുന്നം പഞ്ചായത്തിലെ ജനസംഖ്യയിൽ സ്ത്രീകളുടെ എണ്ണം 10828 ആണ്. ഇത് പുരുഷന്മാരുടെ എണ്ണത്തിനേക്കാൾ 126 കൂടുതലാണ്. സ്ത്രീകളുടെ ആയുർദൈർഘ്യം ഈ പഞ്ചായത്തിൽ ശരാശരി 70 ആണ്. ആയുർദൈർഘ്യം കൂടുതലാണെങ്കിലും പുരുഷന്മാരെ അപേക്ഷിച്ച് രോഗാതുരത സ്ത്രീകളുടെ ഇടയിൽ കൂടുതലായി കാണുന്നു. സാമൂഹ്യ സാമ്പത്തിക സ്ഥിതി വിലയിരുത്തുമ്പോൾ മനസ്സിലാകുന്ന ഒരു കാര്യം മാസ ശമ്പളക്കാരായ സ്ത്രീകളുടെ എണ്ണം പുരുഷന്മാരെ അപേക്ഷിച്ച് വളരെ കുറവാണ്. അതുപോലെ തന്നെ ഭൂമിയുടെ ഉടമസ്ഥാവകാശവും സ്ത്രീകളുടെ ഇടയിൽ വളരെ കുറവാണ്. സംഘടനാ പാടവം ആവശ്യമുള്ള കാര്യങ്ങളിൽ സ്ത്രീകൾ കുറവാണ്. അവർക്ക് മറ്റുള്ളവരുടെ ആജ്ഞാനുസരണം പ്രവർത്തിക്കേണ്ടി വരുന്നു.

സ്ത്രീധനമില്ലായ്മയുടെ പേരിൽ യഥാസമയം വിവാഹം കഴിക്കാൻ ബുദ്ധിമുട്ടുന്ന സ്ത്രീകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളിൽ നല്ലൊരു പങ്ക് നെൽകൃഷിയുമായി ബന്ധപ്പെട്ട താരതമ്യേന കൂലി കുറഞ്ഞ ജോലികളിലാണ് ഏർപ്പെട്ടിരിക്കുന്നത്. ഇതിൽ തന്നെ കൂലി നിരക്കിൽ സ്ത്രീ പുരുഷ അന്തരം നിലനിൽക്കുന്നു. തുല്യ ജോലിക്ക് തുല്യവേതനം എന്നത് നടപ്പിലായിട്ടില്ല.

പഞ്ചായത്തിലെ ബഹുഭൂരിപക്ഷം സ്ത്രീകളും കുടുംബജോലികളിലാണ് ഏർപ്പെട്ടിരിക്കുന്നത്. കുടുംബത്തെ ബാധിക്കുന്ന കാര്യങ്ങളിൽ തീരുമാനമെടുക്കുമ്പോൾ ഇന്നും പല കുടുംബങ്ങളിലും സ്ത്രീകൾ അവഗണിക്കപ്പെടുന്നു. പഞ്ചായത്തിൻെറ സർവ്വതോന്മുഖമായ വികസനത്തിന് സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടിയിരിക്കുന്നു. സ്ത്രീകളുടെ മേൽനോട്ടത്തിലും സഹകരണത്തിലും വിവിധ കർമ്മപരിപാടികൾ ആവിഷ്ക്കരിക്കണം. ഉദാഹരണമായി പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാനും അതിലൂടെ സാമ്പത്തിക ലാഭം ഉണ്ടാക്കാനും കഴിയുന്നു. തരത്തിൽ നല്ലയിനം പച്ചക്കറി വിത്തുകൾ സംഭരിച്ച് വിതരണം നടത്തുകയും അടുക്കളത്തോട്ട നിർമ്മാണത്തിന് ആവശ്യമായ പ്രോത്സാഹനം നല്കുകയും വേണം. വനിതാ സഹകരണസംഘങ്ങൾ രൂപീകരിച്ച് താഴെ സൂചിപ്പിക്കുന്ന പ്രകാരം തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാൻ കഴിയും.

1. തയ്യൽ പരിശീലനം സിദ്ധിച്ച സ്ത്രീകളെ ഉൾപ്പെടുത്തി തയ്യൽ കേന്ദ്രം തുടങ്ങുക
2. കറിപൗഡർ, അരിപ്പൊടി നിർമ്മാണ യൂണിറ്റുകൾ തുടങ്ങുക

3. ബൃക്ക് ബയ്ൻറിംഗ് നിർമ്മാണ യൂണിറ്റുകൾ തുടങ്ങുക
4. ഹോട്ടൽ വ്യവസായം ആരംഭിക്കുക.
5. സോപ്പ് നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക.
6. തീപ്പെട്ടി നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക.
7. കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക.
8. മിനിഡയറി യൂണിറ്റുകൾ ആരംഭിക്കുക.
9. ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കാനുള്ള പരിശീലന പദ്ധതി ആവിഷ്ക്കരിക്കുക.

സൈക്കിളിംഗ് അറിവില്ലാത്തതിൻെറ പേരിൽ ചില ജോലികൾ വനിതകൾക്ക് നിഷേധിക്കുന്ന സാഹചര്യത്തിൽ,. വനിതകൾക്ക് സൈക്കിൾ, സ്ക്കൂട്ടർ ഓടിക്കാനുള്ള പരിശീലനം നൽകുന്ന കേന്ദ്രം പഞ്ചായത്തടിസ്ഥാനത്തിൽ ആരംഭിക്കണം.. സൈക്കിൾ, സ്ക്കൂട്ടർ ഇവ വാങ്ങുന്നതിന് വനിതകൾക്ക് പഞ്ചായത്തടിസ്ഥാനത്തിൽ ധനസഹായവും സബ്സിഡിയും നല്കുക.

വനിതാ ക്ലബ്ബുകൾ വാർഡു തോറും ആരംഭിക്കുക. പഞ്ചായത്തിലെ വനിതകൾക്കും പെൺകുട്ടികൾക്കും കായിക പരിശീലനത്തിന് പ്രത്യേകം പരിപാടി ആവിഷ്ക്കരിക്കുക.

മാനസിക ക്ലേശങ്ങളിലും കുടുംബപ്രശ്നങ്ങളിലും നിന്ന് മോചനം നേടുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ കൗൺസിലിംഗു സെൻറർ സ്ഥാപിക്കുക. അമ്മയ്ക്കും കുഞ്ഞിനും വൈദ്യ പരിശോധനയും സൗജന്യ മരുന്ന് വിതരണവും ഫലപ്രദമായി നടത്തുക.

വിവാഹധനസഹായ പദ്ധതി ആരംഭിക്കുക.

മാര്യേജ് ബ്യൂറോ ആരംഭിക്കുക

പബ്ളിക് ടെലഫോൺ ബൂത്തുകൾ വനിതകൾക്ക് നല്കുക.

അഭ്യസ്തവിദ്യരായ വനിതകളുടെ നേതൃത്വത്തിൽ ട്യൂഷൻ സെൻററുകൾ ആരംഭിക്കുക.

നിലവിലുള്ള PHC യിൽ ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കുക.

ഗൈനക്കോളജിസ്റ്റിൻെറ നേതൃത്വത്തിൽ വാർഡുകൾ തോറും ഗർഭിണികളെ പരിശോധിക്കുകയും നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്യണം.

ഹോം നേഴ്സിംഗു പരിശീലന പരിപാടി പഞ്ചായത്തടിസ്ഥാനത്തിൽ നടപ്പിലാക്കുക.

ഓട്ടോറിക്ഷാ വാങ്ങുന്നതിനുള്ള സഹായം ലഭ്യമാക്കുക.

വിവിധ രംഗങ്ങളിൽ വനിതകൾക്ക് ബോധവത്ക്കരണക്ലാസ്സുകൾ ആരംഭിക്കുക.

മദ്യം, മയക്കുമരുന്ന് ഇവയ്ക്കെതിരെയുള്ള പോരാട്ടം സംഘടിപ്പിക്കുക.

സാമൂഹിക സാംസ്ക്കാരിക രംഗത്ത് കാതലായ മാറ്റങ്ങൾ വരുത്തുന്നതിന് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സാമൂഹ്യ സാംസ്ക്കാരിക സംഘടനകൾക്ക് കുറെയൊക്കെ കഴിഞ്ഞിട്ടുണ്ട്. മതപരവും ജാതീയവുമായ സംഘടനകളും നല്ല പങ്കു വഹിച്ചിട്ടുണ്ട്. പക്ഷേ ഇന്നു ഉല്പാദനമേഖലയുടെ മുരടിപ്പും, തൊഴിലില്ലായ്മയും സ്ത്രീകളോടുള്ള അവഗണയും വർദ്ധിച്ചു വരുന്നു. അത് ഇന്നിൻെറ വെല്ലുവിളിയാണ്.

ഇന്ന് സ്ത്രീകൾ കുടുംബങ്ങളിൽ അനുഭവിക്കുന്ന യാതനകളുടെ 90% മദ്യപാനികളായ ഭർത്താക്കന്മാരുടെ ഭാഗത്തു നിന്നാണ്. ഈ ദുസ്ഥിതി മാറണമെങ്കിൽ മദ്യ നിരോധനം പൂർണ്ണമായും നടപ്പാക്കണം. അതിനു തക്ക നിയമനിർമ്മാണവും ബോധവൽക്കരണവും നടക്കേണ്ടതുണ്ട്. പഞ്ചായത്തുതലത്തിൽ അതി [illegible]വേണ്ട നടപടികൾ സ്വീകരിക്കണം. സെമിനാറുകൾ, [illegible]ച്ചാക്ലാസ്സുകൾ തുടങ്ങിയവ ആവശ്യമാണ്.

വർദ്ധിച്ചു വരുന്ന സ്ത്രീ പീഡനങ്ങൾക്കും ലൈംഗിക പീഢനങ്ങൾക്കുമെതിരെ കർശനമായ നിയമനടപടികൾ കൈക്കൊള്ളണം. സ്ത്രീകളെ അപമാനിക്കുന്ന തരത്തിലുള്ള പോസ്റ്ററുകൾ പൊതുസ്ഥലത്തു പ്രദർശിപ്പിക്കുന്നതിനെതിരെ നടപടികൾ സ്വീകരിക്കണം.

സാമൂഹ്യരംഗത്തും പൊതുരംഗത്തും സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിക്കാൻ അവർക്കായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. പൊതു പ്രവർത്തനരംഗത്തു പരിചയമുള്ള സ്ത്രീകൾ തങ്ങളുടെ അനുഭവങ്ങൾ പുതിയ തലമുറയുമായി പങ്കുവെയ്ക്കുകയും അവരിൽ ആത്മവിശ്വാസം വളർത്തിയെടുക്കുകയും വേണം. സംഘടനകളുടെ നേതൃനിരയിലേക്ക് വനിതകളെ വളർത്തിക്കൊണ്ടു വരണം. വീട്ടു ജോലികളും കുട്ടികളുടെ സംരക്ഷണചുമതലയും സ്ത്രീകളിൽ നിക്ഷിപ്തമായിരിക്കുന്നതിനാൽ സാമൂഹ്യസേവനരംഗത്ത് പ്രവർത്തിക്കാൻ സ്ത്രീകൾക്ക് അവസരം ലഭിക്കുന്നില്ല. വീട്ടു ജോലി ഒരു തൊഴിലായി അംഗീകരിക്കാനോ അർഹമായ പരിഗണന നല്കാനോ സമൂഹം ഇന്നും തയ്യാറായിട്ടില്ല എന്നതും ഖേദത്തോടെ സൂചിപ്പിക്കേണ്ടിയിരിക്കുന്നു.

തൊഴിൽ വിദ്യാഭ്യാസം ഇന്നും ഒരു നല്ല വിഭാഗം സ്ത്രീകൾക്കും നിഷേധിക്കപ്പെട്ടിരിക്കുകയാണ്. തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ അവസ്ഥയും പരമദയനീയമാണ്. സ്ത്രീകൾ കൂടുതലായി ജോലി ചെയ്യുന്ന സ്ഥാപനങ്ങളോടനുബന്ധിച്ച് ക്രഷുകൾ സ്ഥാപിച്ചും സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ആവശ്യമായ പ്രോത്സാഹനം നല്കിയും സ്ത്രീകളുടെ പിന്നോക്കാവസ്ഥ മാറ്റിയെടുക്കാൻ ശ്രമിക്കേണ്ടതാണ്.

സാമാന്യ വിദ്യാഭ്യാസമുണ്ടെങ്കിലും അന്ധവിശ്വാസത്തിലും അനാചാരങ്ങളിലും കൂടുതലായി വിശ്വസിക്കുന്നത് സ്ത്രീകളാണ്. വിപുലമായ ബോധവത്ക്കരണത്തിലൂടെയും കൂട്ടായ പരിശ്രമത്തിലൂടെയും സ്ത്രീകളുടെ ഇന്നത്തെ അവസ്ഥയിൽ നിന്നും അവരെ രക്ഷിക്കാം.

ഏതാനും ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. തുല്യ ജോലിക്ക് തുല്യവേതനം സാർവ്വത്രികമാക്കുക.
2. തൊഴിൽസംരംഭങ്ങൾ ആരംഭിക്കുവാനാവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.
3. വിധവാ പെൻഷൻ, അഗതി പെൻഷൻ, മാതൃസഹായ പദ്ധതിയിലെ ആനുകൂല്യങ്ങൾ വിവാഹ സഹായം മുതലായവ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യ മാക്കുക.
4. അംഗനവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ച പ്പെടുത്തുകയും അദ്ധ്യാപകർക്ക് ന്യായമായ വേതനം നല്കുകയും ചെയ്യുക.
5. കുട്ടികളുടെയും ഗർഭിണികളുടെയും ആരോഗ്യത്തിനും വിശ്രമത്തിനും വിനോദത്തിനും വേണ്ട സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
6. സ്ക്കൂളുകളിലെ പാഠ്യേതര മേഖലകളിൽ പെൺകു ട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.
7. ആരോഗ്യകരമായ രീതിയിൽ ജോലി ചെയ്യാൻ കഴിയുന്ന വിധത്തിൽ അടുക്കള ശാസ്ത്രീയമായി സംവിധാനം ചെയ്യുന്നതിനും ജോലിക്കെളുപ്പമാകത്തക്ക വിധത്തിലുള്ള പാത്രങ്ങൾ വാങ്ങുന്നതിന് സബ്സി ഡിയോടു കൂടിയ സഹായങ്ങൾ നല്കണം.
8. കുഞ്ഞുങ്ങൾക്ക് അമ്മയുടെ പരിചരണം കൂടുതൽ ലഭിക്കുന്നതിനും ആവശ്യത്തിനു മുലപ്പാൽ കൊടു ക്കുന്നതിനും വേണ്ടി ഉദ്യോഗസ്ഥകളായ സ്ത്രീകൾക്ക് ഒരു പരിധി വരെ പ്രസവാവധി ഒരു വർഷമാക്കുക.

5.10 സഹകരണമേഖല

കടബാദ്ധ്യതയിൽ നിന്നും കർഷകസമൂഹത്തെ രക്ഷിക്കുന്നതിനായി 1904-ലെ സഹകരണ നിയമത്തിന്റെ (കോ ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് ഓഫ് 1904) അടിസ്ഥാനത്തിൽ രൂപീകൃതമായ, കാർഷിക വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണപ്രസ്ഥാനത്തിനു തുടക്കം കുറിക്കുന്നത്. ഈ പഞ്ചായത്തിൽ അകലക്കുന്നം സർവീസ് സഹകരണബാങ്ക്, കാഞ്ഞിരമറ്റം സർവീസ് സഹകരണബാങ്ക്, ചെങ്ങളം സർവീസ് സഹകരണബാങ്ക് എന്നിങ്ങനെ മൂന്നു സഹകരണബാങ്കുകളാണ് പ്രവർത്തിക്കുന്നത്.

കാർഷിക മേഖലയിൽ ഈ മൂന്നു ബാങ്കുകളും നല്ല നിലയിൽ പ്രവർത്തിക്കുന്നു. ഈ പഞ്ചായത്തിലെ അഞ്ച് ഹൈസ്ക്കൂളുകളിലും സ്കൂൾ സഹകരണസംഘങ്ങൾ ഉണ്ട്. 7 ക്ഷീരോൽപ്പാദക സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ അഞ്ചെണ്ണം മലനാട് മിൽക്ക് സൊസൈറ്റിയുടേതാണ്. 8 റബ്ബർ ഉല്പാദക സഹകരണസംഘങ്ങളും അകലക്കുന്നം റൂറൽ ഹൗസിംഗ് സൊസൈറ്റിയും നിലവിലുണ്ട്.

കാഞ്ഞിരമറ്റം സർവീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 1109. പ്രസിഡന്റ് ശ്രീ. P.Z. സ്കറിയ പാറേക്കുളം. കാഞ്ഞിരമറ്റം, തെക്കുംതല, ഇടമുളച്ചൂരക്കുന്നു റോഡിനു കിഴക്കുഭാഗം എന്നീ വാർഡുകൾ ഈ ബാങ്കിന്റെ പ്രവർത്തനപരിധിയിൽ പെടുന്നു. ഇത് കൊല്ലവർഷം 25-4-1101-ൽ പ്രവർത്തനം ആരംഭിച്ചു. പ്രവർത്തനസംബന്ധമായ പട്ടികകൾ അനുബന്ധം 1 മുതൽ 7 വരെ ഈ ബാങ്കിന്റെ കീഴിൽ നല്ല നിലയിൽ ഒരു ജൗളിക്കടയും വളക്കടയും ഉണ്ട്. ഇതിന്റെ ഒരു ബ്രാഞ്ച് 1995-ൽ പൂവത്തിളപ്പിൽ ആരംഭിച്ചു പ്രവർത്തിക്കുന്നു. കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി എല്ലാ വർഷവും ഡിസംബർ 3ന് കാർഷിക വിളമത്സരം നടത്തി സമ്മാനങ്ങൾ നല്കി വരുന്നു.

ചെങ്ങളം സർവീസ് സഹകരണബാങ്ക്

1965-ൽ ചെങ്ങളം കേന്ദ്രമായി പ്രവർത്തനം ആരംഭിച്ചു. പ്രസിഡന്റ് ശ്രീ. ജോയി കുഴിക്കൊമ്പിൽ ആണ്. ഇതിന്റെ ഒരു ബ്രാഞ്ച് ഞണ്ടുപാറ കേന്ദ്രമായും പ്രവർത്തിക്കുന്നുണ്ട്. ഈ ബാങ്കിനോടനുബന്ധിച്ച് ഒരു സഹകരണമാവേലിസ്റ്റോറും പ്രവർത്തിക്കുന്നുണ്ട്.

അകലക്കുന്നം സർവീസ് സഹകരണബാങ്ക്

മഞ്ഞാമറ്റം കേന്ദ്രമാക്കി 2 - 4 - 1956-ൽ പ്രവർത്തനം ആരംഭിച്ചു. മുഴൂർ, കരിമ്പാനി, പട്യാലിമറ്റം എന്നിവിടങ്ങളിൽ ബ്രാഞ്ചുകളുണ്ട്. പ്രസിഡന്റ് ശ്രീ. മാത്തച്ചൻ താമരശ്ശേരി ആണ്.

അനുബന്ധം 1 മുതൽ 8 വരെ

അകലക്കുന്നം റൂറൽ ഹൗസിംഗ് സൊസൈറ്റി

1980-ൽ മറ്റക്കര കേന്ദ്രമായി പ്രവർത്തനം ആരംഭിച്ചു. പ്രസിഡന്റ് ശ്രീ.വി.എം. ജോർജ് വടക്കേക്കുറ്റ് ആണ് അകലക്കുന്നം, അയർക്കുന്നം, പള്ളിക്കത്തോട്, കൂരോപ്പട എന്നീ പഞ്ചായത്തുകൾ ഇതിന്റെ പ്രവർത്തന മേഖലയിൽപെടുന്നു.

അനുബന്ധം I

R.P.S. കളിൽ പലതും വിപുലമായ തോതിൽ പാൽ സംഭരിച്ച് വിപണനം നടത്തുന്നു. കൂടാതെ വെളം, റബർ, കൃഷിക്കുവേണ്ട ഉപകരണങ്ങൾ ഇവ സൗജന്യനിരക്കിൽ നല്കുന്നു. വർഷം തോറും റബർ മരത്തിനു മൈക്രോൺ സൗജന്യ നിരക്കിൽ അടിക്കുന്നു.

കൂടാതെ വിവിധ വാർഡുകളിലായി പല റബറുൽപ്പാദകസംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്.

ചെങ്ങളം, പൂവത്തിളപ്പ്, മറ്റക്കര എന്നിവിടങ്ങളിൽ സ്റ്റേറ്റു ബാങ്കിന്റെ ബ്രാഞ്ചുകൾ നിലവിലുണ്ട്. ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് അവയും നല്ല സേവനം കാഴ്ച വയ്ക്കുന്നു. കാഞ്ഞിരമറ്റത്ത് ഒരു സൗത്ത് ഇൻഡ്യൻ ബാങ്ക് നല്ല നിലയിൽ ജനങ്ങളോട് സഹകരിച്ചു പ്രവർത്തിക്കുന്നു.

അകലക്കുന്നം പഞ്ചായത്തിലെ മുഴുവൻ ജനങ്ങളും പഞ്ചായത്തതിർത്തിയിലും പുറത്തും പ്രവർത്തിക്കുന്ന ഏതെങ്കിലും സഹകരണബാങ്കുമായി ബന്ധപ്പെട്ടുകഴിയുന്നവരാണ്.

നിർദ്ദേശങ്ങൾ

സഹകരണാടിസ്ഥാനത്തിൽ ഇനിയും നടപ്പാക്കേണ്ടകാര്യങ്ങൾ.

(1) സഹകരണബാങ്കുകൾ വഴി സഹകരണ കൺസ്യൂമർ സ്റ്റോർ ഇല്ലാത്ത സ്ഥലങ്ങളിൽ അവ നടപ്പാക്കണം.

(2) സഹകരണമേഖലയിൽ ഈ പഞ്ചായത്തിൽ ഒരു റബറധിഷ്ഠിത വ്യവസായം ആരംഭിക്കുക.

(3) അസംസ്കൃതവസ്തുക്കൾ ലഭ്യമായതിനാൽ മുതൽ മുടക്കിന് ധനസഹായവും വിപണനകേന്ദ്രവും ഉണ്ടാക്കണം.

(4) സ്ത്രീകൾക്കും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

(5) പഞ്ചായത്തിൽ ആവശ്യമായ ജൈവവളം നിർമ്മിക്കുന്നതിന് ഈ മേഖലയിൽതന്നെ ഒരു ഫാക്ടറി സ്ഥാപിക്കുക.

(6) കാലിത്തീറ്റ നിർമ്മാണം ക്രീപ്പുമിൽ തുടങ്ങിയവയ്ക്ക് പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ തുടങ്ങുക.

(7) വനിതാ സഹകരണസംഘങ്ങൾ രൂപീകരിക്കണം.

(8) പണിതീരാത്ത സഹകരണ ബ്രാഞ്ചുകെട്ടിടങ്ങൾ എത്രയും വേഗം പണിതീർത്ത് പ്രവർത്തനക്ഷമമാക്കുക.

(9) നിലവിൽ RPS ഇല്ലാത്ത വാർഡുകളിൽ റബറുൽപ്പാദകസഹകരണസംഘങ്ങൾ സ്ഥാപിക്കണം.

(10) ഭവനനിർമ്മാണം, സ്വയംതൊഴിൽ, ശാസ്ത്രീയമായ അടുക്കള നിർമ്മാണം, പരിസരശുചീകരണം ഇവയ്ക്കു കുറഞ്ഞ പലിശനിരക്കിൽ വായ്പകൾ സഹകരണബാങ്കുകൾ അനുവദിക്കുക.

(11) ലോക്കറിംഗ് സമ്പ്രദായം ഇല്ലാത്ത ബാങ്കുകളിൽ അത് ഏർപ്പെടുത്തണം.

(12) പഞ്ചായത്തുതലത്തിൽ പട്ടികജാതി പട്ടികവർഗ്ഗസഹകരണസംഘങ്ങൾ രൂപീകരിക്കുക.

(13) സഹകരണസംഘങ്ങളുടെ ശാഖകൾ ആവശ്യമായ വാർഡുകളിൽ സ്ഥാപിക്കണം.

(14) സഹകരണാടിസ്ഥാനത്തിൽ നാളികേര സംസ്ക്കരണവും എണ്ണ വിപണനവും ഏർപ്പെടുത്തണം.

(15) സഹകരണാടിസ്ഥാനത്തിൽ കാർഷിക വസ്തുക്കളുടെ സംഭരണകേന്ദ്രവും സഹകരണകോളേജും ആരംഭിക്കുക.

(16) നെല്ലിക്കുന്നിലും പൂവത്തിളപ്പിലും ഓരോ സഹകരണമാവേലിസ്റ്റോറുകൾ ആരംഭിക്കണം.

(17) ജനങ്ങളിൽ സമ്പാദ്യശീലം വളർത്തിയെടുക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

5-11 പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

ഈ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യ, സാമ്പത്തിക, വിദ്യാഭ്യാസ, സാംസ്ക്കാരിക പുരോഗതി മറ്റ് ഇതര സമുദായങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ പിന്നോക്കസ്ഥിതിയാണ് ലഭ്യമായ കണക്കുകളും രേഖകളും കാണിയ്ക്കുന്നത്. ജീവിതത്തിന്റെ സമസ്ത മേഖലകളിലും സർവ്വോപരി ഈശ്വരനെ ആരാധനാലയങ്ങളിൽപ്പോയി ദർശിക്കുന്നതിന് വിലക്കുകൾ ഏർപ്പെടുത്തുകയും, അടിമത്തത്തിനും ചൂഷണത്തിനും വിധേയരായിക്കഴിഞ്ഞിരുന്ന ഈ ജനസമൂഹത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തിക്കൊണ്ടു വരുവാൻ മാറിമാറി വന്ന കേന്ദ്ര സംസ്ഥാന ഭരണകൂടങ്ങൾ ശ്രമിച്ചെങ്കിലും ആശിച്ച ഫലം സിദ്ധിയ്ക്കുവാൻ സാധിച്ചിട്ടില്ല.

മറ്റ് ഇതര പഞ്ചായത്തുകളെ അപേക്ഷിച്ച് പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ എണ്ണം വളരെ കുറവാണ്. ഈ പഞ്ചായത്തിലെ I, III, IV വാർഡുകളിലാണ് ഈ വിഭാഗത്തിൽപ്പെട്ടവർ കൂടുതൽ അധിവസിക്കുന്നത്. ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യ 21530 ആണ്. പുരുഷന്മാർ 10702, സ്ത്രീകൾ 10828, പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യ 967.

ഈ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗങ്ങൾ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ദാരിദ്ര്യം അനുഭവിക്കുന്നവരാണ് എന്ന് ലഭ്യമായ വിവിരങ്ങൾ പരിശോധിച്ചപ്പോൾ മനസ്സിലാക്കുവാൻ സാധിച്ചു. വിദ്യാഭ്യാസ രംഗത്ത് ഒട്ടൊക്കെ പുരോഗതി കൈവരിയ്ക്കുവാൻ സാധിച്ചെങ്കിലും മറ്റ് ഇതര മേഖലകളിൽ ഇവരുടെ സ്ഥിതി വളരെ പിന്നിലാണ്. സ്വന്തമായിട്ട് ഒരു വീട് പോലുമില്ലാതെ തോട് പുറംമ്പോക്കിലും റോഡ് പുറംമ്പോക്കിലും താമസിക്കുന്ന കുടുംബങ്ങൾ ഇന്നും ഈ പഞ്ചായത്തിലുണ്ട്.

ദാരിദ്ര്യം എന്ന പദത്തിനെ അതിന്റെ പൂർണ്ണ അർത്ഥത്തോടുകൂടി നോക്കികാണുമ്പോൾ ഈ വിഭാഗങ്ങളുടെ ദാരദ്ര്യത്തിന്റെ തോത് എത്ര വലുതാണെന്ന് നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. ദാരിദ്ര്യത്തിന്റെ കാരണങ്ങളിലേയ്ക്കും പരിഹാരമാർഗ്ഗങ്ങളിലേയ്ക്കും ഇനി നമുക്ക് പോകാം.

കാരണങ്ങൾ

1. ഈ പഞ്ചായത്തിലെ ഈ വിഭാഗത്തിൽപ്പെട്ടവരിൽ ഭൂരിഭാഗവും കൂലിവേല ചെയ്ത് ഉപജീവനം കഴിയ്ക്കുന്നവരാണ്. സ്ഥിരമായ തൊഴിലും, സ്ഥിര വരുമാനമില്ലാത്തതും ദാരിദ്ര്യത്തിന് കാരണമാകുന്നു.
2. സർക്കാർ നൽകുന്ന സഹായങ്ങൾ ഫലപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിനുള്ള പ്രായോഗിക പരിജ്ഞാനം പോലും ഇല്ലാത്തത്.
3. സാമ്പത്തിക പരാധീനതകൊണ്ട് വിദ്യാഭ്യാസം പൂർത്തീകരിക്കുവാൻ സാധിക്കാത്തത്.
4. അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ ഉള്ള കുടുംബങ്ങളിൽപോലും സ്ഥിരമായ ഒരു തൊഴിൽ ഇല്ലാത്തത്.
5. ഐ.ആർ.ഡി.പി. പദ്ധതി പ്രകാരം ലോൺ എടുത്ത് കുടിശികയായതുകാരണം ആ കുടുംബങ്ങളിലെ മറ്റുള്ളവർക്കുപോലും സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കാതെ പോകുന്നത്.
6. പുറംമ്പോക്കിൽ താമസിക്കുന്നവർക്ക് സ്വന്തമായിട്ട് വീടും സ്ഥലവും ഇല്ലാത്ത് ടി. വിഭാഗത്തിലെ കുടുംബങ്ങളുടെ വളർച്ചയ്ക്ക് വിഘാതം നേരിടുന്നു.
7. നിലവിലുള്ള കോളനികളിൽ അടിസ്ഥാന സൗകര്യം ഇല്ലാത്തതുകാരണം.

പരിഹാരമാർഗ്ഗങ്ങൾ

1. ഒരു കുടുംബത്തിലെ ഓരാൾക്കെങ്കിലും സ്ഥിരമായ ഒരു വരുമാനം ലഭിക്കുന്നതിന് ആവശ്യമായവ പഞ്ചായത്തു തലത്തിൽ നടത്തണം.
2. മാസത്തിൽ രണ്ടുതവണ എങ്കിലും റേഷൻ കടകളിൽ നിന്നും ഇവരുടെ കുടുംബങ്ങൾക്ക് ലഭിക്കേണ്ട റേഷൻ സാധനങ്ങൾ സൗജന്യമായി ലഭിയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.
3. അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് നിർബന്ധിത തൊഴിൽ പരിശീലനം നൽകി അവരെ പ്രസ്തുത തൊഴിൽ ചെയ്ത് ജീവിക്കുന്നതിന് എല്ലാവിധ സഹായങ്ങളും നൽകണം.
4. ഐ.ആർ.ഡി.പി. പദ്ധതി പ്രകാരം വായ്പകൾ എടുത്ത് കുടിശ്ശികയായിട്ട് സർക്കാരിൽ നിന്നും മറ്റാനുകൂല്യ

ങ്ങൾ കിട്ടാനാവാത്ത സ്ഥിതിവിശേഷം മാറുവാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

5. സ്ഥലപരിമിതി കണക്കാക്കാതെ എല്ലാ കുടുംബങ്ങൾക്കും കിണർ കുഴിയ്ക്കുന്നതിന് സാമ്പത്തിക സഹായം നൽകണം.

6. തോട് പുറംമ്പോക്കിലും, റോഡ് പുറംമ്പോക്കിലും താമസ്സിക്കുന്ന കുടുംബങ്ങൾക്ക് എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളോടും കൂടി പുനരധിവസിപ്പിയ്ക്കുവാൻ ആവശ്യമായ കാര്യങ്ങൾ ചെയ്യണം.

7. നിലവിലുള്ള കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായവ ചെയ്യണം.

8. കിട്ടുന്ന വരുമാനത്തിൽ നിന്ന് ഒരു നിശ്ചിതതുക മിച്ചം വയ്ക്കുന്നതിനു വേണ്ട ബോധവൽക്കരണം നൽകി അതിനു വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യണം.

9. ഒരു പെൺകുട്ടി ജനിയ്ക്കുമ്പോൾ കുട്ടിയുടെ രക്ഷകർത്താവ് ജനനം രജിസ്റ്റർ ചെയ്യുന്നതോടൊപ്പം 100 രൂപാ അടയ്ക്കുക. അതിനോട് തത്തുല്യമായ തുക വിവിധ തലങ്ങളിലുള്ള പഞ്ചായത്തുകളും അടച്ച് വിവാഹസഹായനിധി രൂപീകരിയ്ക്കുക.

10. സൗജന്യമായ വൈദ്യസഹായം ഏർപ്പെടുത്തണം.

11. പൊതുവായ എല്ലാ കാര്യങ്ങളിലും അവരെ പങ്കെടുപ്പിക്കുന്നതിന് തയ്യാറാകണം.

12. പഞ്ചായത്തുതല ജെ.ആർ.വൈ. പണികളിൽ പങ്കെടുപ്പിച്ച് അദ്ധ്വാനത്തിന്റെ ഒരു ഭാഗം ഐ.ആർ.ഡി.പി. കടം തിരിച്ചടപ്പിക്കുന്നതിന് പ്രോത്സാഹിപ്പിക്കാം.

13. ദളിത് ക്രൈസ്തവർക്കു കൂടി പരമാവധി ആനുകൂല്യങ്ങൾ നല്കണം.

14. സഹകാര്യ ഉടമസ്ഥതയിലുള്ള സ്ക്കൂളുകളിലും മറ്റ് ഇതര സ്ഥാപനങ്ങളിലും ഈ വിഭാഗത്തിൽപ്പെട്ട അർഹരായവർക്ക് സ്ഥിരമായ തൊഴിൽ നൽകുവാൻ ആവശ്യമായ നടപടി പഞ്ചായത്ത് തലത്തിൽ നടത്തേണ്ടതാണ്.

വിദ്യാഭ്യാസം

ഈ പഞ്ചായത്തിലെ ടി വിഭാഗങ്ങളുടെ വിദ്യാഭ്യാസ രംഗത്തെ വളർച്ച പൊതുവെ നിരാശജനകമാണ്. എഴുത്തും, വായനയും അറിയാത്ത ഒട്ടനവധി ആളുകൾ ഈ വിഭാഗത്തിൽപ്പെട്ടവരിൽ ഉണ്ട്. സാക്ഷരതാ പ്രവർത്തനം ഇതിന് ഒരു പരിധി വരെ കുറവ് വരുത്തുവാൻ സാധിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമായിട്ടില്ല. കായിക വിദ്യാഭ്യാസത്തിനും, കലാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ യാതൊന്നുമില്ല. ഭൂരിഭാഗം യുവതീയുവാക്കളും എസ്.എസ്.എൽ.സി. ക്കു ശേഷം വിദ്യാഭ്യാസം നിറുത്തുന്നതായാണ് ലഭ്യമായ വിവരങ്ങൾ പരിശോധിച്ചപ്പോൾ മനസ്സിലാക്കുവാൻ സാധിച്ചത്. വിദ്യാഭ്യാസരംഗത്തെ ഈ തളർവാതത്തിന് പ്രധാന കാരണങ്ങൾ താഴെപ്പറയുന്നവയാണ്.

1. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് രക്ഷിതാക്കളിലും വിദ്യാർത്ഥികളിലും വേണ്ടത്ര അവബോധം ഇല്ലാത്തത്

2. തുടർവിദ്യാഭ്യാസം നടത്തുന്നതിന് വേണ്ടത്ര സാമ്പത്തിക അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തത്.

3. കലാകായിക കഴിവുകൾ ഉയർത്തികൊണ്ടു വരുന്നതിന് ആവശ്യമായ ജീവിത സാഹചര്യങ്ങളും പരിശീലനകളരികളും ഇല്ലാത്തത്.

പരിഹാരമാർഗ്ഗങ്ങൾ

1. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളിലും രക്ഷിതാക്കളിലും അവബോധനം വളർത്തിയെടുക്കുന്നതിന് പഞ്ചായത്തുതലത്തിൽ വിദ്യാഭ്യാസ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക. ഈ പ്രവർത്തനത്തിന് ഈ വിഭാഗങ്ങളിലെ വിദ്യാ സമ്പന്നരായ യുവതീയുവാക്കളേയും ഉൾപ്പെടുത്തുക.

2. പ്രൈമറി തലം മുതൽ ഹൈസ്ക്കൂൾ ഘട്ടം വരെ പഠിയ്ക്കുന്ന കുട്ടികളുടെ പഠനനിലവാരം ശ്രദ്ധിക്കുന്നതിന് പഞ്ചായത്തു പ്രസിഡൻറ് ചെയർമാനും SC/ST മെമ്പർ കൺവീനറുമായുള്ള മോണിറ്ററിംഗ് കമ്മറ്റികൾ രൂപീകരിക്കുക.

3. സ്ക്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് നൽകി വരുന്ന സ്റ്റൈപന്റ് വർദ്ധിപ്പിക്കുക.

4. എല്ലാ മേഖലകളിലും പഠിക്കുന്ന ഈ വിഭാഗത്തിലെ കുട്ടികൾക്ക് പഠനോപകരണങ്ങൾ സൗജന്യമായി നൽകുക.

5. ഈ വിഭാഗത്തിലെ എല്ലാ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കും (പ്രൈമറി തലം മുതൽ പ്രീഡിഗ്രി വരെ) സൗജന്യ ട്യൂഷൻ നൽകുന്നതിന് പഞ്ചായത്തിൽ SC/ST ട്യൂഷൻ സെൻററുകൾ സ്ഥാപിക്കുക. ഈ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരെകൂടി ഈ പ്രവർത്തനത്തിൽ പങ്കാളികളാക്കുക.

6. പഠനരംഗത്ത് ഉയർന്ന നിലവാരം പുലർത്തുന്ന ഈ വിഭാഗത്തിലെ കുട്ടികൾക്ക് മെഡിക്കൽ, എഞ്ചിനീയറിംഗ്, IAS തുടങ്ങിയ രംഗങ്ങളിൽ എത്തിപ്പിടിക്കുന്നതിന് ആവശ്യമായ ലൈബ്രററി സൗകര്യങ്ങളും, കോച്ചിംങ്ങ് സെൻററുകളും പഞ്ചായത്ത് തലത്തിൽ നടത്തുക.

7. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്കൂൾ ഈ പഞ്ചായത്തിൽ സ്ഥാപിക്കുക.

8. കലാകായിക രംഗത്ത് കഴിവുള്ള ഈ വിഭാഗത്തിൽപ്പെട്ട കുട്ടികളെ കണ്ടെത്തി അവരെ പ്രസ്തുത മേഖലയിൽ ഉയർത്തിക്കൊണ്ടുവരുന്നതിന് ആവശ്യമായ കാര്യങ്ങൾ ചെയ്യണം. കിളിയൻകുന്ന് കോളനി, നെല്ലിക്കുന്ന് കോളനി, വെട്ടുകാട് അംബേദ്ക്കർ കോളനി എന്നിവിടങ്ങളിലെ കുട്ടികൾക്ക് അവരുടെ

കായികരംഗത്തെ (സ്പോർട്ട് ആൻഡ് ഗെയിംസ്) കഴിവുകൾ ഉയർത്തിക്കൊണ്ടു വരുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി ചെയ്യുക.

9. മറ്റക്കരയിൽ പ്രവർത്തിക്കുന്ന മോഡൽ പോളിടെക്നിക്കിൽ ഈ വിഭാഗങ്ങൾക്ക് കൂടുതൽ പരിഗണന നൽകണം.

തൊഴിൽ

ഈ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ ബഹുഭൂരിപക്ഷവും കൂലിപ്പണി ചെയ്താണ് ജീവിക്കുന്നത്. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവുമൂലം അവർക്കു കിട്ടുന്ന വരുമാനം ജീവിതചെലവിനു മതിയാകാതെ വരുന്നു. ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കിയതോടുകൂടി ഈ പഞ്ചായത്തിലെ ഭൂരിപക്ഷം പട്ടികജാതി പട്ടികവർഗ്ഗക്കാരും 10 സെൻറിലും അതിൽ കുറഞ്ഞതുമായ സ്ഥലങ്ങളിൽ താമസിക്കുന്നവരായിത്തീർന്നു. നിത്യോപയോഗ സാധനങ്ങളുടെ വർദ്ധിച്ചു വരുന്ന വിലക്കയറ്റം, ഒരു ദിവസം കൂലിവേല ഇല്ലെങ്കിൽ ആ കുടുംബം അന്ന് പട്ടിണി ആകുന്ന സ്ഥിതിവിശേഷമാണ് ഇന്ന് ഇവിടെയുള്ളത്.

സ്ഥിരമായ തൊഴിലും സ്ഥിരവരുമാനവും ഇല്ലാത്തതിൻെറ പ്രധാനകാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും താഴെ കൊടുക്കുന്നു.

കാരണങ്ങൾ

1. കൃഷിയിടങ്ങളിൽ 80% റബർ ആയതിനാൽ ടി കൃഷിയ്ക്ക് വർഷത്തിൽ മൂന്നുതവണ മാത്രമേ കൃഷിപ്പണി ചെയ്യേണ്ട ആവശ്യമുള്ളു. കൃഷിപ്പണി പൊതുവെ കുറവാണ്.
2. നിർമ്മാണ മേഖലയിലെ പണികൾ സീസൺകാലത്തെ മാത്രം ആശ്രയിച്ചു നിൽക്കുന്നതിനാൽ മഴക്കാലങ്ങളിൽ ഈ വിഭാഗങ്ങളിലെ കുടുംബങ്ങൾക്ക് നിത്യവൃത്തി കഴിക്കുന്നതിന് ബുദ്ധിമുട്ടാണ്.
3. അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് സ്ഥിരമായ തൊഴിലോ, വരുമാനമോ ഇല്ലാത്തത്.
4. കൃഷിയും അതിനോടനുബന്ധിച്ച തൊഴിലുകളും അല്ലാതെ മറ്റൊരു തൊഴിലും ചെയ്യുവാൻ ടി വിഭാഗത്തിലെ തൊഴിലാളികൾക്ക് അറിയുവാൻ കഴിയാത്തത്.
5. മറ്റ് ഇതര തൊഴിലുകൾ ചെയ്ത് പഠിക്കുന്നതിന് ആവശ്യമായ സാഹചര്യങ്ങൾ നിലവിലില്ലാത്തതിനാൽ
6. തമിഴ്നാട്, ആന്ധ്രാ തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും കുറഞ്ഞ കൂലിയ്ക്ക് തൊഴിലാളികളെ കൊണ്ടു വന്ന് ഇവിടുത്തെ ഈ അടിസ്ഥാന തൊഴിലാളി വർഗ്ഗത്തിൻെറ തൊഴിൽ ഇല്ലാതാക്കുന്നതിനാൽ
7. തൊഴലാളിയും, മുതലാളിയും തമ്മിൽ പരസ്പര ബന്ധമില്ലാത്തതിനാൽ (സാമ്പത്തികമായും, ആശയപരമായും തൊഴിൽ പരമായും ഉള്ളത്)

പരിഹാരമാർഗ്ഗങ്ങൾ

1. കൃഷിപ്പണി ചെയ്ത് ഉപജീവനം കഴിച്ചു പോന്നിരുന്ന ഈ വിഭാഗങ്ങൾക്ക് റബർകൃഷിയുടെ വ്യാപനം മൂലം തൊഴിൽ അവസരങ്ങൾ കുറഞ്ഞിട്ടുണ്ട്. റബറിനോടനുബന്ധിച്ചുള്ള ചെറുകിട, വൻകിട വ്യവസായയൂണിറ്റുകളും മറ്റ് ഇതര വ്യവസായ യൂണിറ്റുകളും, ഫാക്ടറികളും സ്ഥാപിച്ച് തൊഴിൽ മേഖലയിലെ അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് വേണ്ട സഹായങ്ങൾ നൽകുന്നതിനും, അതിൽ നിന്നും മോശമല്ലാത്ത രീതിയിലുള്ള ജീവിതം പടുത്തുയർത്തുന്നതിനാവശ്യമായ വേതനവും നൽകി പ്രസ്തുത തൊഴിൽ മേഖലയിൽ ഇവരെ സ്ഥിരപ്പെടുത്തുക. ന്യായമായ വേതന സേവനവ്യവസ്ഥിതിയിൽ തൊഴിലാളികളെ നിയമിക്കണം.
2. തൊഴിലാളികളും ഉടമകളും തമ്മിലുള്ള ബന്ധം നല്ല രീതിയിൽ വളർത്തുന്നതിനാവശ്യമായ ബോധവൽക്കരണം ഇരുകൂട്ടർക്കും നടത്തുക.
3. അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് സ്ഥിരമായ തൊഴിലും നിത്യവരുമാനവും ലഭിയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
4. തൊഴിലാളികൾക്ക് ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ പഞ്ചായത്ത് ചെയ്യുക.
5. സർക്കാരിൽ നിന്നും, മറ്റ് ഇതര സർക്കാർ ഏജൻസികളിൽ നിന്നും ഈ വിഭാഗത്തിലെ ജനങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
6. പട്ടികജാതി വികസനകോർപ്പറേഷൻ, പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും ഈ വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് നൽകുന്ന ആനുകൂല്യങ്ങളും, ലോണുകളും കിട്ടുന്നതിനുള്ള കാലതാമസ്സം ഒഴിവാക്കുക. കൂടാതെ ഈ സഹായങ്ങൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക.

സാമൂഹ്യപദവി

സാമൂഹ്യമായ ഉച്ചനീചത്വങ്ങൾ പണ്ടുകാലത്ത് ഈ പഞ്ചായത്തിലും നിലനിന്നിരുന്നു. ഈ നിലപാടിൽ വളരെയധികം വിത്യാസം വന്നിട്ടുണ്ടെങ്കിലും, ഇന്നും കുറെയൊക്കെ സാമൂഹ്യമായ ഉച്ചനീചത്വങ്ങൾ നിലനിൽക്കുന്നുണ്ടെന്ന് ലഭ്യമായ ഗ്രാമസഭാ റിപ്പോർട്ടുകളിലും മറ്റ് ഇതര പഠനങ്ങളിൽ നിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

അധഃസ്ഥിത ജനവിഭാഗത്തിന് വേണ്ടി അഹോരാത്രം പണിയെടുത്ത് മഹാൻമാരായ അയ്യൻകാളി, ഡോ. അംബേദ്ക്കർ, ചട്ടമ്പിസ്വാമികൾ, ശ്രീനാരായണഗുരു എന്നിവരുടെ ചരിത്രങ്ങൾ പഠിച്ച് അതിൽ നിന്നും കിട്ടുന്ന അറിവ് സമുദായ പ്രവർത്തനം നടത്തുന്നതിന് ഉപയോഗിക്കുന്നതിന് ഈ വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ പോലും താൽപര്യം കാണിയ്ക്കുന്നില്ല. മേൽ വിവരിച്ച സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ ഇവരുടെ സാമൂഹ്യപദവിയെ ഉയർത്തുന്നതിന് താഴെപറയുന്ന കാര്യങ്ങൾ ചെയ്യാവുന്നതാണ്.

1. ഈ വിഭാഗങ്ങളുടെ സാമൂഹ്യമായ പിന്നോക്കാവസ്ഥ പരിഹരിയ്ക്കുന്നതിന് ആദ്യമായി ഈ വിഭാഗങ്ങളുടെ ചരിത്രം പഠിക്കുന്നതിനും, പഠിപ്പിക്കുന്നതിനും, പഞ്ചായത്ത് തലത്തിൽ ഇവരുടെ ചരിത്രപരമായ ബോധവൽക്കരണം നൽകേണ്ടതാണ്.
2. ഇവരുടെ സാമൂഹ്യപുരോഗതിക്കു വേണ്ടി ജീവിതം ഒഴിഞ്ഞു വച്ച ശ്രീ. അയ്യൻകാളി, ഡോ. അബേദ്ക്കർ എന്നിവരുടെ ജീവചരിത്രങ്ങൾ ഹൈസ്ക്കൂൾ തലത്തിൽ പഠിപ്പിക്കുന്നതിന് അടിയന്തിര നടപടികൾ ഉടൻ സ്വീകരിക്കണം.
3. സഹകരണ സംഘങ്ങളിൽ (സർവ്വീസ് സഹകരണ ബാങ്കുകൾ) ഇവരുടെ പ്രാതിനിത്യം വർദ്ധിപ്പിക്കണം. പട്ടികജാതി, പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ സ്ഥാപിക്കണം.
4. ഈ വിഭാഗങ്ങളിലെ യുവതികളുടെ കല്ല്യാണത്തിന് സാമ്പത്തികസഹായം നൽകുന്നതിന് സർക്കാർ തലത്തിലും പഞ്ചായത്ത് തലത്തിലും ക്ഷേമനിധി രൂപീകരിയ്ക്കണം. വിവാഹപ്രായമാവുമ്പോൾ പെൺകുട്ടിയ്ക്ക് ചുരുങ്ങിയത് 25000/- രൂപയെങ്കിലും ലഭിക്കുന്ന രീതിയിലായിരിക്കണം ക്ഷേമനിധി സംവിധാനം ചെയ്യേണ്ടത്.
5. ഈ വിഭാഗങ്ങൾ ഇപ്പോൾ അനുഭവിക്കുന്ന എല്ലാവിധമായ സാമൂഹ്യ അവഗണനകളും ഫലപ്രദമായി തടയുന്നതിന് ആവശ്യമായ നടപടി ഉടൻ കൈകൊള്ളണം.
6. ഈ വിഭാഗങ്ങളുടെ തനതായ കലാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും, അവ സമൂഹത്തിന്റെ മുമ്പിൽ പ്രദർശിപ്പിക്കുന്നതിനും ആവശ്യമായ കാര്യങ്ങൾ ചെയ്യണം.
7. ഈ വിഭാഗങ്ങൾക്ക് ഇപ്പോൾ നൽകി വരുന്ന പെൻഷൻ ആനുകൂല്യങ്ങളുടെ തുക വർദ്ധിപ്പിക്കണം
8. ഈ വിഭാഗങ്ങളുടെ കുടുംബങ്ങളിൽ നടത്തുന്ന ചടങ്ങുകളിൽ മറ്റ് ഇതരസമുദായങ്ങളെ സജീവമായി പങ്കെടുപ്പിക്കുകയും, അതുപോലെ മറിച്ചും ചെയ്യുന്നതിനാവശ്യമായ നടപടി നടത്തണം.

സാമൂഹ്യമായ ഈ പിന്നോക്കാവസ്ഥ പരിഹരിയ്ക്കുന്നതിന് സാമൂഹ്യവിദ്യാഭ്യാസം പഞ്ചായത്ത് തലത്തിൽ നടത്തണം

കോളനി സൗകര്യങ്ങൾ

ഈ പഞ്ചായത്തിൽ നിലവിൽ മൂന്നു പട്ടികജാതി കോളനികളാണ് ഉള്ളത്. പട്ടകവർഗ്ഗങ്ങൾ വളരെ കുറവായതിനാൽ ടി. വിഭാഗങ്ങൾക്ക് പ്രത്യേക കോളനികൾ ഇല്ല. കിളയൻ കുന്ന് പട്ടികജാതികോളനി (വാർഡ് I മണൽ) വെട്ടുകാട് അംബേദ്കർ കോളനി (വാർഡ് III - പാദുവ) നെല്ലിക്കുന്ന് പട്ടികജാതി കോളനി (വാർഡ് IV - നെല്ലിക്കുന്ന്) ഈ മൂന്നു കോളനികളിൽ കിളിയൻകുന്ന് കോളനിയാണ് ആദ്യമായി രൂപീകരിച്ചത്. ഈ പഞ്ചായത്തിലെ മറ്റ് കോളനികളായ ഇടമുള ലക്ഷം വീട് കോളനി (വാർഡ് VII) കണ്ണമല ലക്ഷംവീട് കോളനി (വാർഡ് X) എന്നിവിടങ്ങളിലും ഈ വിഭാഗത്തിൽപ്പെട്ട ജനങ്ങൾ താമസിക്കുന്നുണ്ട്. ഈ കോളനികളിൽ ഒന്നും അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായിട്ടും നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. ഈ കോളനികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാവുന്നതാണ്.

1. കോളനികളിൽ താമസിയ്ക്കുന്ന ജനങ്ങൾക്ക് ഏറ്റവും അധികം ബുദ്ധിമുട്ടുള്ള ഒരു പ്രശ്നമാണ് കുടിവെള്ളം. വേനൽക്കാലങ്ങളിൽ കുടിവെള്ളത്തിനുവേണ്ടി ടി കുടുംബങ്ങൾ നെട്ടോട്ടം പായുകയാണ്. ഈ കോളനികൾ എല്ലാം ഉയർന്ന പ്രദേശത്ത് ആയതിനാൽ ഓരോ കോളനികളുടെയും സമീപത്തുള്ള വെള്ളം കിട്ടാവുന്ന താഴ്ന്ന പ്രദേശത്ത് കിണറോ കുളമോ നിർമ്മിച്ച് വെള്ളം ശേഖരിച്ച് ടാങ്ക് കെട്ടി എല്ലാ വീടുകളിലും ഓരോ പൈപ്പ് നിർമ്മിച്ച് കൊടുത്ത് കുടിവെള്ളപ്രശ്നം പരിഹരിയ്ക്കാവുന്നതാണ്.
2. എല്ലാ കോളനികളിലേയും ഉള്ളിലേയ്ക്കുള്ള ഇരുവശത്തേയും നടപ്പാതകൾ സഞ്ചാരയോഗ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.
3. പട്ടികജാതി കോളനികളിൽ സാംസ്ക്കാരിക നിലയങ്ങൾ പണിയണം. കോളനികളിൽ സൗകര്യമില്ലെങ്കിൽ അതിന്റെ സമീപത്ത് സ്ഥലം ലഭ്യമാണെങ്കിൽ പണിയുന്നതിനുള്ള നടപടി സ്വീകരിക്കണം.
4. കോളനികളിൽ താമസിക്കുന്ന വീടില്ലാത്തവർക്ക് വാസയോഗ്യമായ വീടുകൾ ലഭിയ്ക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ചെയ്യണം.
6. കിഴക്കടമ്പ് കോളനി പട്ടികജാതി കോളനിയായി പ്രഖ്യാപിയ്ക്കണം, ചെങ്ങളം കോളണി അംഗീകൃത കോളണിയായി പ്രഖ്യാപിക്കണം.
7. നിലവിലുള്ള വീടുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിന് അടിയന്തിരമായ ശ്രദ്ധ പതിയ്ക്കണം.

8. കോളനികളിലേയ്ക്കുള്ള റോഡുകളിലും, കോളനിയ്ക്ക് ഉള്ളിലേയ്ക്കും വഴി വിളക്കുകൾ സ്ഥാപിക്കണം.

9. വൈദ്യുതി കണക്ഷൻ ലഭിക്കാത്ത എല്ലാ വീടുകളിലും വൈദ്യുതി കണക്ഷൻ ലഭ്യമാക്കുകയും വൈദ്യുതീകരിയ്ക്കുകയും ചെയ്യണം.

10. കക്കൂസുകൾ ഇല്ലാത്ത വീടുകളിൽ അവ പണിയുന്നതിനാവശ്യമായ സഹായങ്ങൾ അടിയന്തിരമായി ചെയ്യണം.

11. കോളനികളിലെ കുട്ടികളുടെ കായിക കഴിവുകൾ വളർത്തിയെടുക്കുന്നതിന് കളിക്കളങ്ങൾ നിർമ്മിച്ച് നൽകണം. അവയ്ക്ക് സ്ഥലം ലഭ്യമല്ലെങ്കിൽ അടുത്തുള്ള സ്കൂളുകളുടെ ഗ്രൗണ്ടിൽ ഒഴിവ് ദിനങ്ങളിൽ കളിയ്ക്കുന്നതിനുള്ള സൗകര്യം അടിയന്തിരമായി ചെയ്യണം.

12. കോളനികളിലെ ജനങ്ങൾക്ക് ആരോഗ്യശുചീകരണ പ്രവർത്തനങ്ങളിൽ ആവശ്യമായ ബോധവൽക്കരണം നൽകണം.

13. അവർ പരസ്പരം സഹായിച്ചും സഹകരിച്ചും സഹോദര സ്നേഹത്തോടെ ജീവിക്കുന്നതിന് ബോധവൽക്കരണം നടത്തണം.

14. കോളനികളിൽ ലൈബ്രററി സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം

ഈ പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗങ്ങളുടെ സർവ്വതോന്മുഖമായ പുരോഗതിക്ക് മേൽ വിവരിച്ച പദ്ധതികൾ നടപ്പാക്കുന്നതിന് നമുക്ക് ശ്രമിക്കാം.

5-12 വിഭവ സമാഹരണം

വളരെ പരിമിതമായ വരുമാനമാണ് പഞ്ചായത്തിനു ള്ളത്. കെട്ടിട നികുതിയും തൊഴിൽ നികുതിയുമാണ് നമ്മുടെ പ്രധാന വരുമാനം. എന്നാൽ ഈ വരുമാന ങ്ങൾ വൻതോതിൽ വർദ്ധിക്കുന്നവയല്ല. എങ്കിലും തൊഴിൽ നികുതിയുടെയും കെട്ടിടനികുതിയുടെയും കാര്യ ത്തിൽ കുറെക്കൂടി ശ്രദ്ധിച്ചാൽ വരുമാനം ചെറിയ തോതി ലെങ്കിലും ഉയർത്താൻ കഴിയും. പുതതായി പണിതതും നിലവിൽ വിപുലീകരിച്ചതുമായ കെട്ടിടങ്ങൾക്ക് നികുതി വർദ്ധിപ്പിച്ച് നിശ്ചയിക്കുക. അത്യാഡംബരപൂർണ്ണമായ വീടു കളുടെ നികുതി നിശ്ചയിക്കുമ്പോൾ ആഡംബര നികുതി കൂടി ഈടാക്കാവുന്നതാണ്.

നിലവിലുള്ള അഗ്രികൾച്ചറൽ പ്രൊഫഷണൽ ടാക്സ് ഉള്ളവർക്കും നികുതി ചുമത്താം. പഞ്ചായത്തതിർത്തിയിൽ നടക്കുന്ന സ്ഥലം വിൽപനയിൽ സ്റ്റാമ്പ് ഡ്യൂട്ടി വെട്ടിപ്പ് നടത്താതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിലവിൽ ലൈസൻസ് ഇല്ലാത്ത എല്ലാ കടകൾക്കും, ഇറച്ചി കടകൾക്കും, ചെറുകിട വ്യവസായങ്ങൾക്കും നിർബ ന്ധമായും ലൈസൻസ് ഫീസ് ഈടാക്കാം.

തോടുപുറമ്പോക്ക് ഉൾപ്പെടെ പഞ്ചായത്തു പുറമ്പോ ക്കിലെ കേടായതും അപകടനിലയിൽ നില്ക്കുന്നതുമായ വൃക്ഷങ്ങൾ ലേലം ചെയ്ത് പഞ്ചായത്തു ഫണ്ടിൽ വരവു വരുത്താം. പെറ്റി വർക്സിന്റെ പണികൾ 5000 രൂപയിൽ നിന്ന് 50000 രൂപ വരെ പഞ്ചായത്തിനു നടത്താൻ അനു മതി നൽകി കാലതാമസവും പണലാഭവും ബുദ്ധിമുട്ടുക ളും ഒഴിവാക്കുക. പഞ്ചായത്തു റോഡുകൾ പണിയുമ്പോൾ അതിന്റെ അടങ്കൽ തുകയുടെ 20% പണമായോ ശ്രമദാ നമായോ കിട്ടുന്ന റോഡുകൾക്കു മുൻഗണന നല്കുക.

പഞ്ചായത്തിന്റെ കീഴിൽ നടക്കുന്ന വികസന പ്രവർത്തനങ്ങളിൽ കരാറുകാരനെ ഒഴിവാക്കുകയും സന്നദ്ധ സംഘടനകളെ ഉൾപ്പെടുത്തി ഒരു സമിതി ഉണ്ടാക്കി അത്തരം പ്രവർത്തനങ്ങളെല്ലാം ആ സമിതിക്കു നൽകണം. അങ്ങനെ പണി ഏറ്റെടുത്തു നടത്തുമ്പോൾ അടങ്കൽ തുകയുടെ 20% എങ്കിലും സന്നദ്ധപ്രവർത്തന ത്തിലൂടെ സമാഹരിച്ച് ടെൻഡർ ഒഴിവാക്കി പണി ഏല്പിച്ചു കൊടുക്കേണ്ടതാണ്. ഇങ്ങനെ ചെയ്യുന്നതിന് റൂളിൽ ഭേദ ഗതി ചെയ്യുന്നതിന് ഗവൺമെന്റിനെ സമീപിക്കേണ്ടതാ ണ്.

പഞ്ചായത്തിന്റെ ഫണ്ടിൽ അധികഭാഗവും പൊതു മരാമത്തു പണികൾക്കു വേണ്ടിയാണ് ചെലവഴിക്കുന്ന ത്. വഴിവിളക്കിനായുള്ള വൈദ്യുതി ചാർജ്ജും വളരെ കൂടുതലാണ്. അത് ഇനിയും വർദ്ധിപ്പിക്കേണ്ടിയിരിക്കു ന്നു. കുടിവെള്ളത്തിനുള്ള ചിലവും വർദ്ധിപ്പിക്കാതെ തര മില്ല.

വിവിധ തരത്തിലുള്ള നികുതികൾ അതാതു വർഷം പിരിച്ചെടുക്കേണ്ടതാണ്. സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളും മറ്റു വകുപ്പിൽ നിന്നു ലഭിക്കുന്ന നികുതി വീതങ്ങളും കാലതാമസം കൂടാതെ ലഭിക്കേണ്ടതാണ്. ഈ പഞ്ചായത്തിലെ കാഞ്ഞിരമറ്റത്തും ചെങ്ങളത്തും മണലിലും ചുവന്ന പ്ലാവിലും പൂവത്തിളപ്പിലും ഓരോ ടാകസി സ്റ്റാൻഡു നിർമിച്ചാൽ അവിടെ നിന്നും നികുതി ഈടാക്കാം. ചെങ്ങളം മഞ്ഞാമറ്റം പ്രദേശങ്ങളിൽ ഓരോ പൊതു ചന്ത സ്ഥാപിച്ച് വരുമാനം വർദ്ധിപ്പിക്കാം. വട ക്കേടത്ത് ഷോപ്പിംഗ് കോംപ്ലക്സ്, ഐ.എച്ച്.ആർ.ഡി.ഇ. യോട് ചേർത്ത് ഒരു ഹോസ്റ്റൽ എന്നിവ നിർമിച്ച് വാടക ഈടാക്കാം. പൂവത്തിളപ്പിൽ ഒരു ബസ്സ്റ്റാൻഡ് ഉണ്ടാ യാൽ നല്ലൊരു വരുമാന മാർഗ്ഗമാണ്. തെക്കുംതലയിലും പട്യാലിമറ്റത്തും കാഞ്ഞിരമറ്റത്ത് ക്ടാക്കുഴിയിലും ഒരോ പൊതുവിതരണകേന്ദ്രം സ്ഥാപിക്കാം.

പഞ്ചായത്തിലെ ഏക ബസ്സ്റ്റാൻഡ് ചെങ്ങളത്താ ണ്. ഇതിന്റെ വികസനത്തിനായി ബസ് സ്റ്റാൻഡിനു മുമ്പിലായി ഷോപ്പിംഗ് കോംപ്ലക്സ്, കമ്മ്യൂണിറ്റിഹാൾ ഇവ പണിയണം. പുതിയ സംരംഭങ്ങൾക്ക് ഇവയുടെ പണി ഉടനെ പൂർത്തിയാക്കേണ്ടത് അത്യാവശ്യമാണ്. കൂടാതെ മറ്റെല്ലാ വാർഡുകളിലും ഓരോ ഷോപ്പിംഗ് കോംപ്ലക്സ് നിർമിച്ചാൽ നല്ലൊരു വരുമാനമാകും. പട്യാ ലിമറ്റത്ത് ജനറൽ മാർക്കറ്റിംഗ് സഹകരണസംഘം ഉണ്ടാ വണം. മഞ്ഞാമറ്റത്ത് ഒരു കമ്മ്യൂണിറ്റിഹാൾ, കരിമ്പാനി യിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് ഇവ പണിയണം. നെല്ലികുന്നിൽ ഒരു സഹകരണ മാവേലിസ്റ്റോറും ചെങ്ങ ളത്ത് ഒരു പൊതു ചന്തയും സ്ഥാപിക്കണം. മുകളിൽ പറഞ്ഞവയെല്ലാം ഭാവിയിലേക്ക് വരുമാന സ്രോതസുക ളാണ്.

ആരംഭത്തിൽ പറഞ്ഞിരിക്കുന്നതുപോലെ കെട്ടിട നികുതി, തൊഴിൽ നികുതി എന്നിവയെ ആശ്രയിച്ചാണ്

നമ്മുടെ വരുമാനം കണക്കാക്കുന്നത്. ലൈസൻസു ഫീസു ചുമത്താവുന്ന സ്ഥാപനങ്ങൾ വളരെ കുറവുമാണ്. സിനിമാ തീയേറ്ററുകളോ, വ്യവസായ ശാലകളോ ഇവിടെ ഇല്ല. ആകെയുള്ളത് നാലോ അഞ്ചോ ചെറുകിട വ്യവസായങ്ങൾ മാത്രം, കൃഷിയാണ് പ്രധാന തൊഴിൽ. അതുകൊണ്ട് കുടുംബവരുമാനം കുറവാണ്. വിദേശത്തു ജോലി ചെയ്യുന്നവരും വളരെ കുറവാണ്. ഭരണച്ചെലവ് വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വികസന പ്രവർത്തനങ്ങൾക്ക് വളരെ തുച്ഛമായ തുകയേ ഉള്ളു. അതിന് സർക്കാർ ഫണ്ടിനെ മാത്രം ആശ്രയിക്കേണ്ടിയിരിക്കുന്നു. ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ കാലത്ത് ധാരാളം വികസനങ്ങൾ ജനങ്ങൾ ആഗ്രഹിക്കുന്നുണ്ട്.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിന് മൊത്തം എസ്റ്റാബ്ലീഷ്മെൻറ് ചെലവിൻെറ 75% എങ്കിലും ഗ്രാൻറായി നൽകണം. വികസന പ്രവർത്തനങ്ങൾക്ക് ഇന്നു ലഭിച്ചുകൊണ്ടിരിക്കുന്ന തുക തീർത്തും അപര്യാപ്തമായതിനാൽ ആവശ്യമായ മുഴുവൻ തുകയും ഗ്രാൻറായി നൽകേണ്ടതാണ്. സാമ്പത്തിക ഭദ്രതയുള്ള പഞ്ചായത്തുകൾക്കും അല്ലാത്ത പഞ്ചായത്തുകൾക്കും ഗ്രാൻറ് അനുവദിക്കുന്നത് ഒരേ മാനദണ്ഡമനുസരിച്ചാണെന്നു കാണുന്നു. അത് ഒട്ടും ശാസ്ത്രീയമല്ല. ഇതുപോലെ വരുമാനം കുറഞ്ഞ പഞ്ചായത്തുകൾക്ക് കൂടിയ നിരക്കിൽ ഗ്രാൻറ് അനുവദിക്കുന്ന നയം സർക്കാർ സ്വീകരിക്കേണ്ടതാണ്. അടുത്ത പദ്ധതി വിഹിതത്തിലെങ്കിലും പഞ്ചായത്തിൻെറ സമഗ്രവികസനത്തിനും ജനങ്ങളുടെ ആവശ്യങ്ങളിൽ കുറെയെങ്കിലും നിറവേറ്റുന്നതിനും ആവശ്യമായ തുക അനുവദിച്ചു തരികയും വേണം.

6 ഉപസംഹാരം

ഇൻഡ്യ സ്വാതന്ത്യം പ്രാപിച്ചിട്ട് 50 വർഷം പിന്നിട്ടിട്ടും നമുക്ക് സ്വയം പര്യാപ്തത കൈവരിക്കാൻ കഴിഞ്ഞില്ല. കഴിഞ്ഞ എട്ടു പഞ്ചവത്സരപദ്ധതികളിലൂടെ നമുക്ക് വളരെ മുന്നേറാൻ കഴിഞ്ഞു. എങ്കിലും വികസന രംഗത്ത് പല കുറവുകളും നിലനില്ക്കുന്നു. പ്രാഥികാവശ്യങ്ങളായ ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവ ഇന്നും പൂർത്തീകരിക്കപ്പെട്ടിട്ടില്ല.മേല്പറഞ്ഞവ എല്ലാം ജനങ്ങൾക്ക് വേണ്ടത്ര ലഭ്യമായാൽ ജനങ്ങളുടെജീവിത നിലവാരം പടിപടിയായി ഉയർന്നാൽ വികസനം നടന്നു എന്നു പറയാം. സാമ്പത്തിക വളർച്ചയിൽ കൂടി മാത്രമേ ഇതു സാധിക്കുകയുള്ളു. സമ്പത്തിന്റെ ഉത്പാദനത്തോടൊപ്പം നീതിപൂർവ്വകമായി അത് വിതരണവും ആവശ്യമാണ്.

1997 ഏപ്രിൽ 1-ാം തീയതി ആരംഭിക്കുന്ന ഒമ്പതാം പഞ്ചവത്സരപദ്ധതി കേരളത്തിലെ എല്ലാ ജനങ്ങളുടെയും പങ്കാളിത്തത്തോടു കൂടി നടപ്പിലാക്കാൻ പോവുകയാണ്. നാം തീരുമാനിച്ചു കഴിഞ്ഞു. ജനകീയ ആസൂത്രണപരിപാടിയിലൂടെ അധികാരവും ജനങ്ങളും തമ്മിലുള്ള ബന്ധത്തിന് ഒരു പുതിയ നിർവചനം കൈ വന്നിരിക്കുകയാണ്. അധികാരം ജനങ്ങളുടെ ഇച്ഛയ്ക്കനുസൃതമായി രൂപപ്പെടുത്തുവാൻ കഴിയുമെന്ന് വ്യക്തമായി ജനങ്ങൾ അധികാരമുള്ളവരും ആസൂത്രകരുംമായി തീർന്നിരിക്കുന്നു. നമ്മുടെ ഗ്രാമങ്ങളിൽ എന്തു വികസനമാണ് നടക്കേണ്ടത് എന്ന് നാം തീരുമാനിക്കാൻ പോകുന്നു. എനിക്ക് എന്റെ ഗ്രാമത്തിനു വേണ്ടി എന്തു ചെയ്യാൻ കഴിയുമെന്ന് ഓരോരുത്തരും ഉറക്കെ ചിന്തിയ്ക്കാൻ തുടങ്ങി. ഇത് നമ്മെ സബന്ധിച്ചിടത്തോളം ഒരു മാറ്റത്തിന്റെ തുടക്കമാണ്. നവംബർ 1 ന്റെ പുനരർപ്പണത്തോടെ നാം അതിന് തുടക്കം കുറിച്ചു കഴിഞ്ഞു.

കാലത്തിനൊത്ത് വ്യതിചലനങ്ങൾ സശ്രദ്ധം വീക്ഷിയ്ക്കുന്ന പൊതുജനങ്ങൾ കാലഘട്ടത്തിന്റെ ഗതിവിഗതികൾക്കനുസൃതമായി പോയവർഷങ്ങളുടെ പതിവുകൾക്ക് വിട നൽകി ജനാധിപത്യത്തിന്റെ ചാലകശക്തിയാകാൻ രംഗപ്രവേശം ചെയ്തു കഴിഞ്ഞു. അസ്ഥിരതയുടെയും അസ്വസ്ഥതയുടെയും കാലഘട്ടങ്ങളിൽ നിന്ന് ജനങ്ങളുടെ കർമ്മ ശേഷിയെ ഉല്പാദനമേഖലയിലേക്ക് തിരിച്ചു വിടണം. ഒമ്പതാംപദ്ധതിയുടെ 35- 40% വിഹിതവുമായി ജനപങ്കാളിത്തത്തോടെ വികസന ചരിത്രത്തിൽ പുതിയ ദിശകുറിക്കാൻ നമുക്ക് ചൈതന്യവത്തായി മുന്നേറാം.

മുതിർന്ന തലമുറയുടെ അനുഭവസമ്പത്തും വളരുന്ന തലമുറയുടെ ആശയാഭിലാഷങ്ങളും സമാഹരിച്ച് ഒരു പുത്തൻ യുഗ പിറവിക്ക് സാക്ഷിയാകാം.

21-ാം നൂറ്റാണ്ട് ശാസ്ത്ര നേട്ടങ്ങളിലൂടെ ഈ പ്രപഞ്ചത്തെ വിരൽതുമ്പിൽ എത്തിയ്ക്കുമ്പോൾ നവലോകത്തിന്റെ പടിവാതിൽ മലർക്കെ തുറന്നിട്ടുകൊണ്ട് ആസൂത്രണത്തെ ജനങ്ങളുടെ മധ്യത്തിലെത്തിച്ച്,സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തി പ്രാദേശികമായ അസന്തുലിതാവസ്ഥ പരിഹരിച്ച് ദുർബലജനവിഭാഗങ്ങളുടെയും വനിതകളുടെയും ഐശ്വര്യപൂർണ്ണമായ ജീവിതത്തിന് കളമൊരുക്കാം.

ഈ ജനകീയാസൂത്രണപ്രസ്ഥാനത്തിലൂടെ നമ്മുടെ ഗ്രാമതലങ്ങളിലുള്ള ജനങ്ങൾ തമ്മിൽ സഹകരണ മനോഭാവവും സാഹോദര്യവും ഊട്ടിവളർത്താൻ ശ്രമിക്കാം. ആസൂത്രണ പ്രക്രിയ താഴെതട്ടിലേക്ക് വ്യാപിപ്പിക്കുമ്പോൾ ഗ്രാമതലത്തിലുള്ള സന്നദ്ധപ്രവർത്തനത്തിന് കൂടുതൽ കരുത്തും സാങ്കേതികത്വവും കൈവരണം.

പല ഏജൻസികൾ സ്വതന്ത്രമനോഭാവത്തോടെ പ്രവർത്തിച്ചാൽ പദ്ധതി നടത്തിപ്പിന് അശാസ്ത്രിയതയും അനർഹരായ ഗുണഭോക്താക്കളുടെ ആവിർഭാവവും ഉണ്ടാകുമല്ലോ. അതുകൊണ്ട് ഗ്രാമപഞ്ചായത്തു തലത്തിലുള്ള വികസന പ്രക്രിയ ത്വരിതഗതിയിലാക്കാൻ ബ്ളോക്കു-ജില്ലാതല ഏജൻസികളുടെ പ്രവർത്തനം ഗ്രാമപഞ്ചായത്തുകൾ വഴി ഏകോപിപ്പിക്കാൻ നമുക്ക് ശ്രമിക്കാം.

അതിനായുള്ള പ്രവർത്തനങ്ങളും ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ സഹയാത്രികരുടെ പ്രവർത്തനങ്ങൾ വിശാല വീക്ഷണത്തോടെ

കാണുന്നു.

ഹൃദയവിശാലതയോടെ സഹകരണം നൽകി കൺവീനർ, D.R.P അംഗങ്ങൾ ജനപ്രതിനിധികൾ, പഞ്ചായത്തു ജീവനക്കാർ, വികസനസമിതിഅംഗങ്ങൾ, വിവിധ ഡിപ്പാർട്ട്മെൻറിലെ ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ തുടങ്ങി ഈ മഹാസംരംഭത്തിൽ സഹകരിച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

ഒമ്പതാം പദ്ധതിയെ സഹർഷം സ്വാഗതം ചെയ്യുന്ന ഈ അവസരത്തിൽ ജനക്ഷേമകരങ്ങളായ കർമ്മ പദ്ധതികൾ കാര്യക്ഷമതയോടെ നടപ്പാക്കാനുള്ള നമ്മുടെ പ്രതിജ്ഞ പുതുക്കാം. പദ്ധതികളുടെ പ്രായോഗിക നടത്തിപ്പിന് എല്ലാ ജനങ്ങളുടേയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് അകലക്കുന്നം ഗ്രാമപഞ്ചായത്തിൻെറ ഈ വികസന രേഖ നിങ്ങളുടെ മുൻപാകെ അവതരിപ്പിച്ചു കൊള്ളുന്നു.

എന്ന് പഞ്ചായത്ത് കമ്മിറ്റിക്കുവേണ്ടി
ത്രേസ്യാമ്മ ചാണ്ടി.
കിഴക്കയിൽ
പ്രസിഡൻറ്

കൃഷിയും ജലസേചനവും

പട്ടിക - 1
ഭൂമി സംബന്ധിച്ച വിവരങ്ങൾ

വില്ലേജിന്റെ പേര്	ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടറിൽ)				
	പുരയിടം	നിലം	പുറമ്പോക്ക്	തരിശ്	ആകെ
അകലക്കുന്നം	2183	81	100	-	2364
ചെങ്ങളം ഈസ്റ്റ്	1113	04	46	-	1163

പട്ടിക - 2
കാർഷികോപകരണങ്ങൾ

വാർഡ് നമ്പർ	ഉഴവുപകരണങ്ങൾ			മരുന്നുതളി ഉപകരണങ്ങൾ			മെതിയന്ത്രം	തെങ്ങു കയറ്റ യന്ത്രം	ഷോർട്ടബിൾ പമ്പു സെറ്റ്
	ട്രാക്ടർ	ട്രില്ലർ	നാടൻ കലപ്പ	റോക്ക് സ്പ്രെയർ	നാപ്സ്റ്റാക്ക് സ്പ്രെയർ	മറ്റുള്ളവ			
1	2	3	4	5	6	7	8	9	10
	2	2	20	265	125	-	1	5	25

പട്ടിക - 3
തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

തെങ്ങ് എണ്ണം				രോഗം ബാധിച്ച തെങ്ങ്					
തെങ്ങ് കൃഷി വിസ്തീർണ്ണം	കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ	റൂട്ട് വിൽറ്റ്	ലീഫ് റോട്ട്	ബഡ് റൂട്ട്	സ്റ്റെം ബ്ലീഡിംഗ്	മറ്റുള്ളവ	ആകെ
1	2	3	4	5	6	7	8	9	10
801	25000	55318	80318	27600	7700	4300	1200	-	40800

പട്ടിക -4
കൈവശഭൂമി വിസ്തീർണ്ണം

നാമമാത്ര കർഷകർ (1ഹെക്ടറിൽ താഴെ)	ചെറുകിട കർഷകർ (1-2 ഹെക്ടർ)	വൻകിട കർഷകർ (2 ഹെക്ടറിനു മുകളിൽ)
1	2	3
2479	912	107

പട്ടിക - 5

വിള വിസ്തീർണ്ണവും ഉത്പാദനവും (Ref: അടിസ്ഥാന വിവര രജിസ്റ്റർ)

വിള	വിസ്തീർണ്ണം (ഹെക്ടർ)	മൊത്തം ഉത്പാദനം
നെല്ല് (ഒന്നാം വിള)	25	2550kg. per.Ha
നെല്ല് (രണ്ടാം വിള)	49	3000 kg per.Ha
നെല്ല് (മൂന്നാം വിള)	-	
പയർ	20	695 kg per.Ha
എള്ള്		
പച്ചക്കറികൾ	35	1100 kg per.Ha
തെങ്ങ്	801	5250 Nulj per.Ha
വാഴ	60	21 Ton per.Ha
മരച്ചീനി	55	23 Ton per.Ha
കുരുമുളക്	95	525 kg per.Ha
പ്ലാവ്		
കശുമാവ്	47	-
മാവ്	25	-
റബ്ബർ	40	
കവുങ്ങ്	2248	1050 kg per.Ha
----------	40	3500 kg per.Ha

പട്ടിക - 6

നടീൽ വസ്തു വിതരണം

ഇനം	എണ്ണം		
	1993-94	1994-95	1995-96
തെങ്ങ്	2090	195	1575
കുരുമുളക്	475	-	-

പട്ടിക - 7

വെള്ളപ്പൊക്ക ദുരിതാശ്വാസ വിതരണം

വർഷം	ധനസഹായം ലഭിച്ചവരുടെ എണ്ണം	തുക (രൂപ)
1994-95	26	5294/-

പട്ടിക -1
സഹകരണമേഖല
സഹകരണസംഘം സംബന്ധിച്ച വിവരങ്ങൾ

	സ്ഥാപനത്തിന്റെ പേര്		
	കാഞ്ഞിരമറ്റം സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 1109	അകലക്കുന്നം വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3857	ചെങ്ങളം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ k.253
പ്രവർത്തനം ആരംഭിച്ച വർഷം	1925	1956	1965
ആകെ അംഗങ്ങൾ	3117	5003	2582
അംഗീകൃത ഓഹരി മൂലധനം	10,00,000	50,00,000	20,00,000
പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം	8,82,435	17,36,825	10,58,170
സർക്കാർ ഓഹരി	78,500	1,00,000	-
പരമാവധി കടം എടുക്കാവുന്ന തുക	25,000	25,000	25,000
സ്ഥിര നിക്ഷേപം	3,10,11,401	2,08,08,157	1,08,25,150
ഹ്രസ്വകാല നിക്ഷേപം	1,35,59,296 രൂപ 47 സ	22,23,405	22,15,078 രൂ 15 സ

പട്ടിക -2
വായ്പ സംബന്ധിച്ച വിവരങ്ങൾ

ഇനം	ബാങ്കിന്റെ പേര്		
	കാഞ്ഞിരമറ്റം സർവ്വീസ് സഹകരണബാങ്ക്	അകലക്കുന്നം വില്ലേജ് സർവ്വീസ് സഹകരണബാങ്ക്	ചെങ്ങളം സർവ്വീസ് സഹകരണബാങ്ക്
കാർഷിക വായ്പ	80,11,670	54,70,452	70,56,190
മറ്റ് വായ്പകൾ	1,42, 01, 356	1,32, 27,281	96,52,948
പ്രത്യേക വായ്പകൾ	27,22,890	10,14,553	22,05,369

പട്ടിക -3
സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ

സ്ഥാപനം	ബാങ്കിന്റെ പേര്		
	കാഞ്ഞിരമറ്റം സർവ്വീസ് സഹകരണബാങ്ക്	അകലക്കുന്നം വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക്	ചെങ്ങളം സർവ്വീസ് സഹകരണ ബാങ്ക്
ജില്ലാ ബാങ്ക്	26,73,500	41,56,035	73,94,440
സർക്കാർ	-	2,250	-
ഐ.സി.ഡി.പി.	-	1,57,500	-
ആകെ	26,73,500	43,15,785	73,94,440

പട്ടിക -4
കാലാവധി കഴിഞ്ഞിട്ടും കിട്ടാനുള്ളവ

ബാങ്കിന്റെ പേര്	കിട്ടാനുള്ള തുക
കാഞ്ഞിരമറ്റം സർവ്വീസ് സഹകരണബാങ്ക്	9,66,900
അകലക്കുന്നം വില്ലേജ് സർവ്വീസ് സഹകരണബാങ്ക്	41,02,140
ചെങ്ങളം സർവ്വീസ് സഹകരണബാങ്ക്	42,31,451

പട്ടിക - 5
സ്ഥാപനത്തിന്റെ ചെലവുകൾ

ഇനം	ബാങ്കിന്റെ പേര്		
	കാഞ്ഞിരമറ്റം സർവ്വീസ് സഹകരണബാങ്ക്	അകലക്കുന്നം വില്ലേജ് സർവ്വീസ് സഹകരണബാങ്ക്	ചെങ്ങളം സർവ്വീസ് സഹകരണബാങ്ക്
Establishment Charges	4,12,211	6,83,308	4,09,726
Contingencies	2,35,076-13	1,40,069	2,58,942-20

പട്ടിക -6

അകലക്കുന്നം റൂറൽ ഹൗസിംഗ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി പഞ്ചായത്തിൽ വിതരണം ചെയ്ത വായ്പയുടെ വിവരം

കാലയളവ്	എണ്ണം	നൽകിയ തുക
1980-81 മുതൽ 90വരെ	117	70,28,900
1991-92	16	7,91,000
1992-93	16	9,38,000
1993-94	2	1,05,000
1994-95	8	5,70,000
1995-96	11	7,61,000
96 ഒക്ടോബർ 31 വരെ	3	3,00,000
ആകെ	173	1,04,93,900

വിഭവസമാഹരണം

വരവു സംബന്ധിച്ച വിവരങ്ങൾ

ഇനം	ധനാഭ്യർത്ഥന	പിരിച്ചത്	ബാക്കി
കെട്ടിട നികുതി	2,44,479	20,280	42,199
തൊഴിൽ നികുതി	1,47,250	1,39,810	7440
ചന്ത വരവ്	3,400	3,400	-
ലൈസൻസ് ഫീസ്	3,790	2,290	1,500
ലൈബ്രറി സെസ്സ് .	10,600	9,119	1,481
വസ്തു കൈമാറ്റ നികുതി	1,24,190	1,24,190	-
ഡെപ്പോസിറ്റ്	19,225	19,225	-
മറ്റുള്ളവ	4,09,558	405770	3788
ആകെ	9,62,492	9,06,084	56,408

ചെലവു സംബന്ധിച്ച വിവരങ്ങൾ

ഭരണം	5,08,980
പൊതുമരാമത്ത്	283,804
വിദ്യാഭ്യാസം	70603
ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം	-
തെരുവുവിളക്കുകൾ കത്തിക്കുന്നത്	64180
മറ്റുള്ളവ	36,603
ആകെ	9,04,170

പട്ടിക 3(B)

അകലക്കുന്നം ഗ്രാമപഞ്ചായത്ത് മുണ്ടൻകുന്ന് പി. എച്ച് .സി.

7.4 പകർച്ചവ്യാധി വിവരങ്ങൾ

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ
1	2	3	4	5
1993-94	500	1618	280	8002
1994-95	420	1475	242	7141
1995-96	516	1800	314	7570

പട്ടിക 3(C)

അകലക്കുന്നം ഗ്രാമപഞ്ചായത്ത്

7.4 പകർച്ചവ്യാധി വിവരങ്ങൾ

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ
1	2	3	4	5
1993-94	1315	920	735	1215
1994-95	1185	880	815	1030
1995-96	1045	1120	1035	1320

പട്ടിക 3(D)

അകലക്കുന്നം ഗ്രാമപഞ്ചായത്ത് കരിമ്പാനി ഹോമിയോ ഡിസ്പെൻസറി

7.4 പകർച്ചവ്യാധി വിവരങ്ങൾ

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	മറ്റുള്ളവ
1	2	3	4	5
1993-94	102	616	-	-
1994-95	148	468	-	-
1995-96	187	629	-	-

അനുബന്ധം

5–1 കൃഷിയും ജലസേചനവും

1) അകലക്കുന്നം ഗ്രാമപഞ്ചായത്തിൽ കാർഷിക വികസന ബാങ്കിന്റെ ഒരു ശാഖ ആരംഭിക്കണം.

2) കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സർക്കാർ തലത്തിൽ നിലവിലുള്ള സംവിധാനം തീരെ അപര്യാപ്തമാണ്. കാർഷികോൽപന്നങ്ങൾ കർഷകരിൽ നിന്നും വാങ്ങുന്ന ഗവൺമെന്റ് ഏജൻസികളുടെ പ്രവർത്തനം കൂടുതൽ വ്യാപകമാക്കണം.

3) അകലക്കുന്നം ഗ്രാമപഞ്ചായത്തിൽ വേനല്ക്കാലത്തു കടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. വെള്ളത്തിനുള്ള മാർഗ്ഗങ്ങൾ കുളങ്ങളും കിണറുകളും കുഴൽക്കിണറുകളുമാണ്. അവ വേണ്ടത്ര നിർമ്മിക്കണം.

4) ഏത്തവാഴക്കൃഷിക്ക് സ്ഥലപരിമിതി ഉള്ള 5 പേരെ ഉൾപ്പെടുത്തി ഒരു ഗ്രൂപ്പായി കണക്കാക്കി 25 വാഴ കൃഷി ചെയ്യുന്ന കർഷകർക്കുള്ള ആനുകൂല്യം അവർക്കും ലഭ്യമാക്കണം.

5) തമ്പഴ ഭാഗത്തുള്ള വെള്ളം ആ ഭാഗത്തെ കുടിവെള്ള ക്ഷാമത്തിനുപകരിക്കത്തക്ക നടപടി സ്വീകരിക്കണം.

5–2 മൃഗസംരക്ഷണം

1) പശുക്കളുടെ വന്ധ്യത പരിശോധനയ്ക്ക് നിലവിലുള്ള സംവിധാനം ഫലപ്രദമാക്കുക.

2) മൃഗാശുപത്രികൾക്ക് സ്വന്തമായി വാഹനം ഏർപ്പെടുത്തുക.

3) മൃഗസംരക്ഷണമേഖലയുമായി ബന്ധപ്പെട്ട് പഞ്ചായത്തിലെ താല്പര്യമുള്ള ആളുകൾക്ക് സമഗ്രമായ പരിശീലനത്തിനു സൗകര്യം ഉണ്ടാക്കുക.

5–3 വിദ്യാഭ്യാസം

1) പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം പരിശീലനം നല്കണം.

2) പ്രവൃത്തി ദിവസങ്ങളിൽ അധ്യാപകരെ മറ്റു ജോലികൾക്ക് നിയോഗിക്കാതിരിക്കുക.

3) അധ്യാപകരുടെ സ്ഥലംമാറ്റം കഴിവതും വർഷാരംഭത്തിൽ തന്നെ നടത്തുക. സർക്കാർ സ്കൂളുകളിൽ രണ്ടു മാസത്തിൽ കൂടുതൽ വരുന്ന ഒഴിവുകളിൽ നിയമനം നടത്തുക.

4) സാമ്പത്തീകമായി പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് പഞ്ചായത്തുതലത്തിൽ സാമ്പത്തീക സഹായം നൽകുക.

5) അധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുക.

6) സ്കൗട്ട്, ഗൈഡ്, എൻ. സി. സി. ജൂണിയർ റെഡ്ക്രോസ് തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ ഇല്ലാത്ത സ്കൂളുകളിൽ അവ ആരംഭിക്കുക.

7) വർഷാരംഭത്തിൽ തന്നെ പാഠപുസ്തകങ്ങൾ വിദ്യാലയങ്ങളിൽ എത്തിക്കുക.

8) പഞ്ചായത്തിലെ എല്ലാ ഹൈസ്ക്കൂളുകളിലും ഹയർ സെക്കൻഡറി കോഴ്സ് തുടങ്ങണം.

●

5-4 കുടിവെള്ളം

1) മുണ്ടേരിക്കുന്ന് ആശുപത്രിയുടെ വശത്ത് താഴെയായി കുളംകുത്തി കിഴക്കടമ്പ് കുന്നിൽ ടാങ്ക്കെട്ടി മുണ്ടംകുന്ന് മറ്റപ്പള്ളി കിഴക്കടമ്പ് ഭാഗത്ത് ജലക്ഷാമം പരിഹരിക്കുക.

2) അകലക്കുന്നം പഞ്ചായത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ശുദ്ധജലവിതരണ പദ്ധതിക്കു വേണ്ടി പൈപ്പ്ലൈൻ ഇടാത്ത എല്ലാ സ്ഥലങ്ങളിലും പൈപ്പ് ലൈൻ ഇടാൻ വേണ്ട നടപടി സ്വീകരിക്കുക.

3) ഓരോ വാർഡിലും കുറഞ്ഞത് 4 കുഴൽ കിണർ എങ്കിലും കുത്തണം. നിലവിലുള്ള കുഴൽക്കിണറുകളുടെ അറ്റകുറ്റപ്പണികളും നടത്തണം.

●

5-4 പൊതുജനാരോഗ്യം

1) 0–3 വയസ്സുവരെയുള്ള കുട്ടികൾക്ക്– മാതൃശിശുസംരക്ഷണം. 3–5 വയസ്സുവരെയുള്ള കുട്ടികൾക്ക്–സംയോജിത ശിശുക്ഷേമപദ്ധതി. 5–15 വയസ്സുവരെയുള്ള കുട്ടികൾക്ക് സ്കൂൾ ഹെൽത്ത് ഇവ ഏർപ്പെടുത്തി കുട്ടികളുടെ ആരോഗ്യ പ്രശ്നം ഊർജ്ജിതപ്പെടുത്തുക.

2) 1, 3, 4 വാർഡുകളും കേന്ദ്രീകരിച്ച് ആയുർവേദം അലോപ്പതി, ഹോമിയോ ആശുപത്രികളും സ്ഥാപിക്കുക.

3) നെല്ലിക്കുന്ന് വായനശാലയോടനുബന്ധിച്ച് ഒരു യോഗപരിശീലന ക്ലാസ്സും ജിംനേഷ്യം ക്ലാസ്സും സ്ഥാപിക്കുക.

4) ചെങ്ങളം, കാഞ്ഞിരമറ്റം, കൂക്കുഴി ഭാഗത്തെ ജനങ്ങളുടെ സൗകര്യാർത്ഥം കൂക്കുഴിയിൽ സംഭാവനയായി കിട്ടിയിരിക്കുന്ന സ്ഥലത്ത് ഒരു ഡിസ്പൻസറി ആരംഭിക്കുക.

5) തെക്കുംതല, ചെങ്ങളം, മഞ്ഞാമറ്റം എന്നീ വാർഡുകളിൽ ഒരു ഹോമിയോ ആശുപത്രിയും ആയുർവേദ ആശുപത്രിയും സ്ഥാപിക്കുക.

6) പേപ്പട്ടി വിഷചികിത്സാരംഗത്ത് അതിപ്രശസ്തമായ നിലയിൽ സൗജന്യ സേവനം നടത്തി വരുന്ന ശ്രീ ഷോണി തോമസ് വെട്ടുവയലിൽ കാഞ്ഞിരമറ്റം എന്ന

യാളിന്റെ സേവനം ഈ പഞ്ചായത്തിലും സമീപ പഞ്ചായത്തുകളിലും ഉള്ള ജനങ്ങൾക്ക് ജീവൻ നൽകുന്നു.

7) ഈ പഞ്ചായത്തിലെ കാഞ്ഞിരമറ്റം വാർഡിലുള്ള കുന്നപ്പള്ളിൽ ജോയി സൗജന്യമായി നടത്തിവരുന്ന വിഷചികിത്സ കൊണ്ട് അനേകം പേരുടെ ജീവനെ രക്ഷിക്കാൻ കഴിയുന്നു.

8) രക്തദാനത്തിന്റേയും നേത്രദാനത്തിന്റേയും കാര്യത്തിൽ വേണ്ടവിധത്തിൽ ബോധവൽക്കരണം നടത്തുകയും അതിനു തയ്യാറുള്ളവരുടെ ലിസ്റ്റ് പഞ്ചായത്തു തലത്തിൽ തയ്യാറാക്കുകയും ചെയ്യേണ്ടതാണ്.

9) ആശ്രിതവിഭാഗമായ വൃദ്ധജനങ്ങൾക്കു വേണ്ടി ഒരു വയോജന ആരോഗ്യകേന്ദ്രം സ്ഥാപിക്കണം. അവരുടെ പ്രശ്നങ്ങളെ കൈകാര്യം ചെയ്യുന്നതിന് പരിശീലനം നേടിയവരെ ഉപയോഗിച്ച് ആവശ്യമായ പദ്ധതികളും രൂപീകരിക്കണം.

10) വ്യാവസായികാടിസ്ഥാനത്തിൽ ഗവൺമെന്റ് ധനസഹായത്തോടെ പന്നിവളർത്തൽ, കോഴി വളർത്തൽ എന്നിവ നടത്തുന്നതിനു പഞ്ചായത്തിന്റേയും ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റേയും അംഗീകാരം വാങ്ങിക്കണം.

5–5 വ്യവസായം

1) നെല്ലിക്കുന്നിലുള്ള റബർപാൽ ശേഖരണ സൊസൈറ്റിയോടനുബന്ധിച്ച് ഒരു റബർ ഉല്പന്ന വ്യവസായം അനുവദിക്കുക.

2) കാഞ്ഞിരമറ്റത്തെ **R. P. S.** നോട് അനുബന്ധിച്ച് വൻതുക മുടക്കി സഹകരണടിസ്ഥാനത്തിൽ ഒരു റബറധിഷ്ഠിത വ്യവസായം തുടങ്ങണം. റബർ മാർക്കറ്റിംഗ് സംഘം ഉണ്ടാവണം.

3) ചെങ്ങളത്തു് സഹകരണാടിസ്ഥാനത്തിൽ കോടികളം മുടക്കി ഒരു റബർ അധിഷ്ഠിത വ്യവസായം തുടങ്ങണം. റബർ മാർക്കറ്റിംഗ് സംഘവും ആരംഭിക്കണം.

5–6 ഗതാഗതം

1) ചെങ്ങളത്ത് ആരേയും കുടി ഒഴിപ്പിക്കാതെ തന്നെ ലഭ്യമാകുന്ന 100 ഏക്കർ സ്ഥലം ഉള്ളതിനാൽ ഒരു മിനി വിമാനത്താവളത്തിനു് സാധ്യതയുണ്ട് അതിന്റെ **proposal** നേരത്തെ ഗവൺമെന്റിലേക്കു പോയിട്ടുള്ളതുമാണ്. അതിനു വേണ്ട നടപടി എത്രയും വേഗം നടത്തണം.

2) **P. W. D.** ഏറ്റെടുത്തതും എന്നാൽ വീണ്ടും ജില്ലാ പഞ്ചായത്തിനു കൈമാറിയതുമായ മഞ്ഞാമറ്റം–കെഴുവൻകുളം റോഡ്, കരിമ്പാനി കുവപ്പൊയ്ക റോഡ് ഇവ അടിയന്തിരമായി റീടാറിംഗ് നടത്തുന്നതിനു് ജില്ലാ പഞ്ചായത്തിൽ നിന്നും നടപടികളം സ്വീകരിക്കണം,

3) കാഞ്ഞിരമറ്റം വാർഡിലെ കാഞ്ഞിര മറ്റം ഇടിയാകുന്ന റോഡ് (1–600 KM) കാഞ്ഞിരമറ്റം തെക്കുംതല കവുങ്ങും കപാലം ആനിക്കാട്ട് റോഡ്, (2 K. M) ചെങ്ങളം പൂവരണിറോഡ് (3KM) ഇവ അടിയന്തിരമായി റീ ടാർ ചെയ്യുന്നതിനു് ജില്ലാ പഞ്ചായത്തിൽ നിന്നും നടപടി സ്വീകരിക്കണം.

4) മണ്ണൂർപള്ളി മാമ്പഴറോഡ് മാറ്റി മണ്ണൂപ്പള്ളി ചേന്നാമറ്റം ആയി മെറ്റൽ ഇട്ട് ടാർ ചെയ്യണം.

5) കാഞ്ഞിരമറ്റം വാർഡിലെ മൂഴയിൽ ക്ഷേത്രത്തിലേക്കുള്ള 500 മീറ്റർ റോഡ് ടാർ ചെയ്യണം.

6 പുതുതായി നിർമ്മിക്കേണ്ട കൂടുതൽ റോഡുകൾ

1) നിർമ്മലഭവൻ കാരങ്ങാട്ട റോഡ്

2) ഒറ്റപ്ലാക്കൽ -- വാഴേക്കളം —തെക്കുംതല റോഡ്

3) പടിഞ്ഞാറെകടവ്—കെഴവൽകുളം റോഡിൽ നിന്നും റോഡ് നിർമ്മിക്കുക.

4) മണൽ—അകലക്കുന്നം L.P. സ്കൂൾ റോഡ് വടക്കേടം മഞ്ഞാമറ്റം റോഡുമായി ബന്ധിപ്പിക്കുക.

5) അഴകത്തുപടി–കിഴക്കടമ്പ് റോഡ്.

6) കുളമ്പനാൽ പുച്ചാലവഴി

7) മുതുകുന്നേൽ പുന്നത്താനം റോഡ്

8) മണ്ണൂർപ്പള്ളി കൊട്ടപ്പള്ളി റോഡ് (വെള്ളക്കട ഭാഗം)

9) കിഴക്കടമ്പ് കോളനിയിൽ നിന്നും പാലാപ്പറമ്പിൽ മേനാംപറമ്പിൽ പുരയിടം വഴി മറ്റപ്പള്ളി റോഡിലേക്ക്.

കലുങ്കുകൾ

1) കരിമ്പാനി കൊഴുവനാൽ P. W. D. റോഡിൽ ഇടമുള കോളനിയുടെ സമീപം പൊയ്യക്കര ഭാഗത്ത് കലുങ്കും ഓടയും നിർമ്മിക്കുക.

2) അതിരമുണ്ട മേടയ്ക്കൽ റോഡിൽ അതിരമുണ്ടഭാഗം

3) നെല്ലിക്കുന്നു് വാഴപ്പള്ളി റോഡുമായി ബന്ധിക്കുന്ന കലുങ്ക്.

4) കൊറ്റങ്ങാടു് ഒറ്റപ്ലാക്കൽ നാമത്തോലി എന്നിവിടങ്ങളിൽ കലുങ്കു്.

5) തെങ്ങുംപള്ളി കാരങ്ങാട്ട് റോഡിൽഅമ്പലപ്പടിയിൽ കലുങ്കു്

6) പൂവത്തിളപ്പ് മണ്ണൂർപള്ളി റോഡിൽ കോയിക്കൽ പുരയിടത്തിനടുത്ത്1 മൂഴൂർ ക്കവല1

7) കാരങ്ങാട്ട് അമ്പലപ്പടിക്കൽ ഒരു കലുങ്ക് മണൽ പടിഞ്ഞാറ്റുമറ്റം റോഡിൽ പന്നഗം പാലത്തിനു ഇരുവശവും താങ്ങുഭിത്തി നിർമ്മിച്ച് പാലം ബലപ്പെടുത്തണം.

എല്ലാ റോഡുകൾക്കും ഓടനിർമ്മിക്കുകയും അവ വർഷത്തിൽ രണ്ടു പ്രാവശ്യമെങ്കിലും വൃത്തിയാക്കേണ്ടതുമാണ്.

ആലുമ്മൂട്—വെട്ടുകാട് കോളനിറോഡ്, കാഞ്ഞിരമറ്റം മൂഴിപ്പാവ് കിടാക്കഴിറോഡ് ഇവ ജില്ലാ പഞ്ചായത്തു് ഏറ്റെടുത്തു റീടാർ ചെയ്യണം.

മേടയ്ക്കൽ കവല തെക്കുംതല റോഡ്, പൂവേലി സത്യനാഥ ടെമ്പിൾ റോഡ്, ചെങ്ങളം, വെള്ളാപ്പള്ളിറോഡ് മണ്ണൂപ്പള്ളി മാമ്പഴറോഡ് ഇവ ടാർ ചെയ്യണം.

കൊഴുവനാൽ പുവന്നപ്ലാവ് P. W. D. റോഡിൽ ഉള്ള കലുങ്കുകൾ മെയിൻറൻസ് ചെയ്യണം.

സ്റ്റോറ് ഹൈവേ ആയ അതിരമ്പുഴ പൂഞ്ഞാർ റോഡിൽ കിടങ്ങൂർ നിന്നും പാദുവ പുവന്ന പ്ലാവ്—പൂവത്തിളപ്പ് കൊട്ടുങ്കൂർ വഴി K. K. റോഡിലേക്ക് ഒരു ബൈപാസ് നിർമ്മിക്കുക.

തെക്കുംതല കവുങ്ങും കപാലം റൂട്ടിൽ അതിരമുണ്ടപ്പടിയിൽ ഒരു വെയിറ്റിംഗ് ഷെഡ് വേണം.

നടപ്പാലങ്ങൾ

1) പടിഞ്ഞാറെക്കടവ് ക്ലിക്മെറ്റം റോഡിൽ കഴിപ്പാലഭാഗത്തു്.

2) നെല്ലിക്കുന്നു് വാഴപ്പള്ളി ചെറുതോടിനു് നടപ്പാലം.

ഓരോ വാർഡിലേയും റോഡുകളും സംരക്ഷിക്കുന്നതിനും സന്നദ്ധസംഘടനകളെ ഏല്പിക്കണം.

ബസ്സ്റൂട്ട്

1) പാലായിൽ നിന്നും കാഞ്ഞിരമറ്റം വരെ വന്നുപോകുന്ന K. S. R. T. C ബസ് ചെങ്ങളം ബസ്സ്റ്റാൻറിൽ ആനിക്കാട്ട് ITI വഴി പള്ളിക്കത്തോട് വരെ നീട്ടുക.

2) പൊൻകുന്നം പള്ളിക്കത്തോട്, ചുവന്ന പ്ലാവ്, പാദുവ, കിടങ്ങൂർ, ഏറ്റുമാനൂർ മെഡിക്കൽ കോളേജ് വഴി കോട്ടയത്തിനും ഒരു K. S. R. T. C ബസ് സർവീസ് ആരംഭിക്കണം.

3) പൊൻകുന്നം, ചെങ്ങളം, കാഞ്ഞിരമറ്റം പൂവത്തിളപ്പു വഴി മെഡിക്കൽ കോളേജിനും ഒരു ബസ് സർവീസ് ആരംഭിക്കണം.

4) പാലാ, കൊഴുവനാൽ, കുഴിമറ്റം കവല വഴി കോട്ടയമായി സർവീസു ആരംഭിക്കുക.

5) പള്ളിക്കത്തോട് മെഡിക്കൽ കോളേജ് കോട്ടയമായി ഓടിക്കൊണ്ടിരുന്ന നിറുത്തലാക്കിയ ബസ് സർവീസ് പുനരാരംഭിക്കുക.

5–6 ഊർജ്ജം

ആവശ്യങ്ങൾ

1) ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും പ്രധാന സ്ഥലങ്ങളിൽ സോഡിയം ബേപ്പർ ലാമ്പുകൾ സ്ഥാപിക്കണം. ഏറ്റവും കുറഞ്ഞത് 50 സോഡിയം ബേപ്പർ ലാമ്പുകൾ എങ്കിലും അത്യാവശ്യമായി സ്ഥാപിക്കേണ്ടതുണ്ട്.

2) വൈദ്യുതി എത്താത്ത ഭാഗങ്ങളിൽ വൈദ്യുതി എത്തിക്കണം.

3) പഞ്ചായത്തിലെ എല്ലാ കോളനികളിലും വൈദ്യുതി എത്തിക്കണം.

4) ഹരിജൻ കോളനികളിൽ സൗജന്യമായി വൈദ്യുതി വിതരണം ചെയ്യുക.

5) സൗരോർജ്ജപമ്പുകൾ സ്ഥാപിക്കുക.

6) സൗരോർജ്ജം ഉപയോഗിച്ചുള്ള വിളക്കും സ്റ്റൗവും മോട്ടറുകളും അനർട്ട് വഴി പഞ്ചായത്തിൽ ലഭ്യമാക്കുക. പഞ്ചായത്തിൽ നിന്നും ഒബാധവൽക്കരണം നടത്തുക.

7) സ്പോട്ട് ബില്ലിംങ്ങ് സമ്പ്രദായം ഏർപ്പെടുത്തുക.

8) കിടാക്കുഴിയിലെ വെള്ളച്ചാട്ടത്തിൽ നിന്നും മിനി വൈദ്യുതി പദ്ധതി ആവിഷ്ക്കരിച്ചാൽ എട്ടും ഒൻപതും വാർഡിലെ 100 ഓളം വീടുകൾക്ക് വൈദ്യുതി എത്തിക്കാൻ കഴിയും.

9) വൈദ്യുതി കണക്ഷൻ ഇല്ലാത്ത വീടുകളുടെ ലിസ്റ്റ് എടുത്ത് എത്രയും വേഗം കണക്ഷൻ നൽകാൻ നടപടി സ്വീകരിക്കണം.

മാർക്കറ്റ്

ഈ പഞ്ചായത്തിലെ ചെങ്ങളം, മണൽ, മഞ്ഞാമറ്റം എന്നിവിടങ്ങളിൽ ഓരോ പൊതു ചന്ത സ്ഥാപിക്കണം.

5-7 പാർപ്പിടം

1) പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് ചെലവ് കുറഞ്ഞ വീടുകളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കണം.

2) സാനിട്ടറി സൗകര്യം ഇല്ലാത്ത എല്ലാ വീടുകൾക്കും (ഏകദേശം 2000 എണ്ണം) കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകണം.

3) ശ്രീ തോമസ് ജോർജ് മൈലാടിയിൽ ജൂബിലി റോഡ് സീവ്യൂവാർഡ് ആലപ്പുഴ എന്നയാൾ ഭൂരഹിതകർഷകത്തൊഴിലാളികൾക്ക രാജീവ് ശേലകുഭവനനിർമ്മാണപദ്ധതിപ്രകാരം വീടുവച്ച് സൗജന്യമായി വിതരണം ചെയ്യുന്നതിനായി ഈ പഞ്ചായത്തിന് (മുഴൂർ വാർഡിൽ) 2.75 ഏക്കർ സ്ഥലം ദാനം ചെയ്തിട്ടുണ്ട്. അതിൽ 50 സെന്റുസ്ഥലം ഉടമസ്ഥന്റെ സമ്മതത്തോടെ നിർമ്മിതികേന്ദ്രത്തിനും വിട്ടുകൊടുക്കുകയും അതിൽ നിർമ്മിതികേന്ദ്രത്തിന്റെ ഒരു ആഫീസ് പണിയുകയും ചെയ്യുന്നതിനു വേണ്ട നടപടി സ്വീകരിക്കണം. ബാക്കിയുള്ള 2.25 ഏക്കർ സ്ഥലത്ത് തുടങ്ങിവച്ചിരിക്കുന്ന കെട്ടിടംപണി എത്രയും വേഗം പൂർത്തിയാക്കി ഭൂരഹിതരും ഭവനരഹിതരുമായ വർക്കു വിതരണം ചെയ്യുന്നതിനും പഞ്ചായത്തിൽനിന്നും നടപടി സ്വീകരിക്കണം.

4) ദുർബലവിഭാഗങ്ങൾക്കു സർക്കാർ അനുവദിച്ച വീടുകൾ കൈമാറ്റം ചെയ്യുന്നത് കർശനമായി തടയുക.

5) പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കു വീടു വയ്ക്കുന്നതിനു നൽകുന്ന ധനസഹായം ദുർബലവിഭാഗങ്ങൾക്കും നൽകുന്നതിനു വേണ്ട നടപടി പഞ്ചായത്തുവഴി നടപ്പാക്കുക.

5-7 സാമൂഹ്യക്ഷേമം

1) അംഗൻവാടി വർക്കർമാരേയും ഹെൽപ്പർമാരെയും സർക്കാർ ജീവനക്കാരായി അംഗീകരിച്ച് സേവന വേതന ഘടന പരിഷ്ക്കരിക്കുക.

2) വ്യാജമദ്യവും ലഹരിപദാർത്ഥങ്ങളും വില്പന നടത്തുന്നവരെ കണ്ടുപിടിച്ച് മാതൃകാപരമായി ശിക്ഷിക്കണം.

3) അത്യാവശ്യസാധനങ്ങൾ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിനു നടപടി സ്വീകരിക്കണം.

4) ഇപ്പോൾ റേഷൻ കാർഡ് ഇല്ലാത്ത എല്ലാ കുടുംബങ്ങൾക്കും റേഷൻ കാർഡ് ലഭിക്കാൻ നടപടി സ്വീകരിക്കണം.

5) അംഗനവാടികൾക്ക് കുടിവെള്ളം സാനിട്ടേഷൻ സൗകര്യം ഉണ്ടാക്കുകയും അതോടൊപ്പം തന്നെ വൈദ്യുതി കണക്ഷനും വേണ്ട നടപടി സ്വീകരിക്കണം. ICDP യുമായി ബന്ധപ്പെടുത്തി അംഗനവാടിയിൽ മാതാക്കൾക്ക് ബോധവൽക്കരണം നടത്തണം.

6) നെല്ലിക്കുന്നിൽ ഒരു പോസ്റ്റാഫീസ് അനുവദിക്കണം. മണൽ കേന്ദ്രമാക്കിയോ നെല്ലിക്കുന്നു കേന്ദ്രമാക്കിയോ ഒരു മാവേലിസ്റ്റോർ തുടങ്ങണം.

7) ചെങ്ങളം ടെലഫോൺ എക്സേഞ്ച് 2000 ലൈൻ ശേഷിയുള്ള എക്സേഞ്ച് ആക്കണം.

ഈ എക'സേഞ്ച് ജെ. ഇ. ഓഫീസാക്കി ഉയർത്തണം.

8) ഗവൺമെൻറ് കെട്ടിടങ്ങളുടെ അറ്റകുറ്റ പണികളും വർഷംതോറും നടത്താൻ നടപടി ഉണ്ടാകണം.

9) പട്യാലിമറ്റത്തെ കുടുംബക്ഷേമകേന്ദ്രം സബ്സെൻറാക്കുക.

10) വിധവാപെൻഷൻ, വാർദ്ധക്യകാല പെൻഷൻ, തൊഴിലില്ലായ്മ വേതനം, കർഷകതൊഴിലാളി പെൻഷൻ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങളും പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തുകയും സമയാസമയങ്ങളിൽ അർഹരായവർക്ക് ഈ സഹായം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കയും വേണം.

11) കാഞ്ഞിരമറ്റത്തും മറ്റക്കരയിലും ഉള്ള വില്ലേജ് ഏക്സറൻഷൻ ഓഫീസിനു് സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം പണിയണം.

12) പഞ്ചായത്തിൽ മൊത്തം 12 റേഷൻ കടകളാണുള്ളത്. റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകളും പഞ്ചായത്തുതലത്തിൽ സ്വീകരിച്ചു് പരിഹാരം കാണേണ്ടതാണ്.

13) മണൽ വാർഡിൽ ഒരു പൊതുചന്ത സ്ഥാപിക്കണം.

14) ജനനവും മരണവും സംബന്ധിച്ച വിവരങ്ങളും നിശ്ചിത സമയത്തുതന്നെ പഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യുന്നതിനു് ജനങ്ങളെ ബോധവൽക്കരിക്കണം.

അകലക്കുന്നം ഗ്രാമപഞ്ചായത്തിലെ അംഗൻവാടിയെ സംബന്ധിച്ച പട്ടിക

അംഗൻവാടി നമ്പർ	സ്ഥലം	കെട്ടിടം ഉണ്ട് / ഇല്ല.	വാർഡ്
1	മണ്ണൂർപ്പള്ളി	ഉണ്ട്	I
2	മഞ്ഞാമറ്റം	ഉണ്ട്	II
3	നിർമ്മലാ ഭവൻ		VII
4	ഇടമുള	ഉണ്ട്	VII
5	കരിമ്പാനി	ഉണ്ട്	V
6	നെല്ലിക്കുന്ന്	ഉണ്ട്	IV
7	കിളിയൻകുന്ന്	ഉണ്ട്	I
8	തെക്കേതല	ഉണ്ട്	X
9	ചെങ്ങളം		IX
10	മറ്റക്കര		I
11	പട്യാലിമറ്റം		III
12	മണ്ണാത്തോട്	ഉണ്ട്	കുരോപ്പട
13	തച്ചിലങ്ങാട്	ഉണ്ട്	V
14	കാഞ്ഞിരമറ്റം	ഉണ്ട്	VIII
15	മൈങ്കുണ്ടം		VII
16	മുണ്ടൻകുന്ന്		X
17	മണൽ		I
18	ആലുങ്കൽത്തകിടി	ഉണ്ട്	IX
121	കുറുക്കുഴി		IX
122	അംബേദ്കർ കോളനി		III

5–8 സംസ്ക്കാരം

1) പഞ്ചായത്ത് കേന്ദ്രത്തിലുള്ള ലൈബ്രറിയിൽ നിന്നും പഞ്ചായത്തിലെ ലൈബ്രറികൾക്കും പുസ്തകങ്ങൾ ലഭ്യമാക്കാനുള്ള പദ്ധതി നടപ്പിലാക്കണം.

2) നെല്ലിക്കുന്ന് പബ്ലിക് ലൈബ്രറി കേന്ദ്രമായി ഒരു യോഗാ പരിശീലന ക്ലാസും ജിംനേഷ്യവും നടപ്പാക്കുക.

3) കാഞ്ഞിരമറ്റത്ത് ഒരു വായനശാല സ്ഥാപിച്ച് അതിനോടനുബന്ധിച്ച് ഒരു യോഗാ പരിശീലന ക്ലാസും ജിംനേഷ്യവും നടപ്പാക്കുക.

4) നല്ല നിലയിൽ പ്രവർത്തിക്കുന്ന കല്ലൂർക്കളം R.R.C. വായനശാലക്കും ക്ലബ്ബിനും പ്രോത്സാഹനം നല്കണം.

5) പഞ്ചായത്ത് തലത്തിൽ രജിസ്ട്രർ ചെയ്ത ക്ലബ്ബുകൾക്ക് പ്രവർത്തനത്തിനും ധനസഹായവും വായനശാലകൾക്ക് പുസ്തകത്തിനും ഗ്രാന്റും നല്കണം.

5–10 സഹകരണം

1) ഈ പഞ്ചായത്തിലെ മണലിലും കരിമ്പാനിയിലും ചെങ്ങളത്തും സിവിൽ സപ്ലൈസിന്റെ ഓരോ മാവേലിസ്റ്റോർ ഉണ്ടാകണം.

2 സഹകരണ മേഖലയിൽ വനിതകൾക്കായി പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റ് ആരംഭിക്കണം.

3) പഞ്ചായത്തടിസ്ഥാനത്തിൽ ഒരു പാൽ പാസ്ചറൈസേഷൻ സെൻറർ ആരംഭിക്കണം.

4) കർഷകരുടെ ഉല്പന്നങ്ങൾ സെക്യൂരിറ്റിയായി സ്വീകരിച്ച് കീലോൺ അനുവദിച്ച് കൊടുക്കുക. ആയതിനും ആവശ്യമായ ഗോഡൗണുകൾ സഹകരണ ബാങ്കുകൾ വഴി നടപ്പാക്കുക.

5–11 പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമം.

1) ഭൂപരിഷ്കരണ നിയമം നടപ്പിലായതോടെ ഈ പഞ്ചായത്തിലെ ഭൂരിപക്ഷം പട്ടികജാതി പട്ടികവർഗ്ഗക്കാരും 10 സെൻറ് ഭൂമിയുടെ ഉടമകളായി.

2) ഈ വിഭാഗക്കാരുടെ സഹായധനങ്ങൾ പഞ്ചായത്ത് വഴി വിതരണം ചെയ്യണം. അർഹതപ്പെട്ടവരുടെ ലിസ്റ്റ് സർവ്വേ നടത്തി കണ്ടെത്തണം. അതിനും സന്നദ്ധ സംഘടനകളെ ഉപയോഗിക്കാം.

3) ജാതി സർട്ടിഫിക്കറ്റ് വാർഡുമെമ്പറുടെ സർട്ടിഫിക്കേറ്റിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തു സെക്രട്ടറി നല്കുന്നതിനു നടപടി സ്വീകരിക്കണം.

4) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നിലവിലുള്ള ലംപ്സംഗ്രാന്റ് തുക വർദ്ധിപ്പിക്കണം

5) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി അവരുടെയിടയിലെ അഭ്യസ്ത വിദ്യരെ ഉൾപ്പെടുത്തി സഹകരണ സംഘം രൂപീകരിക്കണം. പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷൻ അതിനു വേണ്ട സഹായം നല്കണം.

6) അവരുടെയിടയിൽ നിർബന്ധിത വിദ്യാഭ്യാസം നടപ്പാക്കണം. പരിസരശുചീകരണം, പരിസ്ഥിതി മലിനീകരണത്തിനുള്ള പരിഹാരം, ആരോഗ്യ സ്ഥിതി എന്നിവയിൽ ബോധവൽക്കരണം നടത്തണം.

5–12 വിഭവ സമാഹരണം

1) നാഷണൽ സേവിംഗ്സ് സ്കീമിൽ കൂടുതൽ പണം നിക്ഷേപിക്കുന്നതിനു ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അതിലൂടെ പഞ്ചായത്തിനു കിട്ടുന്ന വിഹിതം ഉപയോഗിച്ച് വാർഡുകളുടെ വികസനം സാധിക്കുന്നതാണെന്നും ജനങ്ങളെ ബോധവൽക്കരിക്കണം.



4249